ചെങ്ങളായി ഗ്രാമപഞ്ചായത്ത്





വികസനരേഖ '96

141 — 6

ജനകീയ ആസൂത്രണ പദ്ധതി

ചെങ്ങളായി ഗ്രാമപഞ്ചായത്ത്

വികസനരേഖ

വികസന സെമിനാർ '96

ചെങ്ങളായി A U P സ്കൂൾ

1996 ഡിസംബർ **23**

ഉള്ളടക്കം

ആമുഖം

വികസന റിപ്പോർട്ട് തെയ്യാറാക്കിയ കോർ ഗ്രൂപ്പ്

ചെങ്ങളായി പഞ്ചായത്ത് ഭർണസമിതി

പഞ്ചായത്തിന്റെ വാർഡ് മാപ്പ്

അടിസ്ഥാന വിവരങ്ങൾ

സാമൂഹ്യ സാംസ്കാരിക ചരിത്രം

ഭൂപ്രകൃതി

സാമൂഹ്യ - സാമ്പത്തിക മേഖലകൾ

1. കൃഷി - ജലസേചനം
2. മൃഗസംരക്ഷണം
3. മത്സ്യബന്ധനം
4. വ്യവസായം
5. വിദ്യാഭ്യാസം
6. സംസ്കാരം
7. കുടിവെള്ളം
8. പൊതുജനാരോഗ്യം
9. ഗതാഗതം
10. ഊർജ്ജം
11. മാർക്കറ്റ്
12. പാർപ്പിടം
13. സാമൂഹ്യക്ഷേമം
14. വനിതാ ക്ഷേമം
15. പട്ടികജാതി ക്ഷേമം
16. സഹകരണം
17. വിഭവസമാഹരണം

ആമുഖം

നമ്മുടെ രാഷ്ട്ര പിതാവായ മഹാത്മാഗാന്ധിയുടെ മഹത്തായ സ്വപ്നമായിരുന്നല്ലോ ഗ്രാമ സ്വരാജ്. ഇതിന്റെ ആദ്യ പടിയെന്നോണം ഭരണ ഘടനയുടെ 73, 74 ഭേദഗതി പ്രകാരം നമ്മുടെ രാജ്യത്ത് പഞ്ചായത്ത് രാജ് നഗരപാലിക നിയമം നിലവിൽ വരികയും അതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തുകൾക്കും നഗര സഭകൾക്കും വിപുലമായ അധികാരങ്ങൾ ലഭിച്ചിരിക്കുകയുമാണ്. ഈ അനുകൂല സാഹചര്യം ഉപയോഗപ്പെടുത്തി, ഗാന്ധിയൻ സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിനു വേണ്ടി, കേരളാ സർക്കാർ ഒൻപതാം പഞ്ചവത്സര പദ്ധതിയെ ജനകീയാസൂത്രണ പദ്ധതിയായി രൂപപ്പെടുത്തിയിരിക്കുകയാണ്.

സ്വാതന്ത്ര്യലബ്ധിക്കു ശേഷം പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവിന്റെ കാർമ്മികത്വത്തിൽ നാം തുടങ്ങിവെച്ച പഞ്ചവത്സര പദ്ധതികൾ നമ്മുടെ നാടിന്റെ മുഖച്ഛായ ഏറെക്കുറെ മാറ്റിയിട്ടുണ്ട്. എങ്കിലും പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും വന്നിട്ടുള്ള ചില പോരായ്മകൾ പരിഹരിക്കുന്നതിനു വേണ്ടി ജനപങ്കാളിത്തത്തോടെ ഒൻപതാം പദ്ധതിയെ നാം സമീപിക്കുകയാണ്. 1997 ഏപ്രിൽ മാസത്തിലാരംഭിക്കുന്ന പുതിയ സംസ്ഥാന പദ്ധതിയിൽ സംസ്ഥാന പദ്ധതി അടങ്കലിന്റെ 35 40 ശതമാനത്തോളം ഗ്രാമതലത്തിൽ ആസൂത്രണം ചെയ്യപ്പെടുന്ന വികസന പ്രവർത്തനങ്ങൾക്ക് ലഭിക്കണമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഗ്രാമതല ആസൂത്രണത്തിന്നാധാരം ബഹുജനങ്ങളുടെയും വിദഗ്ധരുടെയും ഉദ്യോഗസ്ഥരുടെയും കൂട്ടായ്മയാണ്. ഈ കൂട്ടായ്മ ഗ്രാമത്തിന്റെ സമഗ്ര വികസനത്തിന് നാന്ദി കുറിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രാരംഭ ഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിൽ നടന്ന വിശേഷാൽ ഗ്രാമ സഭകളിൽ കണ്ട ജനകീയ മുന്നേറ്റം ഒൻപതാം പദ്ധതിയുടെ സമീപനത്തിൽ നമുക്ക് കരുത്ത് പകരുന്നു. ഗ്രാമസഭകളിൽ നടന്ന ചർച്ച, ദ്വിതീയ വിവരശേഖരണം, ദ്രുത ഗ്രാമപഠന പര്യടനം എന്നിവയുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ നമ്മുടെ പഞ്ചായത്തിന്റെ വികസന പ്രശ്നങ്ങളും സാധ്യതകളും ഉൾക്കൊള്ളുന്ന ഈ രേഖ ഇവിടെ സമർപ്പിക്കുന്നു.

വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർ ഗ്രൂപ്പ്.

ചെയർമാൻ.	എ. വി. ഗോവിന്ദൻ
കൺവീനർ.	കെ. ദിവാകരൻ മാസ്റ്റർ
K. R. P.	എം. എം. ഗോപാലൻ മാസ്റ്റർ

കൃഷി, ജലസേചനം
മൃഗ സംരക്ഷണം മത്സ്യബന്ധനം

പി. പ്രഭാകരൻ (ജോ. കൺവീനർ)
എ. സുരേന്ദ്രൻ
ഡോ. വിനോദ്കുമാർ. എം.
എ. നാരായണൻ
കെ. പി. മധുസൂദനൻ മാസ്റ്റർ
വി. വി. കരുണാകരൻ മാസ്റ്റർ
വി. ഡി. ഡേവിസ്.
വി. വി. കരുണാകരൻ മാസ്റ്റർ
പി. വി. ഉഷ. DRP
എ. സുരേന്ദ്രൻ
കെ. മുഹമ്മദ്
കെ. വി. മുരളീധരൻ

വിദ്യാഭ്യാസം സംസ്കാരം.

സി. മൊയ്തീൻ മാസ്റ്റർ DRP
ടി. ശേഖരൻ മാസ്റ്റർ (ജോ. കൺവീനർ)
എ. വി. മാധവൻ മാസ്റ്റർ
വി. മുകുന്ദൻ മാസ്റ്റർ
എസ്. സെൽവരാജൻ മാസ്റ്റർ

കുടിവെള്ളം, പൊതുജനാരോഗ്യം
പാർപ്പിടം, സാമൂഹ്യക്ഷേമം

കെ. പി. അബ്ദുറഹ്മാൻ D R P
കെ. വി. ഗോവിന്ദൻ (ജോ. കൺവീനർ)
പി. ദിനേശൻ മാസ്റ്റർ
ഗോപാലകൃഷ്ണൻ

സഹകരണം, വിഭവസമാഹരണം

മിനി അബ്രഹാം - D R P.
പി. ജി. മുകുന്ദൻ ജോ. കൺവീനർ
എൻ. ജെ. ജോബ്
എ. സി. ജേക്കബ്ബ്
എം. ഭാസ്കരൻ.

ചരിത്രം

കെ. കെ. രവിമാസ്റ്റർ DRP
വി. വി. കുഞ്ഞികൃഷ്ണൻ മാസ്റ്റർ (ജോ. കൺവീനർ)
സി. വി. കുഞ്ഞിക്കണ്ണൻ മാസ്റ്റർ
പി. പി. വി. പ്രഭാകരൻ മാസ്റ്റർ
കെ. പി. കുഞ്ഞിരാമൻ മാസ്റ്റർ
വി. കുഞ്ഞിരാമൻ മാസ്റ്റർ
ടി. വി. ഔസേപ്പ്

വ്യവസായം ഗതാഗതം, ഊർജ്ജം.

പി. വി. ഗോവിന്ദൻ മാസ്റ്റർ D R P
എം. ഉദയൻ (ജോ. കൺവീനർ)
കെ. കൃഷ്ണൻകുട്ടി
വി. അബ്ദുൽലത്തീഫ്
കെ. കുഞ്ഞിരാമൻ

വനിത, പട്ടികജാതി പട്ടിക
വർഗ്ഗക്ഷേമം

ത്രേസ്യാമ്മ കെ. സി. D R P
സത്താർ (ജോ. കൺവീനർ)
പി. രാമചന്ദ്രൻ
കമലാക്ഷി ടീച്ചർ
കെ. ജെ. വർഗ്ഗീസ്

കവർ.

പി. വേണുമാസ്റ്റർ

ചെങ്ങളായി ഗ്രാമപഞ്ചായത്ത്

ഭരണസമിതി 1995 - 99

ക്രമ നമ്പർ	പേര്	വാർഡ്	സ്ഥാനം
1	എ. വി. ഗോവിന്ദൻ	I	പ്രസിഡണ്ട്
2	കെ. പി. മൊയ്തീൻ കുഞ്ഞിഹാജി	V	വൈസ്. പ്രസിഡണ്ട്
3	എം. പി. ആദംകുട്ടി	II	സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
4	പി. വി. ഉഷ	III	മെമ്പർ
5	കൊയ്യം ജനാർദ്ദനൻ	IV	മെമ്പർ
6	കെ. ജനാർദ്ദനൻ	VI	മെമ്പർ
7	ടി. വി. രാഘവൻ	VII	മെമ്പർ
8	പി. പി. മാധവി	VIII	മെമ്പർ
9	കെ. മുഹമ്മദ്	IX	മെമ്പർ
10	ഏലിയാമ്മ തോമസ്	X	മെമ്പർ
11	ലില്ലി ജോസഫ് കട്ടക്കയം	XI	മെമ്പർ

ചെങ്ങളായി ഗ്രാമപഞ്ചായത്ത്
ഭരണസമിതി



എ. വി. ഗോവിന്ദൻ
(പ്രസിഡണ്ട്)



കെ. പി. മൊയ്തീൻകുഞ്ഞി ഹാജി
(വൈസ് പ്രസിഡണ്ട്)



എം. പി. ആദംകുട്ടി
(സ്റ്റാൻന്റിങ്ങ് കമ്മിറ്റി ചെയർമാൻ)

ചെങ്ങളായി ഗ്രാമപഞ്ചായത്ത്
ഭരണസമിതി



പി. വി. ഉഷ
(മെമ്പർ)



കൊയ്യം ജനാർദ്ദനൻ
(മെമ്പർ)



കെ. ജനാർദ്ദനൻ
(മെമ്പർ)



ടി. വി. രാഘവൻ
(മെമ്പർ)



പി. പി. മാധവി
(മെമ്പർ)



കെ. മുഹമ്മദ്
(മെമ്പർ)



ഏലിയാമ്മ തോമസ്
(മെമ്പർ)




ലില്ലി ജോസഫ്
(മെമ്പർ)

ചെങ്ങളായി ഗ്രാമ പഞ്ചായത്ത്

വാർഡുകൾ

[W] സ്ത്രീ സംവരണം.

[SC][ST] പട്ടികജാതി സംവരണം.



ചെങ്ങളായി ഗ്രാമപഞ്ചായത്ത്

അടിസ്ഥാന വിവരങ്ങൾ

പഞ്ചായത്തിന്റെ പേര്	:	ചെങ്ങളായി ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:	1, ചെങ്ങളായി 2. ചുഴലി
താലൂക്ക്	:	തളിപ്പറമ്പ്
ബ്ലോക്ക് പഞ്ചായത്ത്	:	തളിപ്പറമ്പ്
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	6ാം വാർഡ് ഒഴികെ ചെങ്ങളായി ഡിവിഷനിൽ 6ാം വാർഡ് കുറുമാത്തൂർ ഡിവിഷനിൽ.
അസംബ്ലി നിയോജക മണ്ഡലം	:	തളിപ്പറമ്പ്.
പാർലിമെന്റ് നിയോജക മണ്ഡലം	:	കാസർഗോഡ്
വിസ്തീർണ്ണം	:	67.33 ചതുരശ്ര കിലോമീറ്റർ
അതിരുകൾ - വടക്ക്	:	നടുവിൽ, ചപ്പാരപ്പടവ് പഞ്ചായത്തുകൾ
പടിഞ്ഞാറ്	:	കുറുമാത്തൂർ പഞ്ചായത്ത്
തെക്ക്	:	വളപട്ടണം പുഴ.
കിഴക്ക്	:	ശ്രീകണ്ഠപുരം പഞ്ചായത്ത്.
വാർഡുകളുടെ എണ്ണം	:	പതിനൊന്ന്
ജനസംഖ്യ (1991ലെ സെൻസസ് പ്രകാരം)	:	26660
	ആൺ :	13269
	പെൺ :	13391
പ്രസിഡണ്ട്	:	എ. വി. ഗോവിന്ദൻ.
വൈസ്. പ്രസിഡണ്ട്	:	കെ. പി. മൊയ്തീൻ കുഞ്ഞി ഹാജി.
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	:	യം. പി. ആദംകുട്ടി.

സാമൂഹ്യ സാംസ്കാരിക ചരിത്രം

പ്രാഗ് ചരിത്രം : നമ്മുടെ പഞ്ചായത്തിന്റെ പ്രാചീന ചരിത്രം മനസ്സിലാക്കുന്നതിന് ആധികാരികമായ രേഖകളൊന്നും തന്നെ ലഭ്യമല്ല. കുന്നുകളുടെ മുകൾത്തട്ടിൽ കാണുന്ന വിശാലമായ പാറപ്രദേശങ്ങൾ ആദ്യകാല ജനപഥങ്ങളായിരുന്നുവെന്ന് അനുമാനിക്കാവുന്നതാണ്. ഇവിടങ്ങളിൽ കാണപ്പെടുന്ന നവീന ശിലായുഗത്തിലേതെന്നു കരുതാവുന്ന ഗുഹകൾ ഇതിന് തെളിവാണ്. എന്നാൽ ഇവർ ആരായിരുന്നു എന്നതിനെ കുറിച്ചോ അവരുടെ ജീവിതരീതി എന്തായിരുന്നു എന്നതിനെക്കുറിച്ചോ വ്യക്തമായ വിവരങ്ങൾ ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നിട്ടില്ല.

ഭൂവിഭവം


പരിമിതമായ സ്ഥലങ്ങളിൽ മാത്രമേ ആദ്യകാലത്ത് ജനവാസം ഉണ്ടായിരുന്നുള്ളൂ. ബാക്കി ഭാഗം മുഴുവനും നിബിഡവനങ്ങളായിരുന്നു. ഇത്തരം സ്ഥലങ്ങളെ ബന്ധിപ്പിച്ചിരുന്നത് ഒറ്റയടിപ്പാതകളായിരുന്നു. വളക്കൈ മുതൽ പരിപ്പായി വരെയുള്ള കാളവണ്ടിപ്പാതയാണ് പിൽക്കാലത്ത് റോഡായി പരിണമിച്ചത്. പരിപ്പായി മുതൽ കുറുമാത്തൂർ വരെയുള്ള നീണ്ട പുഴയോരവും പഞ്ചായത്തിന് കുറുകെ ഒഴുകുന്ന വളക്കൈതോടും പ്രധാന ജലസ്രോതസ്സുകളാണ്. ഭൂസ്വത്തുക്കൾ പ്രധാനമായും കരക്കാട്ടിടം, കല്ല്യാട്ട് തുടങ്ങിയ ജന്മികളുടെയും ദേവസ്വം, ബ്രഹ്മസ്വം തുടങ്ങിയവയുടെയും കീഴിലായിരുന്നു. ഈ ഭൂമിയിൽ ജോലിയെടുത്തവരിൽ ഭൂരിഭാഗവും പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവരായിരുന്നു.

ഭൂവിനിയോഗം

ഒരു ഭാഗത്ത് ദീർഘമായ പുഴയോരവും കുന്നിൻ നിരകളും വയൽ പ്രദേശങ്ങളും നമ്മുടെ പഞ്ചായത്തിന്റെ പ്രത്യേകതകളാണ്. ജനങ്ങൾ പണ്ടു കാലം മുതൽ തന്നെ കൃഷിയിൽ വ്യാപൃതരായിരുന്നു. കുന്നിൻ പ്രദേശങ്ങളിൽ പുനം കൃഷിയും അതിൽ നിന്നുള്ള നെല്ല്, മുത്താറി, ചാമ, ചോളം, തോര, എള്ള് എന്നീ ഉൽപ്പന്നങ്ങളും പ്രധാന വരുമാന മാർഗ്ഗമായിരുന്നു. വയൽ പ്രദേശങ്ങളിൽ പ്രധാനമായും നെൽകൃഷിയായിരുന്നു. വെള്ളപ്പൊക്കം മൂലം പലപ്പോഴും കൃഷി നാശം സംഭവിക്കാറുണ്ട്.

കാർഷിക പരിഷ്കരണത്താൽ ഭൂവുടമസ്ഥതയിൽ വന്ന മാറ്റങ്ങൾ, കാർഷക പ്രസ്ഥാനങ്ങളുടെ വളർച്ച, ദേശീയ പ്രസ്ഥാനങ്ങളുടെ വളർച്ച എന്നിവ ജനങ്ങളിലുണ്ടാക്കിയ അവബോധം, സ്വാതന്ത്ര്യ പ്രാപ്തിയെ തുടർന്ന് ഗതാഗത വാണിജ്യ, സാംസ്കാരിക, വിദ്യാഭ്യാസ മേഖലകളിൽ വന്ന മാറ്റങ്ങൾ, തിരുവിതാം കൂറിൽ നിന്നുള്ള കുടിയേറ്റം എന്നിവ ഭൂവിനിയോഗത്തെ സ്വാധീനിച്ചു. താഴ്വരകളിൽ നിന്നും ജനവാസം മലഞ്ചരിവുകളിലേക്കും മുകൾത്തട്ടിലേക്കും വളർന്നു. ഇതിനിടയിൽ നിടുവാലൂർ പരിപ്പായി, മരുതേനി, എന്നിവിടങ്ങളിൽ പ്രധാനപ്പെട്ട മൂന്ന് റബ്ബർത്തോട്ടങ്ങൾ ഉണ്ടായി. അതോടൊപ്പം തന്നെ മരച്ചീനി, കശുവണ്ടി, എന്നീ നാണ്യ വിളകൾ കൃഷി ചെയ്യാനും ആരംഭിച്ചു. തങ്ങളുടെ കാർഷിക ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള മെച്ചപ്പെട്ട വാണിജ്യ കേന്ദ്രമായി ചെങ്ങളായി മാറി. മലയോര മേഖലകളിൽ നിന്നു പോലും കർഷകർ ഉൽപ്പന്നങ്ങൾ വിൽക്കാൻ ചെങ്ങളായിലെത്തുമായിരുന്നു. ജലമാർഗ്ഗം മലഞ്ചരക്കുകൾ ബോട്ടുകളിലും വലിയ തോണികളിലും വാണിജ്യ കേന്ദ്രമായ വളപട്ടണത്തേക്ക് എത്തിക്കാൻ വളരെ സൗകര്യമുണ്ടായിരുന്നു.

സാമൂഹ്യ സാംസ്കാരിക ചരിത്രം



കാർഷിക രംഗത്ത് ജലസേചന സൗകര്യങ്ങൾ, രാസ വള പ്രയോഗം, അത്യുൽപ്പാദന ശേഷിയുള്ള വിത്തുകൾ, നവീന കൃഷിരീതികൾ എന്നിവ പ്രചാരത്തിൽ വന്നു. പാറപ്രദേശങ്ങൾ ചെങ്കൽ ഖനന കേന്ദ്രങ്ങളായി തീർന്നു. വൈദ്യുതി, ഗതാഗത രംഗങ്ങളിലെ വളർച്ച നമ്മുടെ പഞ്ചായത്തിലെ ഭൂവിനിയോഗത്തെ ഗണ്യമായി സ്വാധീനിച്ചു.

ഗതാഗതം

നമ്മുടെ പഞ്ചായത്തിലെ ആദ്യകാല ഗതാഗത സൗകര്യങ്ങൾ പ്രധാനപ്പെട്ടത് ചെങ്ങളായിൽ നിന്നും വളപട്ടണത്തേക്കുള്ള ബോട്ട്, തോണി തുടങ്ങിയ ജലവാഹനങ്ങളും കാള വണ്ടി, കരിവണ്ടി തുടങ്ങിയ കരവാഹനങ്ങളും ആയിരുന്നു. ചരക്കുകൾ കൊണ്ടു പോകുന്നതിന് കാളവണ്ടികൾ ഉപയോഗിച്ചിരുന്നു. പഴയകാലത്ത് തന്നെ ഉണ്ടായ മറ്റൊരു പ്രധാന ഗതാഗത മാർഗ്ഗമായിരുന്നു നമ്മുടെ പഞ്ചായത്തിലൂടെ കടന്നു പോകുന്ന കാവുമ്പായി-കരിവെള്ളൂർ റോഡ്. കാലം മാറിയതോടെ ഗതാഗത സൗകര്യം വർദ്ധിച്ചു. തളിപ്പറമ്പ ഇരിട്ടി സംസ്ഥാന പാത പഞ്ചായത്തിലൂടെ കടന്നു പോകുന്നു. കൂടാതെ ബസ് സർവ്വീസ് നടത്തുന്ന നാല് ഗ്രാമീണ റൂട്ടുകളുണ്ട്.

ജനങ്ങൾ

ഹിന്ദുക്കൾ മാത്രമായിരുന്നു ഇവിടുത്തെ ആദ്യകാല ജനങ്ങൾ. ഇവരിൽ നമ്പ്യാർ തീയ്യ സമുദായങ്ങളിൽപ്പെട്ടവരായിരുന്നു ഭൂമി ഏറ്റെടുത്ത് നടത്തിയിരുന്നത്. ഇതിന് പ്രതിഫലമായി വാരം, പാട്ടം എന്നിവ ജന്മിമാർക്ക് നൽകണമായിരുന്നു. കൃഷിയിടങ്ങളിൽ ജോലി ചെയ്തിരുന്നത് പ്രധാനമായും പുലയ സമുദായത്തിൽപ്പെട്ടവരായിരുന്നു. ഇവരുടെ താമസം വേറിട്ടായിരുന്നു. ഇത് ചാളക്കുന്നുകൾ എന്ന പേരിലാണറിയപ്പെട്ടിരുന്നത്. പിന്നീട് കാർഷിക വൃത്തി ഉപജീവന മാർഗ്ഗമായി കരുതിയിരുന്ന കൃസ്തീയ സമുദായത്തിൽപ്പെട്ടവർ തിരുവിതാംകൂർ ഭാഗത്ത് നിന്ന് കുടിയേറ്റം നടത്തിയപ്പോൾ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ അവരുടെ സാന്നിദ്ധ്യവും ദൃശ്യമായിത്തുടങ്ങി.

കലാസാംസ്ക്കാരിക രംഗം :

പ്രധാനമായും കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട ആഘോഷങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നു. നിറപുത്തരി, പൂരം, ഓണം, എന്നിവ ഇതിൽ എടുത്തു പറയേണ്ടവ തന്നെ. ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ച് മറ്റ് അനുബന്ധ പരിപാടികളും സംഘടിപ്പിക്കപ്പെട്ടതോടൊപ്പം കാവുകളിലും, കോട്ടങ്ങളിലും ഉത്സവങ്ങളോടനുബന്ധിച്ച് തെയ്യക്കോലങ്ങളും കെട്ടിയാടാറുണ്ടായിരുന്നു. പിൽക്കാലത്ത് മുസ്ലീങ്ങളുടെയും കൃസ്ത്യാനികളുടെയും വരവോടെ അവരുടെ മതപരമായ ആഘോഷങ്ങളായി പെരുന്നാൾ, ബക്രീദ്, ക്രിസ്തുമസ് എന്നിവയും ദൃശ്യമായിത്തുടങ്ങി. വളരെ പുരാതനങ്ങളായ ക്ഷേത്രങ്ങളും പള്ളികളും ഈ പഞ്ചായത്തിന്റെ സവിശേഷതകളാണ്. ഇതിൽ ചുഴലി ഭഗവതി ക്ഷേത്രം, നിടുവാലൂർ മഹാവിഷ്ണു ക്ഷേത്രം, ശ്രീകൃഷ്ണ ക്ഷേത്രം, പെരുങ്കോന്ന് പുളിമ്പിടാവ് ഭഗവതി ക്ഷേത്രം, ചേരം കുന്ന് കൃസ്തീയ് ദേവാലയം, തേർളായി മാലിക് ദീനാർ പള്ളി എന്നിവ എടുത്തു പറയത്തക്കതാണ്. പെരുങ്കോന്ന് ക്ഷേത്രത്തിലെ ദാരുശിൽപ്പങ്ങൾ, ചുമർ ചിത്രങ്ങൾ എന്നിവ തൊടിക്കുളത്തോളം മികവുറ്റതും പഴക്കം ചെന്നതുമാണ്. പഞ്ചായത്തിലെ ആദ്യത്തെ മുസ്ലീം ദേവാലയമാണ് തേർളായിലേത്. ദേശീയ പ്രസ്ഥാനത്തിന്റെയും കർഷക കാർഷിക തൊഴിലാളി പ്രസ്ഥാനങ്ങളുടെയും ഫലമായി രൂപം കൊണ്ട ഗ്രന്ഥാലയങ്ങൾ, മറ്റ് കലാസാംസ്കാരിക സംഘടനകൾ എന്നിവയുടെ പ്രവർത്തനങ്ങൾ നമ്മുടെ സാംസ്കാരിക രംഗത്തെ മികവുറ്റതാക്കി. ചെങ്ങളായി ഗ്രാമോദ്ധാരണ ഗ്രന്ഥാലയം പോലുള്ള തളിപ്പറമ്പ താലൂക്കിലെ തന്നെ മികച്ച ഗ്രന്ഥാലയങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഗ്രന്ഥാലയ വാർഷികങ്ങളും മറ്റും ഈ രംഗത്തിന് ഒരു പുതു ജീവൻ നൽകുകയുണ്ടായി. ശാസ്ത്ര സാഹിത്യ പരിഷത്ത് പോലുള്ള സന്നദ്ധ

സംഘടനകളും മികച്ച സംഭാവനകൾ നൽകിയിട്ടുണ്ട്.

തൊഴിൽ

ആദ്യകാലത്ത് കൃഷി മുഖ്യ തൊഴിലായി സ്വീകരിച്ചവരായിരുന്നു നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നത്. സാമൂഹ്യ സാമ്പത്തിക മേഖലയിലുണ്ടായ മാറ്റങ്ങളുടെയും കാർഷിക മേഖലയിലെ പ്രതിസന്ധിയും കാരണം ഈ രംഗത്ത് ചില മാറ്റങ്ങളുണ്ടായി. വ്യവസായ മേഖലയിലും സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും ജോലിയെടുക്കുന്നവരുടെ എണ്ണം കൂടിക്കൂടി വന്നു. വിശാലമായ പാറപ്പുറമ്പുകളിലെ ചെങ്കൽഖനനമേഖല പുതിയ തൊഴിൽ രംഗത്തിന് തുടക്കം കുറിച്ചു. സമൂഹത്തിലെ അപൂർവ്വം വിഭാഗക്കാർക്കു മാത്രമേ ഓടിട്ട വീടുണ്ടാക്കാൻ അവകാശമുണ്ടായിരുന്നുള്ളൂ. താഴ്ന്ന ജാതിക്കാർ എന്നു കരുതപ്പെട്ടവർ ചാളകളിലായിരുന്നു താമസം. ഇന്ന് സമുദായത്തിന്റെയോ മറ്റു വിഭാഗീയതകളുടെ പേരിലോ വിവേചനങ്ങളില്ല. എങ്കിലും പട്ടിക ജാതിക്കാരുൾപ്പെടെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ദുർബല വിഭാഗങ്ങളുടെ പാർപ്പിട പ്രശ്നം പരിഹരിച്ചു കഴിഞ്ഞിട്ടില്ല. പൊതുവെ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ശരാശരി നിലവാരം പുലർത്തുന്നവയാണ് വീടുകളിലധികവും.

വിദ്യാഭ്യാസം

1900 ാം ആണ്ടിൽ നിലവിൽ വന്ന ചെങ്ങളായി എ. യു. പി. സ്കൂളാണ് പഞ്ചായത്തിൽ ആദ്യം നിലവിൽ വന്ന വിദ്യാലയം. ഈ വിദ്യാലയത്തിന്റെ സ്ഥാപകനും അദ്ധ്യാപകനുമായ ശ്രീ. അനന്തൻ മാസ്റ്ററുടെ പേര് പ്രത്യേകം സ്മരണീയമാണ്. തുടർന്ന് ചുഴലിയിൽ കെ. എൻ. ഗുരുകുലാശ്രമം എന്ന പേരിൽ ഒരു വിദ്യാലയവും സ്ഥാപിക്കപ്പെട്ടു. ഇന്ന് രണ്ടു ഗവൺമെന്റ് ഹൈസ്കൂളുകളുൾപ്പെടെ പതിനഞ്ച് പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിലവിലുണ്ട്.

വളർച്ചയുടെ പടവുകൾ

ദേശീയ പ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടെ ചെങ്ങളായി പഞ്ചായത്ത് വിവിധ രംഗങ്ങളിൽ വളർച്ച പ്രാപിച്ചു വരുകയായിരുന്നു. സാമ്രാജ്യത്വത്തിനും ജന്മിത്വത്തിനും എതിരായി നടന്ന കാവുമ്പായി മൊറാഴ കർഷക സമരങ്ങളിൽ ഈ പഞ്ചായത്തിൽ നിന്നുള്ളവരും സജീവമായി പങ്കെടുത്തിരുന്നു. സ്വാതന്ത്ര്യാനന്തരം ഇന്ത്യയും കേരളവും കൈവരിച്ച നേട്ടങ്ങൾക്കൊപ്പം പോകാൻ സാധിച്ചിട്ടില്ല. ജനാധിപത്യ സമ്പ്രദായം ഇന്നത്തേതു പോലെ നിലവിൽ വരുന്നതിനു മുമ്പ് പ്രതിനിധികളെ നേരിട്ട് കൈ പൊക്കി തെരഞ്ഞെടുക്കുന്ന സമ്പ്രദായമായിരുന്നു നിലവിലുണ്ടായിരുന്നത്. ഇങ്ങനെ ചെങ്ങളായി, കൊയ്യം, ചുഴലി വില്ലേജ് പഞ്ചായത്തുകളിൽ യഥാക്രമം കെ. പി. കുഞ്ഞിമൊയ്തീൻ, പി. സി. വാസുദേവൻ, ടി. വി. രാമൻ നായർ എന്നിവരായിരുന്നു തെരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ടുമാർ. 1960 ലെ കേരളാ പഞ്ചായത്ത് ആക്ട് പ്രകാരം നിലവിൽ വന്ന പഞ്ചായത്ത് ഭരണ സമിതിയുടെ ആദ്യ പ്രസിഡണ്ട് ശ്രീ. ടി. വി. കമ്മാരൻ നമ്പ്യാർ ആയിരുന്നു. 1964 ൽ ഉണ്ടായ രാഷ്ട്രീയ ധ്രുവീകരണത്തിന്റെ ഫലമായി ശ്രീ. എ. ബാലകൃഷ്ണനെ പ്രസിഡണ്ടായി തെരഞ്ഞെടുത്തു. ഏറ്റവും കൂടുതൽ കാലം പ്രസിഡണ്ടു പദവി അലങ്കരിച്ചതും എ. ബാലകൃഷ്ണൻ തന്നെ. ഇതിനിടയിൽ പഞ്ചായത്തിന് ചേരം കുന്നിൽ സ്വന്തമായി കെട്ടിടം പണിയുകയും ഉദ്ഘാടനം കഴിഞ്ഞ് അധികം താമസിയാതെ അഗ്നിക്കിരയാവുകയും ചെയ്തു. വീണ്ടും പഞ്ചായത്ത് ആഫീസ് ചെങ്ങളായി ടൗണിലുള്ള വാടകകെട്ടിടത്തിലേക്ക് മാറ്റേണ്ടി വന്നു. 1980 ലാണ് ഇന്നുകാണുന്ന പഞ്ചായത്ത് കെട്ടിടം അന്നത്തെ പൊതുമരാമത്തു മന്ത്രിയായിരുന്ന ശ്രീ. പി. എം. അബൂബക്കർ ഉദ്ഘാടനം ചെയ്തു. ശ്രീ. സി. കെ. കരുണാകരനായിരുന്നു ആ സമയത്ത് പ്രസിഡണ്ട്.

കേരളാ നിയമസഭാ ചരിത്രത്തിലും പഞ്ചായത്തിന്റെ

പേര് എഴുതപ്പെട്ടിട്ടുണ്ടെന്നുള്ള കാര്യം നമുക്ക് സ്മരിക്കാം. കൊയ്യം സ്വദേശി, യശഃശ്ശരീരനായ സി. പി. ഗോവിന്ദൻ നമ്പ്യാർ തളിപ്പറമ്പ, ഇരിക്കൂർ എന്നീ നിയമ സഭാ മണ്ഡലങ്ങളെ പ്രതിനിധീകരിച്ച് രണ്ടു തവണ അസംബ്ലിയിലേക്ക് തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. പഞ്ചായത്തിന്റെ വികസനത്തിൽ അദ്ദേഹത്തിന്റെ സംഭാവനകൾ ചിരസ്മരണീയമാണ്.

സർക്കാർ അർധസർക്കാർ സ്ഥാപനങ്ങളുടെ വളർച്ച തൊഴിലവസരങ്ങൾ വർദ്ധിപ്പിച്ചു. വൈദ്യുതിയുടെ വരവ് വികസനത്തിന് വഴി കാട്ടിയായി. കാളവണ്ടിയും കരിവണ്ടിയും ഓടിയിരുന്ന നിരത്തുകളിൽ ആധുനിക ഗതാഗത സൗകര്യങ്ങൾ നിലവിൽ വന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആരംഭം എല്ലാവർക്കും വിദ്യ സമ്പാദിക്കാനുള്ള അവസരം ഉണ്ടാക്കുകയും അതുവഴി സാമൂഹിക സാംസ്ക്കാരിക രംഗത്ത് വിപ്ലവകരമായ മാറ്റങ്ങളുണ്ടാവുകയും ചെയ്തു. വിവിധ മത വിഭാഗങ്ങളിൽപ്പെട്ടവർ ജീവിക്കുന്ന പ്രദേശമാണെങ്കിലും വളരെ ശാന്തമായ സാമൂഹ്യാന്തരീക്ഷം ഇവിടെ നിലനിൽക്കുന്നു എന്നത് എടുത്തുപറയേണ്ട സവിശേഷത തന്നെയാണ്.

ഭൂപ്രകൃതി



കേരളത്തെ 13 കാലാവസ്ഥാ മേഖലകളായി തിരിച്ചിരിക്കുന്നു. ഇതിൽ ''വടക്കൻ ഇടനാട്'' എന്ന കാർഷിക കാലാവസ്ഥാ മേഖലയിലാണ് ചെങ്ങളായി പഞ്ചായത്ത് ഉൾപ്പെടുന്നത്. വടക്കുനിന്ന് തെക്കോട്ട് ചെരിഞ്ഞാണ് പഞ്ചായത്തിന്റെ കിടപ്പ്. പഞ്ചായത്തിന്റെ വടക്കേ അറ്റം മുതൽ തെക്ക് പുഴ ഭാഗത്തേക്ക് നീങ്ങുമ്പോൾ ക്രമാനുഗതമായ ചെരിവുതലവും ചെറുകുന്നുകളും താഴ്വരകളുമായി ഒരു നിമ്നോന്നത പ്രകൃതി കാണുന്നു. കുന്നുകൾ, പീഠഭൂമികൾ, താഴ്വരകൾ, സമതലങ്ങൾ, പുഴയോരം എന്നിവയാണ് പ്രധാന ഭൂവിഭാഗങ്ങൾ. പീഠഭൂമികൾ ചെങ്കൽ ഖനന മേഖലകളാണ്.

പഞ്ചായത്തിലെ പീഠഭൂമികൾ

നമ്പർ	പീഠഭൂമിയുടെ പേര്	വാർഡ്
1	മൊയാലം തട്ട്	3-4
2	എടക്കളം	8
3	കൊളത്തൂർ	11
4	കണ്ണാടിപ്പാറ	11

മൺതരങ്ങൾ

പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളിലും ചെങ്കൽ മണ്ണാണ് കാണപ്പെടുന്നത്. നെൽപ്പാടങ്ങളിൽ കാണപ്പെടുന്ന അലുവിയൽ മണ്ണ് ഫലഭൂയിഷ്ഠമാണ്. പുഴയോരങ്ങളിൽ പൂഴികലർന്ന ഏക്കൽ മണ്ണാണ് ഉള്ളത്. ഈ മണ്ണിന് നീർവാർച്ച കൂടുതലാണ്. ഭൂരിഭാഗവും നീർമറി പ്രദേശങ്ങളായതിനാൽ മഴവെള്ളം ഭൂമിയിൽ അരിച്ചിറങ്ങാതെ ഒഴുകിപ്പോകുന്നു. ഇത് വ്യാപകമായ മണ്ണൊലിപ്പിന് ഇടയാക്കുന്നു.

പട്ടിക 2

മൺതരം	ശതമാനം
ചെങ്കൽമണ്ണ് (ലാറ്ററേറ്റ്)	80
എക്കൽമണ്ണ്	10
അലുവിയൽമണ്ണ്	10

കാലാവസ്ഥ

മഴക്കാലം:

ഇടവപ്പാതി : ജൂൺ, ജൂലായ്, ആഗസ്ത്

തുലാവർഷം : സപ്തമ്പർ, ഒക്ടോബർ, നവംബർ.

വേനൽ മഴ : വിരളം

തണുപ്പുകാലം : ഡിസംബർ 15 മുതൽ ജനുവരി 31 വരെ

വേനൽകാലം : ജനുവരി മുൽ മെയ് വരെ

ജലലഭ്യത

ചെങ്ങളായി പഞ്ചായത്തിന്റെ തെക്ക് ഭാഗത്ത് കൂടിയാണ് വളപട്ടണം പുഴ കടന്നുപോകുന്നത്. കൂടാതെ ചെറുതും വലുതുമായ 13 തോടുകളും ഈ പഞ്ചായത്തിലെ മുഖ്യ ജലസ്രോതസ്സുകളാണ്. പുഴയൊഴികെ തോടുകൾ എല്ലാം വേനൽക്കാലം വറ്റി വരളുന്നു. മഴയെ ആശ്രയിച്ചാണ് പഞ്ചായത്തിലെ എല്ലാ ഭാഗത്തും കൃഷി നടത്തിവരുന്നത്.

കേരളത്തിലെ പ്രധാന 44 പുഴകളിൽ ഒന്നായ 110 കി.മി. നീളമുള്ള വളപട്ടണം പുഴ 6 കി.മി. ദൂരം നമ്മുടെ പഞ്ചായത്തിനെ തൊട്ടൊഴുകി നീങ്ങുന്നുണ്ട്. 1867 ച.കി.മി. വൃഷ്ടി പ്രദേശമുള്ള പുഴയിലേക്ക് വിവിധ നീർമറി പ്രദേശങ്ങളിൽനിന്നും ആരംഭിക്കുന്ന തോടുകൾ വഴി സംഭാവന ചെയ്യുന്ന ജലത്തിന്റെ അളവ് ചെറുതല്ല. കർണ്ണാടക വന പ്രദേശത്തുനിന്നും ലഭിക്കുന്ന 1308 ദശലക്ഷം ഘന മീറ്റർ ഉൾപ്പെടെ 4092 ദശലക്ഷം ഘനമീറ്റർ ജല സമ്പത്തിൽ വെറും 1823 ദശലക്ഷം മാത്രമെ ആകെ പ്രയോജനപ്പെടുത്താനാകുന്നുള്ളു. പുഴയിലെ ജലവിനിയോഗം വർദ്ധിപ്പിക്കുന്നതിനായുള്ള സംഘടിതമായ പരിശ്രമം ആവശ്യമാണ്.

****

കൃഷി



കാർഷിക ചരിത്രം

നൂറ്റാണ്ടുകളുടെ കാർഷിക ചരിത്രം അവകാശപ്പെടാവുന്ന നമ്മുടെ ഗ്രാമ പഞ്ചായത്തിലെ കൃഷിഭൂമി മുഴുവനും ജന്മിമാരുടെ കൈവശം ആയിരുന്നു. കരക്കാട്ടിടം നായനാർ, കുറുമാത്തൂർ ഇല്ലം, കല്ല്യാട്ട്, തൃചരംമ്പരം, ചുഴലി കാഞ്ഞിരങ്ങാട്, ദേവസ്വങ്ങൾ എന്നിവയുടെ കീഴിൽ കുടിയാൻമാരായി കഴിഞ്ഞുവന്ന നമ്മുടെ കാർഷിക പൂർവ്വികൻമാർ വർഷങ്ങളായി നടത്തിയ സഹന സമരങ്ങളിലൂടെയും, സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി നടന്ന കർഷക സമരങ്ങളിലൂടെയും സ്വാതന്ത്ര്യാനന്തരം 1952 ഓടികൂടി മലബാർ കുടിയായ്മ നിയമം നടപ്പിലാക്കുകയും കാണം, കുഴിക്കണം, പാട്ട, ചാർത്ത് വ്യവസ്തകളിലൂടെ ഭൂമി കൈവശം വെച്ചിരുന്ന കർഷകർക്ക് ഭൂമിയിൽ അവകാശ അധികാരങ്ങൾ ഉറപ്പാക്കുകയും ചെയ്തു. ഇത് കാർഷിക രംഗത്ത് ഒരു നവോഥാനത്തിന് നാന്ദികുറിച്ചു.

ജൻമിത്ത വ്യവസ്ഥയിൽ മേൽ ചാർത്ത് വ്യവസ്ഥ കാരണം നാണ്യവിളകളോ മറ്റ് ദീർഘകാല വിളകളോ കൃഷിചെയ്യാൻ സാധിച്ചിരുന്നില്ല. ആദ്യകാലങ്ങളിൽ കാട് വെട്ടിതെളിച്ചുള്ള പുനംകൃഷി സമ്പ്രദായം നിലവിലിരുന്നു. ഇതോടൊപ്പം ചാമ, മുത്താറി, തീന, ചോളം എന്നീ ധാന്യങ്ങളും ഭക്ഷ്യാവശ്യത്തിനായി കൃഷിചെയ്തിരുന്നു. 2/10 വാരം എന്ന വ്യവസ്ഥയിൽ പാട്ടയത്തിന് കൃഷി ചെയ്തിരുന്ന കർഷകരിൽ നിന്ന് നൂരി വാശി തുടങ്ങിയ അളവു തട്ടിപ്പു കളിലൂടെ കാർഷികോൽപന്നങ്ങളുടെ സിംഹ ഭാഗവും ജന്മുമാർ ഉപയോഗിച്ചിരുന്നു. അന്നത്തെകാലത്ത് ഭക്ഷ്യാവശ്യമത്തിന് ഉപയോഗിച്ച് പോന്ന ചേമ്പ്, ചേന, കാച്ചിൽ, മരച്ചീനി തുടങ്ങിയ കിഴങ്ങു വർഗ്ഗങ്ങളും നെൽകൃഷിയുമില്ലാതെ ഇതര വിള കളിലേക്ക് കർഷകരുടെ ശ്രദ്ധ പതിഞ്ഞി രുന്നില്ല. മലബാർ കുടിയേറ്റത്തോടെ പുതിയ കാർഷിക രീതികളും തോട്ടവിളകളുടെ സാധ്യതയും നാടൻ കൃഷിക്കാൻ' പ്രയോ ജനപ്പെടുത്തി തുടങ്ങി. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ഭൂവിനിയോഗം വർദ്ധിച്ചതോടെ കന്നുകാലികളെ സംരക്ഷി ക്കുന്നതിനുള്ള പ്രയാസവും കൃഷിയിൽ വരും കാലങ്ങളിൽ കാർഷികയന്ത്ര വൽ ക്കരണം കൂടിയെ തീരൂ എന്ന സ്ഥിതിയി ലെത്തിയിട്ടുണ്ട്.

1972 ലെ ഭൂ പരിഷ്കരണ നിയമത്തോടെ കൃഷിഭൂമി വിതരണം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടക്കുകയും കാർഷിക പുരോഗതിക്ക് ആക്കം കൂട്ടുകയും ചെയ്തു.

1960 കളിൽ ആരംഭിച്ച തേനീച്ച കൃഷി കേരളത്തിനു തന്നെ മാതൃകമായി മെച്ചപ്പെട്ട ഉൽപാദന നില കൈവരിക്കുകയും അന്യസംസ്ഥാനങ്ങളിലേക്കു കൂടി തേൻ കയറ്റുമതി നടത്തുകയും ചെയ്തിരുന്നു. നിർഭാഗ്യകരം എന്നു പറയട്ടെ 1990 കളിൽ വൈറസ് രോഗം മൂലം തേനീച്ചകൾ മുഴുവനും നശിച്ചു.

കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ ഭൂമി തരിശിടുന്ന പതിവ് കൂടുതലായിരുന്നുവെങ്കിൽ ഇന്ന് അണുകുടുംബ രൂപീകരണത്തോടെ ഭൂവുനിയോഗം മെച്ചപ്പെട്ട നിലയിലെത്തി ഒന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് കൃഷിക്ക് നൽകിയ പ്രാമുഖ്യവും

ഭൂവിനിയോഗം :-

പഞ്ചായത്തിലെ ഭൂവിനിയോഗ സ്ഥിതി വ്യക്തമാക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

കൃഷി സ്ഥലം	5613.000
കൃഷിയോഗ്യമായ തരിശ്	39.694
കൃഷിയോഗ്യമല്ലാത്ത തരിശ്	1081.000
ആകെ	6733.694

ശാസ്ത്രീയ കൃഷി രീതികളും രാസവളത്തിന്റെ വിനിയോഗവും ഉൽപാദന വർദ്ധനവിന് സഹായകമായി.


പരമ്പരാഗത വിത്തിനങ്ങളിൽ നിന്ന് കർഷകർ ചുവട്ടുമാറി മെച്ചപ്പെട്ട വിത്തിനങ്ങളിലേക്കും ഏത്തവാഴ, ഇഞ്ചി, സുഗന്ധദ്രവ്യങ്ങൾ, റബ്ബർ എന്നീ വിളകളിലേക്കും വിളക്രമം മാറ്റം വരുത്തി. ഇതുവഴി ഭക്ഷ്യ വിളകളുടെ ഉൽപാദനത്തിൽ ഗണ്യമായ കുറവ് അനുഭവപ്പെട്ടു.


ആദ്യകാലങ്ങളിൽ മനുഷ്യന്റെ കായികാദ്ധ്വാനത്തെയും കാളകളെയും മാത്രം ആശ്രയിച്ചായിരുന്നു കാർഷിക വൃത്തി നടന്നത്. 1976കളിൽ ആരംഭിച്ച സംഘടിതമായ കല്ലുകൊത്തു വ്യവസായവും കെട്ടിട നിർമ്മാണ രംഗത്തുള്ള വർദ്ധിച്ചു കൊണ്ടിരിക്കുന്ന തൊഴിൽ സാധ്യതയും കാർഷിത മേഖലയിൽ തൊഴിൽ ക്ഷാമത്തിന് ഇടയായി. ജൈവ വള പ്രയോഗത്തിൽ നിന്ന് രാസവള പ്രയോഗത്തിലേക്ക് കർഷകരുടെ മാറ്റവും ഈ കാലയളവിൽ ദൃശ്യമായി മഴയെ മാത്രം ആശ്രയിച്ച് നടത്തിയിരുന്ന കൃഷിയിൽ നിന്നും ഇന്നത്തെ സാർവത്രിക ജലസേചന സംവിധാനത്തിലേക്കുള്ള മാറ്റം ശ്രദ്ധേയമാണ്.

പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 83% കൃഷിക്ക് ഉപയുക്തമാക്കിയിട്ടുണ്ട്. എന്നാൽ കൃഷിയോഗ്യമായ 1% ഭൂമി തരിശായി കിടക്കുന്നു.

ഭൂവിതരണം:-

കാർഷിക രംഗത്തെ ഉൽപാദനത്തിൽ ഭൂവിതരണ രീതി കാര്യമായ സ്വാധീനം ചെലുത്തുന്നു. പഞ്ചായത്തിലെ ഭൂവിതരണ രീതിയുടെ ചിത്രം താഴെ കൊടുക്കുന്നു.





നാമ മാത്ര കർഷകർ (1 ഹെക്ടറിൽ താഴെ)
ചെറുകിട കർഷകർ (1-2 ഹെക്ടറിൽ താഴെ)
വൻകിട കർഷകർ (2ഹെക്ടറിന് മുകളിൽ)

നാമ മാത്ര കർഷകർ (1 ഹെക്ടറിൽ താഴെ)	7700
ചെറുകിട കർഷകർ (1-2 ഹെക്ടറിൽ താഴെ)	1850
വൻകിട കർഷകർ (2ഹെക്ടറിന് മുകളിൽ)	260
ആകെ	9810

കേരളത്തിൽ മൊത്തം കണ്ടുവരുന്ന പുരയിടകൃഷിയിൽ നിന്നും കാര്യമായ വരുമാനമൊന്നും കൃഷിക്കാനു ലഭിക്കുന്നില്ല. അതുകൊണ്ട് തന്നെ കുടുംബം പുലർത്തു ന്നതിനുവേണ്ടി മറ്റുതൊഴിലിനെ ആശ്രയി ക്കേണ്ടി വരുന്നു. നമ്മുടെ പഞ്ചായത്തും ഈ സ്ഥിതിയിൽ നിന്നും വിഭിന്നമല്ല.

കൃഷിഭൂമിയുടെ ഈ തുണ്ടവൽ ക്കരണം കാർഷി കോൽപാദന ക്ഷമതയെ പ്രതികൂലമായി സ്വാധീനിക്കുന്നു എന്നു കാണാം.

1991ലെ സെൻസസ് പ്രകാരം ജനസംഖ്യയിൽ കൃഷി ഉപജീവനമായി സ്വീകരിച്ചവർ 4% പേർ മാത്രമാണ്. എന്നാൽ പഞ്ചായത്തിലുള്ള ആകെ തൊഴിലാ ളികളിൽ കാർഷിക മേഖലയു മായി ബന്ധപ്പട്ട തൊഴിലിലേർപ്പെട്ടവർ 37% വരുന്നു. അതാ യത് ജനസംഖ്യയുടെ 15% പേർ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ജീവിക്കുന്നു.

വിള വ്യാപനം

പഞ്ചായത്തിൽ ഏറ്റവും കൂടുതൽ സ്ഥലത്ത് കൃഷിചെയ്യുന്നത് റബ്ബർ ആണ്. (29%) കശുമാവ് കൃഷിക്കാണ് രണ്ടാം സ്ഥാനം (19%). 1.7% സ്ഥലത്ത് ഒന്നാം വിള യും, 1.96% സ്ഥലത്ത് രണ്ടാം വിളയും നടക്കുന്നു. മൂന്നാം വിള നെൽകൃഷി നടക്കുന്നില്ല.

ജലസേചനം

മഴയെ ആശ്രയിച്ചുള്ള കൃഷി രീതിയാണ് പൊതുവെ നമ്മുടെ പഞ്ചായ ത്തിൽ നിലവിലുള്ളത്. റബ്ബർ, കശുമാവ്, കുരുമുളക് എന്നിവയ്ക്ക് ജല ദൗർലഭ്യം ആനുഭവപ്പെടുന്നില്ലെങ്കിലും നെല്ല്, തെങ്ങ്, കവുങ്ങ്, വാഴ, ഇതരകാലിക വിളകൾ എന്നി വയ്ക്ക് അനുഭവപ്പെടുന്ന ജല ദൗർലഭ്യം പ്രഥമ പരിഗണനക്ക് വിഷയീ ഭവിക്കേണ്ട താണ്.

പഞ്ചായത്തിന് തെക്ക് ഭാഗത്തു കൂടി ഒഴുകുന്ന വളപട്ടണം പുഴയുടെ 6 കി.മീറ്ററോളം ഭാഗവും ചുഴലി – വളക്കൈ തോടും മറ്റ് 13 ചെറുതോടുകളും 13 ക്രോസ് ബാറുകളുമാണ് പ്രധാന ജല സ്രോത സുകൾ. പുഴ വേണ്ട വിധത്തിൽ പ്രയോ ജന പ്പെടുത്തുന്നതിനും ലഭ്യമാകുന്ന മഴവെള്ളം ഇടത്തട്ടുകളിൽ തടഞ്ഞു നിർത്തു ന്നതിനും ആവശ്യമായ സംവിധാനം ഇല്ലാത്തതാണ് പ്രധാന പ്രശ്നം. ഭൂഗർഭ ജല വിതാനം മെച്ചപ്പെടുത്തുവാനുള്ള പദ്ധതികൾ നാം ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

ചരൽമണ്ണ്, പുഴികലർന്ന എക്കൽ മണ്ണ്, സിൽട്, അലുവിയം തുടങ്ങിയ മണ്ണിനങ്ങളും കാണപ്പെടുന്ന നമ്മുടെ പഞ്ചായത്തിൽ ഇന്നത്തെ രീതിയിലുള്ള ഫ്ളെഡ്ഡ് ഇറിഗേഷൻ രീതി ആശാസ്യമല്ല. ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിംഗിൾ ഇറിഗേ

പട്ടിക – 3

	സ്ത്രീകൾ	പുരുഷൻ	ആകെ
ജനസംഖ്യ	13391	13269	26660
കൃഷിക്കാർ	108	912	1020

പട്ടിക – 4

	സ്ത്രീകൾ	പുരുഷൻ	ആകെ
ആകെ തൊഴിലാളികൾ	2242	5842	8084
കർഷക തൊഴിലാളികൾ	1176	1793	2969

പട്ടിക -5

തോടുകളുടെ ലിസ്റ്റ്

	തോടിന്റെ പേര്	ആകെ നീ. വീ	ശരാശരി വീതി	സംരക്ഷിക്കപ്പെട്ട നിളം	തൻ വർഷം ചിലവഴിച്ച തുക
1	പരിപ്പായി കുടുക്കുമേൽതോട്	200	6"	50	26655
2	ചെങ്ങളായി തോട്	2500	6"	100	
3	ചെങ്ങളായി വയൽ തോട്	1200	6"	50	
4	തേർതല തോട്	2500	6"	-	
5	നെടുവാലൂർ തോട്	3000	6"	-	
6	ചേയക്കൽ തോട്	1500	6"	-	
7	അയ്യപ്പൻപോയിൽ തോട്	1500	6"	-	
8	പാറക്കാടി തോട്	750	6"	-	
9	വളക്കൈ തോട്	2300	8"	-	
10	ചുഴലി മേക്കുനി തോട്	2200	7"	-	
11	കല്ലക്കൈ തോട്	1400	6"	-	
12	കുളവയൽ തോട്	1250	6"		

പട്ടിക - 6 ചെറുകിട ജലസേചന സംവിധാനം

	ക്രോസ്ബാറിന്റെ പേര്		ഹെക്ടർ
1	പരിപ്പായി ക്രോസ്ബാർ	14	1
2	ചെങ്ങളായി ക്രോസ്ബാർ	18	"
3	ചെങ്ങളായി വലിയ തോട്	40	"
4	തേർതല	38	"
5	നെടുവാലൂർ	20	"
6	ചേയ്ക്കൽ	20	"
7	അയ്യപ്പൻപൊയിൽ	15	"
8	പാറക്കാടി	40	"
9	പാറക്കാടി	20	"
10	മേക്കുനി (ചുഴലി)	25	"
11	കല്ലക്കൈ	495	1

ഷനും പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇതിനു പുറമെ വേനൽകാലങ്ങളിൽ ജലാംശം മണ്ണിൽനിന്നും നഷ്ടപ്പെട്ടു പോകാതിരി ക്കാനായി മണ്ണിന്റെ ജൈവാംശം വർദ്ധിപ്പി ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ - ആവര ണവിള, ഭൂമിതട്ടുതിരിക്കൽ എന്നിവ നടപ്പാ ക്കേണ്ടതാണ്. നിമ്നോന്നത പ്രകൃതി യിലുള്ള പഞ്ചായത്തിന്റെ കിടപ്പിൽ വൻകിട ജലസേചന പദ്ധതികൾ സഹായകരമല്ല തന്നെ. നീർമറി അടിസ്ഥാനപ്പെടുത്തിയുള്ള ജനസേചനത്തിനുള്ള ശ്രമം പ്രത്യേകം പ്രാധാന്യം അർഹിക്കുന്നു.

നേഴ്സറി

പഞ്ചായത്തിൽ സ്വകാര്യ മേഖല യിൽ പ്രവർത്തിക്കുന്ന നേഴ്സറികൾ ഉണ്ടെങ്കിലും ആവശ്യങ്ങൾ നിറവേറ്റാൻ അവയ്ക്ക് കഴിയുന്നില്ല. റബ്ബർ, കശുമാവ്, പഴവർഗ്ഗങ്ങൾ, തെങ്ങ് എന്നീ രംഗത്തുമാത്രം ഇവയുടെ പ്രവർത്തനം ഒതുങ്ങി നിൽക്കുന്നു. ഇത് മറ്റു കൃഷി ഇനങ്ങളുടെ മേത്തരം വിത്തുകളുടെ ലഭ്യതയ്ക്ക് ബുദ്ധിമുട്ടു ണ്ടാക്കുന്നു.

വള ഉപയോഗം

ഹരിത വിപ്ലവത്തിന്റെ ഭാഗമായി ഉൽപാദനവർദ്ധനവിനായി രാസവളത്തിന്റെ ഉപയോഗം അമിതമായി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ഇതേ അവസരം ജൈവവള ഉപയോഗത്തിൽ വന്ന കുറവ് മണ്ണിന്റെ ജൈവ ഗുണത്തെ പ്രതികൂലമായി ബാധി ച്ചിരിക്കുന്നു. പഞ്ചായത്തിൽ രാസവള വിതരണത്തിനായി സഹകരണ ബാങ്കു കളുടെ നിയന്ത്രണത്തിലുള്ള 3 ഡിപ്പോകളും 2 സ്വകാര്യ ഡിപ്പോകളും പ്രവർത്തിച്ചു വരുന്നു. ഇവ മുഖാന്തിരം വിതരണം ചെയ്യപ്പെട്ട രാസവളത്തിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

പട്ടിക - 7

പഞ്ചായത്തിൽ വിതരണം ചെയ്ത രാസ വളത്തിന്റെ വിവരങ്ങൾ

1993 - 94	125120Kg
1994 - 95	121450 Kg
1995 - 96	183410 Kg

പഞ്ചായത്തിലെ പ്രധാന കാർഷിക രോഗങ്ങളും കീട ബാധകളും

പഞ്ചായത്തിലെ പ്രധാന വിളക ളായ നെല്ല്, തെങ്ങ്, റബ്ബർ, കുരു മുളക്, കവുങ്ങ്, കശുമാവ്, വാഴ, പച്ചക്കറി, ഇഞ്ചി, തുടങ്ങിയ എല്ലാ വിളകളും രോഗകീട ബാധകളുടെ ദുഷ്യഫലം അനുഭവിച്ചു കൊണ്ടിരിക്കുകയാണ്.

മുഞ്ഞ, ഇലചുരുട്ടിപ്പുഴു, ചാഴി, കുഴൽ പുഴു, ഗാളീച്ച, തുടങ്ങിയവ നമ്മുടെ പാടശേഖരങ്ങളിൽ വ്യാപകമായി കാണ പ്പെടുന്ന കീടങ്ങളാണ്. ബ്ലാസ്റ്റ്, ഇലപുള്ളി, രോഗം, പോളകരിച്ചിൽ, ഇലവാട്ടം, എന്നീ രോഗങ്ങളും നെല്ലിനെ ബാധിക്കുന്നതായി കാണുന്നുണ്ട്.

തെങ്ങു കൃഷിയെ ആക്രമിക്കുന്ന പ്രധാന കീടങ്ങളാണ് കൊമ്പൻചെല്ലി, ചെമ്പൻചെല്ലി, എന്നിവ കൂമ്പുചീയൽ, കറചാട്ടം തുടങ്ങിയ രോഗങ്ങളും തെങ്ങിനെ ബാധിക്കുന്നുണ്ട്. ഇല മഞ്ഞളിപ്പ്, മഹാളി എന്നീ രോഗങ്ങളുടെ ആക്രമണം കവുങ്ങ് കൃഷിയെ ബാധിക്കുന്നു. കശുമാവിനെ ബാധിക്കുന്ന രോഗങ്ങൾ വ്യാപകമല്ലെങ്കിലും തടിതുരപ്പൻ തേയിലകൊതുക് തുടങ്ങിയ കീടങ്ങളുടെ ആക്രമണം ധാരാളം ഉണ്ട്.

കുരുമുളകിനെ കാര്യമായി ബാധി ക്കുന്ന ദ്രുതവാട്ടം ഇപ്പോഴും നിയന്ത്ര ണാതിതമായി തുടരുകയാണ്. കൂടാതെ പൊ ള്ള് രോഗവും ഈ കൃഷിയെ ബാധി ക്കുന്നു.

പട്ടമരപ്പ്, അകാല ഇലപൊഴിച്ചിൽ എന്നിവയാണ് റബ്ബറിനെ ബാധിക്കുന്ന രോഗങ്ങൾ. വാഴയുടെ രോഗങ്ങളായ കുറനാമ്പ് സിഗാടോ, എന്നിവയും കീടമായ മാണപുഴുവും ധാരാളമായി കാണപ്പെടുന്നു. പച്ചക്കറി കൃഷിയിൽ കായ് ഈച്ച, തണ്ടു തുരപ്പൻ എന്നിവയുടെ ആക്രമണം വ്യാപ കമായി കാണപ്പെടുന്നു. കൂടാതെ വൈറസ് രോഗങ്ങളും കുമിൾരോഗങ്ങളും കണ്ടു വരാറുണ്ട്. ഇഞ്ചികൃഷി വ്യാപക മായിട്ടില്ലെങ്കിലും കൃഷിയിടങ്ങളിൽ തണ്ടുതുരപ്പൻ പുഴുവിന്റെയും ശല്ക്ക കീടങ്ങളുടേയും ശല്യം കാണപ്പെടുന്നുണ്ട്. മൂടുചീയൽ രോഗവും ധാരാളമായി കാണപ്പെടുന്നു.

ശാസ്ത്രീയമായ സസ്യസംരക്ഷണ പ്രവർത്തനങ്ങൾ നെൽകൃഷിയിലും, റബ്ബർ കൃഷിയിലും മാത്രമാണ് അനുവർത്തി ക്കുന്നത്. മറ്റുള്ള കൃഷിയിലും ശാസ്ത്രീയ

സസ്യസംരക്ഷണ പ്രവർത്തനങ്ങൾ വ്യാപക മാക്കേണ്ടതാണ്.

പഞ്ചായത്തിൽ വിതരണം ചെയ്ത കീടനാശിനികൾ പട്ടിക

വർഷം	ദ്രാവക കീടനാശിനി ലിറ്റർ	ഖര കീടനാശിനി കി. ഗ്രാം.
1994	97	336
1995	344	676
1996	384	997

കൃഷിഭവൻ

ചെങ്ങളായി പഞ്ചായത്തിലെ കർഷകർക്ക് എളുപ്പം എത്തിച്ചേരാൻ സൗകര്യപ്രദമായ വളപ്പൈയിലാണ് കൃഷിഭവൻ സ്ഥിതി ചെയ്യുന്നത്. ആകെ നാലു പേർ സേവനം അനുഷ്ടിക്കുന്നു. കൃഷി ഓഫീസറും 3 കൃഷി അസിസ്റ്റന്റുമാണ്. കാർഷിക വിജ്ഞാനം കർഷകരിൽ എത്തിക്കുന്നതിനുള്ള ഫലപ്രദമായ പ്രവർത്തനങ്ങൾ നടക്കുന്നില്ല. മറിച്ച് സബ്സീഡി മറ്റ് ധനസഹായങ്ങൾ എന്നിവയുടെ വിതരണത്തിൽ മാത്രം കൃഷിഭവൻ പ്രവർത്തനം ഒതുങ്ങുന്നു.

നടപ്പുപദ്ധതികൾ

നെല്ല് :-

അത്യുത്പാദനശേഷിയുള്ള നെൽവിത്തുകളുടെ വിതരണം ഉത്പാദന ബോണസായി ഹെക്ടറിന് 350 രൂപ എന്നിവ നൽകിവരുന്നു. നാമമാത്രമായി കീടനാശിനിയും നെല്ല് മിനികിറ്റ് പദ്ധതിയിലൂടെയുള്ള ആനുകൂല്യങ്ങളും നൽകിവരുന്നു. നാല് പാഠശേഖരങ്ങൾക്ക് പവർ ടില്ലറുകൾ വിതരണം ചെയ്തിട്ടുണ്ട്.

തെങ്ങ്:-

1994 മുതൽ സമഗ്ര നാളികേര വികസന പദ്ധതിയിൽ ജലസേചനത്തിനായി 50 കിണറുകൾ കുഴിക്കുന്നതിനും 65 പമ്പ് സെറ്റുകൾ വിതരണം ചെയ്യുന്നതിനും ചിലവഴിച്ചു. തുകയുടെ 1/3 ഭാഗം സബ്സീഡിയായി നൽകുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി 10000 രൂപ സബ്സീഡിയോടെ 2 കിണറുകൾ കുഴിക്കുവാനും സഹായം നൽകുന്നു. 9 സ്പ്രയറുകളും 5 തെങ്ങുകയറ്റ യന്ത്രങ്ങളും 50% സബ്സീഡിയോടെ വിതരണം ചെയ്യുന്നുണ്ട്. 5 ഹെക്ടർ സ്ഥലത്തേക്ക് മൊത്തമായി ജലസേചന സൗകര്യം ഉണ്ടാക്കുന്നതിനായി കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി രൂപകൽപന ചെയ്യുന്നുണ്ട്. 600 കുറ്റ്യാടി തെങ്ങിൻതൈകൾ 10ഃ TxD തൈകൾ മിതമായ നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്.

കശുമാവ്:-

96-97 വർഷത്തിൽ കേന്ദ്ര സർക്കാറിന്റെ പ്രത്യേക പദ്ധതി പ്രകാരം ഒട്ടുമാവിന്റെ തൈകൾ വിതരണം നടത്തുകയും വളങ്ങളും കീടനാശിനികളും വാങ്ങുന്നതിനായി 1500 രൂപ സബ്സീഡി നൽകുകയും ചെയ്തിട്ടുണ്ട്. കശുമാവിന്റെ കീടങ്ങളെ നശിപ്പിക്കുവാനായി 40 ഹെക്ടർ തോട്ടങ്ങളിലേക്ക് കീടനാശിനി അനുവദിക്കുന്നുണ്ട്. സംസ്ഥാന പദ്ധതിയുടെ ഭാഗമായി 1600 ഒട്ടുതൈകൾ വിതരണം നടത്തുകയും 500 തൈകൾക്ക് 3രൂപ നിരക്കിൽ നടീൽ കൂലിയും നൽകുന്നു.

കുരുമുളക്:-

കേന്ദ്രഗവൺമെന്റ് ധനസഹായത്തോടെ 10 ഹെക്ടർ സ്ഥലത്തേക്ക് കുരുമുളക് പുനരുദ്ധാരണ പദ്ധതി പ്രകാരം പുതുകൃഷി ചെയ്യുവാനായി 6400രൂപ വരെ ലഭ്യമാക്കുന്നുണ്ട്. ഇതിനു പുറമെ കുരുമുളക് വ്യാപന പദ്ധതി പ്രകാരം ഹെക്ടറിന് 500 രൂപ വെച്ച് 5 ഹെക്ടറിൽ കൃഷി വ്യാപിപ്പിക്കുവാനും പരിപാടിയുണ്ട്. സുഗന്ധവിള വികസന പദ്ധതിയിൽ പെടുത്തി മണ്ണ് സംരക്ഷണത്തിന് ഹെക്ടറിന് 3000 രൂപാ വെച്ച് കുരുമുളക് കൃഷിക്ക് അനുവദിക്കുന്നുണ്ട്. 95-96 കാർഷിക വർഷത്തിൽ പന്നിയൂർ രണ്ടിനത്തിൽപെട്ട കുരുമുളക് ദ്രുതവാട്ട നിയന്ത്രണ പദ്ധതി പ്രകാരം 200 ഹെക്ടർ സ്ഥലത്തേക്ക് സസ്യസംരക്ഷണ പ്രവർത്തനത്തിനായി 1120 kg. തുരിശ് 560kg. കോപ്പറോക്സിക് ക്ലോറൈഡ് എന്നിവ വിതരണം നടത്തി.

കവുങ്ങ്:-

ജലസേചനത്തിനായി പമ്പ് സെറ്റ് സ്ഥാപിക്കാൻ 4000രൂപ വരെ സബ്സിഡി അനുവദിക്കുന്നുണ്ട്. 400 ഹെക്ടർ കവുങ്ങ് തോട്ടത്തിലേക്ക് മഹാളി രോഗത്തിനെതിരെ പ്രയോഗിക്കാൻ മിതമായ നിരക്കിൽ തുരിശ് നൽകപ്പെടുന്നുണ്ട്. നടപ്പ് കാർഷിക വർഷത്തിൽ 500 കവുങ്ങിൻ തൈകൾ കൃഷിഭവൻ വഴി വിതരണം ചെയ്തിട്ടുണ്ട്.

സുഗന്ധവിളകൾ:-

മാതൃക ഇഞ്ചി കൃഷി തോട്ടത്തിന് 1200 രൂപയും മഞ്ഞൾ കൃഷിക്ക് 825രൂപയും പ്ലോട്ടടിസ്ഥാനത്തിൽ സഹായധനം നൽകി വരുന്നു. കൂടാതെ ഇഞ്ചികൃഷി വ്യാപനത്തിനായി രണ്ട് ഹെക്ടർ സ്ഥലത്തേക്ക് 25% സബ്സീഡിയോടെ 5000രൂപ വരെ ആനുകൂല്യം അനുവദിക്കാൻ പദ്ധതിയുണ്ട്. ഗ്രാമ്പും, കറുവ, ജാതി, കൊടമ്പുളി എന്നിവയുടെ നേഴ്സറി തൈകളും വിതരണം നടത്തിയിട്ടുണ്ട്.

പഴവർഗ്ഗങ്ങൾ:-

മികച്ചയിനം പ്ലാവ്, മാവ്, രംബ്യൂട്ടാൻ, മാംഗോസ്റ്റീൻ എന്നിവയുടെ തൈകൾ കൃഷിഭവൻ വഴി വിതരണം ചെയ്തിട്ടുണ്ട്. പട്ടികജാതി കോളനികളിൽ 20 യൂണിറ്റ് പണിയായുധങ്ങൾ വിതരണം ചെയ്തു. കോളനിയിലെ കൃഷിയുടെ വളർച്ചയ്ക്കായി 9324 രൂപയ്ക്കുള്ള രാസവള വിതരണം ചെയ്തിട്ടുണ്ട്. കർഷകരുടെ ആവശ്യത്തിനായി 11 സ്പ്രയറുകൾ ലഭ്യമാണെങ്കിലും മിക്കതും പ്രവർത്തനക്ഷമമല്ല. 1995-96 വർഷത്തിൽ പ്രകൃതി ദുരിതാശ്വാസമായി 130 കർഷകർക്ക് 1257 രൂപ വിതരണം നടത്തിയിട്ടുണ്ട്.

കാർഷിക മേഖലയിൽ ഒരുലക്ഷം യുവജനങ്ങൾക്ക് പ്രത്യേക തൊഴിൽധാന പദ്ധതി പ്രകാരം 182 പേർക്ക് റജിസ്റ്റർ ചെയ്തതിൽ ഒരാൾക്ക് റബ്ബർ റോളറും 4 പേർക്ക് 5 വീതം തേനീച്ചക്കൂടും ഒരു കൊപ്രഡ്രയറും ഒരു റോക്കർ സ്പ്രയറും നൽകിയിട്ടുണ്ട്. കാലിക വിളകളായ പയർ, ഉഴുന്ന് എന്നിവയുടെ വികസനത്തിനും സബ്സീഡി നിരക്കിൽവിത്ത് വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ പച്ചില വിളവിത്തും റൈസോബിയം (ജീവാണുവളം) വിതരണം നടത്തുന്നു. പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് R.A.T.T.C. യിൽ വെച്ച് പരിശീലന പരിപാടി സംഘടിപ്പിക്കാറുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കാർഷികാഭിവൃദ്ധിക്കായി വികസന സെമിനാറുകളും ക്ലാസുകളും സംഘടിപ്പിക്കാറുണ്ട്.

നടപ്പു പദ്ധതി അവലോകനം

കൃഷി വകുപ്പിലൂടെ നടപ്പിലാക്കികൊണ്ടിരിക്കുന്ന കേന്ദ്ര സംസ്ഥാന പദ്ധതികൾ യഥാർത്ഥ ഉപഭോക്താക്കളിൽ എത്തിച്ചേരുന്നില്ല. എന്നതും പദ്ധതികൊണ്ട് ഗവൺമെന്റ് ഉദ്ദേശിക്കുന്ന ഗുണഫലങ്ങൾ ദൃശ്യമാകുന്നില്ല എന്നതും പ്രധാന ന്യൂനതയാണ്. പ്രാദേശിക സാധ്യതകൾക്ക് അനുസൃതമായ പദ്ധതികളല്ല നടപ്പിലാക്കപ്പെട്ടത് എന്നത് കൊണ്ടുതന്നെ ഇത്തരം പദ്ധതികൾ വേണ്ടത്ര പ്രയോജനപ്പെടുന്നില്ല.

പാടശേഖര സമിതികൾ

പഞ്ചായത്തിൽ നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനായി കൂട്ടായ ശ്രമങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി 13 പാടശേഖര സമിതികൾ രൂപീകരിച്ച് റജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. പരിപ്പായി
2. ചെങ്ങളായി കുണ്ടൈകെ
3. ചെങ്ങളായി താഴത്തുവയൽ
4. പെരുങ്കോന്ന്
5. തവറൂൽ
6. പാറക്കാടി
7. പെരുന്തലേരി
8. കൊയ്യം
9. തേർത്തല
10. തോളൂർ അരയാക്കീൽ
11. തോളൂർ വായക്കാടി

പട്ടിക -8

ഗ്രാമസഭാ റിപ്പോർട്ടുകൾ അനുസരിച്ച് കാർഷികമേഖലയിലുള്ള ശരാശരി കൂലിനിരക്ക് ചുവടെ കൊടുക്കുന്നു.

	ജോലിയുടെ തരം	കൂലി			
		ആൺ		പെണ്ണ്	
		ഉച്ചപ്പണി (രൂ)	അന്തിപണി (രൂ)	ഉച്ചപ്പണി (രൂ)	അന്തിപണി (രൂ)
1	കൃഷിപ്പണി	50-60	100	35-45	60
2	ഉഴവ്	110-125	150		-
3	റബ്ബർ ടാപ്പിംഗ്	100മരത്തിന് 25രൂപ	-		-
4	ഞാറ് നടൽ		-		40
5	കള പറിക്കൽ		-		40
6	കൊയ്ത്ത്		-		40
7	മെതി		-		40
8	തേങ്ങയിടൽ		150		
9	അടയ്ക്കാ പറിക്കൽ		150		

12. കൊളത്തൂർ

13. തലക്കുളം

ഇതിനു പുറമെ കേര കർഷക സമിതി, കുരുമുളക് കർഷക സമിതി എന്നിവ പഞ്ചായത്തുതലത്തിൽ പ്രവർത്തിക്കുന്നുണ്ട്. കൃഷി മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങളിൽ ഇവയോന്നും ഫലപ്രദമായി ഇടപെടുന്നില്ല. കർഷകരുടെ കൂട്ടായ്മ വർദ്ധിപ്പിക്കുന്നതിനും അതുവഴി ഉല്പാചന മേഖല സജീവമാക്കുന്നതിനും ഈ സമിതികളെ ഉപയോഗപ്പെടുത്തേണ്ടതാണ്. എന്നാൽ റബ്ബർ ഉൽപാദക സംഘങ്ങളുടെ പ്രവർത്തനം അൽപം മെച്ചപ്പെട്ട രീതിയിൽ നടക്കുന്നു.

ഔഷധ സസ്യകൃഷി

പഞ്ചായത്തിൽ ഔഷധ സസ്യ കൃഷിക്കുള്ള സാധ്യത വളരെ ഏറെയാണ്. നാളിതുവരെ നമ്മൾ ഈ മേഖലയിലെ സാധ്യത ഉപയോഗപ്പെടുത്തിയിട്ടില്ല.

നമ്മുടെ പഞ്ചായത്തിലെ ആയുർ വ്വേദ ആശുപത്രിയിൽ തന്നെ ആവശ്യമായ പച്ചമരുന്നുകൾ പ്രാദേശികമായി ലഭ്യമാക്കാനുള്ള സംവിധാനം ഇല്ല.

ആദ്യകാലഘട്ടങ്ങളിൽ പുരയിടത്തിൽ തന്നെ കൂവളം, ആര്യവേപ്പ്, തുളസി, കറിവേപ്പില, കുരുമുളക്, മാതളം, കുമ്പളം എന്നിവ സ്ഥാനം പിടിച്ചിരുന്നു. ഇന്നത്തെ ഏകവിള സമ്പ്രദായം ഇത്തരം ഔഷധ സസ്യങ്ങൾ അപ്രത്യക്ഷമാവുന്നതിന് കാരണമായി.

ഈ സ്ഥാപനങ്ങളിൽ നിന്ന് ഒരു പരിധിവരെ വായ്പകൾ കാർഷികാവശ്യത്തിന് അനുവദിക്കുന്നുണ്ടെങ്കിലും കർഷകരുടെ യഥാർത്ഥ ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ ഇത് തുലോം കുറവാണ്. കുറഞ്ഞ പലിശ നിരക്കിൽ ദീർഘകാല വായ്പകൾ ലളിതമായ വ്യവസ്ഥയിൽ കർഷകർക്ക് ലഭിക്കുവാനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്.

സഹകരണ ബാങ്കുകളിലും മറ്റു വാണിജ്യ ബാങ്കുകളിലും ഉള്ള വൻ നിക്ഷേപങ്ങളിൽ ഭൂരിഭാഗവും കാർഷിക രംഗത്ത് വിനിയോഗിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

വായ്പാ സൗകര്യങ്ങൾ :-
ചെങ്ങളായി പഞ്ചായത്തിലുള്ള പ്രധാന ധനകാര്യ സ്ഥാപനങ്ങൾ

1	ചുഴലി സർവ്വീസ് സഹകരണ ബേങ്ക്
2	കൊയ്യം സർവ്വീസ് സഹകരണ ബേങ്ക്
3	ചെങ്ങളായി സർവ്വീസ് സഹകരണ ബേങ്ക്
4	നോർത്ത് മലബാർ ഗ്രാമീൺ ബേങ്ക് ചുഴലി ശാഖ
5	നോർത്ത് മലബാർ ഗ്രാമീൺ ബേങ്ക് കൊയ്യം ശാഖ

ഈ സ്ഥാപനങ്ങൾ നൽകിയ വായ്പകൾ

ഹ്രസ്വകാല വായ്പ	2,68,86,988.00
മധ്യകാല വായ്പ	2,88,68,696.00
ദീർഘകാല വായ്പ	3,93,11,966.00

പ്രശ്നങ്ങൾ

1. പൂഴയോരങ്ങളിലുള്ള പാടശേഖരങ്ങളിൽ ഒന്നാം വിള നെൽകൃഷി വെള്ളപ്പൊക്കം മൂലം നശിക്കുന്നു.

2. ആവശ്യമായ നീർവാർച്ച സൗകര്യമില്ലാത്തതിനാൽ പാറാട്ട് വെള്ളം കെട്ടിനിന്ന് ഒന്നാം വിള നശിക്കുന്നു.

3. ഇടത്തിൽ തറമുതൽ മുങ്ങം വരെ തോട് കവിഞ്ഞൊഴുകി കൃഷി നാശമുണ്ടാകുന്നു.

4. അരിപാറയിലും മുങ്ങത്തും ഉള്ള തോടിൽ ക്രോസ്ബാറിൽ പലകയിടാത്തതിനാൽ വെള്ളം തടഞ്ഞ് നിർത്തുവാൻ സാധിക്കാറില്ല.

5. രണ്ടാം വിള നെൽകൃഷിക്ക് വേണ്ടത്ര വെള്ളം ലഭിക്കാത്തതിനാൽ വിളവിനെ ബാധിക്കുന്നു

6. പാറക്കാടി തോടിൽ ആവശ്യത്തിന് വെള്ളം ശേഖരിച്ച് നിർത്തുവാൻ സാധിക്കാറില്ല.

7. കുളവയലിൽ നീർവാർച്ചാസൗകര്യം വർദ്ധിപ്പിച്ച് വിളനാശം ഒഴിവാക്കണം.

8. തവറൂൽ, കൊയ്യം, പാറക്കാടി പാടശേഖരങ്ങളിൽ രണ്ടാം വിളക്ക് ആവശ്യമായ ജലം ലഭ്യമല്ല.

9. തേർതല തോടിന് വേനൽകാലങ്ങളിൽ പലകയിട്ട് ജലം ശേഖരിച്ച് നിർത്തുവാൻ സൗകര്യങ്ങളില്ല.

10 പഞ്ചായത്തിലെ കൃഷിയോഗ്യമായ തരിശ് നിലങ്ങളിൽ നെൽകൃഷി ചെയ്യുവാനുള്ള നടപടികൾ കൈകൊള്ളണം.

11. മണ്ണുപരിശോധന സൗകര്യങ്ങൾ അപര്യാപ്തമാണ്.

12. വിളകളുടെ രോഗകീടബാധകൾ കൂറച്ച് വർഷങ്ങളായി കൂടുതൽ കാണപ്പെടുന്നു.

13. കൃഷിയിടങ്ങളിൽ മതിയായ ജലസേചന സൗകര്യങ്ങൾ ഇല്ല.

14. നെൽവയലുകൾ നികത്തി കൃഷി യിടങ്ങൾ നടത്തുതന്നത് വ്യാപക മായിരിക്കുന്നു.

15. കൃഷിഭവൻ വാർത്തകൾ ഓരോ കൃഷിക്കാരനിലും എത്തുന്നില്ല.

16. കൃഷിപ്പണിക്ക് വേണ്ടത്ര തൊഴിലാളികൾ ലഭിക്കുന്നില്ല.

17. കാർഷിക ഉൽപന്നങ്ങൾക്ക് അർഹമായി വില ലഭിക്കുന്നില്ല.

18. സസ്യസംരക്ഷണ മരുന്നുകൾ യഥാ സമയം എല്ലായിടത്തും ലഭിക്കുന്നില്ല.

19. നെൽകൃഷിയോടുള്ള കർഷകന്റെ വിമുഖത, ഭക്ഷ്യോത്പാദനം കുറയ്ക്കുവാനും നാണ്യവിളകളുടെ ഉൽപാദനം വർദ്ധിപ്പിക്കുവാനും കാരണമായിരിക്കുന്നു.

20. ഉൽപാദനക്ഷമത താരതമ്യേന കുറയുന്നു.

21. മണ്ണൊലിപ്പ് വ്യാപകമാക്കുന്നു.

22. കൃഷിക്കാർക്ക് ഏറ്റവും പുതിയ ശാസ്ത്രീയ കൃഷിമുറകൾ അറിയില്ല

23. കുളത്തൂർ വയലിൽ ഒന്നാം വിളക്ക് വെള്ളം കെട്ടിനിന്ന് വിളനാശം ഉണ്ടാക്കുന്നു.

24. കവുങ്ങിന്റെ ഇല മഞ്ഞളിപ്പ് രോഗം വ്യാപകമായിതന്നെ തുടരുന്നു.

25. പുരയിട കൃഷി ആദായകരമല്ല.

സാധ്യതകൾ

1. ചുഴലി, കോളിത്തോട്, കരിയിലത്തോട്, വീയാൽ, വെളുത്തേൻ വയൽ, ചുണ്ട, ചൂരിത്താട് വയൽ, പുളിങ്കാട്, പാലത്താൻ കടവ്, കോരൻ തോട്, കുട്ടമ്മൽ തോട്, വിളക്കന്നൂർ തോട്, നെടുമുണ്ട, വളക്കൈ, മണക്കാട് എന്നിവിടങ്ങളിൽ തടയണകൾ കെട്ടി കൃഷിക്ക് വെള്ളം ലഭ്യമാക്കണം.

2. മുണ്ടോം വയൽകുളം, ഏഴക്കളംകുളം, കൊളത്തൂർ ക്ഷേത്രക്കുളം, കുണ്ടംക്കൈകുളം, മുക്കാഴത്ത് കുളം, ആക്കോൽകുളം, മഞ്ചേരിക്കുളം, മംത്തുംമൂലക്കുളം, ഇട്ടക്ക് താഴെകുളം, തേർലായി മേലോത്ത് വളപ്പ്കുളം, ചേരംമൂലകുളം, പതകുറകുളം, നടക്കൽ തോട്, ചുഴലി പാറക്കുളം എന്നീ

കുളങ്ങൾ വലുതാക്കി ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

3. ചുഴലി കോപ്പാലത്തിന് സമീപം അണകെട്ടി മുണ്ടോംവയൽ, വടക്കേവയൽ, മണ്ടച്ചേരിവയൽ, വെള്ളരിക്കുണ്ട് വയൽ എന്നിവിടങ്ങളിൽ തടയണകൾ കെട്ടി കൃഷിക്ക് വെള്ളം ലഭ്യമാക്കണം.

4. മേരിക്കുന്നിന് താഴെ മുണ്ടയാനത്ത് കുളം നിർമ്മിച്ച്. തോപ്പിലായി, പള്ളം, വരിങ്ങം, കിഴക്കേമൂല, എന്നിവിടങ്ങളിൽ ജലം ലഭ്യമാക്കുക

5. ചെങ്ങളായി വയൽ, പെരിന്തലേരി വയൽ, കാവുങ്കൽ, പയറ്റിയാൽ, ചേങ്കൽ, വിളക്കണ്ണൂർ, മാവിലം പാറ, ഉണ്ണിമൂരിക്കും, ചീത്ത കാനം, അവിടുത്തെ തണ്ടോൽവയൽ, മുണ്ടോംവയൽ എന്നിവിടങ്ങളിൽ കുളങ്ങൾ കുഴിച്ച് ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തണം.

6. ഇടത്തിൽ തറ മുണ്ടം വരെ തോടിന്റെ ഇരുകരയും ബലപ്പെടുത്തി മണ്ണിടിച്ചിൽ തടയണം.

7. പെരിങ്കോന്ന് വായനശാല – പൊയ്യത്തോട് വരെ, പെരുക്കുന്ന് കാവുങ്കുളം കണ്ണക്കെ വരെ ആഴം കൂട്ടി വെള്ളം കെട്ടി നിൽക്കുന്നതിന് തടഞ്ഞ് വയൽ കൃഷിയോഗ്യമാക്കണം.

8. കൊളത്തൂർ വയൽ, ഒതയോത്ത് വയൽ ജലം വാർന്നുപോകുന്നതിനുള്ള തോടുകീറി വയൽ കൃഷിയോഗ്യമാക്കണം.

9. പാറക്കടവ് മുതൽ വാണ്യം കുണ്ടുവരെയുള്ള തോട്, കുളവയൽ പരാങ്കോൽ തോട്, പാണ്ടിവയൽ, കുറുന്തോർ തോട്, ചെറുവയൽ, മഞ്ചത്തോട്, ഒളിക്കുന്നുമൂല, മഞ്ചക്കാനായിത്തോട്, പെരിന്തലേരി തോട്, കുറുഞ്ചിറ മുതൽ വലിയ തോട് ഇവ ആഴം കൂട്ടുക.

10. നടയിൽ പീടിക പാലം മുതൽ വായാട്ടുവരെ തോടിന്റെ ഇരുകരയ്ക്ക് ബലപ്പെടുത്തുക.

11. പാലക്കണ്ടത്തിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കണം.

12. ചെക്കിക്കടവിൽ ക്രോസ്ബാർ കെട്ടി ഉപ്പുവെള്ളം കയറുന്നത് തടയണം.

13. ആലോട്ട് വലിയ തോടിന് ക്രോസ്ബാർ പണിയണം.

14. ചുഴലി പാടിയിലുള്ള ക്രോസ്ബാർ വിപുലമാക്കണം.

15. പാക്കുളം വലുതാക്കി ജലസേചന സൗകര്യം ഏർപ്പെടുത്തി ചുഴലി വടക്കേ വയലിൽ വേനൽകാല പച്ചക്കറി കൃഷി സംഘാടിസ്ഥാനത്തിൽ ചെയ്യുവാനുള്ള സംവിധാനം ഉണ്ടാക്കണം.

16. കുക്കാടം, മുണ്ടം തോട് ഇരുകരകളും കെട്ടണം.

17. ചെങ്ങളായി പാറാട്ട് വയലിൽ പമ്പ് വെച്ച് കൃഷി ചെയ്യാം.

18. പുഴയിൽ പമ്പ് വെച്ച് കൊപ്രത്ത് ജലം സംഭരിക്കണം.

19. വിളക്കണ്ണൂർ തോടിലുള്ള ചില സംഭരണിയുടെ ശേഷി വർദ്ധിപ്പിക്കണം.

20. കൃഷിഭവന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം – പദ്ധതികളുടെ വിവരം യഥാസമയം കർഷകരിൽ എത്തിക്കണം. കൃഷിഭവനിലെ ഉദ്യോഗസ്ഥർ കർഷകരുമായി കൂടെകൂടി അടുത്ത് ഇടപെടണം.

21. പഞ്ചായത്തിന്റെ പ്രധാന ഭാഗങ്ങളിൽ പൊതു മാർക്കറ്റുകൾ ആഴ്ചചന്തകൾ എന്നിവ തുടങ്ങണം.

22. ഉൽപാദന വിപണന സഹകരണ സംഘം ഓരോ വാർഡിലും രൂപീകരിക്കണം.

23. ആധുനിക കൃഷി രീതികളിൽ ഉപകരണങ്ങളും കൃഷിക്കായി ലഭിക്കണം. കാർഷിക യന്ത്രങ്ങൾക്കും ഉപകരണംങ്ങളും വാടകയ്ക്ക് കൊടുക്കുന്നതും റിപ്പയർ ചെയ്യുന്നതുമായ സ്ഥാപനങ്ങൾ പഞ്ചായത്തിൽ ആരംഭിക്കണം. സ്പെയർ പാർട്സുകൾ റെയ്ഡ്കോ വഴി യഥാസമയം ലഭ്യമാക്കണം.

24. വളങ്ങളും കീടനാശിനികളും ഉപകരണങ്ങളും കൃഷിക്കാർക്ക് സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നതിലെ അപാകത പരിഹരിക്കണം.

25. ജീവാണു വളം, ജൈവവളം, ജൈവ കീടനാശിനി ഇവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കണം.

26. നെൽപാടങ്ങൾ നികത്തുന്നത് തടയണം.

27. റബ്ബർകൃഷിക്ക് നൽകുന്നതുപോലുള്ള

സാമ്പത്തിക സഹായം നെൽകൃഷിക്കും നൽകണം.

28. രോഗം മൂലം നശിക്കുന്ന കാർഷികവിളകൾക്ക് ന്യായമായ നഷ്ടപരിഹാരം നൽകണം.

29. കാർഷിക വികസന സമിതികൾ വാർഡുതലത്തിൽ രൂപീകരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കണം.

30. പഴവർഗ്ഗ കൃഷി. പച്ചക്കറി, ഔഷധ സസ്യങ്ങൾ, ഉദ്യാന കൃഷി, കൂൺ കൃഷി എന്നീ കൃഷികൾ വ്യാപകമാക്കണം.

31. പുറമ്പോക്ക് ഭൂമിയിൽ ഫല വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുവാനും സംവിധാനം ഉണ്ടാക്കണം.

32. പഞ്ചായത്തിലെ 80% ചെരിവ് പ്രദേശമായതിനാൽ സമഗ്ര നീർമറി വികസന പദ്ധതി ആസൂത്രണം ചെയ്യണം.

33. വാർഡ് തലത്തിൽ വിത്തുകൾ, തൈകൾ ഉണ്ടാക്കുന്നതിനുള്ള നേഴ്സറികൾ സംഘാടിസ്ഥാനത്തിൽ ആരംഭിക്കുക.

34. വിള ഇൻഷൂറൻസ് വ്യാപകമാക്കണം.

35. മണ്ണ് പരിശോധന സംവിധാനം കാര്യക്ഷമമാക്കണം.

36. അടുക്കള പച്ചക്കറിത്തോട്ടം വ്യാപക മാക്കണം.

37. കുട്ടികളിൽ കാർഷികാഭിമുഖ്യം വളർത്തുവാനുതകുന്ന കാര്യങ്ങൾ സ്കൂൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തണം.

38. കൃഷിക്ക് അനുയോജ്യമായ സ്ഥലം തരിശിടുന്നത് ഒഴിവാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

39. ആകെയുള്ള സ്ഥലത്തിന്റെ വിവരങ്ങൾ കൃഷികാര്യങ്ങൾ ലഭിക്കുന്ന ആനുകൂല്യങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തിയ കാർഷിക കാർഡ് ഓരോ കുടുംബത്തിനും നിർബന്ധമാക്കണം.

40. ഓരോ കാർഷിക കുടുംബത്തിന്റെയും അടിസ്ഥാന വിവരങ്ങൾ കൃഷിഭവനിൽ ലഭ്യമാക്കണം.

41. 'കേരള കർഷകൻ' കൃഷി വകുപ്പ് പ്രസിദ്ധീകരണങ്ങൾ മുഴുവൻ കർഷകരിലും എത്തിക്കണം.

42. കാർഷിക രംഗത്ത് വിദഗ്ധ പരിശീലനം കർഷകർക്ക് നൽകണം.

43. നിലവിലുള്ള പാടശേഖര സമിതികൾ ഒന്നും തന്നെ തനതായി പ്രവർത്തിക്കുന്നില്ല. അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം.

44. ഉൽപാദനക്ഷമത കുറഞ്ഞ വിളകളുടെ പുനരുദ്ധാരണത്തിന് സാമ്പത്തിക സഹായം അനുവദിക്കണം.

45. ഇടവിള കൃഷി പ്രോത്സാഹിപ്പിക്കണം.

46. പച്ചക്കറി വിത്ത് പാക്കറ്റുകൾ പഞ്ചായത്തുവഴി എല്ലാ വീട്ടിലും എത്തിക്കണം.

47. സമഗ്ര കാർഷിക വികസന പദ്ധതി നടപ്പാക്കണം.

48. ജനകീയ കൃഷി സംരക്ഷണ സമിതി കളുടെ പ്രവർത്തനം വിലയിരുത്തുവാൻ കാർഷിക വികസന സമിതിക്ക് പരമാധികാരം നൽകണം.

49. പുഴയോരങ്ങളിൽ പച്ചകൃഷി നടത്തുവാൻ പഞ്ചായത്ത് മുൻകൈയ്യെടുക്കണം.

50. ഊർജ്ജസ്വലരായ യുവാക്കളെ ഉൾപ്പെടുത്തി സ്പ്രെയിംഗ് സ്ക്വാഡുകൾ രൂപീകരിച്ച് സസ്യസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക വഴി കൃഷി ചിലവ് കുറയ്ക്കുവാനും സസ്യസംരക്ഷണം ഫലപ്രദമായി നടത്തുവാനും സാധിക്കും.

51. കൈവശഭൂമി കുറഞ്ഞവർക്ക് വേണ്ടി പുഷ്പകൃഷി, കൂൺ കൃഷി വ്യാപക മാക്കാവുന്നതാണ്.

52. കാറ്റുവീഴ്ചപോലുള്ള പ്രതിവിധിയില്ലാത്ത രോഗങ്ങൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നശിപ്പിക്കുവാനും കർഷകന് ന്യായമായ നഷ്ടപരിഹാരം ലഭ്യമാക്കുവാനും പദ്ധതി ഉണ്ടാവേണ്ടതുണ്ട്.

53. ചരിവ് പ്രദേശങ്ങളിൽ രാമച്ചം, കൈതച്ചക്ക തുടങ്ങിയ കൃഷികൾ പ്രോത്സാഹിപ്പിച്ച് മണ്ണൊലിപ്പ് തടയണം.

54. രാസ വളങ്ങളുടെയും കീടനാശിനികളുടെയും സബ്സീഡി ഉൾപ്പെടെ കാർഷിക ആനുകൂല്യങ്ങൾ യഥാർത്ഥകർഷകന് ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തണം.

55. യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുവാനും കൃഷിച്ചിലവ് കുറയ്ക്കുവാനും എല്ലാ പാടശേഖരങ്ങൾക്കും പവർ ടില്ലറുകൾ ലഭ്യമാക്കണം.

56. ശാസ്ത്രീയ കൃഷിരീതികൾ ഉപയോഗിച്ച് ജൈവാംശവും ജലസംഭരണ ശേഷിയും വർദ്ധിപ്പിച്ച് ചെങ്കൽമണ്ണ് കൃഷി യോഗ്യമാക്കണം.

57. ഔഷധ സസ്യകൃഷി ഇടവിളയായി വ്യാപകമാക്കണം.

58. ജൈവവേലി പ്രോത്സാഹിപ്പിക്കുക.

59. നെൽകൃഷിക്ക് ഉൽപാദന ബോണസ് വർദ്ധിപ്പിക്കുക.


60. പുരയിട കൃഷി ആദായകരമാക്കുന്നതിന് മാർഗ്ഗം കണ്ടെത്തണം.

61. രണ്ട് വാർഡുകൾക്ക് ഒരു കൃഷി അസിസ്റ്റന്റ് വീതം ഉണ്ടാവണം. ഓഫീസ് ജോലികൾക്ക് ക്ലാർക്കിനെ നിയമിക്കണം.

62. പോഷണ ദാരിദ്ര്യം അനുഭവപ്പെടുന്ന ഒരു ഭക്ഷണ രീതി നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടേത്. അതായത് മുഖ്യ ഭക്ഷണം അരി ആശ്രയിച്ച് മാത്രമാണ്. ഈ രീതി മാറ്റിയെടുക്കാൻ ഭക്ഷ്യ വൈവിദ്യം കൈവരിക്കാനുതകുന്ന വീട്ടുവളപ്പിലെ മുട്ടക്കോഴി, ഇറച്ചിക്കോഴി, മുയൽ വളർത്തൽ, കറവപ്പശു, കിഴങ്ങുവർഗ്ഗങ്ങൾ, പഴ വർഗ്ഗങ്ങൾ, പച്ചക്കറി ഇവയ്ക്ക് മുഖ്യസ്ഥാനം വരുന്ന രീതിയിൽ പുരയിട കൃഷിയെ മാറ്റിയെടുക്കേണ്ടാണ്.

63. കണികാ ജലസേചനത്തിന്റെ സാധ്യത ആരായേണ്ടതാണ്.

മൃഗസംരക്ഷണം



മൃഗസംരക്ഷണം

ജനസംഖ്യയുടെ ഭൂരിഭാഗംവും ജീവിതോപാധിയായി കാർഷിക, മൃഗസംരക്ഷണ മേഖലകളെ ആശ്രയിക്കുന്ന നമ്മുടെ പഞ്ചായത്തിന്റെ സമ്പത്ത് ഘടനയിൽ ഒരു അവിഭാജ്യഘടകമാണ് മൃഗസംരക്ഷണം, മനുഷ്യന്റെ വള ച്ചക്ക് ആവശ്യമായ മാംസ്യപ്രധാന ഭക്ഷണങ്ങളായ പാൽ, മുട്ട, മാംസ്യം, എന്നിവയുടെ ഉൽപാദനം മൃഗസംരക്ഷണ മേഖലയിലൂടെയാണ് നടക്കുന്നത് ഇതിന് പുറമെ വ്യവസായിക ആവശ്യങ്ങൾക്കുള്ള തുകൽ, രോമം, കൊഴുപ്പ്, ജലാറ്റിൻ എന്നിവയുടെ ഔഷധ വ്യവസായത്തിനുള്ള ഹോർമോണുകൾ, ഹൈപ്പവർ ഇമ്മ്യൂൺസിറം തുടങ്ങിയവയുടെ ഉൽപാദനവും ഈ മോഖലനിർവ്വഹിക്കുന്നു. കാർഷിക മേഖലക്ക് ആവശ്യമായ ജൈവവളവും മൃഗശക്തിയും ഈ മേഖലയുടെ എടുത്തുപറയേണ്ട സംഭാവനയാണ്. കുറഞ്ഞ മുതൽ മുടക്കിൽ കൂടുതൽ ആളുകൾക്ക് തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്ന രംഗം എന്ന നിലയിൽ മൃഗസംരക്ഷണമേഖല കൂടുതൽ പ്രാധാന്യം അർഹിക്കുന്നു. ഇതിനുപുറമെ സ്ത്രീ പങ്കാളിത്തം കൂടുതൽ അവകാശപ്പെടാവുന്ന ഒരു മേഖല കൂടിയാണിത്.

അല്പം ചരിത്രം

കുന്നും ചരിവുകളും പീഠഭൂമിയും കരിപ്രദേശങ്ങളും നെൽപാടങ്ങളും പുഴയോരങ്ങളും നിറഞ്ഞുനിൽക്കുന്ന നമ്മുടെ പഞ്ചായത്ത് മൃഗസംരക്ഷണത്തിൽ വിശാലസാധ്യതകളുള്ള ഒരുമേഖലയായിരുന്നു. പശു, എരുമ, ആട്, പോത്ത്, പട്ടി, പൂച്ച, മുയൽ എന്നീ മൃഗങ്ങളെയാണ് പ്രധാനമായും വളർത്തിയിരുന്നത്. അതോടൊപ്പംപ്രധാനകൃഷിയുടെ അനുബന്ധമെന്നോണം കോഴി, താറാവ്, എന്നിവയേയും വളർത്തിവന്നു.

ആദ്യകാലങ്ങളിൽ വിശാലമായ പുൽമേടുകളേയും കാടുകളേയും ഉപയോഗപ്പെടുത്തി കേന്ദ്രീകൃതമായ രീതിയിലായിരുന്നു. കന്നുകാലിവളർത്തൽ നടന്നിരുന്നത് ഭൂമിയുടെ തുണ്ടവൽകരണത്തേയും കാർഷിക മേഖലയുടെ വ്യാപനത്തെയും തുടർന്ന് കന്നുകാലികളെ സ്വതന്ത്രമായി മേയാൻ വിടുന്ന സമ്പ്രദായം കുറഞ്ഞു വന്നു. കാർഷികവിളകൾ നശിപ്പിക്കുന്ന കന്നുകാലികളെ താൽക്കാലിക തടവിലാക്കുന്നതിന് വളക്കൈ, പരിപ്പായി ചുഴലിഎന്നിവിടങ്ങളിൽ സർക്കാർ ആലകൾ പ്രവർത്തിച്ചിരുന്നു. തടവിലാക്കപ്പെട്ട കന്നുകാലികൾക്ക് ഭക്ഷണം നൽകുന്നതിനും ഉടമസ്ഥിരിൽ നിന്ന് പിഴ ഈടാക്കുന്നതിനും പ്രത്യേക ചുമതലക്കാർ ഉണ്ടായിരുന്നു.

ഔഷധഗുണവും കൊഴുപ്പും ഉള്ള പാൽ ഉൽപാദിപ്പിക്കുന്നതിന് ആടുവളർത്തൽ പഞ്ചായത്തിൽ വ്യാപകമായി ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഇത് പ്രധാനമായും മാംസത്തിന് വേണ്ടി ആയിത്തീർന്നിരിക്കുന്നു. ഒരുകാലത്ത് പഞ്ചായത്തിൽ ഉണ്ടായിരുന്ന എരുമ വളർത്തൽ, തീറ്റയുടെ ദൗർലഭ്യവും വെള്ളക്കെട്ടുകളുള്ള പ്രദേശങ്ങളുടെ കുറവും കാരണം ഇപ്പോൾ ഇല്ലാതായികൊണ്ടിരിക്കുന്നു. കുറഞ്ഞതോതിലെങ്കിലും കുടിയേറ്റ പ്രദേശങ്ങളിൽ പന്നിവളർത്തലും നടക്കുന്നുണ്ട്.

സംഘടിതമായ കോഴിവളർത്തൽ നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നു. എന്നാൽ നല്ലരീതിയിൽ പ്രവർത്തനം ആരംഭിച്ച വളക്കൈയ്യിലുള്ള കോഴിവളർത്തൽ കേന്ദ്രം ഇപ്പോൾ പൂർണ്ണമായും നശിച്ചുപോയിരിക്കുന്നു. അടുത്തകാലത്തായിസ്വകാര്യ ഇറച്ചികോഴിവളർത്തൽ കേന്ദ്രങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

പാലുൽപാദന മേഖല

ആസൂത്രിതമായ നീക്കങ്ങളിലൂടെ കഴിഞ്ഞ മൂന്ന് ദശകങ്ങളിൽ സംസ്ഥാനത്തിലെ പാലുൽപാദനം ഏതാണ്ട് പത്തിരട്ടിയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നാൽ ഈ രംഗത്ത് നമ്മുടെ പഞ്ചായത്തിന് വേണ്ടത്ര നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഉയർന്ന ഉൽപാദനശേഷിയുള്ള പശുക്കൾ 40% ത്തിൽ താഴെ മാത്രമാണ്, ഇവയുടെ തന്നെ ഉൽപാദ ക്ഷമത പരമാവധി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ചെങ്ങളായി മൃഗാശുപത്രിയിലെ കൃത്രിമ ബീജങ്ങസങ്കലന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിലുള്ള വിമുഖതയും ശാസ്ത്രീയ പിരിപാലനരീതികളുടെ അഭാവവും, കാലിത്തീറ്റയുടെ ഉയർനന വിലയും, തീറ്റപുല്ലിന്റെ ദൗർലഭ്യവും ഇതിന് കാരണ മാകുന്നു.

പാൽവിപണനത്തിന്റെ കാര്യത്തിൽ കർഷകർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 5 ക്ഷീരോൽപാദക സംഘങ്ങൾക്കും കൂടി മൊത്തം പാലുൽപാദനത്തിന്റെ 10% പോലും സംഭരിക്കാൻ കഴിയുന്നില്ല വീടുകളുലെ ആഭ്യന്തര ഉപഭോഗം കൂടി കണക്കിലെടുക്കുമ്പോൾ പഞ്ചായത്തിൽ പ്രതിദിനം 400 ലിറ്റർ പാൽ ഉൽപാദിപ്പിക്കപ്പെടുന്നു. അതായത് പ്രതിവർഷം ഒന്നരക്കോടി രൂപയോളം വിലവരുന്ന പാൽ !

അത്യുൽപാദനശേഷിയുള്ള സങ്കരയിനം കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുകയും ശാസ്ത്രീയ പരിപാലന രീതികൾ അവലംബിക്കുകയും ചെയ്യുന്നതിലൂടെ പഞ്ചായത്തിലെ പാലുൽപാദനം വർദ്ധിപ്പിക്കാൻ കഴിയും.

ചെങ്ങളായി മൃഗാശുപത്രിയിലെ ബീജസങ്കലന വിവരങ്ങൾ:-

വർഷം	കൃത്രിമ ബീജസങ്കലനം നടത്തിയ പശുക്കളുടെ എണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയ എരുമകളുടെ എണ്ണം
1993 - 94	251	10
1994 - 95	250	7
1995 - 96	348	2

ചെങ്ങളായി പഞ്ചായത്തിൽ മാംസാവശ്യത്തിനായി ഉപയോഗിക്കപ്പെടുന്ന മൃഗങ്ങളുടെ എണ്ണവും, മൂല്യവും

മൃഗം	എണ്ണം	വൽക്കപ്പെടുന്ന മാംസം	ആകെ മൂല്യം (Rs.)
കാളകൾ/പശുക്കൾ	800	80,000 Kg	24,00, 000
പോത്തുകൾ	400	40,000 Kg	12,00,000
ആടുകൾ	1000	12,000 Kg	10,80,000
ആകെ	**2200**	**1,32,000 Kg.**	**Rs.46,80,000/-**

ഉൽപാദിപ്പിക്കപ്പെടുന്ന തുകലിന്റെ മൂല്യം

തുകൽ	എണ്ണം	മൂല്യം (ഒന്നിന്)	ആകെ
കാള/പശു/പോത്ത്	1200	600/-	7,20,000
ആട്	1000	120/-	1,20,000
ആകെ	**2200**		**1, 20, 000**

ഇതിനുപയോഗിക്കുന്ന മൃഗങ്ങളിൽ 90%വും ആകെ മൂല്യം (മാംസം + തുകൽ) = 55, 20,000. 2 പഞ്ചായത്തിന് പുറത്ത് നിന്ന് - മിക്കപ്പോഴും സംസ്ഥാനത്തിന് പുറത്ത്നിന്ന് - കൊണ്ടുവന്നതാണ്. അതായത് മാംസോൽപാദനരംഗത്ത് മാത്രം പ്രതിവർഷം 55 ലക്ഷത്തിലധികം രൂപ പഞ്ചായത്തിന് പുറത്തേക്കൊഴുകുന്നു. പഞ്ചായത്തിന്റെ മാംസാവശ്യത്തിനുള്ള മൃഗങ്ങളുടെ കാര്യത്തിൽ സ്വയം പര്യാപ്തത നേടേണ്ടതിന്റെ പ്രാധാന്യമാണ് ഇത് സൂചിപ്പിക്കുന്നത്.

മുട്ടയുൽപാദനം

ഈരംഗത്ത് നമ്മുടെ പഞ്ചായത്ത് സ്വയംപര്യാപ്തതയിൽനിന്നും ഏറേദൂരേയാണ് പഞ്ചായത്തിൽ ആകെകൂടി 15000 ത്തോളം മുട്ടകൾ വിൽക്കപ്പെടുന്നതായി ഏകദേശക്കണക്കുകൾ സൂചിപ്പിക്കുന്നു. വിൽക്കപ്പെടുന്ന മുട്ടകളിൽ ഏതാണ്ട് മുഴുവനായും പഞ്ചായത്തിന് പുറത്ത്നിന്നും എത്തുന്നതാണ് ഇങ്ങിനെ 7 ലക്ഷത്തിലേറെ മുട്ടകളാണ് ഇവിടെ വിറ്റഴിയുന്നത്. ഇത്വഴി പ്രതിവർഷം 9 ലക്ഷം രൂപ പഞ്ചായത്തിന് പുറത്തേക്കൊഴുകുന്നു ഈപണം പഞ്ചായത്തിലുള്ള ജനങ്ങളുടെ കൈകളിൽ തന്നെ എത്തിക്കുന്നതിന്ന് ആഭ്യന്തര മുട്ടയുൽപാദനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആടുവളർത്തൽ

ഇടത്തരം കർഷകർക്ക് അനുയോജ്യമായ മേഖലയാണിത്. വീട്ടമ്മമാരുടേയും കുട്ടികളുടെയും അദ്ധ്വാനശേഷി ഈ രംഗത്ത് ഫലപ്രദമായി ഉപയോഗപ്പെടുത്തേണ്ടതാണ്. ആട്ടിൻ മാംസത്തിന് പഞ്ചായത്തിൽ ഉയർന്ന വിലയും വിപണിയും ഉണ്ട്. വർദ്ധിച്ചുവരുന്ന ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ ആടുവളർത്തൽ മേഖല വേണ്ടത്ര വ്യാപകമായിട്ടില്ല.

ഇറച്ചികോഴി വളർത്തൽ

വ്യാവസായിക അടിസ്ഥാനത്തിൽ അതി ദ്രുതം വളർന്ന് കൊണ്ടിരിക്കുന്ന ഒരു മേഖലയാണിത് ഇത്. ഇവിടെ വളർത്തപ്പെടുന്നകോഴികളിൽ പൂവൻകോഴികൾ ഏതാണ്ട് മുഴുവനായും, മുട്ടക്കോഴികൾ ഏതാണ്ട് 20% ത്തോളം ഇറച്ചി ആവശ്യത്തിനായി ഉപയോഗിക്കപ്പെടുന്നു. പഞ്ചായത്തിലിന്ന് ആറോളം ചെറുകിട ഇറച്ചിക്കോഴി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് ചുരുങ്ങിയ കാലയളവിനുള്ളിൽ നല്ലസാമ്പത്തികനേട്ടമുണ്ടാക്കാൻ കഴിയുന്ന ഈ സംരഭത്തെ ആസൂത്രിതമായി ഉപയോഗപ്പെടുത്തിയാൽ തൊഴിലില്ലായിമയ്ക്ക് ഒരു ചെറിയ അളവിലെങ്കിലും പരിഹാരമാകും

പന്നിവളർത്തൽ

പഞ്ചായത്തിൽ ചുരുക്കം ചില വ്യക്തികൾ മാത്രമാണ് പന്നിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നത് ഹോട്ടൽ / അടുക്കളെ മാലിന്യങ്ങളെ ഉപയോഗപ്പെടുത്തി ലാഭകരമായി നടത്തിക്കൊണ്ട് പോകാവുന്ന ഒരു തൊഴിലാണിത്

മൃഗസംരക്ഷണസ്ഥാപനങ്ങൾ

ചെങ്ങളായി മൃഗാശുപത്രിയാണ് മൃഗസംരക്ഷണരംഗത്ത് പ്രവർത്തിക്കുന്ന ഒരേയൊരു സ്ഥാപനം 1960 കളിൽ വെറ്റിനറി ഫസ്റ്റ്എയ്ഡ് സെന്ററായി പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനം 1991 മാർച്ചിൽ വെറ്റിനറി ഡിസ്പെൻസറിയായി ഉയർത്തപ്പെട്ടു. ഇവിടെ കൃത്രിമ ബീജസംഗലനത്തിനും രോഗങ്ങൾക്ക് ചികിത്സലഭിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഇവിടെയുണ്ട് കൂടാതെ കന്നുകാലികൾക്കുള്ള പ്രതിരോധകുത്തിവെപ്പ്, വന്ധ്യതാ നിവാരണം, മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കൽ എന്നിവയും മൃഗാശുപത്രി മുഖേന നടന്നു വരുന്നു. ആശുപത്രിയിലെ ജീവനക്കാർ

വെറ്റിനറി സർജൻ - 1
ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ - 1
അറ്റൻഡർ - 1
പാർട്ട്ടൈം സ്വീപർ - 1

മൃഗാശുപത്രി ഇന്ന് വാടകകെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നത്. ആശുപത്രിയിൽ റഫ്രിജറേറ്റർ, സ്റ്റെറിലൈസർ എന്നിവയുണ്ടെങ്കിലും മൈക്രോസ്കോപ്പ്, ലബോറട്ടറി, ഓപ്പറേഷൻ തിയറ്റർ, ഫോൺ സൗകര്യം എന്നിവയില്ല.

മൃഗാശുപത്രിയിൽ റിപ്പോർട്ട് ചെയ്ത രോഗവിവരങ്ങൾ

ക്രമനമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	കോഴി	പന്നി
1	ദഹന സംബന്ധമായവ	409	30	157	52	2
2	ശ്വാസകോശ സംബന്ധമായവ	31	-	14	105	-
3	ഉപാപചയ സംബന്ധയവ	27	-	-	-	-
4	ത്വക്ക് രോഗങ്ങൾ	60	2	6	-	-
5	ധാതുലവണങ്ങളുടെ അഭാവം	5	-	16	-	-
6	പരാദരോഗങ്ങൾ	578	10	66	34	-
7	പ്രത്യുൽപാദനവ്യവസ്ഥയുമായി ബന്ധപ്പെട്ടവ	129	2	21	-	-
8	വന്ധ്യത	19	-	-	-	-
9	അകിടുവീക്കം	64	4	10	-	-
10	മുടന്തൻ പനി	174	8	-	-	-

കാലിത്തീറ്റ ഉല്പാദനം

നല്ലയിനം കാലിത്തീറ്റക്ക് ഉയർന്നവില നൽകേണ്ടിവരുന്നു എന്നത് ക്ഷീരകർഷകർ നേരിടുന്ന എറ്റവും വലിയ പ്രശ്നമാണ് കർഷകന് ന്യായമായ നിരക്കിൽ കാലിത്തീറ്റ ലഭിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുണ്ട്. ഇതിനായി പഞ്ചായത്തിൽ ലഭ്യമായ ഘടകങ്ങൾ ഉപയോഗിച്ചുകൊണ്ട് സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിച്ചു സൊസൈറ്റികൾ മുഖേന വിപണനം നടത്താവുന്നതാണ്. പിണ്ണാക്ക്, കപ്പ, പുളിങ്കുരു, തവിട് തുടങ്ങിയവ കാലിത്തീറ്റ നിർമ്മാണത്തിനു പ്രയോജനപ്പെടുന്നതാണ്. തീറ്റപുൽകൃഷിവ്യാപിപ്പിക്കുന്നതിന്നു കൃഷിചെയ്യാതെ കിടക്കുന്ന പാടങ്ങളിലും തെങ്ങിൻ തോപ്പുകളിലും മറ്റും ഇടവിളയായി തീറ്റപ്പുൽ കൃഷി നടത്താവുന്നതാണ്.

തുകൽ സംസ്ക്കരണം

പഞ്ചായത്തിൽ മാംസോൽപാദനത്തിന്റെ ഒരു ഉപോല്പന്നമായി 8½ ലക്ഷത്തോളം രൂപയുടെ തുകൽ പ്രതിവർഷം ഉല്പാദിപ്പിക്കുന്നതായി കാണുകയുണ്ടായി ബ്ലോക്ക് തലത്തിലോ ജില്ലാതലത്തിലോ തുകൽ സംസ്ക്കരണത്തിനുള്ള സാദ്ധ്യതകൾ പരിശോധിക്കേണ്ടതാണ്.

ജൈവവളം

കാർഷികമേഖലയിൽ ജൈവവളത്തിന്റെ പ്രധാന്യം വർദ്ധിച്ചുകൊണ്ടിരിക്കയാണ് ഒരു സങ്കരയിനം പശുവിൽ നിന്നും പ്രതിവർഷം ഏകദേശം 3000/- രൂപയുടെ ജൈവവളം ഉൽപാദിപ്പിക്കാനുള്ള ചാണകം

ലഭിക്കും. ഇപ്രകാരം പഞ്ചായത്തിൽ കന്നുകാലികൾ മുഖേന ഉൽപാദിപ്പിക്കപ്പെടുന്ന ജൈവവളത്തിന്റെ വില ഏതാണ്ട് 1½ കോടി രൂപ യോളം വരും കാർഷി കാവശ്യങ്ങൾക്കായി കൂടുതൽ ജൈവവളം ലഭ്യമാക്കു ന്നതിന്നായി കന്നുകാലി വളർത്തലിനെ കൂടുതലായി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

ഊർജ്ജം

പഞ്ചായത്തിൽ 6 ഗോബർ ഗ്യാസ് പ്ലാന്റുകൾ പ്ര വർത്തുന്നു. പാചകാവശ്യത്തിന്നുള്ള ഇന്ധനം ഉൽപ്പാ ദിപ്പിക്കുന്നതിനായി ഗോബർ ഗ്യാസ് പ്ലാന്റുകളെ ആശ്രയിക്കാവുന്നതാണ്. ഗോബർ ഗ്യാസ് പ്ലാന്റുക ളുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ പ്ലാന്റു കൾ ആരംഭിക്കുന്നതിന്നും ശ്രമങ്ങളുണ്ടാകേണ്ടതാണ്.

പേവിഷനിർമ്മാർജനം

തെരുവുനായ്ക്കളുടെ ശല്യം പഞ്ചായത്തിൽ വള രെ രൂക്ഷമാണ്. മനുഷ്യരെ സംബന്ധിച്ചിടത്തോളം ഏറ്റവും മാരകമായ പേവിഷ ബാധ ഉണ്ടാവുന്നത് 90% വും നായ്ക്കൾ മൂലമാണ്. കഴിഞ്ഞവർഷം നൂറേ ാളം വളർത്തുനായകൾക്ക് മാത്രമാണ്, പേവിഷബാ ധയ്ക്കെതിരെ പ്രതിരോധ കുത്തിവെയ്പുകൾ നല്കപ്പെട്ടത്. പഞ്ചായത്തിൽ തെരുവുനായ്ക്കളുടെ നശീകരണം വേണ്ടപോലെ കാര്യക്ഷമമായി നടക്കുന്നില്ല. 2000ാം ആണ്ടോടെ പേവിഷ നിയന്ത്രിതമായ ഒരു ജനത എന്ന ലക്ഷ്യത്തോടെ പഞ്ചായത്ത് മുന്നോട്ടു നീങ്ങേണ്ടതാണ്, വളർത്തുനായ്ക്കളെ നിർബ്ബന്ധമായും പ്രതിരോധ കുത്തിവെപ്പിന് വിധേയമാക്കുകയും ലൈസൻസ് കർശനമാക്കുകയും വേണം. തെരുവുനായ്ക്കളെ പൂർണ്ണമായും നശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. പേ വിഷ ബോധവൽക്കരണം വ്യാപകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വന്ധ്യതാനിവാരണം :

കന്നുകാലികളിലെ വന്ധ്യത ഒരു പ്രധാന പ്രശ്നമാണ്. മിക്കപ്പോഴും വന്ധ്യതയ്ക്ക് കാരണമാകുന്നത് കന്നുകാലികളുടെ ഗർഭാശയത്തെ ബാധിക്കുന്ന പല വിധ രോഗങ്ങളാണ്. ഈ രോഗങ്ങളുടെ പ്രധാന ഉറവിടം മിക്കപ്പോഴും വംശവർദ്ധനവിനായി തികച്ചും അശാസ്ത്രീയമായ രീതിയിൽ വ്യപകമായുപയോഗിക്കപ്പെടുന്ന വിത്ത് കാളകളാണ്. പഞ്ചായത്തിൽ നല്ലയിനം ഉൽപാദന ശേഷിയുള്ള കന്നുകാലികൾ കുറഞ്ഞുകാണുന്നതിന്റെയും കാരണം ഇതുതന്നെ വംശവർദ്ധനവിനായി സ്വകാര്യവ്യക്തികൾ കാളകളെ സൂക്ഷിക്കുന്നത് നിയമം മൂലം നിരോധിക്കപ്പെട്ടിട്ടുണ്ടെങ്കിലും ചെങ്ങളായി പഞ്ചായത്തിൽ ഇന്നും ഇവ വ്യാപകമായി ഉപയോഗിക്കപ്പെട്ടുവരുന്നു. കന്നുകാലികളിലെ വന്ധ്യതാ പ്രശ്നം പരിഹരിക്കുന്നതിന്നായി ഈ പ്രവണത നിരുത്സാഹപ്പെടുത്തുകയും കൃത്രിമ ബീജ സങ്കലനത്തിനു കൂടുതൽ പ്രോത്സാഹനം നൽകുകയും ജനങ്ങളിൽ ഇതിനെ ക്കുറിച്ചു കൂടുതൽ അവബോധം സൃഷ്ടിക്കുകയും, ചെയ്യേണ്ടതാണ്. വന്ധ്യതാ നിവാരണത്തിനായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വന്ധ്യതാ നിവാരണ ക്യാമ്പുകൾ സംഘടിപ്പിക്കുകയും വേണം.

കന്നുകാലികളുടെ അകാലമരണം മൂലമുണ്ടാകുന്ന നഷ്ടങ്ങൾ

പലപ്പോഴും രോഗങ്ങൾ മൂലമോ മറ്റപകടങ്ങൾ മൂലമോ ഉണ്ടാകുന്ന കന്നുകാലികളുടെ ആകസ്മികമായ മരണങ്ങൾ മൂലമോ കർഷകനു അപ്രതീക്ഷിതമായ സാമ്പത്തികനഷ്ടം സഹിക്കേണ്ടിവരുന്നു ഒരു ശരാശരി കർഷകനെ സംബന്ധിച്ചിടത്തോളം ഈ നഷ്ടം താങ്ങാൻ കഴിയുന്നതിനുമപ്പുറമാണ്. ഇപ്രകാരമുള്ള ആകസ്മിക നഷ്ടങ്ങളിൽ നിന്നും കർഷകനു പരിരക്ഷണത്തിനായി സമഗ്ര കന്നുകാലി ഇൻഷുറൻസ് ഏർപ്പെടുത്തേണ്ടതാണ്.

മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് അംഗീകാരം

മൃഗസംരക്ഷണ മേഖലയിലെ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനു പ്രത്യേക പരിപാടികളൊന്നും നിലവിലില്ല ഓരോ വർഷവും പഞ്ചായത്തിലെ മികച്ച മൃഗസാരക്ഷണമേഖലയിലെ കർഷകരെ തിരഞ്ഞെടുത്ത് ആദരിക്കുന്നത് അവർക്ക് പ്രോത്സാഹന

മായിരിക്കും.

വിജ്ഞാന വ്യാപന സൗകര്യങ്ങൾ

മൃഗസംരക്ഷണ മേഖലയിലെ കോട്ടങ്ങളെക്കുറച്ചും ശാസ്ത്രീയ പരിപാലന രീതിതളെക്കുറിച്ചും ജനങ്ങൾക്കുള്ള അജ്ഞത ഈ മേഖലയുടെ വികസനത്തിന് തടസ്സമാകുന്നു. ഇത് തടയുന്നതിന്ന് ജനങ്ങളിൽ ശാസ്ത്രീയപരിപാലനരീതികളെ കുറച്ച് അവബോധം സൃഷ്ടിക്കുന്നതിനും ഈ രംഗത്തുള്ള പുതിയ പുതിയ നേട്ടങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനും വേണ്ട സംവിധാനങ്ങൾ ഉണ്ടാക്കുന്ന കാര്യം അടിയന്തര പരിഗണനയർഹിക്കുന്നു.

വളർത്തു മൃഗസംഖ്യ

വാർഡ്	കാള നാടൻ		കാള സങ്കരം		പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്
നമ്പർ	വംശ വർദ്ധനവ്	മറ്റുള്ളവ	വംശ വർദ്ധനവ്	മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	
I		20	1	24	64	71	84	66	2	1	1
II		16	1	17	32	22	92	77		2	2
III	1	26		11	89	72	51	39	2	1	
IV		32		25	94	101	59	50	2	2	2
V	1	18		22	65	69	81	74	1	2	1
VI		21	1	32	82	76	62	69	2	3	2
VII		24	1	30	89	81	74	59	3	2	3
VIII		16		29	65	68	84	88	3	3	1
IX	1	33		22	46	82	41	35	2	4	2
X		36		18	87	91	65	49	4	2	3
IX		23		26	71	66	82	77	4	2	3
ആകെ	3	265	4	256	784	799	775	683	25	24	20

വളർത്തു പക്ഷി സംഖ്യ

വാർഡ് നമ്പർ	പൂവൻ കോഴി	പിടക്കോഴി	
		മുട്ടയിടുന്നത്	മുട്ടയിടാത്തത്
I	276	641	731
II	304	684	763
III	293	791	861
IV	287	876	916
V	317	863	873
VI	394	793	891
VII	263	862	928
VIII	328	916	934
IX	406	891	864
X	384	903	1076
XI	378	871	927
	3830	7091	9764

ആകെ കോഴികൾ = 22185

38

പഞ്ചായത്തിലെ മൃഗസംരക്ഷണമേഖലയിലെ പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ ഉയർന്ന ഉല്പാദനശേഷിയുള്ള പശുക്കളുടെ എണ്ണം കുറവാണ് ശാസ്ത്രീയമായ പരിപാലന രീതിയുടെ അഭാവം മൂലം നല്ലയിനം പശുക്കളുടെ തന്നെ ഉല്പാദന ക്ഷമത വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല.

2. കാലിത്തീറ്റയുടെ ഉയർന്ന വിലയും തീറ്റപ്പുല്ലിന്റെ ദൗർഭ്യവും.

3. കൃത്രിമ ബീജസങ്കലന സൗകര്യങ്ങൾ വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തുന്നില്ല.

4. പാൽ വിപണനത്തിന്ന് സംഭരണ വിതരണ സംവിധാനം ഫലപ്രദമല്ല.

5. മാംസോല്പാദനരംഗത്ത് 55 ലക്ഷത്തിലേറെ രൂപ പ്രതിവർഷം പഞ്ചായത്തിൽ നിന്ന് നഷ്ടപ്പെടുന്നു. മാംസ വിപണന രംഗത്ത് സംഘടിതമായ സംവിധാനമില്ല.

6. മുട്ടയുല്പാദനരംഗത്ത് പ്രതിവർഷം 9 ലക്ഷം രൂപ പഞ്ചായത്തിന്ന് നഷ്ടപ്പെടുന്നു.

7. ഇറച്ചിക്കോഴി വളർത്തൽ രംഗത്ത് പഞ്ചായത്ത് കാര്യമായ പുരോഗതി കൈവരിച്ചിട്ടില്ല.

8. പന്നിവളർത്തൽ രംഗത്ത് സാദ്യതകൾ പ്രയോജനപ്പെടുത്താൻ പഞ്ചായത്തിന്ന് സാധിച്ചിട്ടില്ല. പന്നിക്കുഞ്ഞുങ്ങളു

ടെ ലഭ്യതക്കുറവ്. ഇതിന് കാരണമാകുന്നു.

9. പേവിഷനിർമ്മാർജന പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. തെരുവു നായ്ക്കളുടെ ശല്യം രൂക്ഷമാണ്.

10. ആശുപത്രികളിൽ മരുന്നുകളുടെ ദൗർലഭ്യം അനുഭവപ്പെടുന്നു. മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടമില്ല.

11. കന്നുകാലികളിലെ വന്ധ്യത.

12. മാംസാവശ്യത്തിനുള്ള കന്നുകാലികളെയും കോഴികളെയും വിപണനം നടത്തുന്നതിൽ ഇടത്തട്ടുകാരുടെ ചൂഷണം.

13. ചെങ്ങളായി പ്രദേശം ഒഴികെയുള്ള ഭാഗങ്ങളിൽ മൃഗാശുപത്രികളുടെ സേവനം വേണ്ട രൂപത്തിൽ ലഭ്യമല്ല.

സാധ്യതകൾ നിർദ്ദേശങ്ങൾ

1. ഉൽപാദന ക്ഷമതയുള്ള കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

2. തൊഴിൽരഹിതർക്കും, സ്ത്രീകൾക്കും ഒരു തൊഴിൽ എന്ന നിലയിൽ നല്ലയിനം കന്നുകാലി വളർത്തലിനെ പ്രോൽസാഹിപ്പിക്കുക. ആവശ്യമായവർക്ക് ധനസഹായം നൽകുക.

3. കൃത്രിമ ബീജസങ്കലന സൗകര്യങ്ങൾ കൂടുതൽ പ്രോൽസാഹിപ്പിക്കുക. 4, 5, 6 വാർഡുകാർക്ക് സൗകര്യപ്രദമായ ഒരു സ്ഥലത്ത് ഒരു ബീജസങ്കലന ഉപകേന്ദ്രം ആരംഭിക്കുക.

4. തീറ്റപ്പുൽ കൃഷി പ്രോൽസാഹിപ്പിക്കുക. പുൽവിത്ത് ആശുപത്രി മുഖേന സൗജന്യമായി നൽകുക.

5. ന്യായമായ വിലയിൽ കാലിത്തീറ്റ ലഭ്യമാക്കുന്നതിനായി സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

6. കൂടുതൽ ആപ്കോസ് സൊസൈറ്റികളും മിൽക്ക് കളക്ഷൻ സെൻററുകളും ആരംഭിക്കുക. പാൽവിതരണത്തിനു സംവിധാനം എർപ്പെടുത്തുക.

7. കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി കന്നുകുട്ടികൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുക.

8. പഞ്ചായത്തിലെ മാംസാവശ്യത്തിനായി കാളക്കുട്ടികളെ വളർത്തിയെടുക്കുന്നതിന് പദ്ധതി തയ്യാറാക്കുക. മൃഗാശുപത്രി വഴി സൗജന്യമായി വിരമരുന്നുകളും സബ്സിഡി നിരക്കിൽ കാലിത്തീറ്റയും വിതരണം ചെയ്യുക.

9. സ്ത്രീകൾക്ക് ഒരു ഉപതൊഴിൽ എന്ന നിലയിൽ മുട്ടക്കോഴി വളർത്തലിനെ പ്രോൽസാഹിപ്പിക്കുക. വനിതകൾക്കായി സഹകരണാടിസ്ഥാനത്തിൽ കോഴിമുട്ടയുൽപാദന യൂണിറ്റ് ആരംഭിക്കുക.

10. മുട്ടയുൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി 10കോഴികൾ വീതമുള്ള 500 ബാക്ക്യാർഡ് പോൾട്രി യൂണിറ്റ് (അടുക്കമുറ്റത്തെ കോഴി വളർത്തൽ) ആരംഭിക്കുക.

11. ഇടത്തരം കർഷകർക്കും സ്ത്രീകൾക്കും യോജിച്ച തൊഴിൽ എന്ന നിലയിൽ ആടുവളർത്തലിനെ പ്രോൽസാഹിപ്പിക്കുക.

12. തൊഴിൽരഹിതരായ വനിതകൾക്ക് സഹകരണാടിസ്ഥാനത്തിൽ ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക.

14. ഇറച്ചിക്കോഴി വളർത്തൽ രംഗത്തെ ഏകോപിപ്പിക്കുന്നതിനായി പഞ്ചായത്തുതലത്തിൽ സഹകരണ സംഘവും വിപണനത്തിനായി വിപണന കേന്ദ്രവും (സെയിൽസ് സെൻറർ) ആരംഭിക്കുക.

15. അനുകൂലമായ ചുറ്റുപാടുകളിൽ കന്നുവളർത്തലിനെ പ്രോൽസാഹിപ്പിക്കുക.

16. വർദ്ധിച്ചുവരുന്ന ജൈവവളത്തിൻറെ ആവശ്യകതയിലേക്കായി കന്നുകാലി വളർത്തലിനെ പ്രോൽസാഹിപ്പിക്കുക.

17. ഒരു ഊർജ്ജ സ്രോതസ്സെന്ന നിലയിൽ ഗോബർ ഗ്യാസ് പ്ലാൻറുകൾക്ക് കൂടുതൽ പ്രചാരം നല്കുക.

18. പേ വിഷ നിയന്ത്രണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വളർത്തുനായ്ക്കൾക്ക് കുത്തിവെപ്പ് നിർബന്ധമാക്കുകയും ലൈസൻസ് കർശനമാക്കുകയും ചെയ്യുക തെരുവുനായ്ക്കളെ നശിപ്പിക്കുക.

19. ആശുപത്രികളിൽ അത്യാവശ്യ മരുന്നുകളും, വിരമരുന്നുകളും ലഭ്യമാക്കുക. മൈക്രോ സ്കോപ്പ്, ടെലിഫോൺ, ലബോറട്ടറി, സൗകര്യങ്ങൾ തുടങ്ങിയവ ഏർപ്പെടുത്തുക.

മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക.

20. വന്ധ്യാതാ നിവാരണ / ഗോരക്ഷാ ക്യാമ്പുകൾ നടപ്പിലാക്കുക

21. ബ്ലോക്ക് തലത്തിലോ, ജില്ലാതലത്തിലോ തുകൽ സംസ്കരണത്തിനുള്ള സാദ്ധ്യതകൾ പരിശോധിക്കുക.

22. ബ്ലോക്ക് തലത്തിൽ ആധുനിക രീതിയിലുള്ള അറവുശാല ആരംഭിക്കുക.

23. വിജ്ഞാന വ്യാപന സൗകര്യങ്ങൾ വിപുലീകരിക്കുക.

24. മൃഗ സംരക്ഷണ മേഖലയിലെ മികച്ച കർഷകന് അംഗീകാരമേർപ്പെടുത്തുക.

25. സമഗ്ര കന്നുകാലി ഇൻഷുറൻസ് ഏർപ്പെടുത്തുക.

26. ചുഴലി ഗവർമെൻറ് ഹൈസ്കൂൾ പരിസരത്ത് ഒരു മൃഗാശുപത്രി സ്ഥാപിക്കുക.

27. 4, 5, 6, വാർഡുകളിൽ മൃഗാശുപത്രി ഉപകേന്ദ്രം സ്ഥാപിക്കുക.

28. മാംസോല്പാദക സഹകരണ സംഘം രൂപീകരിക്കുക. ഇതിന്റെ ആഭിമുഖ്യത്തിൽ ഒരു ശാസ്ത്രീയ മാംസ വിപണന കേന്ദ്രം ആരംഭിക്കുക.

29. മികച്ചയിനം മുയൽ, പന്നി, ഇറച്ചിക്കോഴി, മുട്ടക്കോഴി കുഞ്ഞുങ്ങളെ മൃഗാശുപത്രിവഴി മിതമായ നിരക്കിൽ വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുക.

മത്സ്യബന്ധനം



മത്സ്യബന്ധനം

പഞ്ചായത്തിന് തെക്ക് ഭാഗത്തുകൂടി ഒഴുകുന്ന വളപട്ടണം പുഴയുടെ 6കിലോമീറ്ററോളം ഭാഗവും ചുഴലി വളക്കൈ തോടിന്റെ 12 കിലോമീറ്ററോളം ഭാഗവും ആണ് പ്രധാന മത്സ്യബന്ധന മേഖലകൾ. ശുദ്ധജല മത്സ്യം വളർത്തൽ സംവിധാനങ്ങളൊന്നും ഈ പഞ്ചായത്തിലില്ല. പുഴയിൽ വേലിയേറ്റം അനുഭവപ്പെടുന്നതിനാൽ ഉപ്പുവെള്ളത്തിൽ വളരുന്ന മത്സ്യങ്ങളും ലഭ്യമാണ്. പഞ്ചായത്തിൽ മത്സ്യവിപണന കേന്ദ്രങ്ങൾ ഇല്ല. കൊയ്യം, പെരിന്തിലേരി, വളക്കൈ, നിടുവാലൂർ, ചെങ്ങളായി, ചുഴലി, ചാലിൽ വയൽ എന്നിവിടങ്ങളിൽ താൽക്കാലിക മത്സ്യവിപണന സംവിധാനങ്ങൾ ഉണ്ട്. പുരുഷന്മാർ മാത്രമാണ് മത്സ്യവിപണനത്തിൽ ഏർപ്പെടുന്നത്. മത്സ്യസംസ്കരണ കേന്ദ്രങ്ങളൊന്നുംതന്നെ പ്രവർത്തിക്കുന്നില്ല. മത്സ്യവിലയിലുണ്ടാകുന്ന വിലവർദ്ധനവ് ഉപഭോഗത്തിൽ കുറവ് വരുത്താൻ ഇടയാക്കിയിട്ടുണ്ട്.

പഞ്ചായത്തിലെ മത്സ്യബന്ധന സാധ്യത പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ചെറിയ തോതിൽ മത്സ്യബന്ധനം നടത്തുന്നതു തന്നെ അശാസ്ത്രീയരീതിയിലാണ്. തോടുകളിൽ നഞ്ചുകലർത്തിയും, പുഴയിൽ തോട്ട പൊട്ടിച്ചും മത്സ്യം പിടിക്കുന്ന അപകടകരമായ പ്രവണതകൾ വ്യാപകമാണ്. പരമ്പരാഗത രീതിയിൽ ഏറ്കയറും, ചൂണ്ടയും ഉപയോഗിക്കുന്ന സംവിധാനവും ഉണ്ട്.

പുഴയോരങ്ങളിലുള്ള സ്ത്രീകളുടെ ഒരു പ്രധാന വരുമാനമാർഗ്ഗമായിരുന്നു കൂർക്ക വാരൽ എന്നാൽ വ്യാപകമായ മണൽ വാരൽ പോഷക സമൃദ്ധമായ ഈ മാംസ്യ ഭക്ഷണത്തിന്റെ ലഭ്യത കുറച്ചിട്ടുണ്ട്.

പരിസ്ഥിതി സംഘടനകളുടെയും പുഴയോരവാസികളുടെയും ശക്തമായ എതിർപ്പിനെ തുടർന്ന് തോട്ട പൊട്ടിക്കുന്നതിനെതിരെ അധികൃതർ കർശന നടപടി എടുത്തിരുന്നു, എന്നാൽ ഇപ്പോൾ ഈ പ്രശ്നം വീണ്ടും രൂക്ഷമായിരിക്കുകയാണ്. മത്സ്യസമ്പത്തിനെയും മറ്റ് ജലജീവികളുടെ നിലനിൽപിനെയും തോട്ടയിടൽ ദോഷകരമായി ബാധിക്കുന്നു. രണ്ട് വർഷം മുമ്പ് മത്സ്യരോഗം കാണപ്പെട്ടിരുന്നെങ്കിലും അടുത്ത കാലത്തായി രോഗബാധയൊന്നും ശ്രദ്ധയിൽ പെട്ടിട്ടില്ല. അയൽ സംസ്ഥാനങ്ങളിൽ നിന്നും എത്തുന്നവരുടെ പ്രത്യേക മത്സ്യബന്ധന രീതി നമ്മുടെ മത്സ്യസമ്പത്തിനെ ദോഷകരമായി ബാധിക്കുന്നു.

പ്രശ്നങ്ങൾ

1. മത്സ്യബന്ധന സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

2. ശുദ്ധ ജല മത്സ്യവളർത്തൽ സംവിധാനങ്ങൾ ഒന്നുംതന്നെ പഞ്ചായത്തിലില്ല.

3. തോട്ടയിടൽ മത്സ്യസമ്പത്തിനെ നശിപ്പിക്കുന്നു. അതോടൊപ്പം മണൽ വാരൽ മത്സ്യങ്ങളുടെ ഭക്ഷ്യദൗർലഭ്യത്തിന് കാരണമാകുന്നു. നീർനായയുടെ വംശനാശത്തിന് ഇടയാക്കുന്നു.

4. മണൽവാരൽ മൂലം കൂർക്കയിനങ്ങളുടെ ലഭ്യത കുറയുന്നു.

5. ശരിയായ രീതിയിലുള്ള മത്സ്യവിപണന കേന്ദ്രങ്ങൾ ഇല്ലാത്തത് ആരോഗ്യപ്രശ്നങ്ങൾക്കും, പരിസര മലിനീകരണത്തിനും കാരണമാകുന്നു.

6. അനുയോജ്യമായ മത്സ്യബന്ധന സംവിധാനങ്ങൾ ലഭ്യമല്ല.

7. പുഴയോരങ്ങളിലുള്ള മത്സ്യപ്രജനന കേന്ദ്രങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല.

സാധ്യതകൾ

1. വളപട്ടണം പുഴയിലെ മത്സ്യസമ്പത്ത് ശാസ്ത്രീയ മാർഗ്ഗങ്ങൾ ഉപയോഗിച്ച് ശേഖരിക്കാനുള്ള സംവിധാനമുണ്ടാക്കണം.

2. പഞ്ചായത്തിലെ വറ്റാത്ത പൊതുകുളങ്ങൾ, സ്വകാര്യകുളങ്ങൾ, ക്ഷേത്രകുളങ്ങൾ എന്നിവ മത്സ്യകൃഷിക്ക് പ്രയോജനപ്പെടുത്തണം.

3. പരമ്പരാഗത മത്സ്യബന്ധന രീതികൾ പ്രോൽസാഹിപ്പിക്കണം.

4. ഗുണമേൻമയേറിയ പുഴ മത്സ്യം ന്യായമായ വിലയ്ക്ക് ലഭ്യമാക്കാനുള്ള സംവിധാനമുണ്ടാക്കണം.


5. കൂർക്ക പ്രജനനത്തിനും വിളവെടുപ്പിനും പ്രത്യേക മേഖലകൾ കണ്ടെത്തി മണൽ വാരൽ നിയന്ത്രിക്കണം.

6. പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ മത്സ്യവിപണനകേന്ദ്രങ്ങൾ സ്ഥാപിക്കണം.

7. പുരയിട മത്സ്യകൃഷിയുടെ സാധ്യത പരിഗണിക്കണം.

❑❑❑

വ്യവസായം



സാമ്പത്തിക രംഗത്ത ഏറെ സ്വാധീനമുള്ള ഘടകമാണ് വ്യവസായം. രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി, ഭരണസ്ഥിരത, രാഷ്ട്രീയ കാലാവസ്ഥ, അസംസ്കൃത വസ്തുക്കളുടെയും വിദഗ്ധ തൊഴിലാളികളുടേയും ലഭ്യത, സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ വളർച്ച തുങ്ങിയ നിരവധി ഘടകങ്ങളാണ് ഈ രംഗത്തെ വികസനത്തെ സ്വാധീനിക്കുന്നത്. ചെങ്ങളായി പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിഭാഗം പേരും കാർഷിക വൃത്തികളിൽ ഉപജീവനം നയിക്കുന്നവരാണ്. വ്യാവസായിക രംഗവും ചർച്ചാ വിഷയമാക്കേണ്ടതാണ്. തുടർച്ചയായ സ്വത്ത് വിഭജനത്താലും, മറ്റ് കാരണങ്ങളാലും കൈവശഭൂമിയിലെ വരുമാനം ഉപജീവനത്തിന് തികയാത്ത കർഷകരും, ഗ്രാമീണ കുടിൽ വ്യവസായത്തിന്റെ തകർച്ചയാൽ തൊഴിൽ നഷ്ടപ്പെട്ട പരമ്പരാഗത തൊഴിലാളികളും വ്യവസായിക മേഖലയെ ഉറ്റു നോക്കുകയാണ്.

പഞ്ചായത്തിലെ തൊഴിൽ മേഖലയിൽ ആകെ 8084 പേർ ഉണ്ട്. ഇവരിൽ 435 ആണ് വ്യവസായിക രംഗത്തെ പങ്കാളിത്തം. സ്ത്രീകൾ 98 പേർ ഈ രംഗത്തുണ്ട്. (1991 സെൻസസ്).

ചെങ്ങളായിയുടെ വിവിധ മേഖലകളിൽ കൈത്തറി പുഷ്പിച്ചു നിന്നിരുന്ന ഒരു മുൻകാലം ഉണ്ടായിരുന്നു. എന്നാൽ കാലക്രമേണ ഈ രംഗം ശോഷിച്ചു. ഇന്ന് വളക്കൈലും, കൊയ്യത്തും രണ്ട് ഖാദി ഗ്രാമനൂൽനൂൽപ് യൂണിറ്റ് നിലവിൽ ഉണ്ട്. അവിടെ 50 ഓളം വനിതകൾ തൊഴിൽ ചെയ്യുന്നു, കൂടുതൽ സാധ്യത ഈ രംഗത്ത് ആരായേണ്ടതുണ്ട്.

വിവിധ ഭാഗങ്ങളിൽ സജീവമായി പായനെയ്ത്ത്, കുടിൽ വ്യവസായമായി നില നിന്നിരുന്നു. ഇന്ന് പ്രാദേശിക ആവശ്യങ്ങൾ നിർവ്വഹിക്കാൻ പോലും ഈ മേഖലയിൽ ഉൽപാദനം ഇല്ല. കൈതയുടെ ലഭ്യത ക്കുറവും പുതിയ തൊഴിൽ സംസ്കാരവും മത്സരശേഷിയുടെ കുറവും മൂലം ഈ രംഗം നാശത്തെ നേരിടുന്നു. പെരിന്തിലേരി, പാറക്കാടി, വളക്കൈ, അടിച്ചിക്കാമല, അരിമ്പ്ര, തട്ടുകരി, ചുഴലി പടിഞ്ഞാറെ മൂല തുടങ്ങിയ കോളനി പ്രദേശങ്ങളിലെ പട്ടിക ജാതി കുടുംബങ്ങളിൽ ഇന്നും ഈ തൊഴിൽ

മൺമറയാതെ അവശേഷിക്കുന്നുണ്ട്. ഇവർക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ടതാണ്. പുറമ്പോക്ക് ഭൂമിയിലും തോടരുകുകളിലും കൈത നട്ട് പിടിപ്പിച്ചാൽ അസംസ്കൃത സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താം.

ഓല വ്യവസായം

വളക്കൈ ഇന്ന് അറിയപ്പെടുന്നത് പ്രധാനമായും ഓല വ്യവസായവുമായി ബന്ധപ്പെട്ടാണ്. നിരവധി സ്ത്രീ പുരുഷൻമാർ ഇവിടെ തൊഴിൽ ചെയ്യുന്നുണ്ട്. കുടുതലും സ്ത്രീകളും കുട്ടികളുമാണ് ഓല മെടയലിൽ ഏർപ്പെട്ടിരിക്കുന്നത്. പുരുഷൻമാർ വിവിധ സ്ഥലങ്ങളിൽ നിന്ന് ഓല ശേഖരിക്കുകയും ഒരുക്കുകയും ചെയ്യുന്നു.

കല്ല് കൊത്ത് വ്യവസായം

ചെങ്ങളായി പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ കല്ല് കൊത്ത് പ്രധാന തൊഴിൽ മേഖലയാണ്, മൊയാലം തട്ടാണ് ഏറ്റവും വലിയ കല്ല് കൊത്ത് കേന്ദ്രം. സാധാരണ കല്ലിന് ഡിമാന്റ് കുറയുന്നത് ചില പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

ഫർണ്ണിച്ചർ മേഖല

ഫർണിച്ചർമേഖല ഇന്ന് ഏറെ പുരോഗതി പ്രാപിച്ചിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നിർമ്മാണ പ്രക്രിയയെ ലളിതമാക്കാൻ ഈ രംഗത്ത് സാധിച്ചിട്ടുണ്ട്. ഏഴോളം സ്ഥാപനങ്ങളിലായി മുപ്പതിന് (30) മേലെ തൊഴിലാളികൾ ഈ രംഗത്ത് പണിയെടുക്കുന്നുണ്ട്. മരാശാരി പണിയെടുക്കുന്ന പരമ്പരാഗത കുടുംബങ്ങൾക്ക് പുറമെ ജാതിമത വ്യത്യാസമില്ലാതെ ഈ രംഗത്തേക്ക് ആളുകൾ കടന്നു വരുന്നുണ്ട്. പഞ്ചായത്ത് അതിർത്തിക്ക് പുറത്തുള്ളവരാണ് കൂടുതലായും ഫർണ്ണിച്ചർ രംഗത്തുള്ളത്. മരത്തിന്റെ വിലവർദ്ധനവും ലഭ്യതക്കുറവുമാണ് ഈ രംഗത്ത് പ്രധാന പ്രശ്നം. കെട്ടിട നിർമ്മാണ രംഗത്തെ വിദഗ്ദ്ധ തൊളിലാളികൾ പഞ്ചായത്തിൽ സംഘടിതമാണ്. നാലു മരമില്ലുകൾ പ്രവർത്തിക്കുന്നുണ്ട്. 20 ഓളം പേർ ഇവിടെ

പഞ്ചായത്തിലെ വ്യാവസായിക രംഗത്തെ തൊഴിൽ പങ്കാളിത്തം വ്യക്ത മാക്കുന്ന പട്ടിക താഴെ ചേർക്കുന്നു.

ആകെ തൊഴിലാളികൾ	വ്യവസായ രംഗത്ത്	
8084	പുരുഷൻ	സ്ത്രീ
	427	98
ആകെ		525

തൊഴിൽ ചെയ്യുന്നു.

താരതമ്യേന കടുപ്പം കുറഞ്ഞതും തൊഴിലാളികൾക്ക് കൊത്തിയെടുക്കാൻ കഴിയുന്നതുമാണ് ഇവിടുത്തെ കല്ല്. കുളത്തൂർ, കണ്ണാടിപ്പാറ, ആലുവാച്ചേരി പ്രദേശങ്ങളിൽ ഈയടുത്തകാലത്തായി യന്ത്രം ഉപയോഗിച്ച് കല്ല്കൊത്ത് ആരംഭിച്ചിട്ടുണ്ട്. ഇതിന് ശേഷം

വ്യവസായ യൂണിറ്റുകൾ

	ഇനം	എണ്ണം	തൊഴിലാളികൾ	
			പുരുഷൻ	സ്ത്രീ
1	കൈത്തറി	2	00	50
2	മരമില്ലുകൾ	4	20	00
3	ഫർണിച്ചർ യൂണിറ്റ്	7	30	00
4	റൈസ് ഫ്ളവർമില്ലുകൾ	11	11	-
5	എഞ്ചിനിയറിംഗ് / മെറ്റൽ ഇന്റ്	5	6	
	സ്ട്രീസ്/മോട്ടോർവർക്ക് ഷോപ്പ് ടയർ റീട്രെയ്ഡിംഗ്	8	30	-
6	കുമ്മായച്ചൂള	1	2	2
7	ഇലക്ട്രോണിക്സ്	1	3	
8	മറ്റുള്ളവ	3	7	-

വനിതാ തൊഴിൽ സംരംഭങ്ങൾ

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ത്രീകൾ ഇന്ന് സ്വന്തം തയ്യൽ കടകൾ നടത്തുന്നുണ്ട്. ചെങ്ങളായിൽ ഒരു തൊഴിൽ പരിശീലന കേന്ദ്രവും ഉണ്ട്. 35 ഓളം വനിതകൾക്ക് കൈതൊഴിൽ പരിശീലനം നേടുന്നതിന് ഇവിടെ സൗകര്യം ഉണ്ട്. എങ്കിലും പ്രാദേശിക ഉപഭോക്താക്കളുടെ ആവശ്യങ്ങൾ തൃപ്തിപ്പെടുത്താൻ തക്കരീതിയിലുള്ള ഒരു സംഘടിത ശ്രമം ഈ രംഗത്തും ഉണ്ടായിട്ടില്ല. വനിതകൾക്ക് ഈ രംഗത്ത് വൻതോതിൽ തൊഴില വസരങ്ങൾക്ക് സാധ്യതയുണ്ട്.

കാർഷികാധിഷ്ഠിത വ്യവ സായ ങ്ങൾ

ഭക്ഷ്യ സാധനങ്ങളുടെ സംസ്ക്കരണത്തിലും വ്യവസായ വൽക്കരണത്തിലും നാം എറെ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. നാണ്യവിളകൾക്ക് പുറമെ ചക്ക, മാങ്ങ, വാഴക്കായ, കശുമാങ്ങ തുടങ്ങിയ വിവിധ പഴവർഗ്ഗങ്ങളെ വ്യാവസായികമായി ഉപയോഗിക്കുന്നില്ല. ഭക്ഷ്യ മേഖലയിൽ പ്രവർത്തിക്കുന്ന ധാന്യം പൊടിക്കുന്നതും കൊപ്രആട്ടുന്നതുമായ 11 ഓളം യൂണിറ്റുകൾ നിലവിൽ ഉണ്ട്.

എഞ്ചിനീയറിംഗ് & ഓട്ടോ മൊബൈൽ

എഞ്ചിനീയറിംഗ് ഇലക്ട്രോണിക്സ് മേഖലയിൽ പഞ്ചായത്തിന്റെ സ്ഥിതി ഒട്ടും ആശാവഹമല്ല. വെൽഡിംഗ്, ബാറ്ററിചാർജ്ജിംഗ്, ടയർ റീ ട്രെയ്ഡിംഗ്, സ്റ്റോൺ ക്രഷർ, ഓട്ടോമൊബൈൽ വർക്ക് ഷോപ്പ്, കുമ്മായച്ചൂള തുടങ്ങി വിവിധ സ്ഥാപനങ്ങളിലായി 50 ഓളം തൊഴിലാളികൾ ഉണ്ട്.

തേനീച്ച വ്യവസായം

ചെങ്ങളായി ഒരു കാലത്ത് കേരളത്തിലെ മധുരിക്കുന്ന പഞ്ചായത്തായിരുന്നു. തേനുൽപാദന രംഗത്ത് വൻ പുരോഗതി ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞിരുന്നു. തേനീച്ച വ്യവസായത്തിൽ ഉൽപാദന വിതരണ രംഗങ്ങളിൽ കാര്യക്ഷമമായി ഇടപെടുന്നതിനായി തേനീച്ച

വ്യവസായസഹകരണ സംഘവും പ്രവർത്തിച്ചിരുന്നു. എന്നാൽ വിവിധ കാരണങ്ങളാൽ ഈ സഹകരണ സംഘം പ്രവർത്തന ക്ഷമ മല്ലാതായി. അടുത്ത കാലത്തായി മാരക രോഗം പിടിപെട്ട് തേനീച്ചകൾ ഒന്നടങ്കം ചത്തൊടുങ്ങുകയും ഈ വ്യവസായം തകരുകയും ചെയ്തു.

ഔഷധ നിർമ്മാണം

ആയുർവ്വേദ ഔഷധ നിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന '4' സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഉണ്ട്. വൻകിട സ്ഥാപനങ്ങളോട് കിടപിടിപ്പിക്കതക്ക ഈ യൂണിറ്റുകൾക്ക് ഏറ്റെടു ക്കാൻ കഴിയുമെങ്കിലും വ്യാവസായിക അടിസ്ഥാനത്തിൽ വിതരണം ശൃഖല രൂപപ്പെടുത്താൻ മാത്രമായുള്ള മത്സര ശേഷി ഇവയ്ക്കില്ല.

26 ചെറുകിട വ്യവസായ യൂണിറ്റുകളാണ് പഞ്ചായത്തിൽ റജിസ്റ്റർ ചെയ്തിട്ടുള്ളത്. ചെറുകിട യൂണിറ്റുകൾ ആകട്ടെ ചുവടുറപ്പിക്കാൻ പാടുപെടുകയാണ്.

പ്രശ്നങ്ങൾ

1. മൂലധനം, വൈദ്യുതി, അനുയോജ്യമായ സ്ഥലം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം.

2. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം.

3. റബ്ബർ, തേങ്ങ, കശുവണ്ടി, അടയ്ക്ക തുടങ്ങിയ കാർഷിക ഉൽപന്നങ്ങൾ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ഇല്ല.

4. വ്യാവസായിക താൽപര്യമുള്ളവർക്ക് പരിശീലനത്തിനും ഉപദേശ നിർദ്ദേശങ്ങൾ ലഭിക്കാനും സൗകര്യം ഇല്ല.

5. ലൈസൻസ് ലഭിക്കാൻ പ്രശ്നങ്ങൾ അനുഭവപ്പെടുന്നു.

6. വ്യാവസായ രംഗത്ത് കൂട്ടായ സംരംഭങ്ങൾ ഇല്ല.

7. വൈദ്യുതി രംഗത്തെ വിവിധ പ്രശ്നങ്ങൾ.

8. വൻകിട കമ്പനികളുമായി മത്സരിക്കേണ്ടിവരുന്നതിനാൽ ചെറുകിട രംഗത്ത് ഉപഭോഗസാധനങ്ങൾ നിർമ്മിക്കാൻ ആളുകൾ കടുന്നു വരുന്നില്ല,

9. വായ്പാ സൗകര്യത്തിന്റെ അഭാവം

10. പരമ്പരാഗത തൊഴിലിനോട് വൈമുഖ്യം

11. സർക്കാർ മുതൽ മുടക്ക് ഈ രംഗത്ത് ഉണ്ടായിട്ടില്ല.

സാധ്യതകൾ

1. കാർഷിക ഉൽപന്നങ്ങൾ ഉപയോഗിച്ച് വൻകിടയോ ചെറുകിടയോ ആയ സ്ഥാപനങ്ങൾ

2. പഞ്ചായത്ത് കേന്ദ്രീകരിച്ച് വനിതാ ഗാർമെന്റ് യൂണിറ്റ്

3. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഓലമെടയൽ, പായമെടയൽ വ്യവസായ സഹകരണ സംഘങ്ങൾ

4. ഇറച്ചിക്കോഴി, മുട്ടക്കോഴി, പന്നിവളർത്തൽ യൂണിറ്റുകൾ

5. കോഴിത്തീറ്റ, കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ

6. നിലവിലുള്ള തൊഴിൽ സ്ഥിതിക്കും, പരിസ്ഥിതിക്കും കോട്ടം സംഭവിക്കാത്ത രീതിയിൽ യന്ത്രം ഉപയോഗിച്ച് കല്ല് കൊത്ത്.

7. വ്യവസായ സംരംഭകരെ കണ്ടെത്തി നിക്ഷേപത്തിനും മുതൽ മുടക്കിനും സന്മർദ്ദം ചെലുത്തുക.

8. പഞ്ചായത്തിലെ മുഴുവൻ തൊഴിൽ സേനയേയും ഉൾപ്പെടുത്തി ഒരു ലേബർ കൊൺട്രാക്ട് സൊസൈറ്റി.

9. തേനീച്ച വ്യവസായം പുനരു ദ്ധരിക്കുക.

10. വ്യവസായ വികസനവുമായി ബന്ധപ്പെട്ട് ബോധവൽക്കരണം

11. അനുയോജ്യമായ സ്ഥലങ്ങളിൽ ഇന്റസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.

12. തൊഴിൽ പരിശീലന സ്ഥാപ നങ്ങൾ

13. പുറംപോക്ക് സ്ഥലങ്ങളിൽ കൈത, മുള

നട്ട് പിടിപ്പിച്ച് കൂടിൽ വ്യവ സായത്തിന് പ്രോത്സാഹനം നൽകുക.

14. പഴസംസ്കരണ യൂണിറ്റ്

15. പാൽ സംസ്കരണ യൂണിറ്റ്

16. സിമെന്റ്, ബ്രിക്സ് നിർമ്മാണ യൂണിറ്റ്

17. കളിമണ്ണ് ഉപയോഗപ്പെടുത്തിയുള്ള വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.



വിദ്യാഭ്യാസം



വിദ്യാഭ്യാസം

ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലാണ് 'ചെങ്ങളായി' പഞ്ചായത്തിൽ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചത്. ഈ നൂറ്റാണ്ട് പിറക്കുന്നതിന് മുമ്പ് തന്നെ ഈ പ്രദേശങ്ങളിൽ വ്യാപകമായി കുടിപ്പള്ളിക്കൂടങ്ങൾ ഉണ്ടായിരുന്നു. പഞ്ചായത്തിലെ ആദ്യത്തെ ഔദ്യോഗിക വിദ്യാലയം ഇന്നത്തെ 'ചെങ്ങളായി എ.യു.പി. സ്കൂളാണ്. കെ.വി. അനന്ത വാര്യർ എന്നയാളുടെ നേതൃത്വത്തിൽ 1900- ൽ ആണ് ഇത് ആരംഭിച്ചത്. ഏതാണ്ട് ഇതേ കാലത്ത് തന്നെ "ആദി ദ്രാവിഡ സ്കൂൾ" എന്ന പേരിൽ ഹരിജനങ്ങൾക്ക് മാത്രമായി ഒരു വിദ്യാലയം ചെങ്ങളായി അരിമ്പറയിൽ പ്രവർത്തിച്ചിരുന്നുവെന്നത് പ്രത്യേകം ശ്രദ്ധ ആകർഷിക്കുന്നു. തുടർന്ന് ചുഴലി, കൊളത്തൂർ, പെരിന്തലേരി, തവറൂർ, കൊയ്യം, പാറക്കാടി തുടങ്ങിയ സ്ഥലങ്ങളിലും കുടിപ്പള്ളിക്കൂടങ്ങളിലൂടെ വികസിച്ചുവന്ന വിദ്യാലയങ്ങൾ പ്രവർത്തനമാരംഭിച്ചു. 1912-ലാണ് അന്നത്തെ താലൂക്ക് ബോർഡ് ചുഴലി പ്രദേശത്തെ ആദ്യത്തെ വിദ്യാലയത്തിന് (ഇന്നത്തെ ഗവ: ഹൈസ്കൂൾ) ഔദ്യോഗിക അംഗീകാരം നൽകിയത്. ഈ പ്രദേശത്തെ ചില ജന്മിമാരുടെ ആവശ്യപ്രകാരമാണ് 'ചിറക്കൽ തമ്പുരാൻ' ഈ വിദ്യാലയത്തിന് അനുമതി നൽകിയത്.

വിദ്യാഭ്യാസം നേടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള അജ്ഞത, സാമൂഹ്യ ഉച്ചനീചത്വം, ദാരിദ്ര്യം, ഗതാഗത സൗകര്യക്കുറവ് തുടങ്ങിയ കാരണങ്ങളാൽ അന്ന് വിദ്യാലയങ്ങളിൽ പഠിതാക്കളുടെ എണ്ണം വളരെ കുറവായിരുന്നു. ഭൂടമകളുടേയും, നാട്ടുപ്രമാണിമാരുടേയും, ഉയർന്ന ജാതിയിൽപ്പെട്ടവരുടെയും ഇടയിലുള്ളവർ മാത്രമായിരുന്നു അന്ന് വിദ്യാലയങ്ങളിൽ പഠനത്തിനെത്തിയിരുന്നത്.

വിദ്യാഭ്യാസ രംഗത്തെ സ്ഥിതി ഗതികൾ അവലോകനം ചെയ്യുമ്പോൾ പ്രീ-പ്രൈമറി, പൊതു വിദ്യാഭ്യാസം, അനൗപചാരിക വിദ്യാഭ്യാസം, വികസനോന്മുഖ തുടർ വിദ്യാഭ്യാസം എന്നിങ്ങനെ 5 മേഖലകളാക്കി വിശകലനം ചെയ്യാനാണ് ഇവിടെ തുനിയുന്നത്.

1. പ്രീ-പ്രൈമറി വിദ്യാഭ്യാസം

(i) സ്ഥിതി:-

പഞ്ചായത്തിൽ ഒരു ശിശു വിദ്യാലയവും പതിനേഴ് അങ്കണവാടികളും ഒരു സഹകാരി നഴ്സറി വിദ്യാലയവും ഉൾപ്പെടെ 19 പ്രീ-പ്രൈമറി സ്ഥാപനങ്ങളുണ്ട്. ഇവിടെ കുട്ടികൾ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനായി എത്തുന്നുണ്ട്. 1000 ജനസംഖ്യക്ക് ഒരു കേന്ദ്രമെന്ന നിലയിൽ 26660 ജനസംഖ്യയുള്ള ചെങ്ങളായി ഗ്രാമ-പഞ്ചായത്തിൽ 27 കേന്ദ്രങ്ങളെങ്കിലും ഉണ്ടാവേണ്ടതാണ്.

(ii) വിമർശനങ്ങൾ:-

(+) 1. കുട്ടികളെ ഔപചാരിക വിദ്യാഭ്യാസത്തിന് സന്നദ്ധരാക്കാനും തുടർന്നുള്ള സ്കൂൾ പഠനം സുഗമമാക്കാനും പ്രീ-പ്രൈമറി വിദ്യാഭ്യാസം സഹായിക്കുന്നു.

2. അണു കുടുംബങ്ങളിൽ താമസി ക്കുന്ന കുട്ടികൾക്ക് കളിക്കാനോ, കൂട്ടു കൂടാനോ ഉള്ള സൗകര്യം വീടുകളിലില്ല. ഒരു പരിധിവരെ ഈ വിടവ് നികത്താൻ പ്രീ-പ്രൈമറി സ്ഥാപനങ്ങൾ സഹായകരമാണ്.

3. സമൂഹ്യ ബോധവും, സ്ഥല ബോധവും ചെറുപ്പത്തിലേ കുട്ടികളി ലുണ്ടാക്കിയെടുക്കാൻ സഹായിക്കുന്നു.

4. പ്രീ-പ്രൈമറി പ്രായത്തിലെ 70% കുട്ടികളെ വിദ്യാലയങ്ങളിലെത്തിക്കാൻ സാധിച്ചു.

(-) 1. ശരിയായ പഠനത്തിന്റേയോ, ആവശ്യങ്ങളുടേയോ അടിസ്ഥാനത്തിലല്ല ഈ കേന്ദ്രങ്ങൾ ആരംഭിച്ചത്.

2. ജനസംഖ്യയ്ക്ക് ആനുപാതികമായി പ്രീ-പ്രൈമറി സ്ഥാപനങ്ങളില്ല.

3. സമീപത്ത് പ്രീ-പ്രൈമറി വിദ്യാലയങ്ങളില്ലാത്തതിനാൽ പഞ്ചായ ത്തിലെ ചില പ്രദേശങ്ങളിലെ കുട്ടികൾക്ക് പ്രീ-പ്രൈമറി വിദ്യാഭ്യാസം നേടാൻ കഴിയുന്നില്ല.

4. ശരിയായ പരിശീലനം ലഭിച്ച അദ്ധ്യാപകരില്ല.

5. നിലവിലുള്ള കേന്ദ്രങ്ങളിലെ ബോധന രീതി ശാസ്ത്രീയമല്ല.

6. കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ, കളിക്കോപ്പുകൾ,സ്ഥല സൗകര്യം, കുടിവെള്ളത്തിനുള്ള സൗകര്യം, മൂത്രപ്പുര, കക്കൂസ് തുടങ്ങിയവ ലഭ്യമല്ല.

7. ഇവയുടെ നടത്തിപ്പിൽ ജനകീയ പങ്കാളിത്തമോ, മേൽനോട്ടമോ വേണ്ടത്രയില്ല.

8. പ്രീ-പ്രൈമറി വിദ്യാലയത്തിന് അനുയോജ്യമായ സ്ഥലത്തല്ല മിക്ക സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്നത്.

(iii) നിർദ്ദേശങ്ങൾ:-

1. ശാസ്ത്രീയമായ സർവ്വേയുടെ അടിസ്ഥാനത്തിൽ പ്രീ-പ്രൈമറി വിദ്യാലയങ്ങളുടെ സ്ഥാനം പുനർനിർണ്ണയിക്കണം.

2. ആവശ്യമായ സ്ഥലങ്ങളിൽ പുതിയവ ആരംഭിക്കണം. പ്രൈമറി വിദ്യാലയങ്ങളോടനുബന്ധിച്ച് ഒരെണ്ണം വീതം തുടങ്ങുന്നത് അഭിലഷണീയമായിരിക്കും.

3. ജനകീയ സഹകരണത്തോടെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കെട്ടിടമില്ലാത്ത മുഴുവൻ അങ്കണവാടികൾക്കും സൗകര്യപ്രദമായ രീതിയിൽ കെട്ടിടങ്ങൾ നിർമ്മിക്കാം.

4. കുടിവെള്ളത്തിനും ലഘു ഭക്ഷണത്തിനുമുള്ള സൗകര്യം, കളിക്കാനുള്ള സ്ഥലം, കക്കൂസ്, മൂത്രപ്പുര, പഠന വിനോദ ഉപകരണങ്ങൾ ഇവ നിർബന്ധമായും ലഭ്യമാക്കണം.

5. ശരിയായ പരിശീലനം കിട്ടിയ, കുട്ടികളെ സ്നേഹിക്കുവാൻ കഴിയുന്ന ആളായിരിക്കണം അദ്ധ്യാപിക. അതിനാൽ നിലവിലുള്ള അദ്ധ്യാപികമാരെ പ്രീ-പ്രൈമറി അദ്ധ്യാപകർക്കുള്ള പരിശീലനത്തിനയച്ച് അവർക്ക് യോഗ്യത നേടാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കണം.

6. പ്രീ-പ്രൈമറി ടീച്ചർ ട്രെയ്നിംഗ് സ്കൂൾ ജില്ലയിൽ ആരംഭിക്കണം.

7. റിട്ടയർ ചെയ്ത അദ്ധ്യാപകരുടെയും, തൽപരരായ മറ്റ് സാമൂഹ്യ പ്രവർത്തകരുടെയും സേവനം ഉപയോഗപ്പെടുത്തണം.

8. വാർഡ് സമിതിയുടെ മേൽനോട്ടം ഉണ്ടായിരിക്കണം. പി.ടി.എ. മാതൃസംഘം എന്നിവ രൂപീകരിച്ച് പ്രവർത്തിക്കണം.

51

9. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ ലക്ഷ്യവും പ്രയോഗവും രക്ഷാകർത്താക്കളെ ബോധ്യപ്പെടുത്തണം. ഇതിനായി ഇടയ്ക്കിടെ ഇവർക്ക് ക്ലാസ്സുകൾ നൽകണം.

10. ഡോക്ടറും ആരോഗ്യ പ്രവർത്തകരും മാസത്തിലൊരിക്കൽ കുട്ടികളെ പരിശോധിച്ച് വേണ്ടത് ചെയ്യണം.

11. കൂടുതൽ പാട്ടുകളും, കളികളും, കഥകളും ശേഖരിക്കാനായി പഞ്ചായത്ത് തലത്തിൽ വർക്ക് ഷോപ്പുകൾ നടത്താവുന്നതാണ്.

2 പൊതു വിദ്യാഭ്യാസം

(i) പൊതുസ്ഥിതി:-

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വിദ്യാർത്ഥിക്ക് ലഭിക്കുന്ന വിദ്യാഭ്യാസം തൃപ്തികരമല്ലെന്നാണ് പൊതു അഭിപ്രായം. പഠിക്കുന്ന വിദ്യാർത്ഥിയും, പഠിപ്പിക്കുന്ന അദ്ധ്യാപകരും ഇന്നത്തെ വിദ്യാഭ്യാസത്തിൽ തൃപ്തരല്ല. ഇതിന്റെ കാരണങ്ങളെ കുറിച്ചും പരിഹാരമാർഗ്ഗങ്ങളെ കുറിച്ചും വിശദമായി ചിന്തിക്കുന്നതിന് മുമ്പായി നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ പൊതു സ്ഥിതി എന്താണെന്ന് നോക്കാം.

പഞ്ചായത്തിൽ ഒരു അനംഗീകൃത ഇംഗ്ലീഷ് മീഡിയം വിദ്യാലയം ഉൾപ്പെടെ 16 വിദ്യാലയങ്ങളുണ്ട്. 2 ഹൈസ്കൂൾ, 3 യു.പി. സ്കൂൾ, 11 എൽ.പി. സ്കൂളുകൾ ഇവയിൽ കൊളത്തൂർ എ.എൽ.പി.എസ്, തവറൂൽ എ.എൽ.പി.എസ്. എന്നിവ അഞ്ചാം തരം വരെയുള്ളതാണ്. ചുഴലി ജി.എച്ച്.എസ്. 1മുതൽ 10വരെയുള്ളതുമാണ്. ഹൈസ്കൂൾ രണ്ടും സർക്കാർ ഉടമസ്ഥതയിലാണ്. എന്നാൽ യു.പി.സ്കൂളുകളെല്ലാം സ്വകാര്യ മാനേജ്മെന്റിന്റെ കീഴിലാണ്. ഇവ കൂടാതെ ചുഴലിയിൽ ഒരു പാരലൽ കോളേജും പ്രവർത്തിക്കുന്നുണ്ട്. തേർളായി എ.എൽ.പി. എസ്. ഒരു ദ്വീപിലാണ് സ്ഥിതി ചെയ്യുന്നത്. യാത്രാ സൗകര്യത്തിന്റെ അഭാവം കാരണം ഇവിടെയുള്ള മിക്ക കുട്ടി കളും നാലാം ക്ലാസ് വിദ്യാ ഭ്യാസത്തോടെ പഠനം നിർത്തുകയാണ് ചെയ്യുന്നത്.

പട്ടിക 2 കാണുക

പെരളിയളം, തലക്കുളം, മാവിലാം പാറ, കണ്ണാടിപ്പാറ, തേർത്തല എന്നിവിടങ്ങളിലെ കുട്ടികൾക്ക് 1 കി.മി. പരിധിയിൽ എൽ.പി. വിദ്യാലയങ്ങളില്ല. ഈ പ്രദേശങ്ങളിലെയും പഞ്ചായത്തിന്റെ മറ്റ് ചില ഭാഗങ്ങളിലെയും കുട്ടികൾക്ക് യു.പി. വിദ്യാലയങ്ങളിലേക്ക് 4കി.മി. ഉം ഹൈസ്കൂൾ വിദ്യാലയങ്ങളിലേക്ക് 5 കി.മി. ഉം നടക്കേണ്ടിവരുന്നുണ്ട്.

2 വിമർശനങ്ങൾ:-

(+) 1. കിലോമീറ്ററുകൾ നടന്നിട്ടായാലും സ്കൂൾ വിദ്യാഭ്യാസം നേടാൻ പഞ്ചായത്തിലെ എല്ലാ ആളുകൾക്കും കഴിയുന്നുണ്ട്.

2. കുട്ടികളെ വിദ്യാലയങ്ങളിലെത്തിക്കാൻ മുഴുവൻ രക്ഷാകർത്താക്കളും ബാഹ്യ സമ്മർദ്ദങ്ങളില്ലാതെ തന്നെ ശ്രദ്ധിക്കുന്നുണ്ട്.

(-) 1. പഞ്ചായത്തിലെ ചിലഭാഗങ്ങളിലെ കുട്ടികൾക്ക് സ്കൂൾ വിദ്യാഭ്യാസം നേടാൻ വിജനമായ സ്ഥലങ്ങളിലൂടെ കിലോമീറ്ററുകൾ നടന്ന് പോകണം.

2. ഭൂരിഭാഗം സ്കൂളുകളും സ്വകാര്യ മേഖലയിലാണ്.

3. വിദ്യാഭ്യാസത്തെ സംബന്ധിച്ച് രക്ഷാകർത്താക്കളിൽനിന്നും പൊതുവെ സമൂഹത്തിലും തെറ്റായ ധാരണകളാണ് ഉള്ളത്. തെറ്റായ ഒരു പരീക്ഷാ സമ്പ്രദായത്തിന് കുട്ടികളെ ഒരുക്കലാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന് വന്നിരിക്കുന്നു.

4. കാണാപ്പാഠം പഠിക്കലാണ് മെച്ചപ്പെട്ട വിദ്യാഭ്യാസമെന്നും അതിനായി കുട്ടികളെ രൂപപ്പെടുത്തുന്ന സ്ഥാപനങ്ങളാണ് മെച്ചപ്പെട്ട സ്ഥാപനങ്ങളെന്നും രക്ഷിതാക്കൾ കരുതുന്നു.

5. സ്കൂളും, സമൂഹവും തമ്മിൽ ബന്ധമില്ല.

6. വിദ്യാഭ്യാസ ആസൂത്രണം കേന്ദ്രീകൃതമാണ്.

7. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിൽ തങ്ങൾക്കുള്ള പങ്കെന്താണെന്നതിനെ കുറിച്ച് രക്ഷാകർത്താക്കൾക്ക് ബോധമില്ല.

8. അദ്ധ്യാപക പരിശീലനത്തിന് ഗുണനിലവാരം ഇല്ല.

9. മത്സര പരീക്ഷയെ ലക്ഷ്യമാക്കിയുള്ള ബോധനം വിദ്യാഭ്യാസത്തെ ഒരു യാന്ത്രിക പ്രവൃത്തിയാക്കി. വിദ്യാഭ്യാസവും ജീവിതവുമായുള്ള ബന്ധം നഷ്ടപ്പെട്ടു.

നിർദ്ദേശങ്ങൾ

1. സർവ്വെ നടത്തി ആവശ്യമെങ്കിൽ പെരളിയളം, കണ്ണാടിപ്പാറ, മാവിലംപാറ തുടങ്ങിയ സ്ഥലങ്ങളിൽ സർക്കാർ ഉടമസ്ഥതയിൽ പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കണം.

2. തലക്കുളം, കൊളത്തൂർ, പന്നിയൂർ, മാവിലംപാറ, കണ്ണാടിപ്പാറ തുടങ്ങിയ സ്ഥലങ്ങളിലെ കുട്ടികൾക്ക് സൗകര്യപ്രദമായ സ്ഥലത്ത് 5മുതൽ 10 വരെ ക്ലാസ്സുകളുള്ള വിദ്യാലയം സ്ഥാപിക്കണം.

3. സ്വകാര്യ വിദ്യാലയങ്ങളും സാമൂഹ്യ സ്ഥാപനങ്ങളാണെന്ന ബോധം ജനങ്ങളിലുണ്ടാക്കുന്ന രീതിയിൽ മാനേജർമാരുടെ മനോഭാവത്തിൽ മാറ്റം വേണം.

4. സമൂഹത്തിന്റെ സർവ്വതോൻമുഖമായ വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പ്രതിബദ്ധമായ തലമുറയെ സൃഷ്ടിക്കലാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന ബോധവൽക്കരണം വ്യാപകമായി നടത്തണം.

5. വിദ്യാഭ്യാസ ലക്ഷ്യങ്ങളുമായി ബന്ധപ്പെടുത്തി മൂല്യ നിർണ്ണയ സമ്പ്രദായം പരിഷ്കരിക്കണം.

6. സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ദൃഢമാക്കണം.

7. സ്കൂളിനകത്തു നടക്കുന്ന പഠന ബോധന പ്രവർത്തനങ്ങളിൽ ഇടപെടാനും ഈ രംഗത്തുള്ള വൈകല്യം ചൂണ്ടിക്കാണിക്കാനും, തിരുത്തിക്കുറിക്കാനും പുറത്തുള്ളവർക്ക് അധികാരമുണ്ടെന്ന ബോധം ജനങ്ങളിലുണ്ടാക്കണം.

8. വിദ്യാലയാസൂത്രണം വികേന്ദ്രീകരിക്കുകയും ജനകീയ മോണിറ്ററിംഗ് നടത്തുകയും വേണം.

9. എല്ലാ വർഷവും മാർച്ച് മാസത്തിൽ സ്കൂൾ വികസന സമിതി അടുത്ത അധ്യയന വർഷത്തേക്കുള്ള പ്രവർത്തന പദ്ധതിയുടെ കലണ്ടറുണ്ടാക്കണം. കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യണം.

10. ആസൂത്രണം ചെയ്ത പരിപാടികൾ ഫലപ്രദമായും സമയബന്ധിതമായും നടപ്പിലാക്കുന്നുണ്ടോ എന്ന് ജനകീയ സമിതികൾ പരിശോധിക്കണം.

11. സ്കൂൾ സമിതി അംഗീകരിച്ച മാസാന്ത്യ റിപ്പോർട്ട് പഞ്ചായത്തിന് അയച്ച് കൊടുക്കണം.

12. വിദ്യാഭ്യാസത്തെ ജീവിതവുമായി ബന്ധിപ്പിക്കണം.

13. പ്രൈമറി വിദ്യാർത്ഥികൾക്ക് ഉൽപാദന പ്രവർത്തനങ്ങളെ പരിചയപ്പെടാനുള്ള അവസരം ഉണ്ടാക്കണം.

14. Secondary വിദ്യാഭ്യാസത്തെ പ്രാദേശിക ഉൽപാദന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തണം.

15. അദ്ധ്യാപക പരിശീലനം കാര്യക്ഷമമാക്കണം. വിദഗ്ധൻമാരെ മാത്രമെ അദ്ധ്യാപകരായി നിയമിക്കാൻ പാടുള്ളൂ.

16. ഹൈസ്കൂളിനോടനുബന്ധിച്ചുള്ള പ്രൈമറി വിഭാഗം വേർപ്പെടുത്തണം.

17. പ്രൈമറി വിദ്യാലയങ്ങളിൽ ഹെഡ് മാസ്റ്റർക്ക് അക്കാദമിക് കാര്യങ്ങളും, ഭരണപരമായ കാര്യങ്ങളും ശ്രദ്ധിക്കേണ്ടിവരുന്നുണ്ട്. അദ്ധ്യാപകർ ലീവെടുക്കുന്നത് മൂലം കുട്ടികളുടെ അധ്യയനത്തിന് തടസ്സം നേരിടുന്നുണ്ട്. ഈ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ ആനുപാതികമായി കൂടുതൽ അദ്ധ്യാപകരെ നിയമിക്കണം.

18. ചെങ്ങളായി മാപ്പിള എ.എൽ.പി. സ്കൂൾ, യു.പി. ആയും ചെങ്ങളായി എ.യു.പി. സ്കൂൾ, ഹൈസ്കൂളായും അപ് ഗ്രേഡ് ചെയ്യണം.

ഭൗതിക സാഹചര്യങ്ങൾ:-

സ്ഥല സൗകര്യം, കെട്ടിടങ്ങൾ, ഫർണിച്ചർ, പഠനോപകരണങ്ങൾ, പഠനാന്തരീക്ഷം, ലാബ്, ലൈബ്രറി, കളിസ്ഥലം, കിണർ, മൂത്രപ്പുര, കക്കൂസ്, വൈദ്യുതി ലഭ്യത എന്നിവയാണ്. ഭൗതിക സാഹ

ചര്യങ്ങൾ എന്ന വിഭാഗത്തിൽ വിലയിരുത്തിയിട്ടുള്ളത്.

(i) സ്ഥിതി:-

സ്ഥലസൗകര്യത്തിന്റെ കാര്യത്തിൽ മിനിമം സൗകര്യം പോലുമില്ലാത്ത വിദ്യാലയങ്ങളാണ് കൂടുതൽ. എറ്റവും ചെറിയ സ്ഥല സൗകര്യമുള്ള വിദ്യാലയത്തിന് 5സെന്റ് മാത്രമെ ഉള്ളു. ഈ വിദ്യാലയങ്ങൾക്ക് സ്വന്തമായി കളിസ്ഥലമോ, കുട്ടികളെ പുറത്ത് കൊണ്ടുപോയി പഠിപ്പിക്കാനുള്ള സൗകര്യമോ ഇല്ല. ചില വിദ്യാലയങ്ങൾക്ക് വേണ്ടത്ര മുറികളില്ല. Pre-K.E.R. എന്ന നിലയിൽ തുടരുന്ന വിദ്യാലയങ്ങളിൽ മുറികളുണ്ടെങ്കിലും അവ വളരെ ഇടുങ്ങിയതും കാറ്റും വെളിച്ചവും വേണ്ടത്ര കടക്കാത്തവയുമാണ്. ഓടിക്കളിച്ച് നടക്കേണ്ട കുട്ടികൾ അനങ്ങാനിടമില്ലാതെ വീർപ്പുമുട്ടി കഴിയേണ്ടുന്ന അവസ്ഥയാണ് ഭൂരിപക്ഷം സ്കൂളുകളിലും. ഫർണിച്ചറും, പഠനോപകരണങ്ങളും ഒരു വിദ്യാലയത്തിനും വേണ്ടത്രയില്ല. മിക്ക സ്കൂളുകളും പട്ടണത്തിന്റെ ബഹളത്തിൽ നിന്നും അകലെയാണെങ്കിലും ചുറ്റുമതിലും, വേണ്ടത്ര സ്ഥല സൗകര്യവും ഇല്ലാത്തതിനാൽ വിദ്യാലയങ്ങളുടെ പഠനാന്തരീക്ഷം തൃപ്തികരമല്ല. ലാബ്, ലൈബ്രറി ഇവയുള്ള വിദ്യാലയങ്ങൾപോലും അവ ഫലപ്രദമായി ഉപയോഗിക്കുന്നില്ല. നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ കായിക വിദ്യാഭ്യാസത്തിന് എത്രമാത്രം പ്രാധാന്യമുണ്ടെന്ന് മനസ്സിലാക്കാൻ വിദ്യാലയങ്ങളിലെ കളിസ്ഥലങ്ങളുടെ അവസ്ഥ നോക്കിയാൽ മതിയാകും. കുടിവെള്ളത്തിനുള്ള സൗകര്യം, മൂത്രപ്പുര, കക്കൂസ്, വൈദ്യുതി ലഭ്യത ഇവ ഭൂരിഭാഗം വിദ്യാലയങ്ങളിലും ആവശ്യത്തി നനുസരിച്ചില്ല.

പട്ടിക 3 (ഭൗതിക സാഹചര്യങ്ങൾ)-കാണുക

(ii) വിമർശനങ്ങൾ

(+) 1. സർക്കാർ ഉടമസ്ഥതയിലുള്ള വിദ്യാലയങ്ങൾ P.T.A. യുടെ സഹകരണത്തോടെ ക്ലാസ് മുറികളും, ഫർണിച്ചറും ഉണ്ടാക്കുന്നുണ്ട്.

2. P.T.A. ശക്തമായ സഹകാര്യ വിദ്യാലയങ്ങളിലും അവിടുത്തെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള ശ്രമം നടത്തുന്നുണ്ട്.

(-) 1. വിദ്യാലയത്തിൽ മിനിമം സൗകര്യം പോലുമില്ലെന്നത് കളിച്ചുവളരേണ്ട എൽ.പി., യു.പി, വിദ്യാർത്ഥികളെ പ്രതികൂലമായി ബാധിക്കും.

2. Pre-K.E.R. ൽ കുരുങ്ങി ശ്വാസം മുട്ടുന്ന ക്ലാസ് മുറിക്കകത്തുനിന്ന് പുറത്തുപോകാൻ പോലും ഇവിടെ നിവൃത്തിയില്ല.

3. മിക്ക ക്ലാസ്മുറികളും വേണ്ടത്ര ചുറ്റളവിലുള്ളതും കാറ്റും വെളിച്ചവും കടക്കുന്നവയുമല്ല.

4. ഓഫീസ്, സ്റ്റാഫ് റൂം എന്നിങ്ങനെ വ്യത്യസ്ത ഉദ്ദേശങ്ങൾ നിറവേറ്റുന്നതിന് സൗകര്യം കുറവാണ്.

5. ക്ലാസ്സുകൾക്ക് താൽകാലിക മായതെങ്കിലും വേർതിരിവ് ചില വിദ്യാലയങ്ങളിലില്ല.

6. ലാബ്, ലൈബ്രറി ഇവ ഉള്ള വിദ്യാലയങ്ങളിൽ പോലും അവ ഫലപ്രദമായ രീതിയിൽ ഉപയോഗിക്കാൻ സഹായിക്കുന്ന മുറികളോ ഫർണ്ണിച്ചറോ ഇല്ല.

7. ലൈബ്രറി-പുസ്തകങ്ങളുടെ വിതരണവും വായിക്കാനുള്ള പ്രേരണയുണ്ടാക്കലും വേണ്ടരീതിയിൽ നടക്കുന്നില്ല.

8. ഉപകരണങ്ങളുടേയും ആവശ്യവസ്തുക്കളുടേയും ലഭ്യതക്കുറവും ഉപയോഗിക്കാനുള്ള മനോഭാവമില്ലായ്മയും ന്യൂനതകളാണ്.

9. ചില വിദ്യാലയങ്ങളിൽ മൂത്രപ്പുരകളുണ്ടെങ്കിലും ആൺ കുട്ടികൾ, പെൺ കുട്ടികൾ, അദ്ധ്യാപകർ എന്നിങ്ങനെ വേർത്തിരിച്ചുള്ള സൗകര്യം കുറവാണ്.

10. പത്ത് വിദ്യാലയങ്ങൾക്ക് കക്കൂസില്ല.

11. വിദ്യാലയങ്ങൾക്ക് ആവശ്യമായ വലുപ്പത്തിലുള്ള കളിസ്ഥലമോ, സ്പോർട്സ് സുപകരണങ്ങളോ ഇല്ലാത്തത് കായിക വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുന്നു.

12. 11 വിദ്യാലയങ്ങളിൽ കിണറുകളുണ്ടെങ്കിലും കുടിവെള്ളം ലഭ്യമാക്കാനുള്ള സൗകര്യങ്ങൾ കുറവാണ്.

13. വിദ്യാലയങ്ങൾക്ക് ചുറ്റു മതിലില്ല.

14. പഠനോപകരണങ്ങൾ വേണ്ടത്ര ലഭ്യമല്ല.

15. 11 വിദ്യാലയങ്ങളിൽ വൈദ്യുതി ലഭ്യമല്ല.

16. വേണ്ടത്ര സുരക്ഷിതമല്ലാത്ത കെട്ടിടങ്ങൾക്കുപോലും കാലാകാലങ്ങളിൽ Fitness Certificate ലഭിക്കുന്നു.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങൾക്കും മിനിമം സ്ഥല സൗകര്യം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

2. Pre-K.E.R. പരിരക്ഷ നൽകപ്പെട്ട കെട്ടിടങ്ങൾ അടിയന്തിരമായി നിർദ്ദിഷ്ട അളവോടുകൂടി മാറ്റിപ്പണിയണം.

3. മുഴുവൻ വിദ്യാലയങ്ങളിലും കളിസ്ഥലം, മൂത്രപ്പുര, കക്കൂസ്, കുടിവെള്ള സൗകര്യം, വൈദ്യുതിലഭ്യത ഇവ ഉണ്ടെന്നുറപ്പു വരുത്തണം.

4. ലാബ്, ലൈബ്രറി ഇവ ലഭ്യമാക്കുകയും അവ ഫലപ്രദമായി ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യണം

5. ആവശ്യമായ പഠനോപകരണങ്ങൾ നിർബന്ധമായും ലഭ്യമാക്കണം.

കുട്ടികളുടെ പ്രവേശനവും മൊത്തം കുട്ടികളുടെ എണ്ണവും

സ്ഥിതി:-

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കപ്പെടുന്ന് കുട്ടികളുടെ എണ്ണം വർഷം തോറും ഗണ്യമായി കുറ ഞ്ഞു വരുന്നുണ്ട്. ജനന നിരക്കിലുള്ള കുറവ്, ജീവിത സൗകര്യങ്ങൾ നോക്കി ആൾക്കാരുടെ താമസമാറ്റം. ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളോട് ജനങ്ങൾക്കുള്ള ആഭിമുഖ്യം ഇവയാണ് ഇതിനുകാരണം. നാല് വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം 100ൽ കുറവാണ്.

പട്ടിക 4, 5 കാണുക

വിമർശനങ്ങൾ

(+) 1. വിദ്യാലയത്തിൽ കുട്ടികളുടെ എണ്ണം കുറയുന്നത് വ്യക്തിപരമായ ശ്രദ്ധ നൽകുന്നതിനും അതുവഴി പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും സഹായകമാണ്.

(-) 1. വിദ്യാലയങ്ങളിൽ പ്രവേശന നിരക്ക് കുറഞ്ഞത് അവയുടെ നിലനിൽപിനെ ബാധിക്കുന്നു. കുട്ടികളുടെ എണ്ണത്തിൽ വന്ന കുറല് വയസ്സ് പൂർത്തിയാകാത്ത കുട്ടികളെ ചേർക്കാൻ വിദ്യാലയാധികൃതൽ പ്രേരിപ്പിക്കുന്നു. ഇത് കുട്ടികളുടെ പഠനശേഷിയെ ബാധിക്കുന്നു.

നിർദ്ദേശങ്ങൾ:-

1. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറക്കണം.

2. വിദ്യാലയത്തിന്റെ അംഗീകാരം കുട്ടികളുടെ എണ്ണം മാത്രം നോക്കി പിൻ വലിക്കരുത്. ഒരു പ്രദേഖത്തെ ജന ങ്ങളുടെ വിദ്യാഭ്യാസത്തെ സാരമായി ബാധി ക്കുമെങ്കിൽ കുട്ടികളുടെ എണ്ണം കുറഞ്ഞാലും ആ വിദ്യാലയം നില നിർത്തണം.

3. അയൽപക്ക സ്കൂൾ സമ്പ്രദായം നിർബന്ധമാക്കണം.

4. ഗതാഗത സൗകര്യം വർദ്ധിപ്പിച്ച് കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുവാനുള്ള സാധ്യത ഉപയോഗപ്പെടുത്തണം.

കൊഴിഞ്ഞുപോക്ക്

സ്ഥിതി:-

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന്റെ നിരക്ക് കുറഞ്ഞിട്ടുണ്ടെങ്കിലും പൂർണ്ണമായും ഇല്ലാതാക്കാൻ സാധിച്ചിട്ടില്ല. ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ നാല് വിദ്യാലയങ്ങളിൽ മാത്രമെ കഴിഞ്ഞ അഞ്ച് വർഷങ്ങൾക്കിടയിൽ കൊഴിഞ്ഞുപോക്ക് ഉണ്ടായിട്ടുള്ളൂ എന്നാണ് മനസ്സിലാകുന്നത്. നിരക്ഷരരുടെ എണ്ണം വർദ്ധിപ്പിക്കാനിടയാക്കുന്ന വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്ക് പൂർണ്ണമായും ഇല്ലാതാക്കിയ വിദ്യാലയങ്ങളുടെ സ്ഥിതി പഠനത്തിന് വിധേയമാക്കേണ്ടതാണ്. കൊഴിഞ്ഞ് പോക്കിനുള്ള കാരണങ്ങൾ പലതാണ്. അച്ഛനമ്മമാർ ജോലിക്കു പോകുമ്പോൾ ഇളയകുട്ടികളെ സംരക്ഷിക്കാൻ, കുടുംബത്തിന്റെ സാമ്പത്തിക പ്രയാസം കാരണം തൊഴിൽ

ചെയ്യാൻ, ക്ലാസിൽ പരാജ യപ്പെടുന്ന തു കൊണ്ട്, രക്ഷാകർത്താക്കളുടെ അലസത എന്നിവ അവയിൽ ചിലതാണ്. അദ്ധ്യാപ കരും, സാമൂഹ്യ പ്രവർത്തകരും പഠനം നിർത്തുന്ന വിദ്യാർത്ഥികളെ വീണ്ടും തിരിച്ച് വിദ്യാലയത്തിലെത്തിക്കാൻ ശ്രദ്ധിക്കുന്നില്ല. തേറളായി ദ്വീപിലെ അഞ്ചാം ക്ലാസിന് ശേഷമുള്ള വ്യാപകമായ കൊഴിഞ്ഞു പോക്ക് ശ്രദ്ധിക്കപ്പെടേണ്ടതാണ്.

പട്ടിക 6 കാണുക

വിമർശനങ്ങൾ

(+) 1. സാക്ഷരതാ പ്രവർത്തനത്തിന്റെയും സാമൂഹ്യ പ്രവർത്ത നത്തി ന്റെയും ഫലമായി രക്ഷിതാക്കളിൽ അവ ബോധം വളരുകയും അതുവഴി കൊഴിഞ്ഞു പോക്കിന്റെ നിരക്ക് കുറയു കയും ചെയ്തിട്ടുണ്ട്.

2. വിദ്യാലയങ്ങിലെ ഉച്ചക്ക ഞ്ഞിവിതരണം കൊഴിഞ്ഞു പോക്കിനെ തടഞ്ഞു നിർത്താൻ സഹായിച്ചിട്ടുണ്ട്.

3. മാതൃസംഘം, P.T.A. ഇവയുടെ പ്രവർത്തനങ്ങളും കൊഴിഞ്ഞുപോക്കിനുള്ള പ്രവണത ഇല്ലാതാക്കാൻ സഹായിച്ചിട്ടുണ്ട്.

(-) 1. കൊഴിഞ്ഞുപോക്ക് പൂർണ്ണമായും ഇല്ലാതാക്കാൻ കഴിയുന്നില്ല.

2. വിദ്യാഭ്യാസം നേടിയതുകൊണ്ട് പ്രത്യേക നേട്ടമൊന്നുമില്ല എന്ന വ്യർഥതാ ബോധം വ്യാപകമാണ്.

നിർദ്ദേശങ്ങൾ.

1. ഒരു കുട്ടിയെ വിദ്യാലയത്തിൽ നിന്നും ഒഴിവാക്കുന്നതിന് മുമ്പ് രക്ഷാ കർത്താവു മായും പ്രാദേശിക സാമൂഹ്യ പ്രവർത്ത കരുമായും ബന്ധപ്പെട്ട് കുട്ടിയുടെ പ്രശ്ന ങ്ങൾ മനസ്സിലാക്കാനും കുട്ടിയെ വിദ്യാല യത്തിൽ നിലനിർത്തുന്നതിനും ഉള്ള ശ്രമം വിദ്യാലയ അധികൃതർ നടത്തണം. ഇക്കാര്യം P.T.A. യുടെയും ശ്രദ്ധയിൽ പെടുത്തണം.

2. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം തൊഴിൽ നേടൽ മാത്രമല്ല ഒരു മനുഷ്യൻന്റെ സമഗ്ര വികസനവും കൂടിയാണ് എന്ന ബോധം ജനങ്ങളിലുണ്ടാക്കണം.

3. P.T.A., മാതൃസംഘം, അയൽക്കൂട്ടം ഇവയുടെ പ്രവർത്തനങ്ങൾ ശക്തി പ്പെടു ത്തണം.

4. വിദ്യാർത്ഥിയെ ക്ലാസിൽ തോൽപ്പിക്കുന്ന സമ്പ്രദായം അവസാനിപ്പിക്കണം.

5. വൈകല്യങ്ങളുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക പാഠശാലകൾ ആരംഭിക്കണം.

6. സാഹചര്യം അനുവദിക്കാത്തത് മൂലം പഠനം നിർത്തേണ്ടിവരുന്ന വിദ്യാർ ത്ഥി കൾക്ക് വേണ്ടി അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ തുറക്കണം.

7. തേറളായി ദ്വീപിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് ആവശ്യമായ ഗതാഗത സൗകര്യം ഉണ്ടാക്കുക. ദ്വീപിനെ മറുകരയു മായി ബന്ധിപ്പിക്കുക.

അക്കാദമിക്ക് നിലവാരം:-

പാഠ്യപ്രവർത്തനം

സ്ഥിതി:

മറ്റ് പഞ്ചായത്തുകളെപ്പോലെതന്നെ നമ്മുടെ പഞ്ചായത്തും വിദ്യാഭ്യാസ രംഗത്ത് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി പൊതു വിദ്യാഭ്യസത്തിന്റെ നിലവാരത്ത കർച്ചയാണ്. വ്യക്തിയുടെ സമഗ്ര വികാസം എന്ന വിദ്യാഭ്യാസ ലക്ഷ്യം മറന്നുകൊണ്ട് വിദ്യാർത്ഥിയെ മത്സര പരീക്ഷയ്ക്ക് തയ്യാറാക്കുക എന്ന ഒറ്റ മിനിമം പരിപാടി യാണ് ഇന്ന് വിദ്യാലയങ്ങളിൽ നടക്കുന്നത്. എന്നിട്ടുമതിന്റെ സ്ഥിതിയോ, പ്രൈമറി വിഭാഗത്തിൽ അക്ഷരമുറയ്ക്കാത്ത കുട്ടി കളുടെ ഒരു വൻ നിരതന്നെയുണ്ട്. ഭൂരിഭാഗം വിദ്യാർത്ഥികളും S.S.L.C. പരീക്ഷയിൽ പരാജയപ്പെടുന്നു. വിജയികളാകുന്നവരുടെ ഇടയിൽ പോലും അക്ഷര, അക്ക ബോധ മില്ലാത്തവർ അനവധി S.S.L.C. പരീക്ഷയെഴു തുന്ന കുട്ടികളിൽ 85% പേരും നിശ്ചിതമായ പാസ് മാർക്ക് (മോഡറേഷനില്ലാതെ) വാങ്ങാത്തവരാണെന്ന വസ്തുതയും ഉണ്ട്.

കഴിഞ്ഞ പാദവാർഷിക പരീക്ഷ യ്ക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ L.P./U.P. തലങ്ങളെ വിവയിരുത്തിയപ്പോൾ 50%ൽ കൂടുതൽ മാർക്ക് വാങ്ങിയവരാണ്

ബഹുഭൂരിപക്ഷവും. 30%ൽ താഴെ മാർക്കുള്ളവർ കുറവാണ്. ഹൈസ്കൂൾ തലത്തിൽ ഇതിനു വിപരീതമായി 30%ത്തിൽ താഴെ മാർക്ക് വാങ്ങിയവർക്കാണ് ഭൂരിപക്ഷം - 51% കുട്ടികൾ. 60%ത്തിൽ കൂടുതൽ മാർക്ക് വാങ്ങിയവരുടെ എണ്ണം വളരെ പരിമിതമാവും ഉയർന്ന ക്ലാസുകളിലേക്ക് പോകുന്തോറും കൂടുതൽ മാർക്ക് വാങ്ങുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നു എന്നുള്ളത് പഠനത്തിന് വിധേയമാക്കേണ്ട സംഗതിയാണ്.

പട്ടിക - 7 കാണുക

അർദ്ധ വാർഷിക പരീക്ഷയെ ആടിസ്ഥാനമാക്കി വിലയിരുത്തൽ നടത്തിയാൽ സ്ഥിതി ഇതിലും ദയനീയമാണ്.

S.S.L.C. വിജയ ശതമാനത്തെ അടിസ്ഥാനമാക്കി നമ്മുടെ പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളേയും താരതമ്യം ചെയ്താൽ ചുഴലി ഗവ: ഹൈസ്കൂളാണ് മെച്ചം.

പട്ടിക - 8 കാണുക

L.S.S./U.S.S. സ്കോളർഷിപ്പ് നേരിടുന്ന കുട്ടികളുടെ എണ്ണം നമ്മുടെ പഞ്ചായത്തിൽ വളരെ കുറവാണ്.

പട്ടിക - 9 നോക്കുക.

വിമർശനങ്ങൾ:-

(+) 1. പല ചാൻസുകൾ ഉപയോഗിച്ചായാൽപ്പോലും S.S.L.C. പരീക്ഷ പാസ്സാകാൻ വിദ്യാർത്ഥികൾ ശ്രമിക്കുന്നുണ്ട്.

2. S.S.L.C. വിജയശതമാനം ഉയർത്താനുള്ള ശ്രമം പൂർണ്ണമല്ലെങ്കിലും നടക്കുന്നുണ്ട്.

3. ജില്ലാ തലത്തിലുള്ള പരിപാടിയുടെ ഭാഗമായിട്ടാണെങ്കിലും പ്രൈമറി വിദ്യാർത്ഥികളിൽ അക്ഷരവും അക്കവും ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ചിലപ്പോൾ ചില വിദ്യാലയങ്ങളിൽ നടക്കുന്നു.

4. L.S.S./U.S.S. സ്കോളർഷിപ്പ് പരീക്ഷയ്ക്ക് മിക്കവാറും എല്ലാ വിദ്യാലയങ്ങളും കുട്ടികളെ അയക്കാറുണ്ട്.

5. S.S.L.C. ക്ക് വളരെ ഉയർന്ന മാർക്കുകൾ വാങ്ങുന്ന കുട്ടികൾ പരിമിതമായെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഉണ്ടാകാറുണ്ട്.

അടിസ്ഥാന പ്രശ്നങ്ങൾ

1. ക്ലാസിൽ കുട്ടികളുടെ എണ്ണക്കൂടുതൽ കാരണം അദ്ധ്യാപകർക്ക് കുട്ടികളെ വ്യക്തിഗതമായി ശ്രദ്ധിക്കാൻ കഴിയുന്നില്ല.

2. കുട്ടികളുടെ കഴിവിനും നിലവാരത്തിനും അനുസരിച്ച് നിശ്ചിത സമയത്തിനുള്ളിൽ ഫലപ്രദമായി പഠിപ്പിച്ചുതീർക്കാൻ കഴിയാത്തത്ര പാഠഭാഗങ്ങൾ ഉണ്ട്. അതുകൊണ്ട് പാഠഭാഗങ്ങൾ തീർക്കുക എന്നത് ചടങ്ങായി മാറുന്നു.

3. അവശ്യ നിലവാരം ഇല്ലെങ്കിലും കുട്ടിക്ക് ക്ലാസ് കയറ്റം കൊടുക്കുന്നു.

4. ശാസ്ത്രീയ ബോധന രീതികളുപയോഗിക്കാൻ വേണ്ടത്ര സൗകര്യങ്ങൾ മിക്ക വിദ്യാലയങ്ങളിലുമില്ല. ഉള്ളവ ഉപയോഗിക്കാൻ ഭൂരിഭാഗം അദ്ധ്യാപകരും വൈമുഖ്യം കാണിക്കുന്നു.

5. ബോധനത്തിൽ ആശാസ്യമായ മാറ്റങ്ങളുണ്ടാക്കാൻ സഹായിക്കുന്ന തരത്തിൽ അദ്ധ്യാപകർക്ക് കാലാകാലങ്ങളിൽ പുനഃപരിശീലനം ലഭിക്കുന്നില്ല.

6. ബോധനം ശിശു കേന്ദ്രീകൃതമല്ല.

7. പാഠപ്രവർത്തനങ്ങൾ രസകരമോ, താൽപര്യജനകമോ, ജീവിത ഗന്ധിയോ അല്ല. പരീക്ഷയെമാത്രം ലക്ഷ്യമാക്കിയുള്ള പഠന ബോധന പ്രവർത്തനങ്ങളാണു നടക്കുന്നത്. അതുകൊണ്ടുതന്നെ സാധാരണ വിദ്യാർത്ഥികൾക്ക് പഠനകാര്യത്തിൽ താൽപര്യമില്ല.

8. ഭൂരിഭാഗം രക്ഷാകർത്താക്കളും വിദ്യാർത്ഥികൾക്കാവശ്യമായ പഠന സാഹചര്യങ്ങൾ ഒരുക്കി കൊടുക്കുന്നില്ല. അവരുടെ ഗൃഹപാഠങ്ങളിൽ ശ്രദ്ധിക്കുന്നില്ല.

9. ഒരു വിദ്യാലയത്തിന്റെ നിലവാര തകർച്ചയ്ക്ക് കാരണം കണ്ടുപിടിക്കത്തക്ക രീതിയിൽ സൂക്ഷ്മമായ വിദ്യാലയ പരിശോധന നടക്കുന്നില്ല.

10. വിദ്യാഭ്യാസ പരിഷ്കരണത്തിന് വേണ്ടി വ്യാപകമായ ചർച്ചകൾ നടക്കുന്നുണ്ടെങ്കിലും അവ നടപ്പിലാക്കുന്നതിനുള്ള ഇച്ഛാശക്തി ഉത്തരവാദപ്പെട്ടവർ കാണിക്കുന്നില്ല. അഥവാ എന്തെങ്കിലും പരിപാടികൾ

ആസൂത്രണം ചെയ്താൽ അത് വിജയിപ്പിക്കാനുള്ള ആത്മാർത്ഥമായ ശ്രമം ആരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല.

മറ്റു പ്രശ്നങ്ങൾ

1. രണ്ട് ഹൈസ്കൂളുകളിലേയും S.S.L.C. വിജയശതമാനം അഭിമാനിക്കത്തക്കതല്ല.

2. അക്ഷരബോധവും അക്ക ബോധവുമില്ലാത്തവർ S.S.LC. വിജയിച്ചു പോകുന്നവരുടെ ഇടയിൽപ്പോലുമുണ്ട്.

3. എല്ലാ വിഷയങ്ങളിലും ജയിക്കാനുള്ള മാർക്കു വാങ്ങുന്നവരുടെ എണ്ണം (മറ്റ് ക്ലാസുകളിലും) 20% ത്തിൽ താഴെയാണ്.

4. L.S.S./U.S.S. സ്കോളർഷിപ്പ് നേടുന്നവരുടെ എണ്ണം കുറവാണ്.

5. ഇംഗ്ലീഷ്, കണക്ക് എന്നീ വിഷയങ്ങളിൽ പരാജയപ്പെടുന്നവരുടെ എണ്ണം കൂടുതലാണ്.

6. സർക്കാർ വിദ്യാലയങ്ങളിൽ അദ്ധ്യാപക ക്ഷാമം അനുഭവപ്പെടാറുണ്ട്.

7. P.T.A. മാതൃസംഗമം, അയൽകൂട്ടം ഇവയുടെ പ്രവർത്തനം ഫലപ്രദമല്ല.

നിർദ്ദേശങ്ങൾ

1. പ്രൈമറിക്ലാസുകളിലെങ്കിലും അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറക്കുക.

2. പാഠപദ്ധതി ലഘൂകരിക്കുക, ജീവിതവുമായി ബന്ധപ്പെടുത്തുക.

3. ക്ലാസ്കയറ്റം കൊടുക്കുന്ന മുഴുവൻ കുട്ടികൾക്കും അത്യാവശ്യ നിലവാരം ഉണ്ടെന്ന് ഉറപ്പുവരുത്തുക. അതിനായി അക്ഷരപ്പുലരിപോലുള്ള പരിപാടികൾ തുടരണം.

4. മിനിമം അക്കാദമിക് സൗകര്യങ്ങളെങ്കിലും ഒരു വിദ്യാലയത്തിലുണ്ടെന്ന് ഉറപ്പുവരുത്തുക.

5. വിദ്യാർത്ഥി കേന്ദ്രീതവും, പ്രവർത്തന കേന്ദ്രീതവുമായി പഠന ബോധന പ്രവർത്തനങ്ങൾ നടത്താൻ സഹായിക്കുന്ന രീതിയിലുള്ള പരിശീലനം പഞ്ചായത്ത് തലത്തിൽ അദ്ധ്യാപകർക്ക് നൽകുക.

6. മൂല്യനിർണയ രീതി സമഗ്രമായി പരിഷ്കരിക്കുക.

7. P.T.A. മാതൃസംഗമം, അയൽക്കൂട്ടം എന്നിവയുടെ പ്രവർത്തനം ശക്തി പ്പെടുത്തുക.

8. അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിന് ആസൂത്രണം ചെയ്യുന്ന പരിപാടികൾ വിജയിപ്പിക്കാൻ പഞ്ചായത്ത് ആത്മാർത്ഥമായ സഹകരണവും നേതൃത്വവും നൽകണം.

9. ജനകീയ മോണിറ്ററിങ്ങ് നടപ്പിൽ വരുത്തുക.

10. അയൽകൂട്ടം പോലുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി S.S.L.C. വിജയശതമാനം ഉയർത്താനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

11. സ്ഥിരം അദ്ധ്യാപകനെ നിയമിക്കുന്നതുവരെ പ്രാദേശികമായി ലഭ്യമാവുന്ന ആളുകളെ അദ്ധ്യാപകരായി നിയമിക്കാനുള്ള അധികാരം P.T.A.യ്ക്ക് നൽകണം.

12. വർഷത്തിൽ മൂന്ന് പ്രാവശ്യമെങ്കിലും ക്ലാസ്തല P.T.A.കൾ ചേർന്ന് ഓരോ വിദ്യാർത്ഥിയുടെയും പഠന കാര്യങ്ങളും, പ്രശ്നങ്ങളും ചർച്ച ചെയ്യണം.

13. പഠനത്തിൽ ഉന്നത നിലവാരം പുലർത്തുന്ന വിദ്യാർത്ഥികൾക്ക് കൂടുതൽ പഠിക്കാനുള്ള സൗകര്യവും, പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പരിഹാര ബോധനം നൽകാനുള്ള ഏർപ്പാടും ഉണ്ടാക്കണം

14. L.S.S./U.S.S. സ്കോളർഷിപ്പ് പരീക്ഷയ്ക്കുള്ള കോച്ചിങ്ങ് പഞ്ചായത്തിന്റെ ഒന്നിലധികം കേന്ദ്രങ്ങളിൽ വെച്ച് നൽകണം.

15. ഇംഗ്ലീഷ്, കണക്ക് എന്നിവയുടെ പഠനം മെച്ചപ്പെടുത്തുന്നതിന് ആ വിഷയം കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർക്ക് പ്രത്യേക പരിശീലന പരിപാടി ഏർപ്പെടുത്തണം.

പാരാ അക്കാദമിക് പ്രവർത്തനങ്ങൾ

1. സ്ഥിതി:-

അക്കാദമിക പ്രവർത്തനങ്ങൾക്കൊപ്പം തന്നെ പ്രാധാന്യം പാഠ്യാനുബന്ധ പ്രവർത്ത

നങ്ങൾക്കും നൽകേണ്ടതാണ്. വ്യക്തിത്വ വികാസം, സഹകരണ മനോഭാവം, സംഘ ബോധം, സർഗാത്മകത, കലാസാഹിത്യ ആസ്വാദനം, വിവിധ തരം നൈപുണികളുടെ വികാസം, സ്വയം പഠനത്തിനുള്ള കഴിവ്, നേതൃത്വശേഷി തുടങ്ങിയവ വിദ്യാർത്ഥികളിൽ വളർത്തുന്നതിനും വിദ്യാലയ പ്രവർത്തനങ്ങൾ കൂടുതൽ സജീവവും ആകർഷകവുമാക്കുന്നതിനും പാഠ്യാനുബന്ധപ്രവർത്തനങ്ങൾ സഹായകമാവുന്നു.

നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പാരാ അക്കാദമിക പ്രവർത്തനങ്ങൾ കാര്യമായി നടക്കാത്തതിന് കാരണങ്ങൾ പലതാണ്. ഇന്നത്തെ മൂല്യനിർണ്ണയ സമ്പ്രദായത്തിൽ കുട്ടിയുടെ പാരാ അക്കാദമിക് പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള വിഭവങ്ങളും സൗകര്യങ്ങളും ഒരു വിദ്യാലയത്തിലും വേണ്ടത്രയില്ല. ഇന്നത്തെ വിദ്യാഭ്യാസം തൊഴിലിനോട് ആഭിമുഖ്യം വളർത്തുന്നില്ല.

പട്ടിക കാണുക (പാരാ അക്കാദമിക് പ്രവർത്തന വിവരം)

വിമർശനങ്ങൾ

(+) 1. സാഹിത്യസമാജങ്ങൾ, വിവിധ ക്ലബ് പ്രവർത്തനങ്ങൾ, ലൈബ്രറി പ്രവർത്തനങ്ങൾ, പഠന യാത്രകൾ, മാസ്ഡ്രിൽ, പരിസരശുചീകരണം, അസംബ്ലി, കലോത്സവങ്ങൾ, സ്കൂൾ വാർഷികങ്ങൾ, കായിക മേളകൾ ഇവയിൽ ചിലതെങ്കിലും ചില വിദ്യാലയങ്ങളിൽ നടക്കുന്നുണ്ട്.

2. സബ്ജില്ല, ജില്ല, സംസ്ഥാന തലങ്ങളിൽ നടക്കുന്ന വിവിധ പരിപാടികളിൽ ചുരുക്കം വിദ്യാലയങ്ങൾ പങ്കെടുക്കുന്നുണ്ട്.

(-) 1. പാരാ അക്കാദമിക് പ്രവർത്തനങ്ങളോട് പൊതുവെ അലംഭാവം ഉണ്ട്.

2. പാരാ അക്കാദമിക് പ്രവർത്തനങ്ങളിലെ കഴിവുകൾ മൂല്യനിർണയം ചെയ്യപ്പെടുന്നില്ല.

3. വിവിധ കലാ-അഭ്യസനത്തിന് അദ്ധ്യാപകരെ ലഭ്യമല്ല.

4. കളി സ്ഥലത്തിന്റെയും കായിക ഉപകരണങ്ങളുടേയും അപര്യാപ്തത കായിക വിദ്യാഭ്യാസത്തെ തടസ്സപ്പെടുത്തുന്നു.

5. പ്രൈമറി തലങ്ങളിൽ കായികാധ്യാപകരില്ല.

6. വിവിധ ക്ലബ് പ്രവർത്തനങ്ങൾക്ക് വേണ്ടത്ര സമയം ലഭിക്കുന്നില്ല.

7. തങ്ങളുടെ ജോലിയുടെ ഭാഗമായി പാരാ അക്കാദമിക് പ്രവർത്തനങ്ങളെ കാണുന്ന അദ്ധ്യാപകരുടെ എണ്ണം വിരളമാണ്.

8. വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമല്ല.

നിർദ്ദേശങ്ങൾ:-

1. പ്രൈമറി വിദ്യാർത്ഥികൾക്ക് ഉൽപാദന പ്രവർത്തനങ്ങളെ പരിചയപ്പെടാനുള്ള അവസരം കൊടുക്കണം.

2. ഹൈസ്കൂൾ വിദ്യാഭ്യാസത്തെ പ്രാദേശിക ഉൽപാദന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തണം.

3. മാർച്ച് മാസത്തിൽ അടുത്ത അധ്യയന വർശത്തേക്കുള്ള പാഠ്യാനുബന്ധ പ്രവർത്തനങ്ങളുടെ കലണ്ടർ സ്കൂൾ വികസന സമിതി തയ്യാറാക്കണം. പ്രവർത്തനങ്ങൾ സമയ ബന്ധിതമായും കാര്യക്ഷമമായും നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണം. ഇതിന്റെ മാസം തോറുമുള്ള റിപ്പോർട്ട് പഞ്ചായത്തിനയക്കണം.

4. കലാധ്യാപകരെ വിദ്യാലയങ്ങളിൽ നിയമിക്കണം. തൽക്കാലത്തേക്ക് പ്രാദേശികമായി ലഭ്യമായ ആളുകളെ ഉപയോഗപ്പെടുത്താനുള്ള സംവിധാനം ഉണ്ടാക്കണം. അദ്ധ്യാപകരെ നിയമിക്കുന്നതോടൊപ്പം തന്നെ അതിനുള്ള സൗകര്യങ്ങളും ഉണ്ടാക്കണം.

5. ആവശ്യമായ കായിക ഉപകരണങ്ങളും കളിസ്ഥലവും എല്ലാ വിദ്യാലയങ്ങളിലും ഉറപ്പാക്കണം. പ്രൈമറി വിദ്യാലയങ്ങളിൽ (ഒന്നിലധികം വിദ്യാലയങ്ങൾക്ക് പൊതുവായി) കായികാധ്യാപകരെ നിയമിക്കുക.

6. പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ മൂല്യനിർണയത്തിന് വിധേയമാക്കണം.

അദ്ധ്യാപകരുടെ ലഭ്യത

സ്ഥിതി:-

ഗവൺമെന്റ് സ്കൂളുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം താൽകാലികമായി നിയമനം ലഭിച്ച അദ്ധ്യാപകരുണ്ട്. സ്വകാര്യ വിദ്യാലയ ങ്ങളിൽ അദ്ധ്യാപകക്ഷാമം അനുഭവ പ്പെടാറില്ല.

വിമർശനങ്ങൾ:-

(+) 1. ഭൂരിഭാഗം വിദ്യാലയങ്ങളും സ്വകാര്യമേഖലയിലായതിനാൽ അവിട ങ്ങളിൽ കൃത്യമായി അദ്ധ്യാപകരെ നിയമി ക്കാറുണ്ട്.

(-) 1. സർക്കാർ വിദ്യാലയങ്ങളിൽ എല്ലാവർഷവും അദ്ധ്യാപകക്ഷാമം അനുഭവ പ്പെടാറുണ്ട്. ഇവിടങ്ങളിൽ താൽ കാലിക നിയമനം വൈകുന്നത് അദ്ധ്യയനത്തെ കാര്യമായി ബാധിക്കാറുണ്ട്.

നിർദ്ദേശങ്ങൾ:-

1. സ്കൂൾ തുറക്കുമ്പോൾതന്നെ മുഴുവൻ തസ്തികകളിലും അദ്ധ്യാപകരുണ്ടെന്നുറ പ്പാക്കണം.

2. അദ്ധ്യാപകക്ഷാമം അനുഭവപ്പെടുമ്പോൾ പ്രാദേശികമായി ലഭ്യമാകുന്ന ആളുകളെ ഉപയോഗപ്പെടുത്താനുള്ള സംവിധാനം ഉണ്ടാക്കണം.

ജനകീയ തലം:-

സ്ഥിതി:-

സ്കൂൾ കോംപ്ലക്സ്, ഗുരുകുലം പ്രവർത്ത നങ്ങളുടെ ഫലമായി മിക്ക വിദ്യാലയ ങ്ങളിലും P.T.A. മാതൃസംഘം, സ്കൂൾ വികസന സമിതി എന്നിവയുടെ രൂപീകര ണവും പ്രവർത്തനവും നടന്നു. വാർഡു സമിതികൾ നിലവിൽ വന്നെങ്കിലും അയൽക്കൂട്ടങ്ങളെല്ലാം രൂപീകരിക്കാൻ കഴിഞ്ഞിട്ടില്ല.

വിമർശനങ്ങൾ:-

(+) 1. സമൂഹത്തിന്റെ മൊത്തം സഹകരണം ലഭിച്ചാൽ മാത്രമെ വിദ്യാഭ്യാസ നിലവാരം ഉയർത്തിക്കൊണ്ടുവരാൻ കഴിയൂ എന്ന ബോധം പൊതുവെ ഉണ്ടായിട്ടുണ്ട്.

(-) 1 മാതൃ സംഘം, സ്കൂൾ വികസന സമിതി, അയൽകൂട്ടം ഇവയുടെ ദൗത്യം കൃത്യമായും ബോധ്യപ്പെടുത്താൻ കഴി ഞ്ഞില്ല. അതുകൊണ്ടുതന്നെ അവയെ വിദ്യാഭ്യാസ പുരോഗതിക്കായി ഉപയോഗ പ്പെടുത്തുവാനും കഴിഞ്ഞില്ല.

2. വിദ്യാഭ്യാസമെന്നാൽ അക്ഷരപഠനവും അക്കപഠനവും പിന്നെ കുറേ തത്വങ്ങളുടെ കാണാപാഠവുമാണെന്ന ധാരണ പൊളി ക്കാൻ കഴിഞ്ഞില്ല. വികസനോന്മുഖ വിദ്യാ ഭ്യാസം എന്ന ആശയം പ്രചരിപ്പിക്കാൻ സാധിച്ചില്ല.

3. സമൂഹവും സ്കൂളും തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്തിയില്ല.

4. സ്കൂൾ ഏത് രീതിയിൽ പ്രവർത്തി ക്കണമെന്ന് തീരുമാനി ക്കുവാനുള്ള അവകാശം ഓരോ വ്യക്തിക്കുമുണ്ടെന്ന ബോധം ജനങ്ങളിലുണ്ടാക്കാൻ കഴിഞ്ഞില്ല.

നിർദ്ദേശങ്ങൾ:-

1. സ്കൂളിനെ ഒരു സാമൂഹിക സ്ഥാപ നമാക്കി മാറ്റാൻ കഴിയുംവിധം സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ദൃഢമാ ക്കണം.

2. സ്കൂളിനെ നിലനിർത്തുവാനും മെച്ച പ്പെടുത്തുവാനും ഞങ്ങൾക്കും ഏറെ ചെയ്യാ നുണ്ടെന്ന ബോധം തദ്ദേശ വാസി ക ളിൽ ഉണ്ടാക്കാണം.

3. പഞ്ചായത്ത് വികസന സമിതിയുടെ ഭാഗമായി വിദ്യാഭ്യാസ, സബ്കമ്മറ്റി രൂപീ കരിക്കാം. ഒരു പഞ്ചായത്ത് മെമ്പർ ഇതിന്റെ ചെയർമാനും വിദ്യാഭ്യാസ പ്രവർത്തകൻ കൺവീനറുമായിരിക്കണം.

ഉന്നത വിദ്യാഭ്യാസം

സ്ഥിതി:-

ഉന്നത വിദ്യാഭ്യാസ രംഗത്തെ പഞ്ചായത്തിന്റെ അവസ്ഥ പരിതാ പക രമാണ്. ചുഴലി, ചെങ്ങളായി എന്നി വിട ങ്ങളിലെ സ്വകാര്യ ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റി

റ്റ്യൂട്ടുകളാണ് പഞ്ചായത്തിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ഉന്നത വിദ്യാ ഭ്യാസ രംഗത്ത് ചുഴലിയിൽ ഒരു പാരലൽ കോളേജ് പ്രവർത്തിക്കുന്നു. ഉന്നത വിദ്യാ ഭ്യാസ രംഗത്തെ പ്രധാന ആശ്രയം തളി പ്പറമ്പ്, ശ്രീകണ്ഠാപുരം എന്നി വിടങ്ങ ളിലെ കോളേജുകളാണ്.

വിമർശനങ്ങൾ:-

(-) 1. ജോലിയെക്കുറിച്ചുള്ള ഉൽക്കണ്ഠ കാരണം S.S.L.C. ക്ക് ഉയർന്ന മാർക്കു വാങ്ങുന്ന കുട്ടികൾ മിക്കവാറും ഉന്നത വിദ്യാഭ്യാസം നേടാൻ തയ്യാറാവുന്നില്ല.

2. തൊഴിലധിഷ്ഠിതമോ, തൊഴിലിനോട് ആഭിമുഖ്യമുണ്ടാക്കുന്നതോ ആയ വിദ്യാഭ്യാസം.

3. ഉന്നത വിദ്യാഭ്യാസം നേടാൻ വിദ്യാർത്ഥികൾക്ക് ശരാശരി 15km യാത്ര ചെയ്യേണ്ടി വരുന്നുണ്ട്.

നിർദ്ദേശങ്ങൾ:-

1. രണ്ട് ഹൈസ്കൂളുകളിലും വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകൾ, കമ്പ്യൂട്ടർ കൊഴ്സുകൾ ആരംഭിക്കണം.

2. ഉന്നത വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കണം.

പട്ടിക -1 വിദ്യാലയ സൗകര്യങ്ങൾ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	വിസ്തീർണ്ണം (സെന്റ്)	ഓഫിസ് മുറി	സ്റ്റാഫ് മുറി	ലബോറട്ടറി	ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം	മൂത്രപ്പുര	കക്കൂസ്	പാചക മുറി	വൈദ്യുതി	കളി സ്ഥലം	കിണർ
1	ഗവ. ഹൈസ്കൂൾ, കൊയ്യം	500	ഉണ്ട്	ഉണ്ട്	ഇല്ല		ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	50	ഇല്ല
2	ഗവ. ഹൈസ്കൂൾ, ചുഴലി	400	ഉണ്ട്	ഉണ്ട്	ഉണ്ട്		ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്
3	പെരിന്തിലേരി എ.യു.പി. സ്കൂൾ	98	ഉണ്ട്	ഉണ്ട്	ഇല്ല		ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
4	നിടവാലൂർ എ.യു.പി. സ്കൂൾ	300	ഉണ്ട്	ഉണ്ട്	ഇല്ല		ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	25	ഉണ്ട്
5	ചെങ്ങളായി എ.യു.പി. സ്കൂൾ	105	ഉണ്ട്	ഉണ്ട്	ഇല്ല		ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	25	ഉണ്ട്
6	ഗവ. എൽ.പി. സ്കൂൾ പരിപ്പായി	50	ഉണ്ട്	ഇല്ല	ഇല്ല		ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	10	ഉണ്ട്
7	ചെങ്ങളായി മാപ്പിള എ.എൽ. പി. സ്കൂൾ	23	ഉണ്ട്	ഉണ്ട്	ഇല്ല		ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്
8	കൊയ്യം എൽ.പി. സ്കൂൾ	100	ഉണ്ട്	ഇല്ല	ഇല്ല		ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
9	തവറുൽ എൽ.പി. സ്കൂൾ	35	ഉണ്ട്	ഇല്ല	ഇല്ല		ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
10	പാറക്കാടി എ.എൽ.പി. സ്കൂൾ	10	ഇല്ല	ഇല്ല	ഇല്ല		ഇല്ല	ഇല്ല	ഇല്ല	ഇല്ല	2	ഇല്ല
11	തേർളായി മാപ്പിള എ.എൽ. പി. സ്കൂൾ	11	ഉണ്ട്	ഇല്ല	ഇല്ല		ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	5	ഉണ്ട്
12	വളക്കൈ മാപ്പിള എൽ.പി. സ്കൂൾ	100	ഇല്ല	ഇല്ല	ഇല്ല		ഇല്ല	ഇല്ല	ഇല്ല	ഇല്ല	20	ഇല്ല
13	ബാഫക്കി തങ്ങൾ മെമ്മോറിയൽ എൽ.പി. സ്കൂൾ	107	ഉണ്ട്	ഉണ്ട്	ഇല്ല		ഇല്ല	ഇല്ല	ഇല്ല	ഇല്ല	25	ഉണ്ട്
14	ചുഴലി ഈസ്റ്റ് എൽ.പി. സ്കൂൾ	5	ഇല്ല	ഇല്ല	ഇല്ല		ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
15	കൊളത്തൂർ എൽ.പി. സ്കൂൾ	10	ഉണ്ട്	ഇല്ല	ഇല്ല		ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്

* അഞ്ചാം തരം വരെയുള്ളത്

പട്ടിക - 2 വിദ്യാലയങ്ങളുടെ പൊതുസ്ഥിതി

ക്രമ നമ്പർ	സ്കൂൾ കോഡ്	വിദ്യാലയത്തിന്റെ പേര്	വാർഡ് നമ്പർ	ഉടമസ്ഥത				വിഭാഗം				പ്രദേശം		
				സർക്കാർ	അർദ്ധ സർക്കാർ	സ്വകാര്യം	സ്വകാര്യ അനംഗീകൃതം	എൽ.പി	യു.പി	സെക്കന്ററി	ഹയർ സെക്കന്ററി	ഗ്രാമം	നഗരം	അർദ്ധ നഗരം
1	01	ഗവ. ഹൈസ്കൂൾ, കൊയ്യം	IV	✓						✓		✓		
2	02	ഗവ. ഹൈസ്കൂൾ, ചുഴലി	IX	✓						✓				✓
3	03	പെരിന്തിലേരി എ.യു.പി. സ്കൂൾ	V			✓			✓			✓		
4	04	നിടവാലൂർ എ.യു.പി. സ്കൂൾ	VII			✓			✓			✓		
5	05	ചെങ്ങളായി എ.യു.പി. സ്കൂൾ	II			✓			✓					✓
6	06	ഗവ. എൽ.പി. സ്കൂൾ പരിപ്പായി	I	✓				✓				✓		
7	07	ചെങ്ങളായി മാപ്പിള എ.എൽ.പി. സ്കൂൾ	II			✓		✓						✓
8	08	കൊയ്യം എ.എൽ.പി. സ്കൂൾ	IV			✓		✓				✓		
9	09	തവറൂൽ എൽ.പി. സ്കൂൾ	IV			✓		✓				✓		
10	10	പാറക്കാടി എ.എൽ.പി. സ്കൂൾ	IV			✓		✓				✓		
11	11	തേർളായി മാപ്പിള എ.എൽ.പി. സ്കൂൾ	V			✓		✓				✓		
12	12	വളക്കൈ മാപ്പിള എൽ.പി. സ്കൂൾ	VI			✓		✓				✓		
13	13	ബാഫക്കി തങ്ങൾ മെമ്മോറിയൽ എൽ.പി. സ്കൂൾ	IX			✓		✓				✓		
14	14	ചുഴലി ഈസ്റ്റ് എൽ.പി. സ്കൂൾ	VIII			✓		✓				✓		
15	15	കൊളത്തൂർ എൽ.പി. സ്കൂൾ	XI			✓		✓				✓		
16	16	വിദ്യ ഇംഗ്ലീഷ് മീഡിയം സ്കൂൾ, ചുഴലി	IX				✓					✓		

പട്ടിക -5

ക്രമ നമ്പർ	സ്കൂളിന്റെ പേര്	മാനേജ്മെന്റ്	കുട്ടികളുടെ എണ്ണം (96-97)			അദ്ധ്യാപകരുടെ എണ്ണം
			ആൺ	പെൺ	ആകെ	
1	ഗവ. ഹൈസ്കൂൾ, കൊയ്യം	സർക്കാർ	159	195	354	15
2	ഗവ. ഹൈസ്കൂൾ, ചുഴലി	സർക്കാർ	560	619	1179	43
3	പെരിന്തിലേരി എ.യു.പി. സ്കൂൾ	എയ്ഡഡ്	309	274	583	24
4	നിടുവാലൂർ എ.യു.പി. സ്കൂൾ	എയ്ഡഡ്	248	247	495	17
5	ചെങ്ങളായി എ.യു.പി. സ്കൂൾ	എയ്ഡഡ്	409	378	787	29
6	ചെങ്ങളായി മാപ്പിള എ.എൽ. പി. സ്കൂൾ	എയ്ഡഡ്	190	164	354	12
7	കൊയ്യം എൽ.പി. സ്കൂൾ	എയ്ഡഡ്	66	61	127	5
8	തവറൂൽ എൽ.പി. സ്കൂൾ	എയ്ഡഡ്	57	53	110	5
9	പാറക്കാടി എ.എൽ.പി. സ്കൂൾ	എയ്ഡഡ്	24	26	50	4
10	തേർളായി മാപ്പിള എ.എൽ. പി. സ്കൂൾ	എയ്ഡഡ്	36	42	78	5
11	ഗവ. എൽ.പി.സ്കൂൾ പരിപ്പായി	സർക്കാർ	50	55	105	4
12	ബാഫക്കി തങ്ങൾ മെമ്മോറി യൽ എൽ.പി. സ്കൂൾ	എയ്ഡഡ്	114	105	219	8
13	ചുഴലി ഈസ്റ്റ് എൽ.പി. സ്കൂൾ	എയ്ഡഡ്	35	22	57	4
14	വളക്കൈ മാപ്പിള എൽ.പി. സ്കൂൾ	എയ്ഡഡ്	96	103	199	8
15	കൊളത്തൂർ എൽ.പി. സ്കൂൾ	എയ്ഡഡ്	40	45	85	5
			2393	2389	4782	188

പട്ടിക – 3 ഭൗതിക സാഹചര്യങ്ങൾ

ക്രമ നമ്പർ	സ്കൂൾ കോഡ്	സ്ഥലം വിസ്തീർണ്ണം (സെന്റ്)	കെട്ടിടം			കെട്ടിടങ്ങളുടെ വിനിയോഗം				മൂത്രപ്പുര		കക്കൂസ്		വൈദ്യുതി		കളിസ്ഥലം ഉണ്ടെങ്കിൽ (വിസ്തീർണ്ണം)		കിണർ		പാചകമുറി	
			സ്ഥിരം	അസ്ഥിരം	താൽകാലികം	ലാബ്		ലൈബ്രറി													
						ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
1	01	500					✓		✓	✓		✓			✓	50			✓		✓
2	02	400				✓		✓		✓		✓		✓			✓	✓			✓
3	03	98					✓		✓	✓			✓	✓			✓	✓		✓	
4	04	300					✓		✓	✓			✓	✓		25		✓			✓
5	05	105					✓		✓	✓		✓			✓	25		✓		✓	
6	06	50					✓		✓	✓		✓			✓	10		✓			✓
7	07	23					✓		✓	✓		✓			✓		✓	✓		✓	
8	08	100					✓		✓	✓			✓		✓		✓	✓			✓
9	09	35					✓		✓		✓		✓		✓		✓	✓			✓
10	10	10					✓		✓		✓		✓		✓	2			✓		✓
11	11	11					✓		✓		✓		✓	✓		5		✓		✓	
12	12	100					✓		✓		✓		✓		✓	20			✓		✓
13	13	107					✓		✓		✓		✓		✓	25		✓			✓
14	14	5					✓		✓		✓		✓		✓		✓		✓		✓
15	15	10					✓		✓	✓			✓		✓		✓	✓			✓
16	16																				

പട്ടിക -6 പഠനം നിർത്തിയവർ എല്ലാ ക്ലാസ്സുകളിലും കൂടി (1995-96)

ക്രമ നമ്പർ	സ്കൂളിന്റെ പേര്	.SC			കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	ഗവ. ഹൈസ്കൂൾ, കൊയ്യം	2	0	2	14	10	24			26
2	ഗവ. ഹൈസ്കൂൾ, ചുഴലി	-	-	-	7	1	8			8
3	പെരിന്തിലേരി എ.യു.പി. സ്കൂൾ	1	1	2	32	11	43			45
4	നിടവാലൂർ എ.യു.പി. സ്കൂൾ	1	0	1	4	3	7			8
5	ചെങ്ങളായി എ.യു.പി. സ്കൂൾ	-	-	-	-	-	-			-
6	ചെങ്ങളായി മാപ്പിള എ.എൽ. പി. സ്കൂൾ	-	-	-	-	-	-			-
7	കൊയ്യം എൽ.പി. സ്കൂൾ		-	-	-	-	-			-
8	തവറൂൽ എൽ.പി. സ്കൂൾ	-	-	-	-	-	-			-
9	പാറക്കാടി എ.എൽ.പി. സ്കൂൾ	-	-	-	-	-	-			-
10	തേർളായി മാപ്പിള എ.എൽ. പി. സ്കൂൾ	-	-	-	-	-	-			-
11	ഗവ. എൽ.പി.സ്കൂൾ പരിപ്പായി	-	-	-	-	-	-			-
12	ബാഫക്കി തങ്ങൾ മെമ്മോറി യൽ എൽ.പി. സ്കൂൾ	-	-	-	-	-	-			-
13	ചുഴലി ഈസ്റ്റ് എൽ.പി. സ്കൂൾ	-	-	-	-	-	-			-
14	വളക്കൈ മാപ്പിള എൽ.പി. സ്കൂൾ	-	-	-	-	-	-			-
15	കൊളത്തൂർ എൽ.പി. സ്കൂൾ	-	-	-	-	-	-			-
	ആകെ	4	1	5	57	25	82			87

പട്ടിക - 8 എസ്.എസ്.എൽ.സി. വിജയ ശതമാനം

വർഷം	വിദ്യാർത്ഥികൾ			വിജയിച്ചവർ			വിജയശതമാനം			ഫസ്റ്റ് ക്ലാസ് നേടിയവർ	
	GHSK	GHSC	Total	GHSK	GHSC	Total	GHSK	GHSC	Total	GHSK ശതമാനത്തിൽ	GHSC
91-92	83	142	225	35	70	105	43.3	50	46.6	-	-
92-93	75	140	215	27	77	104	37.3	55	48.4	-	-
93-94	81	140	221	40	68	108	49.4	48	48.8	27.5	19.1
94-95	81	165	246	22	80	102	27	48.5	41.5	31.8	18.7
95-96	96	183	279	38	79	117	40	43.1	41.9	18.4	16.4

പട്ടിക – 7 അക്കാഡമിക് നിലവാരം


(ഒന്നാം പാദവാർഷികപ്പരീക്ഷ (96-97) മാർക്ക് അടിസ്ഥാനത്തിൽ

ക്ലാസ്	30ൽ താഴെ	30 മുതൽ 40 വരെ	40 മുതൽ 50 വരെ	50 മുതൽ 60 വരെ	60ന് മുകളിൽ	ആകെ
I	-	-	-	-	-	-
II	-	-	-	-	-	-
III	102	89	93	88	178	550
IV	82	89	92	73	185	521
V	93	141	122	99	132	587
VI	183	125	84	91	87	570
VII	236	124	109	74	86	629
VIII	181	66	38	21	23	329
IX	128	98	42	24	23	313
X	151	44	31	12	20	258
ആകെ	1154	776	611	482	734	3757

പട്ടിക – 9 1995ൽ LSS/USS നേടിയവർ

വർഷം	LSS	USS	ആകെ
1995	2	1	3

സംസ്കാരം



സംസ്കാരം

ഉത്തരകേരളത്തിന്റെ പൊതുവായ സാംസ്കാരിക പാരമ്പര്യം ഉൾക്കൊള്ളുന്ന ഒരു പഞ്ചായത്താണ് നമ്മുടേത്. പഞ്ചായത്തിന്റെ തെക്കുഭാഗത്തു കൂടി ഒഴുകുന്ന വളപട്ടണം പുഴവഴിയുള്ള ജലഗതാഗത സൗകര്യംമൂലം ഇതോടൊപ്പം മറ്റു സംസ്കാരങ്ങളും അലിഞ്ഞു ചേർന്നിരിക്കുന്നു. തികഞ്ഞ മതസൗഹാർദ്ദം നിലനില്ക്കുന്ന ഇവിടെ ജാതിപരമായ ഉച്ചനിചത്വങ്ങളും അസ്തമിച്ചിരിക്കുന്നു.

ഈ പഞ്ചായത്തിൽ കാണപ്പെട്ടിരുന്ന കലാരൂപങ്ങളാണ് പുള്ളുവൻപാട്ട്, പരിചമുട്ടുകളി, ഓണപ്പാട്ട്. പൂരക്കളി, ഒപ്പന തുടങ്ങിയവ ഇന്നും വ്യാപകമായി കണ്ടുവരുന്ന കലാരൂപങ്ങാണ്. കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട കൊയ്ത്തുപാട്ട്, നാട്ടിപ്പാട്ട് എന്നിവയും 'കളത്തിൽ തറ' എന്ന തെയ്യവും പഴയതലമുറയോടൊപ്പം അപ്രത്യക്ഷമായിവരികയാണ്.

ധാരാളം കാവുകളും ക്ഷേത്രങ്ങളും പഞ്ചായത്തിന്റെ പലഭാഗങ്ങളിലുമുണ്ട്. പലതും നശിച്ചു പോയി. ചിലത് നാശത്തിന്റെ വക്കിലുമാണ്. നശിച്ചുപോയ ഇല്ലങ്ങളുടെയും ക്ഷേത്രങ്ങളുടെയും അവശിഷ്ടങ്ങൾ പലഭാഗങ്ങളിലും കാണപ്പെടുന്നു. നിരവധി മുസ്ലിം പള്ളികളും പഞ്ചായത്തിലുണ്ട്. നബിദിന ഘോഷയാത്രകൾ വർണപ്പകിട്ടോടെ നടത്തപ്പെടുന്നു. പല മുസ്ലിം പള്ളികളും ചിരപുരാതനമാണ്. നൂറ്റാണ്ടുകളുടെ പഴക്കമുള്ള തേർലായി പള്ളി ഇത്തരത്തിൽ എടുത്തു പറയാവുന്ന ഒന്നാണ് കുടിയേറ്റ കർഷകരുടെ വരവോടെ ക്രിസ്ത്യൻ ദേവാലയങ്ങളും ഉണ്ടായി. ക്രിസ്മസ്സ് ആഘോഷങ്ങളും മറ്റും ഇവയുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു.

പഞ്ചായത്തിൽ 26ഓളം ഹിന്ദു ആരാധനാലയങ്ങളും 16ഓളം മുസ്ലിം പള്ളികളും 6 ക്രിസ്ത്യൻ ദേവാലയങ്ങളും ഉണ്ട്.

ദേശീയ പ്രസ്ഥാനങ്ങളുടെ ഭാഗമായി വളർന്നു വന്ന ഗ്രന്ഥശാലാ പ്രസ്ഥാനം പഞ്ചായത്തിന്റെ സാംസ്കാരിക രംഗത്ത് കാര്യമായ സ്വാധീനം ചെലുത്തിവരുന്നു. ഇപ്പോൾ വായനശാലകളോ കല്ലാ-കായിക ക്ലബ്ബുകളോ പ്രവർത്തിക്കാത്ത പ്രദേശങ്ങൾ പഞ്ചായത്തിൽ ഇല്ലെന്നു തന്നെ പറയാം. ജനങ്ങളുടെ വായനാശീലം വളർത്തുന്നതിനും കലാ-കായിക കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനും ഇവയുടെ പ്രവർത്തനം പരമപ്രധാനമാണ്. സാക്ഷരതാ രംഗത്ത് ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം അനുപമമാണ്. വാർഷികങ്ങളുടെ ഭാഗമായുള്ള കലാകായിക മത്സരങ്ങൾ, സാംസ്കാരിക പരിപാടികൾ, ദേശീയോത്സവങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന പ്രത്യേക പരിപാടികൾ തുടങ്ങിയവയും ഇവയുടെ ആഭിമുഖ്യത്തിൽ നടക്കുന്നു. പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടന്നുവരുന്ന കേരളോത്സവങ്ങൾ കലാ-കായിക രംഗത്തെ ആരോഗ്യപരമായ മത്സരങ്ങൾക്ക് വേദിയാ

കുന്നു. എന്നാൽ ഈ രംഗത്തെ സ്ഥാപനങ്ങളുടെ പ കാളിത്തക്കുറവ് ശ്രദ്ധിക്കപ്പെടേണ്ടതാണ്.

പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നിടുവാലൂ രിൽ ഒരു വായനശാലയും പതിനൊന്നിന പരിപാടി യുടെ ഭാഗമായി വളക്കൈയിൽ ആരംഭിച്ച സാം സ്കാരിക നിലയവും ഈ രംഗത്ത് പഞ്ചായത്തിന്റെ സംരംഭങ്ങളാണ്. എന്നാൽ നിടുവാലൂർ വായനശാല കെട്ടിടത്തിന്റെ സ്ഥിതി ശോചനിയമാണ് സാംസാ കാരിക നിലയത്തിൽ കൂടുതൽ പുസ്തകങ്ങൾ ലഭ്യ മാക്കണം. സൗകര്യങ്ങൾ ഉപയോഗപ്പെടുത്താനും സം വിധാനമുണ്ടാകണം

പഞ്ചായത്തിലെ വായനശാലകൾ / ക്ലബ്ബുകൾ

1	ഏ. കെ. ജി. വായനശാല, പരിപ്പായി
2	ഗ്രാമോദ്ധാരണ ഗ്രന്ഥാലയം & വായനശാല, ചെങ്ങളായി
3	സി. എച്ച്. മുഹമ്മദ് കോയ സ്മാരക വായനശാല & ഗ്രന്ഥാലയം ചെങ്ങളായി
4	ക്രസന്റ് വായനശാല ചെങ്ങളായി
5	അരിമ്പ്ര പൊതുജന വായനശാല
6	പൊതുജന വായനശാല കുണ്ടംകൈ
7	യുവജന വായനശാല പെരിങ്കോന്ന്
8	സി. കെ. ജി. സ്മാരക വായനശാല, പെരിങ്കോന്ന്
9	ഗാന്ധി സ്മാരക വായനശാല, തവറൂൽ
10	റഡ് സ്റ്റാർ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, തവറൂൽ
11	ഷൈനിങ്ങ് സ്റ്റാർ ക്ലബ്ബ്, കൊയ്യം
12	രാജൻ ബാബു സ്മാകരക വായനശാല, കൊയ്യം
13	ജവഹർ സ്പോർട്സ് ക്ലബ്ബ്, കൊയ്യം
14	യുവതാര ആർട്സ് & സ്പോർട്സ് ക്ലബ്ബ് പാറക്കാടി
15	ജ്ഞാനപ്രഭായിനി വായനശാല, പാറക്കാടി
16	പ്രതിഭാ സ്പോർട്സ് ക്ലബ്ബ്, പാറക്കാടി
17	യുവശക്തി ആർട്സ് & സ്പോർട്, പാറക്കാടി
18	യംഗ് ബ്രദേർസ്, പാറക്കാടി
19	പൂക്കോയതങ്ങൾ വായനശാല, ബോട്ട്കടവ്
20	സി. ആർ. സി. വായനശാല & ഗ്രന്ഥാലയം പെരിന്തലേരി
21	യുവചേതന, പെരുമ്പാറക്കടവ്
22	സി. ആർ. സി. വായനശാല, തേർളായി

പഞ്ചായത്തിലെ വായനശാലകൾ / ക്ലബ്ബുകൾ

23	സംസ്കാര, വളക്കൈ
24	പ്രിയദർശിനി, വളക്കൈ
25	ഹബിബ് കൾച്ചറൽ സൊസൈറ്റി, വളക്കൈ
26	പൊതുജനവായനശാല, മണക്കാട്
27	പൊതുജന വായനശാല, തേർതല
28	എ. കെ. ജി. വായനശാല, തേർതല
29	ഉദയ, മണക്കാട്
30	ന്യൂ സ്റ്റാർ, മണക്കാട്
31	ക്ലിന്റ് ക്ലബ്ബ്, നിടുവാലൂർ
32	കെ. കെ. എൻ. പരിയാരം, സ്മാരക വായനശാല, കുണ്ടൂലാട്
33	വിജ്ഞാന പോഷിണി, ചുഴലി
34	നവോദയ, ചുഴലി
35	വൈബിസി, ചുഴലി
36	നവപ്രഭ വായനശാല, ചുഴലി
37	സീതിസാഹിബ് വായനശാല, ചുഴലി
38	എ. കെ. ജി. ക്ലബ്ബ്, വടക്കേമൂല
39	രാജീവ് മെമ്മോറിയൽ ക്ലബ്ബ്, ചാൽവയൽ
40	നവഭാവന ക്ലബ്ബ്, കിഴക്കേമൂല
41	നവരശ്മി ക്ലബ്ബ്, തോളൂർ
42	വിജ്ഞാന ദീപം, എടക്കളം
43	മഹാത്മ ക്ലബ്ബ്, തോപ്പിലായി
44	കുളത്തൂർ വായനശാല, കുളത്തൂർ
45	ഗ്രാമീണവായനശാല, കുളത്തൂർ
46	മഹാത്മാ വായനശാല, കണ്ണാടിപ്പാറ
47	ജനനി വായനശാല & ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ്, ചെങ്ങളായി
48	സി. എച്ച്. കലാസാഹിത്യസമിതി, ചെങ്ങളായി

പ്രശ്നങ്ങൾ

1. ടി. വി. പരിപാടികൾ സാംസ്കാരിക മൂല്യ ത്തകർച്ചക്ക് കാരണമാകുന്നു.

2. കലാ - സാംസ്കാരിക പ്രവർത്തനങ്ങളിൽ സ്ത്രീ പങ്കാളിത്തം കുറവാണ്.

3. യവജനങ്ങൾക്ക് കായിക പരിശീലന സൗക ര്യങ്ങളില്ല.

4. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കലാ-കായിക പരിശീലനത്തിനുള്ള സൗകര്യം പരിമിതമാണ്.

5. സ്കൂളുകളിലെ ലൈബ്രറി സകര്യങ്ങൾ ഫല പ്രദമായി ഉപയോഗിക്കുന്നില്ല. വായനാശീലം ഇല്ലാ തായികൊണ്ടിരിക്കുന്നു.

6. ക്ലബ്ബുകളുടെ സാമ്പത്തിക പരാധീനത പ്രശ്ന മാകുന്നു.

7. സാംസ്കാരിക മുന്നേറ്റം ഏതുതരത്തിൽ നേടിയെടുക്കാമെന്നതിനെക്കുറിച്ചുള്ള ധാരാണക്കു റവ്.

8. വായനശാല, ക്ലബ്ബുകൾ എന്നിവയ്ക്ക് സൗ ര്യപ്രദമായ കെട്ടിടങ്ങളില്ല.

9. പഞ്ചായത്ത് സ്റ്റേഡിയം കലാ-കായിക പരി പാടികൾക്ക് സൗകര്യപ്രദമല്ല.

10. പഞ്ചായത്ത് സാംസ്കാരിക നിലയത്തിന്റെ സാധ്യതകൾ പൂർണമായി ഉപയോഗപ്പെടുത്താൻ കഴി യുന്നില്ല.

11. പഞ്ചായത്ത് വായനശാലയുടെ കെട്ടിട ത്തിന്റെ സ്ഥിതി ശോചനീയമാണ്.

12. പഞ്ചായത്തിലെ കലാ-കായിക പ്രവർത്തന ങ്ങളെ ഏകോപിപ്പിക്കുന്നതിന് സാവിധാനങ്ങളില്ല.

സാധ്യതകൾ

1. വിദ്യാഭ്യാസപരവും വികസനോന്മുകഖവുമായ ടി. വി. പരിപാടികൾക്കുവേണ്ടി ജനകീയ സമ്മർദ്ദം ഉണ്ടാകണം.

2. പഞ്ചായത്തിൽ ഓരോ വർഷവും നടക്കേണ്ട സാംസ്കാരിക പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാ റാക്കണം. ഇതനുസരിച്ച് പ്രവർത്തിക്കുന്ന ക്ലബ്ബു കൾക്ക് കാഷ് അവാർഡ് ഏർപ്പെടുത്തണം.

3. പഞ്ചായത്ത് തലത്തിൽ വർഷംതോറും ഏറ്റവും നല്ല സാമൂഹ്യപ്രവർത്തകനെ കണ്ടെത്തി ആദരിക്കണം.

4. വാർഡുതലത്തിൽ കലാകായികമേളകൾ സം ഘടിപ്പിക്കണം. ഇവയിൽ നിന്നും തിരഞ്ഞെടുക്കപ്പെ ടുന്നവരെ പങ്കെടുപ്പിച്ച് പഞ്ചായത്ത് മേളകൾ നട ത്തണം.

5. സ്കൂളുകളിലെ കലാ-കായികാധ്യാപകരുടെ സേവനം ക്ലബ്ബുകൾക്കും ലഭ്യമാക്കണം.

6. കെട്ടിട സൗകര്യങ്ങളില്ലാത്ത വായനശാല - ക്ലബ്ബ് എന്നിവയ്ക്ക് ജനപങ്കളിത്തത്തോടെ കെട്ടിടം പണിയണം.

7. കൊയ്യം, ചുഴലി ഹൈസ്കൂളുകളിലെ കളി സ്ഥലം സന്നദ്ധസേവനം ഉപയോഗപ്പെടുത്തി മെച്ച പ്പെടുത്തണം.

8. സാംസ്കാരിക നിലയത്തിൽ കൂടുതൽ പു സ്തകങ്ങൾ ലഭ്യമാക്കണം. പഞ്ചായത്തിന്റെ കലാ സാംസ്കാരിക കേന്ദ്രമാക്കി ഇതിനെ വളർത്തണം.

9. നിടുവാലൂർ പഞ്ചായത്ത് വായനശാല കെ ട്ടിടം പുതുക്കി പണിയണം. ജനകീയ കമ്മറ്റിയുടെ പ്രവർത്തനം സജീവമാക്കണം.

10. ക്ലബ്ബുകളുടെ കയ്യെഴുത്തു മാസിക മത്സരം പഞ്ചായത്തടിസ്ഥാത്തിൽ നടത്തണം.

11. നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടികൾ വേണം.


12. പഞ്ചായത്തിൽ ഒരു നൃത്തവിദ്യാലയവും സ്കൂളുകളോടനുബന്ധിച്ച് ഒരു സ്പോർട്സ് ഡിവഷനും ആരംഭിക്കണം.

13. സ്ത്രീകൾക്കായി പ്രത്യേക കായിക വിനോദകേന്ദ്രങ്ങൾ ഏർപ്പെടുത്തണം.

14. നാടൻപാട്ടുകൾ, നാട്ടറിവുകൾ എന്നിവ സംരക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാകണം.

15. പഞ്ചായത്ത് മിനിസ്റ്റേഡിയം സ്ഥലസൗകര്യം വർദ്ധിപ്പിച്ച് ഉപയോഗ യോഗ്യമാക്കണം.

കുടിവെള്ളം



കുടിവെള്ളം.

ജലസമ്പത്തിന്റെ കുറവ് നമ്മുടെ പഞ്ചായത്തിൽ പണ്ട്കാലത്ത് ഉണ്ടായിരുന്നില്ല. കുറെവീടുകൾക്ക് ഒരു കിണർ എന്ന സമ്പ്രദായം നിലനിന്നിരുന്നു. കിണറായിരുന്നു കുടിവെള്ള സ്രോതസ്സ്. പല പ്രകൃതി വിഭവങ്ങളും ദുർലഭമാകുന്നതിന് ഒരു ഉത്തമ ദൃഷ്ടാന്തമാണ് നമ്മുടെ പഞ്ചായത്തിൽ ജലവിഭവം. വേനൽക്കാലം തുടങ്ങുമ്പോൾ തന്നെ വറ്റി വരണ്ടു പോകുന്ന ചുഴലി-വളക്കൈ തോട് പണ്ട് കാലത്ത് വരണ്ട അവസ്ഥയേ ഇല്ലായിരുന്നു. കുളങ്ങളും കിണറുകളും ജലവിതാനം താഴ്ന്ന്വറ്റുന്നു ഈ ഗുരുതരമായ സ്ഥിതി മുന്നിൽ കണ്ടുകൊണ്ടാകണം അടിയന്തിര ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തേണ്ടത്. അമിതമായ ജനസംഖ്യാവർദ്ധനവും, വനനശീകരണവും, വയലേലകളും കുളങ്ങളും അശാസ്ത്രീയമായി ചൂഷണം ചെയ്യുന്നതുമാണ് ജലസമ്പത്ത് കുറയാൻ കാരണമായത്.

ചെങ്ങളായി പഞ്ചായത്തിൽ രേഖകൾ പ്രകാരം 2858 കിണറുകളിൽ 1042 സാനിറ്ററി കിണറുകളും, 1816 സാധാരണ കിണറുകളുമാണ് ഉള്ളത്. 4682 കുടുംബങ്ങൾ ആണ് പഞ്ചായത്തിൽ ഉള്ളത്. പൊതു ടാപ്പിലൂടെ ജലവിതരണ സംവിധാനവും ഉണ്ട്. ഈ കണക്കുകൾ തന്നെ കുടിവെള്ളപ്രശ്നത്തിന്റെ ഭീകരത ചൂണ്ടികാണിക്കുന്നു.

പഞ്ചായത്ത് വകയുള്ള കുടിവെള്ള സ്രോതസ്സിന്റെ വിവരം.

വാർഡ്	കുളങ്ങളുടെ എണ്ണം	പൊതുടാപ്പ്	കിണറുകൾ	കുഴൽ കിണർ
1	1	4	6	1
2	ഇല്ല	ഇല്ല	1	2
3	ഇല്ല	ഇല്ല	1	2
4	ഇല്ല	ഇല്ല	4	1
5	1	ഇല്ല	4	2
6	ഇല്ല	ഇല്ല	1	ഇല്ല
7	ഇല്ല	ഇല്ല	1	ഇല്ല
8	ഇല്ല	ഇല്ല	3	2
9	ഇല്ല	ഇല്ല	1	ഇല്ല
10	ഇല്ല	ഇല്ല	ഇല്ല	1
11	ഇല്ല	ഇല്ല	1	ഇല്ല

നടപ്പ് പ്പുദ്ധതികൾ

1. ചെമ്പേരി - നിടിയേങ്ങ - ചുഴലി ശുദ്ധജല വിതരണ പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തണം. ഈ പദ്ധതി നടപ്പാലായാൽ പഞ്ചായത്തിലെ മിക്ക വാർഡുകളിലേയും കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയും.

2. ഗവ: റൂറൽ ഡിസ്പെൻസറിയിൽ കിണറ് കുഴിക്കാനുള്ള പ്രവർത്തനം ഉടനെ ആരംഭിക്കേണ്ടതാണ്.

പ്രശ്നങ്ങളും സാധ്യതകളും.

1. ഒന്നാം വാർഡിലെ അടുക്കം, അരിമ്പ്ര, മോലോതകം കുന്ന് ഇവിടങ്ങളിൽ കുടിവെള്ള ക്ഷാമം ഉണ്ട്.

2. പെരളത്ത് പറമ്പിലുള്ള ലക്ഷം വീട് പ്രദേശത്ത് കുളംകുഴിച്ച് വെള്ളം സംഭരിച്ച് നെല്ലിക്കുന്ന് അരിമ്പ്ര കോട്ടപ്പറമ്പ് തുടങ്ങിയ സ്ഥലങ്ങളിൽ പൈപ്പ് വഴി ശുദ്ധജലം എത്തിക്കാൻ കഴിയും.

3. അരക്കിനാട്ട് നിലവിലുള്ള ടാങ്ക് വിപുലപ്പെടുത്തിയാൽ സമീപ പ്രദേശങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാം.

4. അരക്കിനാട്ട് കുണ്ടംകൈ വഴി ചെങ്ങളായി പുഴയിൽ ചേരുന്ന തോട് പൊതുജന പങ്കാളിത്തത്തോടെ ആഴവും വീതിയും കൂട്ടി സംരക്ഷിച്ചാൽ കുടിവെള്ളക്ഷാമം പരിഹരിക്കാം. കൃഷിആവശ്യത്തിന് ഉപയോഗിക്കാനും കഴിയും.

5. മൂന്നാം വാർഡിലെ പെരുങ്കുന്ന് കാര്യാട് കോളനി മൊയാലംതട്ട്, ഇവടങ്ങളിലുള്ള ജലക്ഷാമം പരിഹരിക്കാൻ നിലവിലുള്ള കിണർ ആഴം കൂട്ടണം. ചേരമൂല, ചെമ്പിലേരി എന്നിവിടങ്ങളിൽ പൊതു കിണർ കുഴിക്കുകയും വേണം.

6. 4ാം വാർഡിലുള്ള കൊയ്യം ഹൈസ്കൂൾ, കിഴക്കെചാൽ, കൊയ്യം ബാലവാടി, ഏഴാട്ട് കോളനി, തവറൂൽ, കാനായി ഹരിജൻ കോളനി എന്നിവിടങ്ങളിൽ പൊതുകിണർ കുഴിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കണം.

7. 5ാം വാർഡിലെ പെരിന്തലേരി, ബോട്ടുകടവ്, തേർളായി, പന്നിത്തടം എന്നിവിടങ്ങളിൽ പൊതു കിണർ കുഴിക്കണം.

8. ആറാം വാർഡിലെ മണക്കാട് കോളനിയിലെ കുഴൽകിണർ ഉപയോഗപ്രദമാക്കണം. തേർതല ഹരിജൻ കോളനിയിൽ കിണർകുഴിക്കണം.

9. ചുഴലി - വളക്കൈ തോട്ടിൽ ജലസംരക്ഷണ പദ്ധതി അടിയന്തിരമായി നടപ്പാക്കിയാൽ (തടയിണ നിർമ്മാണം) ജലക്ഷാമം പരിഹരിക്കാം.

10. 8ാം വാർഡിലെ മുണ്ടോംവയലിലുള്ള തൂർന്നുപോയ കുളം ഉപയോഗപ്രദമാക്കണം. മൊട്ടക്കെ പീടിക, പൊള്ളയാട്ട് തലക്കുളം ഇവിടങ്ങളിൽ കിണർകുഴിച്ച് ജലക്ഷാമം പരിഹരിക്കണം.

11. 9ാം വാർഡിലെ ബീയാലിൽ കുളംകുഴിച്ച് ഇന്ധനചെലവില്ലാതെ, തോളൂർ, ചാലിൽ വയൽ എന്നീ സ്ഥലങ്ങളിൽ പൈപ്പ് വഴി ശുദ്ധജലം എത്തിക്കാൻ കഴിയും.

12. തോപ്പിലായി ഹരിജൻ കോളനിയിലെ പൊതുകിണർ വിപുലപ്പെടുത്തണം.

13. കണ്ണാടിപ്പാറ, തണ്ടുവേലി എന്ന സ്ഥലങ്ങളിലുള്ള നീരുറവയിൽനിന്ന് വെള്ളം ശേഖരിച്ച് പൈപ്പ് വഴി വിതരണം ചെയ്താൽ എഴുപതോളം കുടുംബങ്ങളുടെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

14. കുളത്തൂർ, കാനം ഗ്രാമീണ വായനശാലക്ക് സമീപം, വിളക്കന്നൂർ, എലവഞ്ചേരി എന്നീ സ്ഥലങ്ങളിൽ പൊതുകിണർ കുഴിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കണം.

15. 5ാം വാർഡിലെ തീരപ്രദേശത്തും തേർലായി ദ്വീപിലും കുടിവെള്ളത്തിന്റെ രുചിയിലും, നിറത്തിലും വ്യത്യാസം അനുഭവപ്പെടുന്നുണ്ട്. ജല പരിശോധന നടത്തി നടപടികൾ സ്വീകരിക്കേണ്ടതാണ്.

16. പഞ്ചായത്തിലെ ജലഗുണനിലവാരം പരിശോധിക്കുന്നതിന് ജല പരിശോധനാ കിറ്റ് സംഘടിപ്പിക്കുകയും, ക്യാമ്പുകൾ നടത്തുകയും വേണം. കിറ്റ് സൗജന്യമായി ലഭിക്കാൻ Unicef, 20 Chithratanjan Road, Teynampet, Madras - 600118 എന്ന വിലാസത്തിൽ ബന്ധപ്പെട്ടാൻ മതി.

17. പൊതു കിണറുകൾ വലയിട്ടുമൂടി സംരക്ഷിക്കണം. പഞ്ചായത്തിലെ എല്ലാ കിണറുകളും ആരോഗ്യപ്രവർത്തകരുടെ സഹായത്താൽ ക്ലോറിനേറ്റ് ചെയ്യണം.

18. നിലവിലുള്ള കുഴൽകിണറുകളുടെ വെള്ളം കുടിക്കാൻ പറ്റാത്ത അവസ്ഥയുണ്ട്. അതു കൊണ്ട് പി. വി. സി. പൈപ്പ് ഉപയോഗിച്ച് കുഴൽകിണർ റിപ്പേർ ചെയ്യുക.

19. മണ്ണ്-ജലസംരക്ഷണ പദ്ധതി ആരംഭിക്കണം.

20. കുടിവെള്ളക്ഷാമമുള്ള സ്ഥലങ്ങളിൽ വാർഷിക പദ്ധതിയിൽ തന്നെ പരിഹാര നടപടികൾ സ്വീകരിക്കണം.

21. പത്താം വാർഡിലെ പാലചാട് മലയുടെ അടിവാരത്തിൽ വറ്റാത്ത ജലശേഖരം ഉണ്ട്. ഈ പ്രദേശത്ത് കുളംകുഴിച്ച് പലേരി തട്ടിൽ ടാങ്ക് നിർമ്മിച്ച് വെള്ളം ശേഖരിച്ച് വിതരണം ചെയ്താൽ വാർഡിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയും.

22. ചെങ്ങളായി ടൗണിലെ ജലവിതരണ പദ്ധതി പുനരുദ്ധരിക്കണം.

23. ജലസംരക്ഷണം, ഉപഭോഗം എന്നിവയിൽ ബോധവൽക്കരണ നടപടികൾ വേണം.

പൊതുജനാരോഗ്യം



പൊതുജനാരോഗ്യം

ആമുഖം

ജനങ്ങളുടെ ആരോഗ്യം ജനങ്ങളുടെ കൈകളിലാണ്. ആരോഗ്യമുള്ള ജനതയാണ് രാജ്യത്തിന്റെ സമ്പത്ത്. അതുകൊണ്ട് തന്നെ പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിന് നിലവിലുള്ള പൊതുജനാരോഗ്യ സംവിധാനവും, പഞ്ചായത്തും, ബഹുജനങ്ങളും ചേരുന്ന ഒരു ജനകീയാരോഗ്യ പരിപാടി ആവിഷ്ക്കരിക്കേണ്ടതാണ്. കുടുംബത്തിന്റെ ആരോഗ്യ ചിലവ് കൂടിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ആരോഗ്യ സേവനസംവിധാനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുന്നത് പ്രാദേശിക ഭരണ സംവിധാനത്തിന് പ്രധാന പങ്കു വഹിക്കാനുണ്ട്.

പൊതുജനാരോഗ്യ സംവിധാനത്തിന്റെ തകർച്ച സർക്കാർ ആശുപത്രികളുടെ ശോച്യാവസ്ഥ ഇവ മൂലം ജനങ്ങൾക്ക് സർക്കാർ ആശുപത്രികളിലുള്ള വിശ്വാസം നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു. സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്നവരുടെ എണ്ണവും കുറഞ്ഞു വരുന്നു. എന്നാൽ യാതൊരു നിയന്ത്രണവും ഇല്ലാതെ സ്വകാര്യ ആശുപത്രികൾ തളച്ചു വളരുന്നു. അതിവിശിഷ്ട ചികിത്സ സമൂഹത്തിലെ സമ്പന്നർക്ക് ലഭ്യമാവുകയും സാധാരണക്കാരന് ആതുര സേവനം നിഷേധിക്കപ്പെടുകയും ചെയ്യുന്നു. ഒരു 'അമേരിക്കൻ മാതൃക നമ്മുടെ സംസ്ഥാനത്ത് വളർന്നു വരുകയാണ്. ഉയർന്ന രോഗാതുരത, ചികിത്സാ ചെലവിലെ വർദ്ധനവ് ഇവ സാധാരണക്കാരന്റെ ജീവിത ഭാരം കൂടുന്നു. പൊതുജനാരോഗ്യ സംവിധാനം മെച്ചപ്പെടുത്തി ജനങ്ങൾക്കുള്ള വിശ്വാസം പുനസ്ഥാപിക്കപ്പെടേണ്ടതാണ്.

ഈ നൂറ്റാണ്ടിന്റെ അൻപതുകളിൽ നാട്ടറിവ് ചികിത്സാരീതികളെ ആയിരുന്നു ജനങ്ങൾ ആശ്രയിച്ചിരുന്നത്. നാട്ടുവൈദ്യന്മാരെയാണ് ജനങ്ങൾ രോഗം വന്നാൽ ആശ്രയിക്കാറ്. സേവനം പ്രതിഫലമായിക്കണ്ടിരുന്ന പാരമ്പര്യവൈദ്യന്മാർ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങൾ ഉണ്ടായിരുന്നു. രോഗ ചികിത്സക്കായി ആധുനിക സംവിധാനം ഉപയോഗപ്പെടുത്താൻ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിലുള്ള തളിപ്പറമ്പിലെ ധർമ്മാശുപത്രിയിൽ നടന്നാണ് പഞ്ചായത്തിലെ ജനങ്ങൾ പോയിരുന്നത്. പല അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സമൂഹത്തിൽ നിലനിന്നിരുന്നു. വസൂരി, മലമ്പനി, കോളറ, ടൈഫോയ്ഡ് തുടങ്ങിയ രോഗങ്ങൾ പഞ്ചായത്തിലുണ്ടായിരുന്നതായി പഴയ തലമുറക്കാർ പറയുന്നുണ്ട്. ദേവീ കോപമാണ് പല രോഗങ്ങൾക്കും കാരണം എന്ന വിശ്വാസം നിലനിന്നിരുന്നത്.

ഒറ്റമൂലി, പാരമ്പര്യ വൈദ്യന്മാരും അന്നുണ്ടായിരുന്നു. ഇന്ന് ജനാധിവാസം വർദ്ധിച്ചതോടെ പച്ചമരുന്നുകൾ പലതും നമുക്ക് ലഭ്യമല്ലാതായി. ആധുനിക ചികിത്സയോടുള്ള അമിതാവേശവും നാടൻ ചികിത്സാ രീതികൾ തകരാൻ ഇടയായി. ഇന്ന് മർമ്മവൈദ്യന്മാരും, വിഷചികിത്സാ വൈദ്യന്മാരും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ചികിത്സ നടത്തുന്നുണ്ട്. സർക്കാരിന്റെ ഗ്രാന്റ് ലഭിക്കുന്ന രണ്ട് വിഷ വൈദ്യന്മാർ പഞ്ചായത്തിൽ ചികിത്സ നടത്തുന്നുണ്ട്.

അമിതമായ വൈദ്യവൽക്കരണം കൊണ്ടോ, പാരമ്പര്യ ചികിത്സ കൈമോശം വന്നതുകൊണ്ടോ ജനങ്ങളുടെ ബോധ നിലവാരത്തകർച്ച കൊണ്ടോ ഇന്ന് എന്ത് ചെറിയ അനുഭവത്തിനും,

ദേഹാസ്വാസ്ഥ്യങ്ങൾക്കും തോന്നലുകൾക്കും ഡോക്ടറെ കാണുന്ന പ്രവണത കൂടി കൂടി വരുന്നുണ്ട്. അനാവശ്യ മരുന്നുകൾ വരുത്തിവെക്കുന്ന രോഗങ്ങളുടെ ചികിത്സക്കാണ് പിന്നീട് പരക്കം പായേണ്ടി വരുന്നത്.

മഞ്ഞപ്പിത്തം, വയറിളക്കം, ക്ഷയം തുടങ്ങിയ ദരിദ്ര രോഗങ്ങളും കാൻസർ, രക്ത സമ്മർദ്ദം, പ്രമേഹം, ഹൃദയാഘാതം തുടങ്ങിയ സമ്പന്നതയുടേതെന്ന് വിശേഷിപ്പിക്കപ്പെടുന്ന രോഗങ്ങളും നമ്മുടെ പഞ്ചായത്തിൽ കാണപ്പെടുന്നുണ്ട്. ആരോഗ്യ വിദ്യഭ്യാസ ക്ലാസുകളും, സെമിനാറുകളും, ക്യാമ്പുകളും നടത്തി ജനങ്ങളെ ബോധവൽക്കരിക്കേണ്ടതാണ്.

81

ആരോഗ്യ രംഗം ഇന്ന് :

1958 ഫിബ്രവരി 15 ന് ചെങ്ങളായി സ്ഥാപിച്ച ഗവ : ആയുർവേദ ഡിസ്പൻസറിയാണ് കണ്ണൂർ ജില്ലയിലെ തന്നെ ആദ്യത്തെ സർക്കാർ ആതുര ശുശ്രൂഷാ കേന്ദ്രം. ഒരു വാടകക്കെട്ടിടത്തിലാണ് ഇന്നും ഡിസ്പൻസറി പ്രവർത്തിക്കുന്നത്. ഭാരതീയ ചികിത്സാ സമ്പ്രദായത്തോടുള്ള അധികാരി വർഗ്ഗത്തിന്റെ അവഗണനകൾക്ക് ഒരു ഉദാഹരണമാണ് ഈ സ്ഥാപനത്തിന്റെ ഇന്നത്തെ അവസ്ഥ. പഞ്ചായത്തിന്റെ ഒരറ്റത്ത് ആയതിനാൽ പഞ്ചായത്തിലെ ജനങ്ങൾക്ക് ശരിയായ രീതിയിൽ ഈ സ്ഥാപനത്തെ ആശ്രയിക്കാൻ കഴിയുന്നില്ല. നിരവധി രോഗികൾ ഇവിടെ ചികിത്സക്ക് എത്തുന്നുണ്ട്. സ്ഥാപനത്തിൽ മെഡിക്കൽ ഓഫീസർ, ഫാർമസിസ്റ്റ് തുടങ്ങി 4 ജീവനക്കാർ ജോലി ചെയ്യുന്നു.

1973 നവംബർ 3ന് ചെങ്ങളായിയിലെ സാമൂഹ്യ വിനോദ കേന്ദ്രത്തിൽ സ്ഥാപിക്കപ്പെട്ട റൂറൽ ഡിസ്പൻസറിയാണ് അലോപ്പതി ചികിത്സാ രംഗത്തെ ആദ്യത്തെ കാൽവെപ്പ്. കേരളത്തിലെ ഗ്രാമീണ ആശുപത്രികളിൽ ആദ്യത്തേതാണിത്. കക്കാടൻകത്ത് പുതിയ പുരയിൽ അഹമ്മദ് കുട്ടി ഹാജി നല്കിയ സ്ഥലത്താണ് ആശുപത്രി പണിതത്. പിന്നീട് 1988ൽ പ്രാഥമിക ആരോഗ്യ കേന്ദ്രമായി ഇത് ഉയർത്തപ്പെട്ടു. 4682 വീടുകളിലായി 26,660 പേർ അധിവസിക്കുന്ന പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങളും ഈ കേന്ദ്രത്തിലൂടെയാണ് കൈകാര്യം ചെയ്യപ്പെടേണ്ടത്. പഞ്ചായത്തിലെ പ്രാഥമിക ചികിത്സയും രോഗ പ്രതിരോധ പ്രവർത്തനവും, കുടുംബ ക്ഷേമ പ്രവർത്തനങ്ങളും ഈ സ്ഥാപനം വഴി നടപ്പിലാക്കുന്നു. മെഡിക്കൽ ഓഫീസർ അടക്കം 20 ജീവനക്കാർ ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. സ്ഥാപനം വഴി പാനീയ ചികിത്സാ പദ്ധതി നടന്നുന്നതു കൊണ്ട് വയറിളക്ക രോഗങ്ങൾ കുറയാനും അതുമൂലമുള്ള മരണം ഇല്ലാതാക്കാനും സാധിച്ചിട്ടുണ്ട്. പാനീയ ചികിത്സക്കുള്ള എല്ലാ സംവിധാനവും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും, അങ്കണവാടികളിലും മറ്റ് തെരഞ്ഞെടുത്ത കേന്ദ്രങ്ങളിലും ലഭ്യമാണ്. 1980 ൽ ചൂഴലിയിൽ തട്ടേരി എന്ന സ്ഥലത്ത് തുടങ്ങിയ ഗവ : റൂറൽ ഡിസ്പൻസറിയാണ് പഞ്ചായത്തിലെ 3മത്തെ ആതുര ശുശ്രൂഷാ കേന്ദ്രം. പ്രധാന അധ്യാപകൻ ശ്രീ. ഇ. പി. കുഞ്ഞിരയരപ്പൻ നമ്പ്യാർ സംഭാവനയായി നൽകിയ സ്ഥലത്താണ് നാട്ടുകാരുടെ കഠിനാധ്വാനത്തിന്റെ ഫലമായി 1980ൽ ഡിസ്പൻസറി സ്ഥാപിക്കപ്പെട്ടത്. ഈ വസ്തുത പഞ്ചായത്തിലെ എടുത്തു പറയാവുന്ന ജനകീയ പ്രവർത്തനമാണ്.

ഹോമിയോ ചികിത്സാ രംഗത്ത് എടുത്തു പറയാവുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഇല്ല. കണ്ണൂർ ജില്ലാ ഹോമിയോപ്പതിക് ഹോസ്പിറ്റൽ സൊസൈറ്റിയുടെ കീഴിൽ ചെങ്ങളായിൽ 1988ൽ ഹോമിയോ ആശുപത്രി പ്രവർത്തിച്ചിരുന്നു. എന്നാൽ ഇന്ന് ഇതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമല്ല. സ്വകാര്യ ഹോമിയോ ക്ലിനിക്കുകൾ പല ഭാഗത്തും പ്രവർത്തിക്കുന്നുണ്ട്. ചൂഴലിയിൽ ഒരു സ്വകാര്യ അലോപ്പതി ക്ലിനിക്ക് നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

മാതൃശിശു സംരക്ഷണം, രോഗ പ്രതിരോധ പ്രവർത്തനം, കുടുംബക്ഷേമ പ്രവർത്തനം, ജനസംഖ്യാ നിയന്ത്രണം എന്നിവ ലക്ഷ്യമാക്കി ചെങ്ങളായി, വളക്കൈ, കൊയ്യം, നിടുവാലൂർ, ചുഴലി പി. എച്ച്. സി യോടും, ജി. ആർ. ഡി. യോടും ചേർന്ന് രണ്ട് കേന്ദ്രങ്ങൾ എന്നിവ അടക്കം 7 കുടുംബ ക്ഷേമ ഉപകേന്ദ്രങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഓരോ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരാണ് ഇതിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ആരോഗ്യ പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹരിക്കുന്നതിന് വേണ്ടിയുള്ള നിർദ്ദേശവും ആരോഗ്യ വിദ്യാഭ്യാസവും നൽകുന്നതിന് 5 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ചെങ്ങളായി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ

പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ

നമ്പർ	സ്ഥാപനം	സ്ഥിതി ചെയ്യുന്ന സ്ഥലം		
1.	പ്രാഥമിക ആരോഗ്യകേന്ദ്രം	ചെങ്ങളായി	14	സ്വന്തം കെട്ടിടം
2.	ഗവ : റൂറൽ ഡിസ്പൻസറി	ചുഴലി	6	സ്വന്തം കെട്ടിടം
3.	കുടുംബക്ഷേമ ഉപകേന്ദ്രം	ചെങ്ങളായി	1	വാടകക്കെട്ടിടം
4.	കുടുംബക്ഷേമ ഉപകേന്ദ്രം	വളക്കൈ	1	വാടകക്കെട്ടിടം
5.	കുടുംബക്ഷേമ ഉപകേന്ദ്രം	കൊയ്യം	1	വാടകക്കെട്ടിടം
6.	കുടുംബക്ഷേമ ഉപകേന്ദ്രം	നിടുവാലൂർ	1	വാടകക്കെട്ടിടം
7.	കുടുംബക്ഷേമ ഉപകേന്ദ്രം	ചുഴലി	1	വാടകക്കെട്ടിടം
8.	ഗവ: ആയുർവ്വേദ ഡിസ്പൻസറി	പരിപ്പായി	4	വാടകക്കെട്ടിടം

മൊബൈൽ ഡിസ്പൻസറി

വളക്കൈ, കൊയ്യം, ഭാഗങ്ങളിൽ ആഴ്ചയിൽ രണ്ടു ദിവസം പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിലെ ജനന മരണ വിവരങ്ങൾ

വർഷം	ജനനം	മരണം	ചാപിള്ള ജനനം
1993 94	356	138	ഇല്ല
1994 95	344	134	2
1995 96	416	128	4

അവലംബം : പി. എച്ച്. സി.1 രേഖകൾ

കഴിഞ്ഞ വർഷങ്ങളിൽ വിവിധ രോഗങ്ങൾക്ക് ആരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സ നേടിയവരുടെ എണ്ണം

ഗവൺമെന്റ് പ്രാഥമിക ആരോഗ്യ കേന്ദ്രം ചെങ്ങളായി

വർഷം	രോഗങ്ങൾ സംബന്ധിച്ച വിവരം പ്രതിവർഷം (എണ്ണം)				ആകെ രോഗികൾ
	തുക്കരോഗം	വാതരോഗം	പകർച്ചവ്യാധി	മറ്റ് രോഗങ്ങൾ	
1992 - 93	4095	5118	985	23925	34123
1993 - 94	3442	4475	884	25621	34422
1994 - 95	3253	4732	849	20742	29576
1995-96	3613	3892	949	19342	27796
2. ഗവ. റൂറൽ ഡിസ്പൻസറി. ചുഴലി					
1992 - 93	1194	1295	396	10611	13496
1993 - 94	1124	1196	385	11559	14264
1994 - 95	1296	1284	374	13055	16009
1995 - 96	1023	1386	385	11409	14203
3. ഗവ. ആയുർവ്വേദ ആശുപത്രി. ചെങ്ങളായി					
1992 - 93	950	9750	ഇല്ല	250	10950
1993 - 94	2380	10043	ഇല്ല	4002	16425
1994 - 95	3033	12010	ഇല്ല	3207	18250
1995 - 96	3333	13013	ഇല്ല	2269	18615

1995 ൽ 41,176 രൂപയുടേയും 1994 ൽ 62017 രൂപയുടേയും മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ട്. ഗവ : ആയുർവ്വേദ ഡിസ്പൻസറി ചെങ്ങളായിയിൽ 1995ൽ 15283 രൂപയുടേയും 1996ൽ 32604 രൂപയുടേയും മരുന്നു വിതരണം ചെയ്തിട്ടുണ്ട്.

അവലംബം : ആശുപത്രി രേഖകൾ

പ്രാഥമിക ആരോഗ്യ കേന്ദ്രം, റൂറൽ ഡിസ്പൻസറി, ആയുർവ്വേദ ഡിസ്പൻസറി ഇവിടങ്ങളിൽ പുരുഷന്മാരെക്കാൾ സ്ത്രീകളാണ് ചികിത്സക്കു വേണ്ടി എത്തുന്നത്. പി. എച്ച്. സി. രേഖകൾ പ്രകാരം പഞ്ചായത്തിലെ ശരാശരി ജനന നിരക്ക് 15 (സംസ്ഥാന ശരാശരി 17) മരണനിരക്ക് 4.4 (സംസ്ഥാന ശരാശരി 5.9), ശിശു മരണ നിരക്ക് 5 ഉം ആണ്. മാതൃ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. 4 ചാപിള്ള ജനനവും ഉണ്ടായിട്ടുണ്ട്. പഞ്ചായത്ത് അതിർത്തിക്ക് വെളിയിൽ നടക്കുന്ന ജനന മരണ വിവരം അതാത് സ്ഥലങ്ങളിൽ രജിസ്റ്റർ ചെയ്യുന്നതുകൊണ്ട് ഈ വിവരം പൂർണ്ണമാകണമെന്നില്ല.

പി. എച്ച്. സി. രേഖകൾ പ്രകാരം പഞ്ചായത്തിലുണ്ടായ പകർച്ചവ്യാധികളെക്കുറിച്ചുള്ള വിവരങ്ങൾ

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
1993 - 94	240	392	ഇല്ല	252
1994 - 95	230	371	ഇല്ല	248
1995 - 96	226	365	14	244

ജല ജന്യരോഗങ്ങൾ വായു ജന്യ രോഗങ്ങൾ പ്രാണി ജന്യ രോഗങ്ങൾ മറ്റുള്ളവ

വായുജന്യരോഗങ്ങളും പ്രാണിജന്യ രോഗങ്ങളും കൂടുന്നത് ഗൗരവപൂർവ്വം തന്നെ കാണേണ്ടതാണ്.

പ്രായാടിസ്ഥാനത്തിൽ പഞ്ചായത്തിലെ ദമ്പതിമാരുടെ എണ്ണം

സ്ത്രീയുടെ പ്രായക്രമം	എണ്ണം
15 - 19	175
20 - 24	737
25 - 29	973
30 - 34	862
35 - 39	623
40 - 44	310
ആകെ ദമ്പതികൾ	3680

അവലംബം : പി. എച്ച്. സി രേഖകൾ

പഞ്ചായത്തിലെ അമ്മമാരുടെ എണ്ണം

ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്ത	എണ്ണം	കുടുംബാസൂത്രണം സ്വീകരിച്ച അമ്മമാർ
1. കുട്ടി	583	318
2. കുട്ടികൾ	998	896
2ൽ കുടുതൽ കുട്ടികൾ	1852	2432
	3433	**3646**

സ്ത്രീകളാണ് കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിക്കുന്നത്. പഞ്ചായത്തിൽ പുരുഷന്മാർ കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ചത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

പി. എച്ച്. സി. രേഖകൾ പ്രകാരമുള്ള, പഞ്ചായത്തിലെ അംഗവൈകല്യമുള്ളവരുടെ വിവരം.

അംഗവൈകല്യം	എണ്ണം
അന്ധർ	12
ബധിരർ	15
മൂകർ	10
ബധിരമൂകർ	5
ചലന വൈകൃമുള്ളവർ	39
ആകെ	**81**

മന്ദബുദ്ധികളുടെ എണ്ണം

പ്രായാടിസ്ഥനാത്തിൽ	എണ്ണം
0-5	10
6-10	12
11-15	8
16 ന് മേൽ	24
ആകെ	**54**

സ്ഥായിയായ രോഗബാധിതരെക്കുറിച്ചുള്ള വിവരങ്ങൾ

രോഗം	എണ്ണം
രക്തസമ്മർദ്ദം	98
പ്രമേഹം	29
കാൻസർ	7
കുഷ്ഠം	5
ക്ഷയം	11
ഹൃദ്രോഹം	22

ചെങ്ങളായി പഞ്ചായത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സക്ക് എത്തിയവരുടെ വിവരങ്ങളാണ് മുകളിൽ കൊടുത്തിട്ടുള്ളത്. ഇങ്ങനെയുള്ള രോഗങ്ങൾ വന്നാൽ താലൂക്ക്, ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളജ് ആശുപത്രി, സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളെയാണ് രോഗികൾ ശരണം പ്രാപിക്കുന്നത്.

പ്രതിരോധ കുത്തിവെയ്പുകൾ എല്ലാം തന്നെ പഞ്ചായത്തിലെ ആരോഗ്യകേന്ദ്രങ്ങളിൽ നിന്ന് ലഭ്യമാണ്. ഒരു വയസ്സിന് താഴെയുള്ള 416 കുട്ടികളിൽ 411 കുട്ടികൾക്കു മാത്രമേ പ്രതിരോധ കുത്തിവെയ്പുകൾ ലഭിച്ചിട്ടുള്ളൂ. 412 ഗർഭിണികൾ പഞ്ചായത്തിൽ ഉണ്ട്. പഞ്ചായത്തിനെ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി ഒരു ലെപ്രസി ഹെൽത്ത് വിസിറ്റർ പഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്നു.

പ്രശ്നങ്ങൾ

1. പൊതുജന ആരോഗ്യരംഗത്തെ സേവനങ്ങൾ 4, 5, 6, 10, 11 വാർഡുകളിൽ ഫലപ്രദമായി ലഭ്യമാകുന്നില്ല.

2. ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾ ജനകീയവൽക്കരിക്കപ്പെട്ടിട്ടില്ല.

3. ആരോഗ്യകേന്ദ്രങ്ങളിൽ അത്യാവശ്യമായ മരുന്നുകൾ ലഭിക്കുന്നില്ല.

4. മലമ്പനി പോലുള്ള പകർച്ചവ്യാധികൾ പഞ്ചായത്തിന്റെ പലഭാഗങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്.

5. അടിയന്തിര ഘട്ടങ്ങളിൽ അത്യാവശ്യ ചികിത്സക്കുള്ള സംവിധാനങ്ങൾ ഇല്ല.

6. നിലവിലുള്ള പി. എച്ച്. സി. യിൽ ലബോറട്ടറി സൗകര്യങ്ങൾ ഇല്ല്.

7. മരുന്നുകളുടെ അമിതമായ വില സാധാരണക്കാർക്ക് താങ്ങാനാവുന്നില്ല.

8. പി. എച്ച്. സി, ജി. ആർ. സി, ആയുർവ്വേദ ആശുപത്രി, കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.

9. ആരോഗ്യപ്രവർത്തരുടെ സേവനം പൂർണ്ണസമയവും ലഭ്യമാകുന്നില്ല.

10. ഭൂരിഭാഗം വീടുകളിലും കക്കൂസ് സൗകര്യങ്ങൾ ഇല്ല.

11. മത്സ്യമാർക്ക്, ഇറച്ചിമാർക്കറ്റ്, സ്റ്റോൺ ക്രഷർ പോലുള്ള വ്യവസായ യൂണിറ്റുകൾ ഇവ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

12. അടിയന്തിര ഘട്ടങ്ങളിൽ രക്തം ലഭ്യമാക്കുന്നതിന് സംവിധാനം ഇല്ല.

13. സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള പ്രത്യേക ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നില്ല.

14. കുടിവെള്ളം അണുവിമുക്തമാക്കുന്ന നടപടികൾ ഉണ്ടാകാറില്ല.

സാധ്യതകൾ

1. ആവശ്യമായ കേന്ദ്രങ്ങളിൽ ഡിസ്പെൻസറികളെ കുടുംബ ക്ഷേമ ഉപകേന്ദ്രങ്ങളോ സ്ഥാപിക്കുക. കുളത്തൂർ, മാവിലുംപാറ, കണ്ണാടിപ്പാറ, കൊയ്യം, തവറൂൽ, പെരിന്തലേരി, മണക്കാട്, തേർളായി തുടങ്ങിയ പിന്നോക്ക പ്രദേശങ്ങളിൽ പരിഗണിക്കപ്പെടണം.

2. ആരോഗ്യരംഗത്ത് ജനകീയ ഇടപെടലുകൾ ഉണ്ടാകണം. ആശുപത്രികൾക്കുള്ള വികസന സമിതികൾ സജീവമാക്കുകയും ഉപകേന്ദ്രഅടിസ്ഥാനത്തിൽ സമിതികൾ രൂപീകരിക്കുകയും വേണം.

3. എട്ടാം വാർഡിലെ കുടുംബക്ഷേമ ഉപകേന്ദ്രം ശിശുമന്ദിരത്തിലേക്ക് മാറ്റി സ്ഥാപിക്കണം.

4. ആരോഗ്യരംഗത്തെ ബോധവൽക്കരണ പ്രവർത്തനം ശക്തമാക്കണം.

5. ആരോഗ്യകേന്ദ്രങ്ങളിൽ അവശ്യമരുന്നുകൾ ലഭ്യമാക്കണം.

6. പകർച്ചവ്യാധികൾ തടയാനുള്ള ഫലപ്രദമായ നടപടികൾ ഉണ്ടാകണം. ആരോഗ്യപ്രവർത്തകരുടെ ഫീൽഡ് വിസിറ്റ് കാര്യക്ഷമമാക്കുക.

7. പി. എച്ച്. സി. യിൽ അത്യാഹിത ചികിത്സാ വിഭാഗം, ലബോറട്ടറി സൗകര്യം എന്നിവ ഉണ്ടാക്കണം.

8. പി. എച്ച്. സിയുടെ കെട്ടിട നിർമ്മാണ പ്രവർത്തനം അടിയന്തിരമായി പൂർത്തീകരിക്കുകയും കിടത്തി ചികിത്സാ സൗകര്യം ഉണ്ടാക്കുകയും വേണം.

9. ചുഴലി റൂറൽ ഡിസ്പെൻസറിയിൽ വൈദ്യുതിയും ശുദ്ധജലവും ലഭ്യമാക്കുക.

10. പരിപ്പായിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആയുർവ്വേദ ആശുപത്രിക്ക് സൗകര്യപ്രദമായ സ്ഥലത്ത് ആവശ്യമായ കെട്ടിടം പണിയണം.

11. കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് ആരോഗ്യ പ്രവർത്തനകർക്ക് താമസിച്ച് സേവനം നടത്താനുള്ള സൗകര്യം ഉണ്ടാകണം.

12. പി. എച്ച്. സിയോട് അനുബന്ധിച്ച് ന്യായവില മരുന്നുഷാപ്പുകൾ ആരംഭിക്കണം.

13. മുഴുവൻ വീടുകളിലും കക്കൂസ് നിർമ്മിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

14. മത്സ്യമാർക്കറ്റ്, ഇറച്ചിമാർക്കറ്റ്, വ്യവസായയൂണിറ്റുകൾ എന്നിവയിലൂടെയുള്ള പരിസര മലിനീകരണം തടയണം.

15. പഞ്ചായത്തിന്റെ നേതൃത്വത്തിൽ എല്ലാ വാർഡുകളിലും രക്തദാന സേനരൂപീകരിക്കണം.

16. കുട്ടികളുടെ അമ്മമാരുടെയും ആരോഗ്യകാര്യങ്ങൾ ശ്രദ്ധിക്കുന്നതിന് ആരോഗ്യപ്രവർത്തകർക്ക് കൂടുതൽ പരിശീലനം നൽകുകയും പി. എച്ച്. സി. യിൽ പ്രത്യേകം ഡോക്ടറുടെ സേവനം ലഭ്യമാക്കുകയും വേണം.

17. കുടിവെള്ളം ക്ലോറിനേറ്റ് ചെയ്യുന്ന രീതി സാർവ്വത്രീകമാക്കുക.

18. മലയോര മേഖലകളിൽ കൂടി പ്രയോജനമാക്കുന്ന തരത്തൽ ചെങ്ങളായിയിൽ കമ്മ്യൂണിറ്റി ഹെൽത്ത് കെയർ സെന്റർ സ്ഥാപിക്കണം.

19. ഉപകേന്ദ്രങ്ങളിൽ ആഴ്ചയിലൊരുദിവസമെങ്കിലും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കണം.

20. മൊബൈൽ ഡിസ്പെൻസറിയുടെ സേവനം കുളത്തൂർ പ്രദേശത്ത് ലഭ്യമാക്കണം.

21. ക്യാൻസർ നിയന്ത്രണ പദ്ധതി ജനകീയ സഹകരണത്തോടെ നടപ്പാക്കണം.

22. പി. എച്ച്. സി. യോട് ചേർന്നുള്ള കുടുംബക്ഷേമ ഉപകേന്ദ്രം ആവശ്യമായ സ്ഥലത്തേക്ക്

മാറ്റി സ്ഥാപിക്കണം.

പരിസര ശുചിത്വം

പരിസര ശുചിത്വം നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാണ്. ശുചിത്വമുണ്ടായാലോ ആരോഗ്യമുള്ള ജനത ഉണ്ടാവുകയുള്ളൂ. കുടിവെള്ള പ്രശ്നവും ശുചിത്വമുള്ള കക്കൂസുകളുടെ കുറവും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നു. പഞ്ചായത്തിലെ അങ്കണവാടികൾ, സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ഒന്നും തന്നെ ശുചിത്വമുള്ള കക്കൂസുകൾ ഇല്ലെന്നുള്ളത് ഗൗരവമുള്ള പ്രശ്നം തന്നെയാണ്.

4682 വീടുകളിലായി 26660 ജനങ്ങൾ വസിക്കുന്ന പഞ്ചായത്തിൽ 2810 വീടുകളിൽ മാത്രമേ കക്കൂസുള്ളൂ എന്ന് പി. എച്ച്. സി. റിപ്പോർട്ടുകളിൽ പറയുന്നു. കക്കൂസുള്ള വീടുകളിൽ ഉള്ളത് ശുചിത്വകുറവുള്ള കക്കൂസുകളാണ്,

കൂടുതലും പഞ്ചായത്തിലെ സംബന്ധിക്കുന്ന വിവരം.

വാർഡ് നമ്പർ	ഇല്ലാത്ത വീടുകളുടെ എണ്ണം (IRDP സർവ്വേ പ്രകാരം)	ഇതുവരെ ജനുവരിച്ച കക്കൂസുകൾ(1992നു ശേഷം)	പൂർത്തികരിച്ചവയുടെ എണ്ണം	ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം
1	65	7	5	58
2	43	3	2	40
3	40	6	5	34
4	46	3	2	43
5	58	6	5	52
6	62	4	3	58
7	65	4	3	61
8	74	3	2	71
9	54	3	2	51
10	47	4	3	43
11	65	3	2	62
ആകെ	**619**	**46**	**34**	**573**

പഞ്ചായത്തിന്റെ കീഴ്ലുള്ള ശുചീകരണ സംബന്ധിച്ച വിവരങ്ങൽ

വാർഡ് നമ്പർ	ശുചീകരണത്തിനുള്ള ജീവനക്കാർ	മൂത്രപ്പുരകൾ	കക്കൂസുകൾ	കുളികടവുകൾ	ശ്മശാനങ്ങൾ	അറവ്ശാലകൾ	മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള സ്ഥലം
1	1	1	1	5	ഇല്ല	1	1
2	1	ഇല്ല	ഇല്ല	4	1	ഇല്ല	ഇല്ല
3	ഇല്ല	ഇല്ല	ഇല്ല	3	ഇല്ല	ഇല്ല	ഇല്ല
4	ഇല്ല	ഇല്ല	ഇല്ല	4	ഇല്ല	ഇല്ല	ഇല്ല
5	ഇല്ല	ഇല്ല	ഇല്ല	4	ഇല്ല	ഇല്ല	ഇല്ല
6	ഇല്ല	ഇല്ല	ഇല്ല	3	ഇല്ല	ഇല്ല	ഇല്ല
7	ഇല്ല	ഇല്ല	ഇല്ല	2	ഇല്ല	ഇല്ല	ഇല്ല
8	ഇല്ല	ഇല്ല	ഇല്ല	2	ഇല്ല	ഇല്ല	ഇല്ല
9	ഇല്ല	ഇല്ല	ഇല്ല	2	ഇല്ല	ഇല്ല	ഇല്ല
10	ഇല്ല	ഇല്ല	ഇല്ല	2	ഇല്ല	ഇല്ല	ഇല്ല
11	ഇല്ല	ഇല്ല	ഇല്ല	2	ഇല്ല	ഇല്ല	ഇല്ല
ആകെ							

അവലംബം : പഞ്ചായത്ത് രേഖകൾ

പ്രശ്നങ്ങളും സാധ്യതകളും.

1. ഒന്നാം വാർഡിൽ ചെങ്ങളായി റോഡരികിൽ പ്രവർത്തിക്കുന്ന അറവുശാലയും മത്സ്യമാർക്കറ്റും യോഗ്യമായ സ്ഥലം കണ്ടെത്തി മാറ്റി സ്ഥാപിക്കേണ്ടതാണ്.

2. മൂന്നാംവാർഡിലുള്ള പൊതു ശ്മശാനം ആധുനിക സംവിധാനങ്ങളോട്കൂടി വിപുലപ്പെടുത്തുകയും മറ്റുവാർഡുകളിൽ ശ്മശാനത്തിന് സ്ഥലം കണ്ടെത്തുകയും വേണം.

3. ചെങ്ങളായി, വളക്കൈ, ചുഴലി, നിടുവാലൂർ എന്നീ കവലകളിൽ മൂത്രപ്പുരയും പൊതുകക്കൂസുകളും നിർമ്മിക്കേണ്ടതാണ്.

4. ആറാംവാർഡിലെ വളക്കൈയിൽ മദ്രസക്കടുത്ത് അനധികൃതമായി പ്രവർത്തിക്കുന്ന അറവ്ശാലയിൽ നിന്ന് മാലിന്യങ്ങൾ തോട്ടിൽ ഒഴുക്കുന്നത്കൊണ്ട് ജനങ്ങൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഇവിടെ പഞ്ചായത്ത് അറവുശാല സ്ഥാപിക്കേണ്ടതാണ്.

5. ഒന്നാം വാർഡിലെ പരിപ്പായിൽ രാത്രികാലങ്ങളിൽ വർക്ക്ഷോപ്പ് പ്രവർത്തിക്കുന്നതുമൂലമുള്ള ശബ്ദം പരിസവാസികളിൽ പ്രശ്നം സൃഷ്ടിക്കുന്നു. മാലിന്യങ്ങൾ റോഡരികിൽ തള്ളുന്ന പ്രവണത മിക്ക വാർഡുകളിലും ഉണ്ട്. ഇത് നിയമംമൂലം കർശനമായി നിയന്ത്രിക്കണം.

6. പഞ്ചായത്ത് വക എല്ലാം കവലകളിലും മാലിന്യശേഖരണപെട്ടി (Waste Disposible Box) സ്ഥാപിക്കണം.

7. വാർഡ് മെമ്പർ, ആരോഗ്യപ്രവർത്തകർ, വ്യാപാരി വ്യവസായി പ്രതിനിധികൾ, സാമൂഹ്യപ്രവർത്തകർ ഇവർ ചേർന്ന കമ്മിറ്റിയുടെ മേൽനോട്ടത്തിലായിരിക്കണം ശുചീകരണ പ്രവർത്തനം നടത്തേണ്ടത്.

8. ഹോട്ടലുകൾ, ബേക്കറികൾ തുടങ്ങിയവയ്ക്ക് ലൈസൻസ് നൽകുന്നതിനെ മുൻസിപ്പാലിറ്റിയിൽ ഉപയോഗിക്കുന്ന നിയമംതന്നെ പഞ്ചായത്തിലും നടപ്പിലാക്കണം.

9. ആരോഗ്യപ്രവർത്തകരുടെ സഹായത്താൽ പഞ്ചായത്തിലെ കിണറുകൾ ക്ലോറിനേറ്റ് ചെയ്യണം.

10. പേവിഷബാധ, ഇല്ലാതാക്കാനുള്ള നടപടികൾ നടപ്പ് പദ്ധതിയിൽ ഉണ്ടാകണം.

11. സമഗ്രശുചിത്വ പദ്ധതി പ്രകാരമുള്ള കക്കൂസ് നിർമ്മാണ സഹായം 5000 രൂപയായി ഉയർത്തുകയും വാർഡ് മെമ്പർ, വി. ഇ. ഒ. ഇവരുടെ അഭിപ്രായ അടിസ്ഥാനത്തൽ തന്നെ വിതരണം ചെയ്യുകയും വേണം. കക്കൂസ് നിർമ്മിക്കാനുള്ള ബോധവൽക്കരണ ആരോഗ്യപ്രവർത്തകരിലൂടെ ജനങ്ങളിലുണ്ടാക്കണം.

12. വളക്കൈയിൽ ഓല ചീഞ്ഞുള്ള ശുചിത്വ പ്രശ്നം തൊഴിലിനെ ബാധിക്കാതെ പരിഹരിക്കണം.

13. വ്യക്തി ശുചിത്വത്തെക്കുറിച്ച് ഗാർഹിക ശുചിത്വത്തെക്കുറിച്ചും ബോധവൽക്കരണം വേണം.

ഗതാഗതം



ഗതാഗതം

പുരോഗതിയുടെ പ്രതീകമാണ് ചക്രം. വികസനം എന്നാൽ നമ്മുടെ മനസ്സിലേക്ക് കടന്നുവരുന്നത് തന്നെ റോഡുകളും പാലങ്ങളുമാണ്. ഇന്നുവരെയുള്ള മാനവചരിത്രത്തിലെ വികസനപക്രിയയിൽ ഏറ്റവും പ്രധാനമായത് ഗതാഗതവാർത്താ വിനിമയ രംഗമാണ്.

വളരെ വർഷങ്ങൾക്ക് മുമ്പ്തന്നെ ചെങ്ങളായി ഒരു കച്ചവട കേന്ദ്രമായിരുന്നു. ആദ്യകാലത്ത് റോഡ് ഗതാഗതം വളരെ അപര്യാപ്തമായിരുന്നു. ചെങ്ങളായി വളപട്ടണം ബോട്ട് സർവ്വീസ് ആയിരുന്നു അക്കാലത്തെ പ്രധാന ഗതാഗത മാർഗം. മുളകളും മരങ്ങളും 'പാണ്ടി' കളായും മറ്റ് ഉൽപ്പന്നങ്ങൾ വലിയ തോണികളിലും വളപട്ടണത്ത് എത്തിക്കുകയായിരുന്നു പതിവ്. സമീപ പഞ്ചായത്തുകളായ മലപ്പട്ടം, മയ്യിൽ, നമ്മുടെ പഞ്ചായത്തിലെ തേർലായി ദ്വീപ് എന്നിവയുമായി ബന്ധപ്പെടുന്നതിന് അന്നും ഇന്നും കടത്തുതോണിയാണ് ആശ്രയം. പ്രധാന കടത്തുകളുടെ പട്ടിക താഴെ ചേർക്കുന്നു.

ക്രമ നമ്പർ	കടവിന്റെ പേര്	ബന്ധപ്പെടുന്ന പഞ്ചായത്ത്
1	ചെങ്ങളായി ബോട്ട് കടവ്	മലപ്പട്ടം
2	തൈകടവ്	മലപ്പട്ടം
3	കൊളന്തക്കടവ്	മലപ്പട്ടം
4	മുനമ്പ്കടവ്	മലപ്പട്ടം - മയ്യിൽ
5	ചെക്കിക്കടവ്	മയ്യിൽ
6	പെരുമ്പാറക്കടവ്	മയ്യിൽ
7	മണക്കാട് പൂഴിക്കടവ്	തേർലായി ദ്വീപ്
8	തേർലകടവ്	തേർലായി ദ്വീപ്

ചെങ്ങളായിലെ ഏറ്റവും പഴക്കംചെന്ന റോഡുകളിൽ ഒന്നാണ് 1945ൽ നിർമ്മിച്ച കാവുമ്പായി കരിവെള്ളൂർ റോഡ്, മറ്റൊന്ന് ഇന്ന് S. H. ആയിമാറിയ തളിപ്പറമ്പ-ശ്രീകണ്ഠാപുരം റോഡാണ്. കാവുമ്പായി കരിവെള്ളൂർ റോഡ്, ശ്രീകണ്ഠാപുരം പഞ്ചായത്തിലെ നിടിയേങ്ങയിൽ തുടങ്ങി വലിയപറമ്പ, ആലുവച്ചേരി, മൊട്ടക്കെപീടിക, ചുഴലി എച്ച്. എസ്. അമോന്തല വഴി കുറമാത്തൂർ പഞ്ചായത്തിലെ പന്നിയൂരുമായി ബന്ധപ്പെടുത്തുന്നു. ഏതാണ്ട് പത്ത്കി ലോമീറ്റർനീളമുള്ള ഈ റോഡിൽ പഞ്ചായത്തിൽ ര

ണ്ട്കിലോമീറ്റർ ടാർ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഗതാഗതം കൂടുതലുള്ള റോഡാണ് S. H. ചെങ്ങളായി പഞ്ചായത്തിലെ ഗതാഗത രംഗത്ത് വിപ്ലകരമായ മാറ്റത്തിന് കാരണമായത് ഈറോഡും വളക്കൈപാലവുമാണ്. പ്രസ്തുത റോഡ് പൂർണ മായും താർ ചെയ്തതാണെങ്കിലും പലയിടങ്ങളിലും തകർന്നിട്ടുണ്ട്. ചെങ്ങളായി, പരിപ്പായി, വയലുകളിൽ വർഷകാലത്ത് വെള്ളപ്പൊക്കംമൂലം ദിവസങ്ങളോളം ഗതാഗതം മുടങ്ങുന്നു. ബസ്സ് ഗതാഗതം നിലവിലുള്ള വളക്കൈ, ചുഴലി ചെമ്പന്തൊട്ടി, വളക്കൈ കൊയ്യം എന്നീ റോഡുകൾ PWD. ഏറ്റെടുത്ത് പൂർണമായി ഗ്രാർചെയ്തിട്ടുണ്ട്. കൂനം കുളത്തൂർ, കണ്ണാടിപ്പാറ റോഡിൽ നാമമാത്ര ബസ്സ് ഗതാഗതം ഉണ്ടെങ്കിലും റോഡ് ശോചനീയാവസ്ഥയിൽ ആയതിനാൽ ബസ്സ് കൃത്യമായി ഓടുന്നില്ല. കുണ്ടും കുഴിയും നിറഞ്ഞ ഈ റോഡ് കാൽനട യാത്രക്ക്പോലും പറ്റാത്ത സ്ഥിതിയിലാണ്. ചുഴലി അമ്മോന്തല റോഡിന്റെ സ്ഥിതിയും വ്യത്യസ്ഥമല്ല. ജനകീയ പങ്കാളിത്തത്തോടെ പുതിയ ബസ്സ് വാങ്ങി ഗതാഗതം ആരംഭിച്ച ചെങ്ങളായി പെരുങ്കോന്ന് - കൊയ്യം റോഡിലെ അപകട സാധ്യതയുള്ള വളവുകളും, കണ്ണം കൈ വയലിലെ കല്ലുകെട്ടി ഉയർത്തിയ ഭാഗവും അടിയന്തിര ശ്രദ്ധ അർക്കുന്നു. കൂടുതൽ ഗതാഗതമുള്ള ശോചനീയസ്ഥയിലുള്ള ഗതഗതമുള്ള, ശോചനീയാവസ്ഥയിലുള്ള മറ്റൊരു റോഡാണ് നിടുവാലൂർ പള്ളം റോഡ്. പഞ്ചായത്തിലെ മിക്കറോഡുകളും ശ്രമദാനമായി നിർമ്മിച്ചതാണ്.

സമീപ പഞ്ചായത്തുകളായ ശ്രീകണ്ഠപുരം, എരുവേലി, പയ്യാവൂർ, കുറുമാത്തൂർ എന്നിവിടങ്ങളിലെ ജനങ്ങൾക്ക് ജില്ലാ ആസ്ഥാനവുമായി എളുപ്പത്തിൽ ബന്ധപ്പെടാൻ കൊയ്യം ചെക്കിക്കടവിൽ മയ്യിൽ പഞ്ചായത്തുമായി ബന്ധിപ്പിച്ച് പാലം പണിയണമെന്ന ആവശ്യത്തിന് വർഷങ്ങളുടെ പഴക്കം ഉണ്ട്. ഇത് ചെങ്ങളായിയുടെ ഗതാഗത രംഗത്തെ മുഖച്ഛായ മാറ്റുന്നതിനും സമഗ്രവികസനത്തിനും സഹായകമാകും. പാലത്തോടനുബന്ധിച്ച് റഗുലേറ്റർ കൂടി നിർമ്മിച്ചാൽ ഈ മേഖലയിലെ കൃഷിക്കാർ അനുഭവിക്കുന്ന ഉപ്പുവെള്ള പ്രശ്നം പരിഹരിക്കപ്പെടും. ഇതോടൊപ്പംതന്നെ ശുദ്ധജല വിതരണ പദ്ധതിയും നടപ്പിലാക്കാവുന്നതാണ്.

എല്ലാ ഗ്രാമങ്ങളെയും ബന്ധപ്പെടുത്തി ചെറുതും വലുതുമായി വിപുലമായ ഒരു റോഡ് ശൃംഖല തന്നെ നമുക്ക് ഉണ്ടെങ്കിലും 126 K.M. ഉള്ള ഈ റോഡുകളുടെ ഇന്നത്തെ അവസ്ഥ പരിതാപകരമാണ്. പഞ്ചായത്തിന്റെ വികസന പ്രവർത്തനത്തിൽ ഏറിയ പങ്കും റോഡുകൾക്ക് ചെലവഴിച്ചുവെങ്കിലും വേണ്ടത്ര ഫലവത്താകാത്തത് ഖേദകരം തന്നെ. ഫണ്ട് ഉപയോഗത്തിലെ ചോർച്ച, നിർമ്മാണത്തിലെ അശാസ്ത്രീയത, ബഹുജന ഇടപെടലിന്റെ അഭാവം തുടങ്ങിയ കാരണങ്ങളാൽ നമ്മുടെ പണം റോഡിൽ ചെളിയായും പൊടിയായും നശിക്കുന്നു. പഞ്ചായത്തിലെ ടാർ ചെയ്ത റോഡുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	റോഡിന്റെ പേര്	നീളം കിലോമീറ്ററിൽ
1	തേർതല - കുറുമാത്തൂർ	2
2	വളക്കൈ - അംബേദ്കർ കോളനി	0. 35
3	ചെങ്ങളായി - പെരുങ്കോന്ന് - കൊയ്യം HS	5. 700
4	ചേരംകുന്ന് - കൊയ്യം	3. 500
5	ചെങ്ങളായി - ചുഴലി	5
6	വളക്കൈ - ചെമ്പന്തൊട്ടി	9
7	വളക്കൈ - കൊയ്യം	6
8	നെടുമുണ്ട - പരിപ്പായി S. H.	8

മുൻ വർഷങ്ങളിൽ പഞ്ചായത്ത് റോഡുകൾക്കുവേണ്ടി ചെലവഴിച്ച തുക പട്ടികാ രൂപത്തിൽ താഴെ ചേർക്കുന്നു.

വർഷം	വരവ്	ചെലവ്	ശതമാനം
1991-92	16, 83035.19	61436.00	3. 65
1992 -93	10,05235.53	35552.00	3. 55
1993 - 94	1289516.96	233676.00	1. 81
1994 - 95	1290208.28	863306.00	6.7

SHൽ പരിപ്പായി-കക്കറക്കുന്ന് വളവ്, ചെങ്ങളായി MLP വളവ്, നിടുവാലൂർ സ്കൂൾ വളവ്, വളക്കൈ ജംഗ്ഷൻ തുടങ്ങിയ സ്ഥലങ്ങളിൽ അപകട സാധ്യത കൂടുതലാണ്. ഇവിടങ്ങളിൽ പരിഹാര നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിലെ ഏറെ വാർഡുകളിൽ ഗതാഗത വാർത്താ വിനിമയരംഗത്ത് ഏറെ വാർഡുകളിൽ ഗതാഗത വാർത്താ വിനിമയ രംഗത്ത് പിന്നോക്കാവസ്ഥയുണ്ട്. അതിൽ ഏറ്റവും പിന്നോക്കമാണ് കുളത്തൂർ – കണ്ണാടിപ്പാറ പ്രദേശം, എടക്കുളം എന്നിവ. ഗ്രാമസഭകൾ ടാർ ചെയ്യാൻ ആവശ്യപ്പെട്ട പ്രധാന റോഡുകൾ, പാലങ്ങൾ എന്നിവയുടെ പട്ടിക താഴെ ചേർക്കുന്നു.

റോഡിന്റെ പേര്

ക്രമ നമ്പർ	റോഡിന്റെ പേര്	വാർഡ്
1	പരിപ്പായി- സ്കൂൾ റോഡ്	I
2	ചെങ്ങളായി - കൊയ്യം	I,II
3	മുക്കാടം - എടത്തുംതറ	II
4	കുണ്ടക്കൈ റോഡ്	II
5	സ്വാമിമഠം എച്ച്. എസ്. റോഡ്	IV
6	കൊയ്യം വായനശാല - മുനമ്പ്കടവ്	IV
7	കൊയ്യം വായനശാല - തവറൂൽ	IV
8	ചുഴലി - ചെങ്ങളായി	VII
9	പെരിന്തലേരി - പെരുമ്പാറക്കടവ്	V
10	മേനോൻ മൊട്ട - കൊയ്യം എച്ച്. എസ്.	V
11	നിടുവാലൂർ - കാവിൻമൂല - പള്ളം	VII, VIII, VX

റോഡിന്റെ പേര്

ക്രമ നമ്പർ	റോഡിന്റെ പേര്	വാർഡ്
12	ചുഴലി - അമ്മോന്തല	VIII
13	ചുഴലി - ചാലിൽ വയൽ - തോളൂർ - നടുവിൽ	IX,X,XI
14	ചാലിൽ വയൽ - മണ്ണകണ്ടം	IX,X
15	മഞ്ഞങ്ങാട് വയൽ - ചേമങ്ങാട്	X
16	പെരുമണ്ണ - പയറ്റിയാൽ	X
17	കൂനം - കുളത്തൂർ - കണ്ണാടിപ്പാറ	XO
18	കുളത്തൂർ - മാവിലംപാറ	XI
19	കുളത്തൂർ - പന്നിയൂർ	XI
20	പരിപ്പായി കമ്യൂണിറ്റിഹാൾ - വേളായി	I
	പെരുമ്പിമ്പ് റോഡ്	
21	ചെങ്ങളായി - ഇടത്തുംതറ - എടക്കുളം	III

93

പാലങ്ങൾ

1. ചെങ്ങളായി അടുർ പുഴയിൽ - നടപ്പാലം
2. ചെങ്ങളായി കൊളന്തക്കടവിൽ നടപ്പാലം
3. ചെക്കിക്കടവ് പാലം
4. മുരിക്കുംചേരി
5. കാനത്ത്പാലം
6. മാണിക്കോത്ത്
7. കാവുങ്കരിതോട്
8. പരാങ്കോൽ തോട്
9. തേർളായി ദ്വീപ്പാലം
11. പെരിന്തലേരി കടവ്
12. മണക്കാട് പുഴിക്കടവ് പാലം
13. തട്ടേരിതോട്
14. പൊള്ളയാട്ട് - കൂനം റോഡിൽ പൊള്ളയാട് തോടിന് പാലം

15. കാവിൻമൂല – കോപ്പാലത്തിന് പകരം – റോഡ്പാലം
16. കേളോത്ത് തോട്
17. എടക്കാക്കരി
18. പാലത്താംകടവ്
19. കൊണിയൻ കുന്ന്
20. മുങ്ങം അംഗനവാടിക്ക് സമീപം
21. ചൂരിക്കാട് മദ്രസാ റോഡ്
22. ചേമങ്ങാട് തോട്
23. മാവിലംപാറ
24. അമ്പായംകുന്ന് റോഡിന്
25. ചെങ്ങളായി PWD റോഡ് – ജംഗ്ഷൻ
26. ചേരംകുന്ന് പീടിക

പഞ്ചായത്തിലെ PWD റോഡുകൾ

1. നെടുമുണ്ട – പരിപ്പായി 8 കിലോമീറ്റർ SH
2. വളക്കൈ – ചുഴലി – ചെമ്പന്തൊട്ടി 9 കിലോമീറ്റർ
3. വളക്കൈ – കൊയ്യം 6 കിലോമീറ്റർ

അവലംബം : ദ്വിതീയ വിവര ശേഖരം

ബസ്ഗതാഗതം ഉള്ള റോഡുകൾ.

1. S. H. നെടുമുണ്ട – പരിപ്പായി
2. വളക്കൈ – കൊയ്യം
3. വളക്കൈ – ചുഴലി – ചെമ്പന്തൊട്ടി
4. ചെങ്ങളായി – പെരുങ്കോന്ന് – കൊയ്യം
5. കുനം – കുളത്തൂർ – കണ്ണാടിപ്പാറ

പ്രശ്നങ്ങൾ

1. റോഡുകളുടെ അവസ്ഥ പൊതുവെ ശോചനീയമാണ്.
2. അറ്റകുറ്റ പണികൾ യഥാസമയം നടക്കുന്നില്ല.

3. റോഡ് പണിയിലും സംരക്ഷണത്തിലും ജനകീയ ഇടപെടൽ ഇല്ല.

4. മിക്കറോഡുകൾക്കും ഓടകൾ ഇല്ല.

5. റോഡ് പണിയിൽ ശാസ്ത്രീയത ഇല്ല.

6. റോഡുകളിൽ മരങ്ങളും ഇലക്ട്രിക് പോസ്റ്റുകളും ഗതാഗത തടസ്സം സൃഷ്ടിക്കുന്നു.

7. ടൗണുകളിൽ വ്യാപാരാവശ്യത്തിന് അനധികൃത റോഡ് കയ്യേറ്റം.

നിർദ്ദേശങ്ങൾ :

1. പുതിയ റോഡുകളുടെ നിർമ്മാണവും നിലവിലുള്ളതിന്റെ അറ്റ കുറ്റപണിയും ടാറിംഗും സംബന്ധിച്ച് നിരവധി നിർദ്ദേശങ്ങൾ ഗ്രാമസഭ കളിൽ നിന്ന് ലഭിക്കുകയുണ്ടായി. അവ മുൻഗണനാ ക്രമത്തിൽ നടപ്പി ലാക്കണം.

2. ഒന്നിലധികം വാർഡുകളുമായി ബന്ധപ്പെടുന്ന റോഡുകൾക്ക് പ്രാ ധാന്യം നൽകുക.

3. മറ്റു പഞ്ചായത്തുകളുമായി ബന്ധപ്പെടുന്ന വിവിധ പദ്ധതികൾക്ക് ഗ്രാമസഭകൾ നിർദ്ദേശിക്കുകയുണ്ടായി. പ്രാരംഭപ്രവർത്തനം ആരംഭിച്ച വയ്ക്ക് മുൻഗണന നൽകണം.

4. റോഡുകളുടെ നിർമ്മാണത്തിനും ഫണ്ട് വിനിയോഗത്തിനും വാർഡുതല ജനകീയ കമ്മറ്റികൾ രൂപീകരിക്കണം.

5. റോഡപകടങ്ങൾക്ക് സാധ്യതയുള്ള പ്രധാന സ്ഥലങ്ങളിൽ വേണ്ട സംവിധാനം ഏർപ്പെടുത്തണം.

6. റോഡുകളുടെ സംരക്ഷണച്ചുമതല ഏറ്റെടുക്കാൻ അതാതു പ്ര ദേശത്തെ സന്നദ്ധ സംഘടനകൾ തയ്യാറാണെങ്കിൽ അതിനുവേണ്ട നട പടിവേണം.

7. റോഡരുകിൽ കല്ലും മരവും സ്ഥിരമായി സംഭരിച്ച് ഗതാഗത പ്രശ്നം സൃഷ്ടിക്കുന്നവർക്കെതിരെ നടപടി എടുക്കണം.

8. ഓടകൾ നികത്തി നീരൊഴുക്കിന് തടസ്സമുണ്ടാക്കുന്നത് തടയുക.

9. മലയോര മേഖലയെ ജില്ലാ കേന്ദ്രവുമായി എളുപ്പത്തിൽ ബന്ധ പ്പെടുത്താൻ ചെക്കിക്കടവിന് പാലം നിർമ്മിക്കണം.

10. പുഴിലേലം വഴി ലഭിക്കുന്ന തുകയുടെ നിശ്ചിത ശതമാനം കടത്തു സൗകര്യം വർദ്ധിപ്പിക്കുന്നതിന് നീക്കിവയ്ക്കണം.

11. ചെങ്ങളായിൽ ഒരു ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ്


പണിയാൻ സാധ്യത ആരായണം.

12. ബസ്ഗതാഗതം തടസ്സപ്പെടാത്ത രീതിയിൽ ഓട്ടോ-ടാക്സികൾ സൗകര്യപ്രദമായി പാർക്കുചെയ്യാനുള്ള സംവിധാനം


13. പഞ്ചായത്തിലെ ഏക ദ്വീപായ തേറളായിയുടെ സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ദ്വീപിനെ മറുകരയുമായി ബന്ധിപ്പിക്കുന്ന പാലം നിർമ്മിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുക.


ചെങ്ങാറായി ഗ്രാമ പഞ്ചായത്ത്

റോഡ് മേപ്പ്



ഊർജ്ജം





മനുഷ്യപുരോഗതിയുടെ അവിഭാജ്യമായ ഘടകമാണ് ഊർജ്ജം. നാം ഏറ്റവും കൂടുതൽ പ്രതിസന്ധി നേരിടുന്നതും ഈ മേഖലയിലാണ്. ആവശ്യങ്ങൾ കൂടുന്നത് അനുസരിച്ച് പുതിയ ഊർജ്ജ ഉറവിടങ്ങൾ കണ്ടെത്തുന്നില്ല എന്നതാണ് പ്രശ്നം. വിറക്, മണ്ണെണ്ണ, വൈദ്യുതി എന്നിവയാണ് പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യ ഊർജ്ജ സ്രോതസ്സുകൾ പാചകത്തിന് വിറകാണ് ഭൂരിഭാഗംപേരും ഉപയോഗിക്കുന്നത്. അടുത്തകാലത്തായി പാചകത്തിന് മണ്ണെണ്ണ ഉപയോഗിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ട്. പാചകവാതകവും, വൈദ്യുതിയും ബയോഗ്യാസും ഉപയോഗിക്കുന്നവർ വളരെ പരിമിതമാണ്. പഞ്ചായത്തിലെ പതിനൊന്ന് പൊതുവിതരണ കേന്ദ്രങ്ങളിലായി 15,0,672 ലിറ്റർ മണ്ണെണ്ണ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്തിട്ടുണ്ട്. വിറകിന്റെയും മണ്ണെണ്ണയുടെയും ലഭ്യതക്കുറവും വിലവർദ്ധനവുമാണ് ഈ രംഗത്തെ പ്രധാന പ്രതിസന്ധി.

മാങ്ങാട്ട് 110 കെ. വി. സബ് സ്റ്റേഷനിൽ നിന്നാണ് പഞ്ചായത്തിനാവശ്യമായ വൈദ്യുതി വിതരണം ചെയ്യുന്നത്. മിക്കവാർഡുകളിൽ കൂടിയും വൈദ്യുതി കടന്നുപോകുന്നുണ്ടെങ്കിലും വൈദ്യുതി എത്താത്ത ധാരാളം പ്രദേശങ്ങൾ ഇവിടെയുണ്ട്. 60% വീടുകളിൽ ഇനിയും വൈദുതി എത്താൻ ബാക്കിയാണ്. കാർഷികാവശ്യത്തിന് ചെറിയതോതിൽ വൈദ്യുതി ഉപയോഗിക്കുന്നുണ്ട്. ഉപഭോക്താക്കൾക്ക് പരാതികൾ ഏറെയാണ്. പ്രഖ്യാപിതവും അപ്രഖ്യാപിതവുമായ പവർകട്ട്, രൂക്ഷമായ വോൾട്ടേജ് കമ്മി എന്നിവ ഇതിൽ ചിലതാണ്. പഞ്ചായത്തിന്റെ വിസ്തൃതിയും സബ് സ്റ്റേഷനിൽനിന്നുള്ള ദൂരവും ട്രാൻസ്ഫോർമറുകളുടെ പ്രവർത്തനക്ഷമത ഇല്ലായ്മയും ഈ രംഗത്ത് പ്രശ്നം സൃഷ്ടിക്കുന്നു. എല്ലാ പഞ്ചായത്തുകളിലും ഒരു സെക്ഷൻ ഓഫീസ് പ്രവർത്തിക്കണമെന്ന് വൈദ്യുതിബോർഡ് നിഷ്കർഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

വൈദ്യുതി രംഗത്ത് വളരെയേറെ നാം മുന്നോട്ട് പോകേണ്ടിയിരിക്കുന്നു. കണ്ണൂർ - കാസർഗോഡ് ജില്ലാ കേന്ദ്രീകരിച്ച് പുതിയ പദ്ധതികൾ ആരംഭിക്കുന്നതിന് ഭരണ കേന്ദ്രങ്ങളിൽ മറ്റ് പഞ്ചായത്തുകളുമായി സഹകരിച്ച് സമ്മർദ്ദം നടത്തേണ്ടതാണ്. അതുപോലെ ഇനിയും വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ അത് എത്തിക്കുന്നതിന് ബോർഡുമായി ബന്ധപ്പെട്ട് പദ്ധതികൾ ആവിഷ്കരിക്കണം. ശ്രീകണ്ഠാപുരം സബ് സ്റ്റേഷൻ പണി പൂർത്തിയാവുകയും ആവശ്യമായ സ്ഥലങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും നിലവിലുള്ളവയുടെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്താൽ ഒരു പരിധിവരെ ആശ്വാസം ലഭിക്കും. വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇവയൊന്നും തന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. സ്ട്രീറ്റ് ലൈറ്റുകൾക്കായി പഞ്ചായത്ത് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 13,486രൂപ ചെലവാക്കിയിട്ടുണ്ട്.

പ്രശ്നങ്ങൾ

1. അറുപത് ശതമാനം വീടുകളിലും വൈദ്യുതി ഇല്ല.

2. പ്രേക്ഷണ വിതരണ ശൃംഖലയുടെ അപര്യാപ്തത.

3. കേടുവന്നതോ, പഴകിയതോ ആയ ട്രാൻസ്ഫോർമറുകൾ.

4. ട്രാൻസ്ഫോർമറുകളുടെ അധികഭാരം (കൂടുതൽ കണക്ഷൻ)

5. കാര്യക്ഷമമായി പ്രവർത്തിക്കാത്ത മീറ്ററുകൾ.

6. വിശാലമായ വിതരണ ശൃംഖല.

7. വൈദ്യുതിയുടെ ദുരുപയോഗം.

8. സ്റ്റെപ്പപ്പിന്റെ അമിതമായ ഉപയോഗം.

9. ആവശ്യമായ അറ്റകുറ്റ പണികൾക്ക് താമസം നേരിടുന്നു.

10. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ സാധ്യത പൂർണമായി ഉപയോഗപ്പെടുത്തുന്നില്ല.

11. ഇന്ധന ക്ഷമത കൂടിയ അടുപ്പുകളുടെ ഉപയോഗം പരിമിതമാണ്.

സാധ്യതകൾ

1. ഇന്ധന ക്ഷമത കൂടിയ അടുപ്പുകൾ പ്രചരിപ്പിക്കുക.

2. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾക്ക് പ്രചാരണം നൽകുക.

3. വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ അടിയന്തിരമായി വൈദ്യുതി എത്തിക്കുക.

4. കൃഷിക്ക് വൈദ്യുതി സൗജന്യമായി നൽകുക.

5. ഗ്രന്ഥാലയങ്ങൾക്കും, സ്കൂളുകൾക്കും വൈദ്യുതി സൗജന്യമായി നൽകുക.

6. വൈദ്യുതി ലൈനിൽ മുട്ടുന്ന മരച്ചില്ലകൾ യഥാസമയം മുറിച്ചുമാറ്റുക.

7. വൈദ്യുതിയുടെ ദുരുപയോഗം കർശനമായി തടയുക. ഇതിന്വേണ്ടി ഒരു പ്രത്യേക സെല്ലുതന്നെ രൂപീകരിക്കുക.

8. സ്പോട്ട് ബില്ലിംഗ് സമ്പ്രദായം ഏർപ്പെടുത്തുക.

9. ഗതാഗതത്തിന് തടസ്സം നിൽക്കുന്ന വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക.

10. കണ്ണൂർ കാസർഗോഡ് ജില്ല കേന്ദ്രീകരിച്ചു ഡീസൽ താപവൈദ്യുതി നിലയങ്ങൾ ആരംഭിക്കുന്നതിന് മറ്റു പഞ്ചായത്തുകളുമായി സഹകരിച്ച് സർക്കാറിൽ സമ്മർദ്ദം ചെലുത്തുക.

11. ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക.

12. പാചക വാതക വിതരണത്തിന് സംവിധാനം ഉണ്ടാക്കണം.

13. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളായ പരിപ്ലയി, ചെങ്ങളായി, വളക്കൈ, ചുഴലി, ചാലിൽ വയൽ എന്നിവിടങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക.

14. പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

ആവശ്യമായ സ്ഥലങ്ങൾ താഴെ കൊടുക്കുന്നു.

1. കൊയ്യം	2. നിടുവാലൂർ
3. വളക്കൈ	4. മണക്കാട്
5. ചാലിൽ വയൽ	6. കൊളത്തൂർ
7. മൊട്ടക്കെ പീടിക	8. പയറ്റ്യാൽ

15. അനർട്ടിന്റെ ശാഖ പഞ്ചയത്തിൽ സ്ഥാപിക്കണം. പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം നടത്തുന്ന L T ട്രാൻസ്ഫോർമറുകളുടെ പട്ടിക.

ക്രമ നമ്പർ		സ്ഥലം
1	63 KVA	കുളത്തൂർ
2	100 KVA No:12	ചുഴലി
3	100 KVA No : 13	ചുഴലി
4	63 KVA	വളക്കൈ
5	100 KVA	കൊയ്യം
6	63 KVA	തവറൂൽ
7	63 KVA	പെരിങ്കോന്ന്
8	100 KVA	നിടുവാലൂർ
9	100 KVA	നിട്ടവാലൂർ കോളനി
10	160 KVA	ചെങ്ങളായി
11	100 KVA	ചുഴലി
12	100 KVA	പരിപ്പായി

വൈദ്യുതി ഉപഭോക്താക്കളുടെ വിവരം

ഗാർഹികം	1242	**തെരുവ് വിളക്ക്**
വ്യാപാരം	326	1. ബൾബ് - 94 എണ്ണം
വ്യവസായം	25	2. ട്യൂബ് - 6 എണ്ണം
കാർഷികം	16	
ആകെ	**1609**	

വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷിച്ച് കാത്തിരിക്കുന്നവരുടെ പട്ടിക.

ORDINARY	-	21
O. T. P	-	4
OYEC	-	8

മാർക്കറ്റ്

വിവിധ ഉൽപന്നങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനും ഉള്ള കേന്ദ്രമായാണ് നാം മാർക്കറ്റ് അഥവാ വിപണിയെ സാധാരണ അർത്ഥത്തിൽ കണക്കാക്കുന്നത്. വളരെ പുരാതന കാലത്ത് തന്നെ ചെങ്ങളായി അറിയപ്പെടുന്ന ഒരു വ്യാപാര കേന്ദ്രമായിരുന്നു. യൂറോപ്യൻമാരും അതിന് മുമ്പ് അറബികളും ചെങ്ങളായിയുമായി കച്ചവടത്തിൽ എർപ്പെട്ടിരുന്നതായി പൗരാണിക ഗ്രന്ഥങ്ങൾ സൂചിപ്പിക്കുന്നു. വളപട്ടണം - ചെങ്ങളായി ജലഗതാഗത മാർഗ്ഗമാണ് ഇതിന് ഉപയോഗിച്ചിരുന്നത്. ചെങ്ങളായിലേക്ക് ''കെട്ടും കൊണ്ട് പോവുക'' എന്നത് പഴയകാലത്ത് നിത്യജീവിതത്തിന്റെ ഭാഗവും ഇന്ന് ഒരു പഴഞ്ചൊല്ലുമായിട്ടുണ്ട്. ഗതകാല ചരിത്രാവശിഷ്ടങ്ങളിൽ ഒന്നായി ഇതിനെ കണക്കാക്കാവുന്നതാണ്.

ഗതാഗത രംഗത്തെ അപര്യാപ്തതയും പഞ്ചായത്തിന്റെ വിസ്തൃതിയും മറ്റു വാണിജ്യകേന്ദ്രങ്ങളുമായി ബന്ധപ്പെടുന്നതിന് സൗകര്യവും വർദ്ധിച്ചപ്പോൾ നമ്മുടെ മാർക്കറ്റ് വികസിക്കുന്നതിനുള്ള സാധ്യത മങ്ങി. ഇന്നും നമ്മുടെ പൊതു മാർക്കറ്റ് സ്വപ്നത്തിന് പ്രധാന തടസ്സം ഇപ്പറഞ്ഞ കാര്യങ്ങളാണ്. ലഭ്യമായ കാർഷികോൽപന്നങ്ങൾക്ക് പര്യാപ്തമായ വിപണന സൗകര്യം ഇല്ലെന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. വളക്കൈ, ചെങ്ങളായി, ചുഴലി, കൊയ്യം പ്രദേശങ്ങളിൽ വിപണന സൗകര്യം വർദ്ധിപ്പിക്കേണ്ടതുണ്ട്. പച്ചക്കറി ഉൽപാദനം വർദ്ധിപ്പിച്ച് ആഴ്ച ചന്തകൾ വഴി വിറ്റഴിക്കുവാൻ പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ സാധ്യത നിലനിൽക്കുന്നു. തൊഴിലവസരം കൂട്ടുന്നതിനും അന്യായമായ വില വർദ്ധനവ് തടയുന്നതിനും കർഷകർക്ക് ന്യായ വില ലഭ്യമാക്കുന്നതിനും ഈ സമ്പ്രദായം ഏറെ സഹായിക്കും. മത്സ്യം, ഇറച്ചി മാർക്കറ്റുകൾ പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ സ്ഥാപിക്കണം. ചെങ്ങളായി, വളക്കൈ എന്നിവിടങ്ങളിൽ നിലവിലുള്ള മത്സ്യ-ഇറച്ചി മാർക്കറ്റിനെ സംബന്ധിച്ച് ഉയർന്നു വന്നിട്ടുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ ശ്രദ്ധിക്കപ്പെടേണ്ടതാണ്.

പ്രശ്നങ്ങൾ

1. കാർഷികോൽപന്നങ്ങളുടെ വിപണനത്തിന് മതിയായ സംവിധാനം ഇല്ല.

2. ആവശ്യസാധനങ്ങളുടെ വിപണനത്തിന് അനുയോജ്യമായ രീതിയിൽ പൊതു വിതരണ സമ്പ്രദായം ശക്തിപ്പെട്ടിട്ടില്ല.

3. പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഇറച്ചി മത്സ്യ മാർക്കറ്റുകൾ ഇല്ല.

4. നിലവിലുള്ള സ്വകാര്യ ഇറച്ചി – മത്സ്യ മാർക്കറ്റുകൾ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

5. കൺസ്യൂമർ സഹകരണസംഘം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും പ്രവർത്തനം നടക്കുന്നില്ല.

സാധ്യതകൾ

1. പഞ്ചായത്ത് കൺസ്യൂമർ സഹകരണ സംഘം പ്രവർത്തനം ആരംഭിക്കുക.

2. വിപണന സൗകര്യം മെച്ചപ്പെടുത്തുന്നതിന് ആഴ്ചച്ചന്തകളുടെ സാധ്യത പരിശോധിക്കുക.

3. നിലവിലുള്ള ഇറച്ചി മത്സ്യ മാർക്കറ്റുകൾ ശാസ്ത്രീയമായി പുനഃസംവിധാനം ചെയ്യുക.

4. കാർഷികോൽപ്പന്നങ്ങൾക്ക് സംഭരണ കേന്ദ്രങ്ങൾ പഴം-പച്ചക്കറി വിൽപന കേന്ദ്രങ്ങൾ എന്നിവ പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ ആരംഭിക്കുക.

5. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുക.

6. പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഇറച്ചി-മത്സ്യ മാർക്കറ്റുകൾ

7. പഞ്ചായത്തിൽ ബസ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ്.

പാർപ്പിടം



പാർപ്പിടം.

1960 വരെ പഞ്ചായത്തിലെ വീടുകളുടെ അവസ്ഥ ശോചനീയമായിരുന്നു. ഇന്ന് കാണുന്ന തരത്തിലുള്ള വീടുകൾ അന്ന് ഉണ്ടായിരുന്നില്ല. വീടുകൾ മോടിപിടിപ്പിക്കുന്ന പ്രവണത ഇന്നത്തെപ്പോലെ അന്ന് ഉണ്ടായിരുന്നില്ല. വീടിന് പ്രാധാന്യം കൊടുത്തിരുന്നില്ല. കട്ടപ്പുരകളും, ചെറ്റക്കുടിലുകളുമായിരുന്നു കൂടുതലും. നാല്കെട്ടും, ചായ്പ്, പടിഞ്ഞാറ്റി, കൊട്ടിലകം, ആത്രേയം, തെക്കിനി, വടക്കിനി എന്നിങ്ങനെ തിരിച്ചുള്ള വീടുകളും ഉണ്ടായിരുന്നു. അടിസ്ഥാന സൗകര്യങ്ങൾ വീടുകളിൽ ഉണ്ടായിരുന്നില്ല. മുറികൾ ചെറുതും, വെളിച്ചം കടക്കാത്തതും ആയിരുന്നു. മൺകട്ടയും അപൂർവ്വം വെട്ടുകല്ലുകളുമാണ് വീട് നിർമ്മാണത്തിന് ഉപയോഗിച്ചിരുന്നത്. ഓട്, നെയ്പുല്ല്, തെങ്ങോല മെടഞ്ഞത് ഇവയായിരുന്നു മേൽക്കൂര നിർമ്മാണത്തിന് ഉപയോഗിച്ചിരുന്നത്. ധാന്യങ്ങൾ സംഭരിച്ച് വെക്കാനുള്ള അറകൾ ; പത്തായങ്ങൾ ഇവ ഇടത്തരക്കാരുടെ വീടുകളിൽ ഉണ്ടായിരുന്നു. വീടുകളിൽ മരത്തിന്റെ അമിത ഉപയോഗം കാണാൻ കഴിയും. പഴയ ഇല്ലങ്ങളും തറവാടുകളും ഇന്നും നാട്ടിൽ കാണാൻ കഴിയും.

ഇന്ന് കോൺക്രീറ്റ് വീടുകളോടാണ് ജനങ്ങൾക്ക് കൂടുതൽ താത്പര്യം. മരത്തിന്റെ ദൗർലഭ്യം തന്നെയാണിതിനു കാരണം. ആഡംബര വീടുകളുടെ നിർമ്മാണം വർദ്ധിച്ചുവരുന്ന അവസ്ഥ നിലവിലുണ്ട്. വിശാല മുറികളും, ജനാലകളും ഇന്നത്തെ വീടുകളിൽ കാണാം. ഗൾഫ് സ്വാധീനം ആണ് ആഡംബര വീടുകൾ നിർമ്മിക്കാൻ കാരണം. ഗൾഫുകാരെ അനുകരിച്ച് സാധാരണക്കാർ ഇന്ന് ബാങ്ക് വായ്പകൾ വാങ്ങി ആഡംബര വീടുകളിൽ നിർമ്മിക്കുന്ന പ്രവണത കാണുന്നു. കെട്ടിടനിർമ്മാണ രംഗത്ത് അനാവശ്യ ചെലവുകൾ വർദ്ധിച്ചുവരുന്ന പ്രവണത അടുത്ത കാലത്തായി അനുഭവപ്പെടുന്നുണ്ട്.

പാടം നികത്തി വീട്വെക്കുന്ന അവസ്ഥ മിക്ക വാർഡുകളിലും ഉണ്ട്. ചേരി നിവാസികളും, പുറംപോക്കിൽ താമസിക്കുന്നവരും പഞ്ചായത്തിൽ ഇല്ലെന്ന് പറയാം. മൂന്നോ നാലോ കുടുംബങ്ങൾ ഒന്നിച്ചു താമസിക്കുന്ന കൂട്ടുകുടുംബ വ്യവസ്ഥയാണ് പഞ്ചായത്തിൽ നിനില്ക്കുന്നത്. അതുകൊണ്ട് തന്നെ വീടുകൾ ഇല്ലാത്ത കുടുംബങ്ങൾ നിരവധിയാണ്. ഒരു സാമൂഹ്യ സാമ്പത്തിക സർവ്വേയിലൂടെ മാത്രമേ വ്യക്തമായ കണക്ക് ലഭിക്കുകയുള്ളൂ.

കാർഷിക വരുമാനം, ഗൾഫ് പണം, ബാങ്ക് വായ്പകൾ ഇവയാണ് വീട് നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുന്നത്. വീട് നിർമാണത്തിനാവശ്യമായ എല്ലാ സാമഗ്രികളും പഞ്ചായത്തിൽ ലഭ്യമല്ല. തൊഴിലാളികൾക്ക് പഴയ കാലത്ത് നെല്ല് കൂലിയായി നൽകുന്ന സമ്പ്രദായം ഉണ്ടായിരുന്നു. നിലവിൽ

ഏകീകൃത കൂലി നിരക്ക് പഞ്ചായത്തിൽ ഇല്ല. വിദഗ്ദ്ധ തൊഴിലാളികളുടെ കുറവ് ഉണ്ട്. തൊഴിലാളികൾ 100 മുതൽ 150രൂപവരെ കൂലിവാങ്ങുന്നുണ്ട്. 1988-89ൽ സിമന്റിന് 100 രൂപ ഉള്ളത് ഇന്ന് 200 രൂപയായി ഉയർന്നിരിക്കുന്നു. അതുപോലെ 1000 കല്ലിന് 1988-89ൽ 1200 രൂപയുള്ളത് ഇന്ന് 8000/- രൂപയായി വർദ്ധിച്ചിട്ടുണ്ട്. കെട്ടിട സാമഗ്രികളുടെയും സ്ഥലത്തിന്റെയും വിലക്കയറ്റം സാധാരണക്കാരന് വീട് ഒരു സ്വപ്നമായി മാറിയിരിക്കുന്നു.

പഞ്ചായത്തിലെ വീടുകളുടെ വിവരങ്ങൾ.

ആകെ വീടുകൾ	കോൺക്രീറ്റ് വീടുകൾ	ഓടിട്ട വീടുകൾ	ഓലമേഞ്ഞ വീടുകൾ	കുടിലുകൾ	വൈദ്യുതീകരിച്ച വീടുകൾ	വൈദ്യുതീ ഇല്ലാത്ത വീടുകൾ
4682	**1033**	**2719**	**499**	**481**	**1263**	**3419**

അവലംബം PHC രേഖകൾ

പഞ്ചായത്തിലെ കോളനികൾ സംബന്ധിച്ച വിവരങ്ങൾ

കോളനികൾ	എണ്ണം	വീടുകൾ	സ്ത്രീകൾ	പുരുഷന്മാർ	ആകെ ജനങ്ങൾ
ഹരിജൻ കോളനി	**14**	**291**	**772**	**739**	**1511**
ലക്ഷം വീട് കോളനി	**3**	**31**	**78**	**69**	**146**
ആകെ	**17**	**322**	**850**	**808**	**1657**

അവലംബം VEO രേഖകൾ

106

ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം.

വാർഡ് നമ്പർ	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (IRDP സർവ്വേ പ്രകാരം)	വിവിധപരിപാടികളിലായി അനുവദിച്ച വീടുകൾ	പൂർത്തികരിച്ച വീടുകൾ	അനുവദിച്ചതിൽ ഇനി പൂർത്തികരിക്കാനുള്ള വീടുകൾ	ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം
I	34	20	17	3	14
II	19	13	13	-	6
III	36	27	25	2	9
IV	23	16	16	-	7
V	26	23	20	3	3
VI	81	70	67	3	11
VII	21	13	13	-	8
VIII	24	15	14	1	9
IX	15	7	6	1	8
X	25	18	17	1	7
XI	20	11	11	-	9
	324	**233**	**219**	**14**	**91**

അവലംബം : വി. ഇ. ഒ. റജിസ്റ്റർ

പ്രശ്നങ്ങൾ

1. കെട്ടിട സാമഗ്രികളുടെയും ഭൂമിയുടെയും അമിതവില വർദ്ധനവ് തൊഴിലാളികളുടെ കൂലി വർദ്ധനവ് ഇവ മൂലം സാധാരണക്കാർക്ക് വീട് നിർമ്മാണത്തിൽ പ്രയാസം അനുഭവപ്പെടുന്നു.

2. വിദഗ്ദ്ധ തൊഴിലാളികളുടെ കുറവ്കൊണ്ട്

3. ഭവന നിർമ്മാണ വായ്പ, പലിശനിരക്ക് ഉയർന്നതും വായ്പ നടപടി ക്രമങ്ങളിലുള്ള കാലതാമസവും നിർമ്മാണത്തെ ബാധിക്കുന്നു.

4. കൂട്ടുകുടുംബ വ്യവസ്ഥയാണ് നിലവിലുള്ളത്.

5. ഹരിജൻ കോളനികൾ, ലക്ഷംവീട് കോളനികൾ ഇവയിൽ പശ്ചാത്തല സൗകര്യം ഇല്ല.

6. ഹൗസിംഗ് സൊസൈറ്റി നിലവിൽ ഇല്ല.

സാധ്യതകൾ

1. പത്താം വാർഡിലെ റി. സ. 27ൽ ഉള്ള 4 ഏക്ര 48 സെന്റ് സ്ഥലവും, ചെങ്ങളായി വില്ലേജിലെ 16 ഏക്ര 14 സെന്റ് സ്ഥലം, ചുഴലി വില്ലേജിലെ 68. 50 ഏക്ര സ്ഥലം. ഇവയിൽ ഹൗസിംഗ് കോളനി ഉണ്ടാക്കി ഭൂരഹിതരായവർക്കും സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളവർക്കും പലിശ കുറച്ച് ഗഡുക്കളായി അടക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

6. കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ ചെയ്യുന്നതിന് പലിശരഹിത വായ്പ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നൽകണം.

7. പാടം നികത്തി വീട് നിർമ്മിക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തണം.

8. നിർമ്മാണ തൊഴിലാളികളുടെ ദൗർലഭ്യം ഇല്ലാതാക്കുന്നതിനു വേണ്ടിയും ചെലവ് കുറഞ്ഞ വീട് നിർമ്മാണവൈദഗ്ദ്ധ്യം നേടുന്നതിനുവേണ്ടിയും, നിർമ്മിതികേന്ദ്രം മാതൃകയിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കണം.

9. ലളിത വീട് നിർമ്മാണത്തെ വീട് നികുതി ഒഴിവാക്കി പ്രോത്സാഹിപ്പിക്കുകയും ആഢംബര വീട് നിർമ്മാണത്തെ നിരുത്സാഹപ്പെടുത്തുകയും വേണം.

10. 4 ലക്ഷത്തിൽ കൂടുതൽ ചെലവ് വരുന്ന വീടുകൾക്ക് നിർമ്മാണചെലവിന്റെ 10% കുറയാത്ത ആഢംബരനികുതി ഈടാക്കുന്ന നിയമം കൊണ്ടുവരണം.

11. വീടുകൾക്കു ചുറ്റും ജൈവവേലികൾ നിർമ്മിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തണം.

12. സർക്കാർ ഏജൻസികൾ വിതരണം ചെയ്യുന്ന വായ്പകൾ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കണം.

13. ആവശ്യത്തിന് വായ്പ യഥാസമയം നൽകുവാനുള്ള നടപടി ഉണ്ടാവണം.

14. ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ സ്ഥാപിക്കണം.

15. പൂഴി വില്പന സൊസൈറ്റികളെ ഏൽപിക്കുക.

സാമൂഹ്യക്ഷേമം



സാമൂഹ്യക്ഷേമം

പഴയകാലത്ത് നിലനിന്നിരുന്ന - ജാതി - ജന്മി നാടുവാഴിത്ത വ്യവസ്ഥിതികൾ ജനങ്ങളുടെ സാമൂഹ്യസാമ്പത്തിക പിന്നോക്കാവസ്ഥയ്ക്ക് കാരണമായിരുന്നു. സാധാരണക്കാരന്റെ ജീവിതത്തെ ചൂഷണം ചെയ്യുന്ന ജാതി - ജന്മിത്വം നിലനിന്നിരുന്നു. തൊഴിലില്ലായ്മയും പട്ടിണിയും ഉണ്ടായിരുന്നു. പല അന്ധ വിശ്വാസങ്ങളും അനാചാരങ്ങളും സാധാരണക്കാരന്റെ ജീവിതത്തെ ദുസ്സഹമാക്കി.

ദാരിദ്യരേഖയ്ക്ക് താഴെയുള്ളവരുടെ ഉന്നമനത്തിനായി 1954ൽ വികസന ബ്ലോക്കുകൾ നിലവിൽവന്നു. 1960ൽ പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ക്ഷേമ പദ്ധതികൾ ആരംഭിച്ചു. സാമൂഹ്യക്ഷേമ വകുപ്പ്. കൃഷിഭവൻ, പഞ്ചായത്ത് എന്നിവ വഴിയാണ് പദ്ധതതികൾ നടപ്പിലാക്കി വരുന്നത്. ഗ്രാമവികസന ഓഫീസ് മുഖേനയാണ് ധനസഹായം എത്തിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ ദാരിദ്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളാണ് കൂടുതലും.

ആരോഗ്യവകുപ്പും സാമൂഹ്യക്ഷേമവകുപ്പും സഹകരിച്ച് നടപ്പിലാക്കുന്ന സംയോജിത ശിശുവികസന സേവന പദ്ധതിയുടെ കീഴിൽ ചെങ്ങളായി പഞ്ചായത്തിൽ 17 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഭാവിവാഗ്ദാനങ്ങളായ കുട്ടികളുടെ മാനസികവും ശാരീരികവും സാമൂഹികവുമായ വികസനത്തിന് വേണ്ട പദ്ധതികൾ അംഗൻവാടികൾ മുഖേനയാണ് നടപ്പിലാക്കുന്നത്. എന്നാൽ ഇത് വേണ്ടരീതിയിൽ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. കുട്ടികൾക്കും അമ്മമാർക്കും പോഷകഹാരങ്ങൾ അംഗനവാടികൾ മുഖേന നൽകുന്നതിനാൽ അംഗൻവാടികൾ ഗ്രാമത്തിന്റെ ജീവനാഡിതന്നെയെന്ന് പറയാം. എന്നാൽ ഈ സ്ഥാപനങ്ങൾ സാധാരണക്കാരിൽ വേണ്ടരീതിയിൽ ഉപയോഗപ്പെടുന്നില്ല എന്നത് സത്യമായ വസ്തുതയാണ്. ജനസംഖ്യാനുപാതികമായി 28 അംഗൻവാടികൾ പഞ്ചായത്തിൽ ഉണ്ടാവണമത്രെ. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ അംഗൻവാടികൾക്ക് പ്രധാനപങ്കാണ് ഉള്ളത് എന്നത്കൊണ്ട് തന്നെ ഈ സ്ഥാപനങ്ങൾക്ക് പ്രാധാന്യം കൊടുക്കേണ്ടതാണ്.

ഐ. ആർ. ഡി. പി. സർവ്വേ പ്രകാരം - ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം. ഗ്രാമവികസന ഓഫീസിൽനിന്ന്

വാർഡ് നമ്പർ	സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST കുടുംബങ്ങൾ	സഹായം ലഭിച്ചതു വഴി ദാരിദ്ര രേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പടെ)
I	194	19	20	12	2	192
II	232	18	18	10	1	231
III	226	17	21	15	1	225
IV	203	18	16	10	2	201
V	221	25	24	17	-	221
VI	219	32	22	14	1	218
VII	140	20	19	10	-	140
VIII	228	21	18	12	1	227
IX	181	22	20	10	3	178
X	236	21	18	11	3	233

IRDP സർവ്വേപ്രകാരം നൽകിയ ലോണുകളെ
സംബന്ധിച്ച VEO യിൽ നിന്നുള്ള വിവരങ്ങൾ

വർഷം	പട്ടികജാതി എണ്ണം	മറ്റ് വിഭാഗങ്ങൾ	ആകെ എണ്ണം	സ്ത്രീകൾ	സബ്സിഡി	ലോൺ
1992-'93	39	25	64	38	1150,66	202,100
1993-'94	40	18	58	37	102,013	144,700
1994-'95	17	22	39	23	185,675	449,400
1995-'96	25	10	35	18	172328	493,334

ട്രൈസം പദ്ധതി പ്രകാരം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം.

വാർഡ് നമ്പർ	പരിശീലനം നേടിയ വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ച വരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവ രുടെ എണ്ണം	ഈ തൊഴിലുക ളിൽ ഏർപ്പെടിരു ന്നവർ	അവശേഷിക്കു ന്നവർ
I	തേനീച്ച വളർത്തൽ	3	3	NIL	NIL
II	തേനിച്ചവളർത്തൽ	4	5	3	NIL
III	തേനിച്ചവളർത്തൽ	2	2	NIL	NIL
	ടെയ്ലറിംഗ്	2	1	1	NIL
IV	തേനിച്ചവളർത്തൽ	6	2	4	NIL
	വയറിംഗ്	2	NIL	2	NIL
V	വയറിംഗ്	5	NIL	5	NIL
VI	ടെയ്ലറിംഗ്	3	1	2	NIL
	കമ്പോസിംഗ്	3	2	1	NIL
VII	ടെയ്റിംഗ്	2	NIL	2	NIL
	ലെതർ വർക്ക്	1	NIL	1	NIL
VIII	ടെയ്ലറിംഗ്	3	1	2	NIL
	പ്ലംബ്ബിംഗ്	3	NIL	3	NIL
IX	വയറിംഗ്	2	-	2	NIL
X	ടെയ്ലറിംഗ്	2	1	1	NIL
	പ്ലംബ്ബിംഗ്	2	1	1	NIL

ട്രൈസം പദ്ധതി പ്രകാരം 46 യുവതീയുവാക്കൾ പരിശീലനം നേടിയിട്ടുണ്ട്.

DWCRA സഹായ ലഭ്യത :-
IRDP ഘടകപദ്ധതിയാണിത്. സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനമാണിതിന്റെ ലക്ഷ്യം. 2 യൂണിറ്റാണ് പഞ്ചായത്തിൽ ഉള്ളത്.

DWCRA പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരഭങ്ങളുടെ വിവരം.

വാർഡ് നമ്പർ	തൊഴിൽ സംരഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ്
5	പായ്നെയ്ത്ത് തേനിച്ചവളർത്തൽ	1991	4	തേനീച്ച രോഗം ബാധിച്ചതിനാൽ യൂണിറ്റ് പ്രവർത്തനം ഭാഗികം
10	കരിങ്കൽ ജല്ലി നിർമ്മാണം	1995	10	നല്ല രീതിയിൽ നടക്കുന്നുണ്ട്

പഞ്ചായത്തിൽ വിവിധ സഹായ പദ്ധതികൾ ലഭിച്ചവർ

ക്രമ നമ്പർ	സഹായപദ്ധതി ഇനം	ചുഴലി വില്ലേജിലുള്ളവരുടെ എണ്ണം	ചെങ്ങളായി വില്ലേജിലുള്ളവരുടെ എണ്ണം	ആകെ
1	വിധവാപെൻഷൻ	42	71	113
2	വികലാംഗ പെൻഷൻ	44	37	81
3	കർഷകത്തൊഴിലാളി പെൻഷൻ	ഇല്ല	170	170
4	വാർധക്യകാല പെൻഷൻ	30	19	49
5	ക്ഷയരോഗ സഹായം	ഇല്ല	2	2
6	കാൻസർ സഹായം	ഇല്ല	4	4
7	കുഷ്ഠരോഗ സഹായം	ഇല്ല	1	1
8	സ്വാതന്ത്ര്യ സമരസേനാനി പെൻഷൻ	ഇല്ല	12	12

അവലംബം. വില്ലേജ് ഓഫീസ് രേഖകൾ

ശിശുമന്ദിരം ; 8ാം വാർഡിൽ ചുഴലി കോപ്പാലത്തിന് സമീപമാണ് ഇത് സ്ഥിതി ചെയ്യുന്നത്.
പ്രീസ്കൂൾ വിദ്യാഭ്യാസമാണ് ഇവിടുന്ന് നൽകുന്നത്. 17കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്.
2 ജീവനക്കാർ ഈ സ്ഥാപനത്തിൽ ഉണ്ട്. പഞ്ചായത്തിലെ അംഗണവാടികളെകുറിച്ചുള്ള വിവരങ്ങൾ

ക്രമ നമ്പർ	സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലം	സെ; നമ്പർ	വാർഡ് നമ്പർ	കെട്ടിടം സംബന്ധിച്ച വിവരം
1	പരിപ്പായി	50	I	സ്വന്തം കെട്ടിടം
2	അരിമ്പ	40	I	സ്വന്തം കെട്ടിടം
3	കുണ്ടംകൈ	42	II	സ്വന്തം കെട്ടിടം
4	പെരിന്തലേരി	38	V	വാടകകെട്ടിടം
5	പെരിങ്കോന്ന്	39	III	സ്വന്തം കെട്ടിടം
6	വളക്കൈ	47	VI	സ്വന്തം കെട്ടിടം
7	തവറൂൽ	48	IV	സ്വന്തം കെട്ടിടം
8	കൈതക്കടവ്	49	IX	സ്വന്തം കെട്ടിടം
9	കൊയ്യം	51	VI	സ്വന്തം കെട്ടിടം
10	തേർലായി	137	V	വാടക കെട്ടിടം
11	നിടുവാലൂർ	44	VII	സ്വന്തം കെട്ടിടം
12	തട്ടേരി	45	VII	സ്വന്തം കെട്ടിടം
13	കാവിൽമൂല	41	VIII	വാടക കെട്ടിടം
14	ചുഴലി	46	VI	സ്വന്തം കെട്ടിടം
15	മൊട്ടക്കൈ പീടിക	43	VIII	സ്വന്തം കെട്ടിടം
16	ചാലിൽ വയൽ	39	IX	വാടക കെട്ടിടം
17	കുളത്തൂർ	141	XI	സ്വന്തം കെട്ടിടം

112

അവലംബം : ശിശുവികസന പദ്ധതി ഓഫീസറുടെ റിപ്പോർട്ട്

ചെങ്ങളായി ഗ്രാമപഞ്ചായത്തിലെ കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം സംബന്ധിച്ച വിവരങ്ങൾ

അവലംബം : അംഗനവാടി റജിസ്റ്റർ.

പ്രായം	നോർമൽ		ഗ്രേഡ് I		ഗ്രേഡ് II		ഗ്രേഡ് III	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
0-1	134	96	42	44	18	17	ഇല്ല	ഇല്ല
1-3	278	251	134	131	56	40	ഇല്ല	ഇല്ല
3-6	239	288	128	149	52	34	ഇല്ല	ഇല്ല

ഗ്രേഡ് I - ലഘുവായ പോഷണക്കുറവുള്ളവർ.

ഗ്രേഡ് II - മിതമായ പോഷണക്കുറവുള്ളവർ.

ഗ്രേഡ് III- ഗുരുതരമായ പോഷണക്കുറവുള്ളവർ

II കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പ്

കുട്ടികൾ പ്രായം	ബി. സി. ജി.	ഡി. പി. ടി.				പോളിയോ				ഡി. റ്റി.				മിസ്സിൽസ്
		1D	2D	3D	4D	1D	2D	3D	4D	1D	2D	3D	4D	
0-1	328	406	417	461	463	406	417	461	466	21	39	-	322	429
1-3	-													
3-6	-													

III - ടെറനസ് ടൊക്സോയിഡ്

ഗർഭിണികൾ	1D	2D	3D
	182	142	148

III

1.	ഇരുമ്പ് / ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം	313
2.	ഇരുമ്പ് / ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം.	965
3.	വിറ്റാമിൻ എ. തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം	1093
4.	ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം	315
5.	വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം	3

IV

പ്രായം	ആകെ കുട്ടികൾ	ലഘുവായ പോഷണകുറവുള്ളവർ	മിതമായ പോഷണ കുറവുള്ളവർ	ഗുരുതരമായ പോഷണ കുറവുള്ളവർ
0-5 വയസ്സ്	2206	1853	295	58

അവലംബം : അംഗനവാടി റജിസ്റ്റർ

പ്രശ്നങ്ങൾ

1. എട്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന ശിശുമന്ദിരത്തിൽ കുട്ടികളിൽ നിന്ന് ഫീസ് ഈടാക്കുന്നുണ്ട്. പോഷകാഹാരം, കളിക്കോപ്പുകൾ ഇവ ലഭ്യമല്ല. ചുറ്റുമതിൽ, കിണർ, വൈദ്യുതി ഇവ ഇല്ല.

2. 17 അംഗൻവാടികളിൽ 12 എണ്ണത്തിന് സ്വന്തം കെട്ടിടം ഉണ്ടെങ്കിലും അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ കെട്ടിട അവസ്ഥ ശോചനീയമാണ്. വൈദ്യുതി, ശുദ്ധജലം, ശുചിത്വമുള്ള കക്കൂസുകൾ ഇവ ഇല്ലാത്ത അവസ്ഥയുണ്ട്.

3. അംഗൻവാടി വർക്കേഴ്സിന്റെ വേതനം വളരെ തുച്ഛമായതിനാൽ ജീവനക്കാർ തൊഴിലിനോട് വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല. ഇതുകൊണ്ട് തന്നെ കുട്ടികളുടെ എണ്ണം കുറയുന്ന സ്ഥിതി നിലവിൽ ഉണ്ട്.

4. CRSP പ്രകാരമുള്ള കക്കൂസ് നിർമ്മാണധന സഹായത്തിന് കാലതാമസം അനുഭവപ്പെടുന്നുണ്ട്.

5. DWCRA ഉണ്ടാക്കുന്ന ഉൽപന്നങ്ങൾ വിറ്റഴിക്കാൻ കഴിയുന്നില്ല.

6. അംഗൻവാടികൾക്ക് പശ്ചാത്തല സൗകര്യമുള്ള കെട്ടിടം ഇല്ല.

7. അംഗൻവാടികളിൽ പുകയില്ലാത്ത അടുപ്പുകൾ ഇല്ല.

8. അർഹരായ നിരവധിപേർ പഞ്ചായത്തിൽ ഉണ്ടായിട്ടും ബോധവത്കരണം ഇല്ലാത്തതിനാൽ അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

9. ക്ഷേമവകുപ്പിന്റെ ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് ലഭിക്കുന്നില്ല.

10. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ശരിയാംവണ്ണം വിലയിരുത്തപ്പെടുന്നില്ല.

11. സാമൂഹ്യക്ഷേമ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ യഥാസമയം ജനങ്ങളിലെത്തുന്നില്ല.

സാധ്യതകൾ

1. ശിശുമന്ദിരത്തിൽ കുട്ടികളിൽ നിന്നുള്ള ഫീസ് വാങ്ങുന്ന നടപടി നിർത്തിവെക്കുകയും പോഷകാഹാരം വിതരണം ചെയ്യുകയും വേണം. ചുറ്റുമതിൽ, കിണർ, വൈദ്യുതി എന്നിവ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.

2. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനാവശ്യമായി ആവിഷ്കരിക്കപ്പെട്ട ക്ഷേമ പദ്ധതികൾ ഏതെന്നും അവ ഗുണഭോക്താക്കളിൽ എത്തിച്ചു കൊടുക്കേണ്ടതാണെന്നുമുള്ള അറിവ് രാഷ്ട്രീയ സാമൂഹ്യപ്രവർത്തകർക്ക് ആവശ്യമാണ്.

3. അംഗൻ വാടികളുടെ അറ്റകുറ്റ പണികൾ ആവശ്യമായ സമയത്ത് ചെയ്യണം.

4. പുകയില്ലാത്ത അടുപ്പുകൾ അംഗൻവാടികളിൽ സ്ഥാപിക്കണം.

5. അംഗൻവാടികളിൽ ശുചിത്വമുള്ള കക്കൂസ്, കിണർ വൈദ്യുതി എന്നിവ അടിയന്തിരമായി നൽകേണ്ടതാണ്.

6. മൂന്നുമാസത്തിലൊരിക്കൽ ഒരു പ്രത്യേക മെഡിക്കൽ ടീം കുട്ടികളെ പരിശോധിച്ച് മരുന്ന് നൽകേണ്ടതാണ്.

7. മഹിളാ സമാജത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ സാമൂഹ്യപിന്തുണ ആവശ്യമാണ്.

8. വർദ്ധിച്ചുവരുന്ന ഇംഗ്ലീഷ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വലയത്തിൽനിന്ന് രക്ഷനേടുന്നതിന് കുട്ടികളെ ആകർഷിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ അംഗൻവാടികളിൽ ഉണ്ടാവണം.

9. അംഗൻവാടി ജീവനക്കാർക്ക് മെച്ചപ്പെട്ട വേതനം നൽകി സ്ഥാപനത്തിൽ ജീവനക്കാർ ഉണ്ടാവുന്ന സ്ഥിതി ഉറപ്പുവരുത്തണം.

10. അംഗൻവാടികളിൽ സൗഹൃദസമിതികൾ രൂപീകരിക്കണം. പഞ്ചായത്ത് മെമ്പർ ആയിരിക്കണം സമിതി ചെയർമാൻ.

11. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണം.

12. ചെങ്ങളായി പഞ്ചായത്ത് മദ്യവിമുക്ത മേഖലയാക്കാൻ ജനകീയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണം.

13. പഞ്ചായത്തിൽ വൃദ്ധമന്ദിരം സ്ഥാപിക്കണം.

14. പുകവലിക്കെതിരായിട്ടുള്ള ബോധവൽക്കരണം നടത്താൻ പഞ്ചായത്ത് തലസമിതി രൂപീകരിക്കണം.

15. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് ശരിയായ മൂല്യനിർണയ സംവിധാനം വേണം.

16. സമഗ്രമായ സാമൂഹിക സാമ്പത്തിക സർവ്വേ നടപ്പിലാക്കണം.

വനിതാക്ഷേമം



ജനസംഖ്യയിൽ ഭൂരിപക്ഷം വരുന്ന വനിതകൾക്ക് സാമൂഹ്യസാംസ്കാരിക രംഗങ്ങളിൽ പഞ്ചായത്തിൽ അർഹമായ പരിഗണന മുൻകാലങ്ങളിൽ ലഭിച്ചിരുന്നില്ല. വികസന ബ്ലോക്കുകളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിരുന്ന മഹിളാ സമാജങ്ങൾ 60കളിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സജീവമായിരുന്നു. എന്നാൽ ഇവയുടെ പ്രവർത്തനങ്ങളിലൂടെ സ്ത്രീകൾ നേതൃത്വ നിലയിലേക്ക് വളർന്നു വന്നില്ല.

രാഷ്ട്രീയ രംഗത്തും അവസ്ഥ വിഭിന്നമായിരുന്നില്ല. രാഷ്ട്രീയ കക്ഷികളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പി ക്കപ്പെട്ട മഹിളാ സംഘടനകൾ പ്രവർത്തിച്ചിരുന്നുവെങ്കിലും അവയുടെയൊന്നും പ്രവർത്തനങ്ങൾ സാധാരണ സ്ത്രീകളിൽ വേണ്ടത്ര എത്തിയിരുന്നില്ല. ആദ്യകാലത്ത് പഞ്ചായ ത്ത് അംഗങ്ങളായി പ്രവർത്തിച്ച ചിലരൊഴികെ ആ രംഗത്ത് എടുത്തു പറയത്തക്ക വ്യക്തികളില്ലായിരുന്നു. 80 കളോടുകൂടി സംഘടനാ പ്രവർത്തനം അല്പം കൂടി പഞ്ചായത്തിൽ ശക്തി പ്പെട്ടിട്ടുണ്ട്.

1991 ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ മൊത്തം ജനസംഖ്യയായ 26,660ൽ 13,391 പേർ സ്ത്രീകളാണ്. അതായത് ആകെ ജനസംഖ്യയുടെ 50.22% പഞ്ചായത്തിലെ സ്ത്രീപുരുഷ ആനുപാതം 1000 പുരുഷൻമാർക്ക് 1009 സ്ത്രീകൾ എന്നതാണ്. ഇത് സംസ്ഥാനത്തെ സ്ത്രീപുരുഷാനു പാതത്തെക്കാൾ കുറവാണ്.

സാക്ഷരതാ രംഗത്ത് സ്ത്രീകളുടെ അവസ്ഥ തൃപ്തികരമാണെന്ന് പറയാം. പഞ്ചായത്തിൽ 83.18% സ്ത്രീകൾ സാക്ഷരരാണ് (പുരുഷൻമാരുടെ സാക്ഷരത 95.02%) പൊതു വിദ്യാഭ്യാസ രംഗത്ത് പെൺകുട്ടികൾ ആൺകുട്ടികളെക്കാൾ മുന്നിട്ടുനിൽക്കുന്നു. ഭൂരിഭാഗം വിദ്യാലയങ്ങളിലും അധ്യയനം നടത്തുന്നതിൽ പെൺകുട്ടികളാണ് കൂടുതൽ.

	എൽ.പി	യു.പി	ഹൈസ്കൂൾ
ആൺകുട്ടികൾ	1095	884	414
പെൺകുട്ടികൾ	990	902	477

ഉന്നത വിദ്യാഭ്യാസ രംഗത്ത് ധാരാളമായി വനിതകൾ കടന്നുവന്നിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് സ്ത്രീ പങ്കാളിത്തം തൃപ്തികരമല്ല.

എന്നാൽ വിദ്യാഭ്യാസ രംഗത്തെ ഈ മേൻമ തൊഴിൽ രംഗത്ത് കാണുന്നില്ല. തൊഴിലില്ലായ്മ സ്ത്രീകളുടെ ഇടയിൽ രൂക്ഷമാണ്. കൃഷി, കെട്ടിട നിർമ്മാണം, പായനെയ്ത്, തയ്യൽ, അദ്ധ്യാപനം എന്നിവയാണ് സ്ത്രീകളുടെ പ്രധാന തൊഴിൽ മേഖലകൾ. അടുത്ത കാലത്തായി കൂലിനിരക്കിലുള്ള അന്തരം കാരണം കൂടുതൽ പേർ കൃഷിപ്പണിയേക്കാൾ കെട്ടിട നിർമ്മാണ മേഖലയിൽ തൊഴിൽ ചെയ്യാൻ താൽപര്യം കാണിക്കുന്നു. 1991 ലെ സെൻസസ് റിപ്പോർട്ട് പ്രകാരം മൊത്തം സ്ത്രീകളിൽ 16.74% പേർ വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്നവരാണ്. ഇവയിൽ 57% പേരും കാർഷിക മേഖലയിലാണ്. എന്നാൽ പുരുഷൻമാരേക്കാൾ സ്ത്രീകൾ തൊഴിൽ ചെയ്യുന്നത് വിദ്യാഭ്യാസ മേഖലയിൽ മാത്രമാണ്.

വിദ്യാഭ്യാസ മേഖലയിലെ സ്ത്രീകളുടെ എണ്ണം.
പട്ടിക 1

നമ്പർ	വിദ്യാലയത്തിന്റെ പേര്	പുരുഷൻമാർ	സ്ത്രീകൾ
1	GLPS പരിപ്പായി	-	3
2	MLPS ചെങ്ങളായി	5	7
3	ALPS ചെങ്ങളായി	11	18
4	ALPS തവറൂൽ	3	2
5	ALPS കൊയ്യം	2	3
6	ALPS പാറക്കാടി	2	2
7	ALPS പെരുന്തലേരി	7	15
8	MLPS തേർലായി	2	3
9	MLPS വളക്കൈ	3	4
10	AUPS നിടുവാലൂർ	7	10
11	ALPS ചുഴലി ഈസ്റ്റ്	4	-
12	BTMLPS ചുഴലി	5	2
13	ALPS കൊളത്തൂർ	1	4
14	GHS കൊയ്യം	12	5
15	GHS ചുഴലി	27	16
	ആകെ	91	94

കൂലിനിരക്കിൽ സ്ത്രീ പുരുഷ വ്യത്യാസം വളരെ പ്രകടമാണ്. എല്ലാ തൊഴിൽ മേഖലകളിലും സ്ത്രീ തൊഴിലാളികൾക്കാണ് കൂലിനിരക്ക് കുറവ്.

കൂലിനിരക്ക് പട്ടിക 2

നമ്പർ	ഇനം	പുരുഷൻ (രൂ)	സ്ത്രീ (രൂ)
1	കൃഷിപ്പണി	50-60	35-40
2	കെട്ടിട നിർമ്മാണം	120-125	50-60
3	ടാപ്പിംഗ് (100 മരത്തിന്)	18-25	18-25
4	ചെങ്കൽ മേഖല	100-150	50-60

പഞ്ചായത്തിൽ തൊഴിൽരഹിത വേതനം വാങ്ങുന്നവരിൽ സ്ത്രീകളാണ് കൂടുതൽ വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

പട്ടിക 3

വില്ലേജ്	ആൺ	പെൺ	ആകെ
ചെങ്ങളായി	73	67	140
ചുഴലി	56	70	126
ആകെ	129	137	266

വിദഗ്ധ തൊഴിൽ രംഗത്ത് സ്ത്രീ പങ്കാളിത്തം ആശാവഹമല്ല. തൊഴിൽ പരിശീലനത്തിനായി ഒരു സ്വാശ്രയ വനിതാ തയ്യൽ പരിശീലന കേന്ദ്രം ചെങ്ങളായിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ 30 ഓളം സ്ത്രീകൾ പരിശീലനം നേടുന്നു. എന്നാൽ പരിശീലനം നേടുന്നവർ ആ പരിശീലനം ജീവിതോപാധിക്കായി പ്രയോജനപ്പെടുത്തുന്നില്ല.

വളക്കൈ, കൊയ്യം എന്നിവിടങ്ങളിലുള്ള ഖാദി നൂൽനൂൽപ് കേന്ദ്രമാണ് വനിതകൾക്കായുള്ള മറ്റൊരു സംരംഭം. ഈ മേഖലയിൽ 50 ഓളം വനിതകൾ ജോലി ചെയ്യുന്നു. DWCRA പദ്ധതി പ്രകാരം വനിതകൾക്കായുള്ള ഒരു കരിങ്കൽ ജില്ലി നിർമ്മാണ യൂണിറ്റ് തോപ്പി ലായികോളനിയിൽപ്രവർത്തിക്കുന്നു. ഇവിടെ 10 സ്ത്രീകൾ ജോലിചെയ്യുന്നു.

പായനെയ്ത്, ഓല മെടയൽ, ആട് വളർത്തൽ, കോഴിവളർത്തൽ തുടങ്ങിയ രംഗങ്ങളിലും അടുത്തകാലത്തായി സ്ത്രീകൾ കൂടുതലായി മുന്നോട്ട് വരുന്നതായി കാണുന്നു. ചുഴലിയിൽ ഒരു ക്ഷീരോൽപ്പന്ന യൂണിറ്റും വനിതകളുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്നു. വളക്കൈ കേന്ദ്രീകരിച്ച് പഞ്ചായത്ത് മൊത്തം പ്രവർത്തന മേഖലയാക്കിയ ഒരു വനിതാ സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിലെ മൊത്തം കുടുംബങ്ങളിൽ 15% ൽ അധികം സ്ത്രീകളുടെ നിയന്ത്രണത്തിലാണ്. എന്നാൽ സാമൂഹ്യ രാഷ്ട്രീയ സംഘടനകളുടെ നേതൃത്വ പദവിയിൽ വനിതകളുടെ എണ്ണം പരിമിത

മാണെന്നത് ഖേദകരമാണ്. ജനാ ധിപത്യ മഹിളാ അസോസിയേഷൻ, അംഗൻവാ ടികൾ കേന്ദ്രീകരിച്ചുള്ള മഹിളാ സ്വസ്ത് സംഘങ്ങൾ, മഹിളാ സമാജങ്ങൾ എന്നിവയാണ് പഞ്ചായത്തിൽ പ്രവർത്തി ക്കുന്ന പ്രധാന മഹിളാ സംഘടനകൾ. ഗ്രാമീണ മേഖലയിൽ ഏറ്റവും കൂടുതൽ ഫലപ്രദമായി ഇടപെടാൻ കഴിയുന്ന അംഗൻ വാടികൾ കേന്ദ്രീകരിച്ചുള്ള മഹിളാ സംഘങ്ങൾ തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്നില്ല.

ആരോഗ്യനിലയിൽ സത്രീകളുടെ സ്ഥിതി മെച്ചപ്പെട്ടതല്ലെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പഞ്ചായത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സയ്ക്ക് എത്തുന്നവരിൽ നല്ലൊരു ശതമാനം സ്ത്രീകളാണ്. മുലയൂ ട്ടുന്ന അമ്മമാരുടെയും ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യനില മെച്ചപ്പെടു ത്തുന്നതിനായി അംഗൻ വാടികളിലൂടെ പോഷകാഹാരങ്ങൾ വിതരണം ചെയ്ത് വരുന്നുണ്ട്.

മദ്യപാനം മൂലം ദുരിതമനുഭവിക്കു ന്ന കുടുംബങ്ങൾ പഞ്ചായ ത്തി ലുണ്ട്. ചാരായ നിരോധന നിയമം സ്ത്രീ കൾക്ക് അല്പം ആശ്വാസം പകർന്നിട്ടുണ്ട്. സ്ത്രീ ധന പീഢനം പൊതുവെ കുറവാണെ ങ്കിലും സ്ത്രീധനത്തിന്റെ പേരിൽ ദുരിത മനുഭവിക്കുന്ന സ്ത്രീകൾ പഞ്ചായത്തി ലുണ്ട്. സ്ത്രീധന സമ്പ്രദായം മുസ്ലീം, ക്രിസ്ത്യൻ സമുദായങ്ങളിലാണ് കൂടുതൽ കാണപ്പെടുന്നതെങ്കിലും അടുത്ത കാല ത്തായി മറ്റ് സമുദായങ്ങളിലേക്കും ഈ സമ്പ്രദായം വ്യാപിച്ചുവരുന്നു.

വിവിധ തരത്തിലുള്ള സഹായ പദ്ധതികളും പെൻഷൻ ആനുകൂല്യങ്ങളും പഞ്ചായത്തിലെ സ്ത്രീകൾക്ക് ലഭിക്കു ന്നുണ്ട്. തൊഴിലില്ലായ്മ വേതന ഭാഗങ്ങളിൽ സ്ത്രീകളാണ് കൂടുതൽ. വിധവാ പെൻഷൻ, പ്രസവാനുകൂല്യ പദ്ധതി തുടങ്ങിയ വനിതാ ക്ഷേമ പദ്ധതികൾ പഞ്ചായത്തിൽ നടപ്പാക്കി വരുന്നുണ്ട്. IRDP പദ്ധതി പ്രകാരം സ്വയം തൊഴിൽ വായ്പകൾ സ്വീകരിക്കുന്നതിലും നല്ലൊരു ശതമാനം സ്ത്രീകളുണ്ട്.

പ്രശ്നങ്ങൾ

1. സ്ത്രീകളിൽ തൊഴിലില്ലായ്മ രൂക്ഷമണ്

2. വിദഗ്ധ മേഖലകളിൽ സ്ത്രീതൊഴിലാളികൾ ചുരുക്കമാണ്.

3. സ്വയം തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾക്ക് പൊതുവെ താല്പര്യം കാണുന്നില്ല.

4. സ്ത്രീകൾ കൂടുതലായും തൊഴിലെടുക്കുന്ന പരമ്പരാഗത കുടിൽ വ്യവസായങ്ങളുടെ തകർച്ച തൊഴിൽ രംഗത്ത് പ്രശ്നങ്ങളുണ്ടാക്കുന്നു.

5. ക്രെഷുകളുടെ അഭാവം തൊഴിലെടുക്കുന്ന അമ്മമാരായ സ്ത്രീ കൾക്ക് ബുദ്ധിമുട്ടാകുന്നു.

6.സാമൂഹ്യ സാംസ്കാരിക-രാഷ്ട്രീയ രംഗത്ത് നേതൃസ്ഥാനത്തേക്ക് ഉയർന്നു വരുന്നവരിൽ സ്ത്രീകൾ കുറവാണ്.

7. കുടുംബത്തിന്റെ ഉത്തരവാദിത്വം സ്ത്രീകളിലായതികൊണ്ട് പൊതു പ്രവർത്തന രംഗത്ത് വരാൻ സ്ത്രീകൾക്ക് സമയം കിട്ടുന്നില്ല.

8. സാമൂഹിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സ്ത്രീകളെ മോശമായ രീതിയിൽ ചിത്രീകരിക്കുന്ന പ്രവണതകൾ കണ്ടുവരുന്നു.

9. സ്ത്രീകൾക്കായുള്ള പ്രത്യേക സർക്കാർ പദ്ധതികളെക്കുറിച്ച് അവർ ബോധവതികളല്ല.

10. കലാകായിക രംഗത്ത് സ്ത്രീകൾക്ക് പരിശീലന സൗകര്യങ്ങളില്ല.

സാധ്യതകൾ

1. സ്ത്രീകൾക്കായി കൂടുതൽ ഗ്രൂപ്പ് ആക്റ്റിവിറ്റി/ സ്വയം തൊഴിൽ സംരഭങ്ങൾ ആവിഷ്കരിക്കുക.

2. തൊഴിൽ പരിശീലന പരിപാടികൾ ആരംഭിക്കുക.

3. തുല്യ ജോലിക്ക് തുല്യവേതനം പ്രാവർത്തികമാക്കുക.

4. തൊഴിൽ കേന്ദ്രങ്ങളോട് ചേർന്ന് ക്രെഷെ

കൾ ആരംഭിക്കുക

5. തൊഴിൽ സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും സ്ത്രീകൾക്ക് പ്രാഥമിക ആലശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.

6. പഞ്ചായത്ത് തലത്തിൽ സ്ത്രീകളുടെ ഉന്നമനത്തിനായി ഒരു സമിതി രൂപീകരിക്കുക.

7. സ്ത്രീകളിൽ വായനാശീലം വർദ്ധിപ്പിക്കുവാൻ വായനാശാലകളുടേയും ഗ്രന്ഥാവയങ്ങളുടേയും സേവനം പ്രയോജനപ്പെടുത്തുക.

8. കലാകായിക രംഗത്ത് താല്പര്യമുള്ള സ്ത്രീകൾക്ക് പരിശീലനം നൽകാൻ സംവിധാനം ഉണ്ടാക്കണം.

9. മുഴുവൻ വാർഡുകളിലും അംഗൻവാടികൾ സ്ഥാപിക്കുക.

10. സന്നദ്ധ സംഘടനകളുടെ പ്രവർത്തനങ്ങളിൽ സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കുക.

11. സ്ത്രീകൾക്കായുള്ള ക്ഷേമ പദ്ധതികളെ കുറിച്ച് അവരെ ബോധവതികളാക്കുക. അർഹതയുള്ള മുഴിവൻ പേർക്കും ആനുകൂല്യങ്ങൾ ലഭ്യമാക്കുക.

12. കുടുംബ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് സ്ത്രീകൾക്ക് പരിശീലനം നൽകണം.

പട്ടികജാതിക്ഷേമം

കേരളത്തിന്റെ ഇതരഭാഗങ്ങളിലെപ്പോലെത്തന്നെ അയിത്തം, തൊട്ടുകൂടായ്മ, തീണ്ടൽ തുടങ്ങിയ പല അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും പിടിയിൽ അമർന്ന് സാമൂഹ്യമായ പിന്നോക്കാവസ്ഥയിൽ കഴിഞ്ഞിരുന്ന ഒരു ജനവിഭാഗമായിരുന്നു, പട്ടികജാതിക്കാർ. നമ്മുടെ പഞ്ചായത്തിലും ഏകദേശം കാൽനൂറ്റാണ്ടിന് ഇപ്പുറം ഈ സ്ഥിതിയിൽ പ്രകടമായ മാറ്റം ഉണ്ടായിട്ടുണ്ട്. ആദ്യകാലങ്ങളിൽ പരമ്പരാഗതമായി കൃഷിയിറക്കുകയും കുടിൽകെട്ടി താമസിച്ചുവരികയും ചെയ്തിരുന്ന കൈവശ ഭൂമികളൊക്കെ ഇവരുടെ അറിവില്ലായ്മയേയും അന്ധവിശ്വാസങ്ങളേയും ചൂഷണം ചെയ്ത മേലാള വിഭാഗം ബലമായി കവർന്നെടുക്കുകയായിരുന്നു. തലമുറകളായി ഭൂവുടമകളുടെ പാടത്തും പറമ്പിലും അടിമകളെപ്പോലെ പണി ചെയ്തു അവരുടെ എല്ലാവിധ ചൂഷണങ്ങൾക്കും ഇരയായി ജീവിതം തള്ളിനീക്കുകയായിരുന്നു പിന്നീട് ഈ ജനവിഭാഗം. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി ജാതീയമായ വിവേചനത്തിനും അയിത്തം തുടങ്ങിയ സാമൂഹ്യ അനാചാരങ്ങൾക്കും എതിരെ നടന്ന പ്രക്ഷോഭങ്ങൾ, സാമൂഹ്യപരിഷ്കർത്താക്കളുടെയും മറ്റു പുരോഗമന പ്രസ്ഥാനങ്ങളുടെയും പ്രവർത്തനങ്ങൾ എന്നിവമൂലം സമൂഹത്തിൽ മൊത്തമായുണ്ടായ പരിവർത്തനവും പട്ടികജാതി വിഭാഗത്തിന്റെ തന്നെ പരിമിതമായ തോതിലാണെങ്കിലും ഉണ്ടായ വിദ്യാഭ്യാസപരവും സാമ്പത്തികപരമായ ഉയർച്ചയും ജാതീയമായ വേർതിരിവുകൾ കുറയ്ക്കാനും ഈ വിഭാഗത്തിന്റെ ഭൗതികപരമായ നിലവാരം ഉയർത്താനും സഹായിച്ചിട്ടുണ്ട്. എന്നിരുന്നാലും സാമൂഹ്യപദവിയിൽ നമ്മുടെ പഞ്ചായത്തിലും ഈ ജനവിഭാഗങ്ങൾ മറ്റിതര ജനവിഭാഗങ്ങളുടെ ഒപ്പം പൂർണമായി ഇന്നും എത്തിയിട്ടില്ല. ആരാധനാലയങ്ങൾ, പൊതുസേവനതുറകൾ, വിവാഹം പോലുള്ള സാമൂഹ്യ ചടങ്ങുകൾ തുടങ്ങിയ പൊതുവേദികളിൽ വിവേചനം നിലനിൽക്കുന്നില്ല.

120

പഞ്ചായത്തിലെ മൊത്തം പട്ടികജാതി ജനസംഖ്യ 1922 ണ്. ഇതിൽ സ്ത്രീകൾ 946, പുരുഷന്മാർ 976. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 7.21 ശതമാനമാണ് ഈ വിഭാഗം. പുലയൻ, വണ്ണാൻ, മലയൻ, മാവിലൻ എന്നവയാണ് പഞ്ചായത്തിലുള്ള പ്രധാന ഉപവിഭാഗങ്ങൾ. പട്ടിക വർഗ്ഗം ഇല്ല. പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമായി സ്ഥിതി ചെയ്യുന്ന പതിനാല് കോളനികളിലാണ് ഇവർ പ്രധാനമായും അധിവസിക്കുന്നത്. ഇതിന് പുറമെ മൂന്ന് ലക്ഷംവീടു കോളനികളിലായി 31 കുടംബങ്ങളും കോളനികൾക്ക് പുറത്ത് പഞ്ചായത്തിന്റെ എല്ലാഭാഗങ്ങളിലുമായി 46 കുടുംബങ്ങളുമുണ്ട്.

ക്രമ നമ്പർ	വാർഡ്	കോളനിയുടെ പേര്	കുടുംബങ്ങളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം		
				സ്ത്രീ	പുരുഷൻ	ആകെ
1	I & II	അരിമ്പ	42	111	108	219
2	III	പെരിങ്കോന്ന്	16	37	46	83
3	III	മൊയാലംതട്ട്	14	37	36	73
4	III &IV	തവറൂൽ	16	43	51	94
5	IV	കൊയ്യം	8	19	27	46
6	V	പാറക്കാടി	24	52	59	111
7	V	പെരിന്തലേരി	8	25	33	58
8	VI	വളക്കൈ (അംബേദ്കർ)	42	99	107	206
9	VI	മണക്കാട്ട്	17	62	65	127
10	VI	തേർതല	24	63	68	131
11	VII	നിടുവാലൂർ	12	33	32	65
12	IX	ചുഴലിപടിഞ്ഞാറെ മൂല	24	64	62	126
13	X	തോപ്പിലായി	20	61	58	119
14	XI	മാവിലമ്പാറ	22	66	61	127
		3 ലക്ഷം വീട് കോളനികളിൽ	31	76	68	134
		കോളനികൾക്ക് പുറത്ത്	46	98	95	193
		ആകെ	**366**	**946**	**976**	**1922**

ഭൂമിയുടെയും സ്വത്തുക്കളുടെയും ഉടമസ്ഥാവകാശം മറ്റു ഇതര വിഭാഗങ്ങളെ അപേക്ഷിച്ച് ഇവരുടെ ഇടയിൽ വളരെ തുച്ഛമാണ്. പരിമിതമായ അളവിലാണെങ്കിലും 70ശതമാനം കുടുംബങ്ങൾക്ക് സ്വന്തം കൈവശ സ്ഥലമുണ്ട്. ഭൂരിപക്ഷവും കാർഷിക തൊഴിലാളികൾ ആണ്. പുലയ സമുദായത്തിന്റെ പരമ്പരാഗത തൊഴിലായ തഴപായ നെയ്ത്തിൽ ഏർപ്പെടുന്നവരുടെ എണ്ണം വർഷം പ്രതി കുറഞ്ഞുവരുന്നു. പുതിയ തലമുറ ഈ തൊഴിൽ ചെയ്യുന്നതിൽ വിമുഖരാണ്. അസംസ്കൃത വസ്തുവിന്റെ ദൗർലഭ്യം, ന്യായമായ വിലലഭിക്കായ്ക, തൊഴിലിലെ വൈവിധ്യവൽക്കരണം ഇല്ലായ്മ എന്നിവ ഈ തൊ

ഴിലിനെ പ്രതികൂലമായി ബാധിക്കുന്നു. വളരെ വിദൂരമായ പ്രദേശങ്ങളിൽ നിന്നാണ് പായ നെയ്ത്തിന് ആവശ്യമായ തഴകൊണ്ടുവരുന്നത്. നേരിട്ടുള്ള വിപണന സൗകര്യം കുറവായതിനാൽ ഇടത്തട്ടുകാരാണ് ലാഭം കൊയ്യുന്നത്.

പുരുഷന്മാർ പ്രത്യേകിച്ചും യുവാക്കൾ സമീപ വർഷങ്ങളിലായി കാർഷിക മേഖലയിൽനിന്ന് മാറി വ്യാപകമായി ചെങ്കൽ, കൺസ് ട്രക്ഷൻ മേഖലകളിലാണ് തൊഴിൽ ചെയ്യുന്നത്. സ്വയം തൊഴിൽ സംരഭകർ ഈ വിഭാഗത്തിൽ വളരെ കുറവാണ്. തുടങ്ങുന്ന സംരഭങ്ങൾ വിജയപ്രദമാകുന്നില്ല. സർക്കാർ, അർദ്ധസർക്കാർ മേഖലകളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം നാമമാത്രമാണ്.

വിദ്യാഭ്യാസ രംഗത്ത് തൃപ്തികരമായ നേട്ടം ഇനിയും കൈവരിച്ചിട്ടില്ല. പ്രാഥമിക വിദ്യാഭ്യാസം ഭൂരിപക്ഷത്തിനും ലഭിച്ചിട്ടുണ്ട്. അവശേഷിക്കുന്നവരെ സമ്പൂർണ സാക്ഷരതാ പരിപാടിയുടെ ഭാഗമായി എഴുത്തും വായനയും പരിശീലിപ്പിച്ചിരുന്നുവെങ്കിലും തുടർവിദ്യാഭ്യാസം സജീവമല്ലാത്തതിനാൽ നേട്ടം നിലനിർത്താൻ ആയില്ല. കുട്ടികളെ സ്കൂളുകളിലേക്ക് അയക്കുന്നുണ്ട്. എന്നാൽ പ്രാഥമിക വിദ്യാഭ്യാസത്തിനിടയിൽ കൊഴിഞ്ഞുപോകുന്നതിൽ ഭൂരിഭാഗവും ഈ വിഭാഗത്തിൽ പെട്ട കുട്ടികളാണ്. ബഹുഭൂരിപക്ഷവും സെക്കന്ററിക്ക് ശേഷം തുടർന്നുപഠിക്കുന്നില്ല. മിക്കവരും കുടുംബ ബാധ്യത ഏറ്റെടുക്കാൻ നിർബന്ധിതരാവുന്നുണ്ട്. സെക്കന്ററി തലംവരെയുള്ള വിദ്യാഭ്യാസ ആനുകൂല്യം പരിമിതമാണ്. ദാരിദ്ര്യം കൊണ്ടും പ്രശ്നസങ്കീർണതകൊണ്ടും പൊതുവെ മോശമായ ഗൃഹാന്തരീക്ഷം കുട്ടികളുടെ വിദ്യാഭ്യാസത്തിനും മാനസിക വളർച്ചയ്ക്കും വിഘാതമാവുന്നുണ്ട്.

1996 – 97 വിദ്യാഭ്യാസ വർഷത്തിൽ പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം

ക്ലാസ്സ്	ആൺ	പെൺ	ആകെ
I	12	17	29
II	25	26	51
III	22	20	42
IV	17	18	35
V	30	24	54
VI	32	21	53
VII	30	24	54
VIII	14	15	29
IX	8	10	18
X	6	8	14
	196	**183**	**379**

കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ എവിടെയും തൃപ്തികരമല്ല. കുടിവെള്ള ദൗർലഭ്യം എല്ലാ കോളനികളിലും നിലനിൽക്കുന്ന രൂക്ഷമായ പ്രശ്നമാണ്. പ്രത്യേകിച്ചും പാറക്കാടി, അരിമ്പ്ര, തോപ്പിലായി, മൊയാലം തട്ട് പ്രദേശങ്ങളിൽ. വരൾച്ചസമയങ്ങളിൽ ലോറികളിൽ കുടിവെള്ളം വിതരണം ചെയ്യുന്ന പദ്ധതി ഒട്ടും പര്യാപ്തമല്ല. ശുചീകരണ സൗകര്യങ്ങളും വേണ്ടത്ര ഇല്ല. 360ഓളം വീടുകളിൽ 100ൽ താഴെ വീടുകൾക്ക് മാത്രമേ കക്കൂസുള്ളൂ. വൈദ്യുതി അഞ്ചു കോളനികളിൽ മാത്രമേ എത്തിയിട്ടുള്ളൂ. അവിടങ്ങളിൽ തന്നെ മുഴുവൻ വീടുകളും വൈദ്യുതീകരിച്ചിട്ടില്ല. രൂക്ഷമായ വോൾട്ടേജ് ക്ഷാമവും നിലനിൽക്കുന്നു.

ക്രമ നമ്പർ	കോളനിയുടെ പേര്	ആകെ വീടുകളുടെ എണ്ണം	വീടിന്റെ സ്വഭാവം			വൈദ്യുതീകരിച്ചത്
			കോൺക്രീറ്റ്	ഓട്	ഓല	
1	അരിമ്പ്ര	42	1	41	-	25
2	പെരിങ്കോന്ന്	16	-	16	-	14
3	മൊയാലംതട്ട്	14	-	9	5	-
4	തവറൂൽ	16	-	16	-	8
5	കൊയ്യം	8	-	8	-	-
6	പാറക്കാടി	24	-	24	-	-
7	പെരിന്തലേരി	8	-	8	-	-
8	വളക്കൈ (അംബേദ്കർ)	42	-	41	1	30
9	മണക്കാട്ട്	17	-	15	2	-
10	തേർതല	24	-	23	1	14
11	നിടുവാലൂർ	12	-	12	-	9
12	ചുഴലിപടിഞ്ഞാറെ മൂല	26	-	25	1	5
13	തോപ്പിലായി	20	-	20	-	9
14	മാവിലമ്പാറ	22	-	17	5	-
	ആകെ	291	1	275	15	114

കോളനികളിലേക്കുള്ള റോഡുകളിൽ മിക്കതും ഗതാഗത സൗകര്യം കുറഞ്ഞവയാണ്. പഞ്ചായത്ത് ആസ്ഥാനത്ത് നിന്നും അകലെയായി സ്ഥിതി ചെയ്യുന്ന മാവിലമ്പാറ, തോപ്പിലായി, ചുഴലി കോളനികളിലേക്കുള്ള റോഡുകളുടെ സ്ഥിതി മോശമാണ്. പ്രസ്തുത കോളനി നിവാസികൾക്ക് പ്രധാന സർക്കാർ ഓഫീസുമായും ആരോഗ്യകേന്ദ്രങ്ങളുമായും ബന്ധപ്പെടുവാൻ വളരെ അധികം യാത്രാക്ലേശം അനുഭവിക്കേണ്ടി വരുന്നുണ്ട്.

ബ്ലോക്ക്, പട്ടികജാതി വികസന വകുപ്പ്, പഞ്ചായത്ത് എന്നിവ മുഖേനയുള്ള വിവിധ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം പഞ്ചായത്തിൽ മുന്നൂറോളം വീടുകൾ ഇതുവരെയായി അനുവദിച്ചിട്ടുണ്ട്. അനുവദിക്കപ്പെടുന്ന ആനുകൂല്യങ്ങളിൽ താരതമ്യേന ഫലപ്രദമായിട്ടുള്ളത് ഭവനനിർമ്മാണത്തിനുള്ള സഹായമാണ്. എന്നാൽ വീടുകളോടൊപ്പം അടിസ്ഥാന സൗകര്യങ്ങൾ ആയ കക്കൂസ് മുതലായവയ്ക്കുള്ള സഹായങ്ങൾ വിനിയോഗിക്കുന്നതിൽ വീഴ്ചയുണ്ട്. വീടുപണി പൂർത്തിയാക്കിക്കഴിഞ്ഞാൽ മറ്റുപ്രവൃത്തികൾ ഒന്നും ചെയ്യാൻ താൽപര്യംകാണുന്നില്ല. സഹായങ്ങളുടെ ദുരുപയോഗവും നടക്കുന്നുണ്ട്. കൃഷിഭവൻ മുഖേനയുള്ള സൗജന്യ സഹായങ്ങൾ, സ്വയം തൊഴിൽ വായ്പകൾ സബ്സിഡികൾ എന്നിവ വേണ്ടത്ര തൃപ്തികരമായി വിനിയോഗിക്കുന്നതായി കാണുന്നില്ല.

1990-91 അംബേദ്കർ വർഷത്തിൽ അംബേദ്കർ ഗ്രാമമായി തിരഞ്ഞെടുത്ത (വളക്കൈ പരുത്തിക്കുന്ന്) കോളനിയിൽ വിവിധവകുപ്പുകൾ മുഖേന തുടങ്ങിവെച്ച വികസന പ്രവൃത്തികൾ മുഴുൻ പൂർത്തിയാക്കിയിട്ടില്ല. ഭവന നിർമ്മാണത്തിൽ മാത്രമാണ് ലക്ഷ്യം നേടിയത്. വീടുകൾ ലഭിച്ച മുഴുവൻപേരും കക്കൂസുകൾ ഉണ്ടാക്കിയിട്ടില്ല. ജനസേചന പദ്ധതിക്ക് വേണ്ടി ഒരു കുളം കുഴിച്ചതിന് ശേഷം മറ്റ് പ്രവൃത്തികളൊന്നും നടന്നിട്ടില്ല. മണ്ണ് സംരക്ഷണ പ്രവൃത്തികളും പൂർണമായിട്ടില്ല. 1992-93 ഐ. എച്ച്. ഡി. പി. (സംയോജിത കോളനി വികസന പരിപാടി) കോളനിയായി തിരഞ്ഞെടുത്ത തോപ്പിലായി കോളനിയിലും ഇതേ അവസ്ഥ തന്നെയാണ് ഉള്ളത്. താമസയോഗ്യമായ വീടുകൾ പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും എല്ലാ വീടുകൾക്കും കക്കൂസ് നിർമ്മിച്ചിട്ടില്ല. വൈദ്യുതി കോളനികളിൽ എത്തിയിട്ടുണ്ടെങ്കിലും മുഴുവൻ വീടുകളും വൈദ്യുതീകരിച്ചിട്ടില്ല. കുടിവെള്ള പ്രശ്നം പരിഹരിക്കപ്പെട്ടിട്ടില്ല.

പട്ടിക ജാതിയിൽപെട്ട കുടുംബങ്ങൾ പൊതുവെ കൂടുതൽ താമസിക്കുന്ന ലക്ഷം വീട് കോളനികളിലും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ വീർപ്പുമുട്ടുകയാണ്. പൊതു കക്കൂസുകൾ, പൊതു അഴുക്കുചാലുകൾ എന്നിവ ഇവിടങ്ങളിൽ ഇല്ലാത്തത് കാരണം നിരവധി ആരോഗ്യപ്രശ്നങ്ങൾ നിലനിൽക്കുന്നു. കാലാകാലങ്ങളിൽ അറ്റകുറ്റപണികൾ ചെയ്യാത്തകാരണം അപകട ഭീഷണിയിലാണ് മിക്കവീടുകളും ഉള്ളത്. കുടിവെള്ള ദൗർലഭ്യം ഇവിടങ്ങളിലെ പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ്.

കോളനികൾക്ക് പുറത്ത് ഒറ്റപ്പെട്ട് താമസിക്കുന്ന കുടുംബങ്ങളാണ് കോളനി നിവാസികളെ അപേക്ഷിച്ച് മെച്ചപ്പെട്ട ജീവിതം നയിക്കുന്നത് എന്ന് കാണാം.

മൺമറഞ്ഞുകൊണ്ടിരിക്കുന്ന ഒട്ടേറെ നാടൻ കലകൾ പട്ടികജാതി വിഭാഗത്തിന്റെതായുണ്ട്. അടിസ്ഥാന കലയായ തെയ്യം കെട്ടിയാടുന്ന ധാരാളം കലാകാരന്മാർ ഈ വിഭഗത്തിലെ വണ്ണാൻ, മലയൻ സമുദായത്തിൽപ്പെട്ടവരാണ്. പുലയ സമുദായത്തിലും മാവിലൻ സമുദായത്തിലുംപെട്ട തെയ്യം കലാകാരന്മാരും ഈ പഞ്ചായത്തിലുണ്ട്. പരിചമുട്ടുകളിയിൽ പ്രാവീണ്യമുള്ള കലാകാരന്മാർ മാവിലൻ സമുദായത്തിലുണ്ട്. കുടുംബക്ഷേത്രങ്ങളിലും കാവുകളിലുള്ള ഉത്സവങ്ങൾക്കും വയൽതിറകളിലും തെയ്യക്കോലങ്ങൾ കെട്ടിയാടി വരുന്നു. ഇതുവഴി ലഭ്യമാകുന്ന പ്ര

തിഫലം ഈ വിഭാഗത്തിന്റെ പ്രധാന ജീവിത മാർഗ്ഗ മാണെന്ന് പറയാൻ കഴിയുകയില്ല.

നടപ്പു പദ്ധതി.

കുടിവെള്ള വിതരണ പദ്ധതി പ്രകാരം അരിമ്പ്ര, വളക്കൈ അംബേദ്കർ കോളനികളിൽ ഭരണാനുമതി ലഭിച്ച് പദ്ധതികൾ നടത്തിവരുന്നുണ്ട്.

കമ്മ്യൂണിറ്റി ഹാൾ

വളക്കൈ അംബേദ്കർ കോളനിയിൽ പ്രവൃത്തി മിക്കവാറും പൂർത്തിയാക്കിയ കമ്മ്യൂണിറ്റി ഹാളിൽ വൈദ്യുതി കണക്ഷൻ, ആവശ്യമായ ഫർണീച്ചർ ലഭ്യമാക്കിതുറന്നുകൊടുക്കണം.

പ്രശ്നങ്ങൾ

1. കോളനിയിലെ കുടിവെള്ളപ്രശ്നം രൂക്ഷമായി നിലനിൽക്കുന്നു.

2. ശുചീകരണ സൗകര്യങ്ങൾ തൃപ്തികരമല്ല.

3. വൈദ്യുതീകരണം പൂർണമായിട്ടില്ല. വോൾട്ടേജ് ക്ഷാമം നിലനിൽക്കുന്നു.

4. കോളനിറോഡുകളുടെ സ്ഥിതി മെച്ചപ്പെട്ടതല്ല.

5. പരമ്പരാഗത കൈത്തൊഴിലുകൾ തകർച്ച നേരിടുന്നു.

6. കാർഷികമേഖലയിൽ തൊഴിൽ സാധ്യത കുറയുന്നു.

7. സ്വയം തൊഴിൽ പദ്ധതികൾക്കുള്ള വായ്പകളും സഹായധനവും ലക്ഷ്യം നേടുന്നില്ല.

8. ഭവന/അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ധനസഹായം അപര്യാപ്തം.

9. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല.

10. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കുണ്ട്.

11. ക്ഷേമ പദ്ധതികളെ കുറിച്ച് അറിവ് യഥാസമയം ലഭിക്കുന്നില്ല.

12. ലഭ്യമായ പദ്ധതികളുടെ ദുരുപയോഗം

സാധ്യതകൾ

1. കുടിവെള്ള പ്രശ്നത്തിന് സ്ഥായിയായ പരിഹാരം കാണുക. കോളനികളിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുക. പൊതുകിണറുകളും ജലവിതരണ പദ്ധതികളും സ്ഥാപിക്കുക. വളക്കൈ, പെരിന്തലേരി കോളനികളിൽ തുടങ്ങിവെച്ച ജലവിതരണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുക.

2. കോളനികളിലേയും ലക്ഷം വീട് കോളനികളിലേയും വീടുകളുടെ അറ്റകുറ്റപണികളും ശുചീകരണ പദ്ധതികളും നടപ്പാക്കുക.

3. റോഡുകളുടെ നിർമ്മാണവും സംരക്ഷണവും നടത്തുക.

4. പരമ്പരാഗത തൊഴിലുകളിൽ വൈവിധ്യവൽക്കരണം നടത്തുക. പായനെയ്ത്തിന് ആവശ്യമായ തഴ ലഭ്യമാക്കാൻ പുഴയോരത്തും തോട്ട് വക്കുകളിലും കൈത വെച്ച് പിടിപ്പിക്കുക. (തഴ വേണ്ടത്ര ലഭ്യമാവുകയും മണ്ണിടിച്ചിൽ തടയുകയും ചെയ്യും)

5. വ്യവസായ/വിപണന സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

6. കൈവശസ്ഥലങ്ങളിൽ ആധുനിക കാർഷികരീതികൾ/വിളകൾ (ഓർക്കിഡ്, ആന്തൂറിയം, പട്ടുനൂൽ) പ്രോത്സാഹിപ്പിക്കുക.

7. വിവിധ വികസന വകുപ്പുകളുടെ സേവനങ്ങൾ ഏകോപിപ്പിക്കുകയും അവയുടെ സേവനങ്ങൾ ഗ്രാമങ്ങളിൽ ലഭ്യമാക്കുകയും ചെയ്യുക.

8. കോളനികളിൽ സാംസ്കാരിക കേന്ദ്രങ്ങളും വിജ്ഞാനമാധ്യമങ്ങളും സ്ഥാപിക്കുക.

9. ആനുകൂല്യങ്ങളുടെ ശരിയായ വിനിയോഗം ഉറപ്പുവരുത്താൻ ജനകീയ കമ്മറ്റികൾ രൂപീകരിച്ച് മേൽനോട്ടം നടത്തുക.

10. പട്ടികജാതിക്കാരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ആളുകളെ ഉൾപ്പെടുത്തി പഞ്ചായത്തിൽ ഒരു മാർഗനിർദ്ദേശക സമിതി രൂപീകരിക്കുക.

11. സ്വയം തൊഴിൽ പദ്ധതികൾ ഗ്രൂപ്പുകൾക്ക് നൽകുക.

12. പട്ടികജാതി കലാകാരന്മാരുടെ പ്രോത്സാഹനവും സംരക്ഷണവും നാടൻ കലകളെ സംരക്ഷിക്കുന്നതിന് അവ പഠിക്കാൻ മുന്നോട്ടുവരുന്നവരെ ഫോക്‌ലോർ ഇൻസ്റ്റ്യൂട്ടുമായി ബന്ധപ്പെടുത്തുക.

സഹകരണം



127

രണ്ടാം ലോകമഹായുദ്ധത്തിന്റെ ദുരിതങ്ങൾ അനുഭവിക്കുന്ന കാലഘട്ടത്തിലാണ് ചെങ്ങളായി പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനങ്ങൾക്ക് തുടക്കം കുറിച്ചത്. സാധാരണ ജനങ്ങളുടെയും കർഷകരുടെയും പരിശ്രമത്തിന്റെ ഫലമായി 1940-41ൽ ചെങ്ങളായി ആസ്ഥാനമായി ഒരു പി.സി.സി. സൊസൈറ്റി പ്രവർത്തനം ആരംഭിച്ചു. ഈ സ്ഥാപനം കുറച്ചുകാലം നന്നായി പ്രവർത്തിക്കുകയും പിന്നീട് പ്രവർത്തന രഹിതമാവുകയും ലിക്വിഡേറ്റ് ചെയ്യപ്പെടുകയും ഉണ്ടായി. പിന്നീട് 1954ൽ തേർളായി- കൊയ്യം ആസ്ഥാനമായി ഐക്യനാണയ സംഘങ്ങൾ രൂപീകരിച്ചു. അക്കാലത്ത് സംഘങ്ങളിൽ ശമ്പളം വാങ്ങുന്ന ജീവനക്കാർ ഉണ്ടായിരുന്നില്ല. ഹോണറ്റി സെക്രട്ടറിയും കമ്മിറ്റി അംഗങ്ങളുമാണ് എല്ലാ പ്രവർത്തനങ്ങളും നടത്തിയിരുന്നത്. നല്ലരീതിയിലുള്ള പ്രവർത്തനങ്ങളെ തുടർന്ന് 1970-75 കാലഘട്ടത്തിൽ ഈ സ്ഥാപനങ്ങൾ സർവ്വീസ് സംഘങ്ങളായും പിന്നീട് സർവ്വീസ് സഹകരണ ബാങ്കുകളായും അപ് ഗ്രേഡ് ചെയ്യപ്പെട്ടു.

ഇന്ന് ഈ സ്ഥാപനങ്ങളെ കൂടാതെ പഞ്ചായത്തിൽ സഹകരണ സംഘങ്ങൾ വ്യത്യസ്ഥ മേഖലകളിൽ പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ മൂന്ന് ക്രഡിറ്റ് സംഘങ്ങളും ഒരു വനിതാ സഹകരണ സംഘവും 6 ക്ഷീരോൽപാദക സഹകരണ സംഘങ്ങളും പ്രവർത്തിച്ചു വരുന്നു. കൂടാതെ ഒരു തേനീച്ച വ്യവസായ സഹകരണ സംഘം, കൺ സ്യൂമർ സ്റ്റോർ, സെറീ കൾച്ചർ സഹകരണ സംഘം, മൂന്ന് സ്കൂൾ സഹകരണ സംഘ ങ്ങൾ എന്നിവ ഉൾപ്പെടെ പഞ്ചായത്തിൽ 16 സഹകരണ സ്ഥാപനങ്ങൾ ഉണ്ട്.

ക്രഡിറ്റ് സഹകരണ സംഘങ്ങൾ

ക്രഡിറ്റ് സഹകരണ സംഘങ്ങൾ അവയുടെ പ്രവർത്തന പരിധി പ്രധാനമായും കാർഷിക കാർഷികേതര വായ്പകൾ, സ്വയം തൊഴിൽ വായ്പകൾ, സ്വർണ്ണ പ്പണയത്തിൻ മേലുള്ള വായ്പകൾ വിദ്യാഭ്യാസ വായ്പകൾ, വ്യക്തിഗതാ വായ്പകൾ, കക്കൂസുകൾ നിർമ്മി ക്കുന്നതി നുള്ള വായ്പകൾ, എന്നിവയ്ക്ക് പുറമെ കാർഷിക ഉപകരണങ്ങൾ വാങ്ങിക്കുന്ന തിനുള്ള സാമ്പത്തിക സഹായവും, വളം, കീടനാശിനികൾ എന്നിവയും വിതരണം ചെയ്യുന്നു. ബാങ്കുകൾ പ്രതിമാസ ലേലക്കുറി കൾ, ദൈനംദിന നിക്ഷേപങ്ങൾ എന്നിവ നടത്താറുണ്ട്. പ്രത്യേക നിക്ഷേപ സമാഹര ണങ്ങളിലൂടെ കൂടുതൽ സാമ്പ ത്തിക

സമാഹരണം നടത്തുവാൻ ബാങ്കുകൾക്ക് സാധിക്കുന്നുണ്ട്. ഇതിനു പുറമെ ജില്ലാ ബാങ്കിന്റെ വായ്പയെ ആശ്രയിച്ച് കൂടുതൽ വായ്പാ വിതരണം നടത്തുവാൻ ഈ സ്ഥാപനങ്ങൾക്ക് കഴിയുന്നുണ്ട്. ക്രഡിറ്റ് സഹകരണ സംഘങ്ങളിൽ കൂടുതൽ ജീവനക്കാർ ഉള്ളത് ചുഴലി സഹകരണ ബാങ്കിലാണ്. സഹകരണ സംഘങ്ങൾ കാർഷിക മേഖലയുടെ വളർച്ചയ്ക്ക് ഉതകുന്ന രീതിയിൽ തുക വർദ്ധിപ്പിക്കുകയും പലിശയിൽ ഇളവ് വരുത്തിക്കൊണ്ട് തിരിച്ചടക്കുന്നവർക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുന്നുണ്ട്.

പട്ടിക 1

ക്രഡിറ്റ് സ്ഥാപനങ്ങളുടെ സ്ഥിതി വിവരക്കണക്ക്

പേര്	സ്ഥാപിച്ച വർഷം	മെമ്പർമാർ	പിരിച്ചു കിട്ടിയതായ മൂലധനം	നിക്ഷേപം	ജില്ലാ ബാങ്ക് വായ്പ	മെമ്പർമാരുടെ വായ്പ	കുടിശ്ശികയായ വായ്പ	ജീവനക്കാരുടെ എണ്ണം
			ലക്ഷത്തിൽ	ലക്ഷത്തിൽ	ലക്ഷത്തിൽ	ലക്ഷത്തിൽ	ലക്ഷത്തിൽ	
ചെങ്ങളായി ബേങ്ക്	1955	3071	8.40	140	40	143	18.70	8
ചുഴലി ബേങ്ക്	1956	8745	10.29	88.40	122.34	170	42.29	14
കൊയ്യം ബേങ്ക്	1954	2836	6.42	37	111	123	28	6

വനിതാ സഹകരണ സംഘങ്ങൾ

നമ്മുടെ പഞ്ചായത്തിൽ മുഴുവൻ പ്രവർത്തന പരിധിയുള്ള ഈ സ്ഥാപനം വളക്കൈ കേന്ദ്രമാക്കി പ്രവർത്തിക്കുന്നു. 1991-92 വർഷത്തിലാണ് ഈ സ്ഥാപനം റജിസ്റ്റർ ചെയ്തത്. 500 വനിതകൾ മെമ്പർമാരായുണ്ട്. ഈ സ്ഥാപനത്തിന്റെ പ്രധാന പ്രവർത്തനം വ്യക്തികളിൽനിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുകയും മെമ്പർമാർക്ക് വായ്പകൾ നൽകുകയുമാണ്. വിശാലമായ പ്രവർത്തന മേഖലയുള്ള ഈ സ്ഥാപനത്തിൽ കാര്യക്ഷമമായ പ്രവർത്തനം നടക്കുന്നില്ല. ഇതിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് കാര്യക്ഷമതയുള്ള മാനേജ്മെന്റിന്റെ പ്രവർത്തനം ആവശ്യമാണ്. പഞ്ചായത്തിലെ വനിതാ സംരംഭങ്ങൾക്ക് ഈ സ്ഥാപനം സഹായകര മാവണം.

ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ

ചെങ്ങളായി പഞ്ചായത്തിൽ 6 ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ചെങ്ങളായി ക്ഷീര വ്യവസായ സഹകരണ സംഘം പ്രവർത്തനക്ഷമമല്ല. ദിനം പ്രതി 100 ലിറ്റർ വരെ പാൽ ശേഖരിക്കുന്ന സംഘങ്ങൾ ഉണ്ട്. ഈ മേഖലയിൽ കൂടുതൽ പ്രവർത്തന സാധ്യതകൾ ഉപയോഗപ്പെടുത്തണം. ക്ഷീരോൽപാദകർക്ക് സഹായകരമായ രീതിയിൽ കാലിത്തീറ്റ വിതരണം ഈ സംഘങ്ങളിലൂടെ നടത്തുന്നുണ്ട്. എങ്കിലും നിശ്ചയിക്കപ്പെട്ടിട്ടുള്ള അളവിൽ പാൽ സംഭരിക്കുവാൻ ഇവയ്ക്ക് സാധിക്കുന്നില്ല. ചുഴലി ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെ കീഴിൽ ഒരു ക്ഷീരോൽപന്ന നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. വിപണന സാധ്യതയില്ലായ്മ, പരസ്യങ്ങളെ അടിസ്ഥാനമാക്കി മാർക്കറ്റുകളെ പിടിച്ചെടുക്കുന്ന കുത്തക കമ്പനികളോട് മത്സരിക്കാനുള്ള ശേഷിക്കുറവ് എന്നിവ ഇതിന്റെ പ്രവർത്തനത്തെ ബാധിക്കുന്നു.

129

പട്ടിക 2

ക്രമ നമ്പർ	പേര്	അംഗങ്ങളുടെ എണ്ണം	ശരാശരി പാൽ സംഭരണം (ലിറ്ററിൽ)
1	പെരിന്തിലേരി	74	40
2	പയറ്റിയാൽ	139	68
3	ചുഴലി		115
4	കണ്ണാടിപ്പാറ		120
5	നിടുവാലൂർ	142	65
6	ചെങ്ങളായി	--	--

സ്കൂൾ സഹകരണ സംഘങ്ങൾ

നമ്മുടെ പഞ്ചായത്തിൽ മൂന്ന് സ്കൂൾ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കുട്ടികൾക്ക് ആവശ്യമായ പുസ്തകങ്ങളും, പഠനോപകരണങ്ങളും ന്യായമായ വിലക്ക് ലഭ്യമാക്കുക എന്നതാണ് ഇവയുടെ പ്രവർത്തനോദ്ദേശ്യം. പ്രത്യേക ജീവനക്കാർ ഇല്ലാത്തത് കൊണ്ട് ഈ സംഘങ്ങൾക്ക് മുഴുവൻ സമയവും തുറന്നു പ്രവർത്തിക്കുവാൻ സാധിക്കുന്നില്ല. ഇവയുടെ പ്രവർത്തനം പ്രത്യേക സീസണിൽ മാത്രം ഒതുങ്ങിനിൽക്കുന്നു.

പട്ടിക 3

സ്കൂൾ സഹകരണ സംഘങ്ങൾ

1. ചെങ്ങളായി സെന്റ്ൽ പ്രൈമറി സ്കൂൾ സഹകരണ സംഘം

2. ചുഴലി ഗവ. ഹൈസ്കൂൾ സഹകരണ സംഘം.

3. കൊയ്യം ഗ്രൂപ്പ് സ്കൂൾ സഹകരണ സംഘം.

മറ്റ് സഹകരണ സ്ഥാപനങ്ങൾ

ഉപഭോക്തൃ സംഘങ്ങൾക്ക് പഞ്ചായത്തിലുള്ള സാധ്യത ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. റജിസ്റ്റർ ചെയ്ത കൺസ്യൂമർ സ്റ്റോറുണ്ടെങ്കിലും അത് പ്രവർത്തനക്ഷമമല്ല. തേനീച്ച വ്യവസായ സഹകരണ സംഘം ഒരുകാലത്ത് നല്ല നിലയിൽ പ്രവർത്തിച്ച ഒരു സ്ഥാപനമായിരുന്നു. ഈച്ചകൾ രോഗം വന്ന് നശിച്ചത്കൊണ്ട് തേനിന്റെ ലഭ്യതയിലുണ്ടായ കുറവും മാനേജ്മെന്റിന്റെ കാര്യക്ഷമത ഇല്ലായ്മയും കാരണം സംഘം നഷ്ടത്തിലാവുകയും പ്രവർത്തന രഹിതമാവുകയും ചെയ്തു. റജിസ്റ്റർ ചെയ്ത് ഇന്നും കടലാസിൽ വിശ്രമിക്കുന്ന സംഘമാണ് സെറി കൾച്ചർ സഹകരണ സംഘം. സാമൂഹ്യ പിന്തുണയുടെ അഭാവം, അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ് വിപണന സാധ്യതകൾ ഇല്ലായ്മ, മൂലധനത്തിന്റെ കുറവ്, മാനേജ്മെന്റിന്റെ കാര്യക്ഷമതയില്ലായ്മ ഇവയെല്ലാം പ്രവർത്തിക്കാത്ത ഈ സഹകരണ സംഘങ്ങളുടെ പൊതു പ്രശ്നങ്ങളായി കണക്കാക്കുന്നു.

പ്രശ്നങ്ങൾ

1. സഹകരണ രംഗത്തെ കക്ഷി രാഷ്ട്രീയത്തിന്റെ അതിപ്രസരം

2. ജനാധിപത്യ പരമായ പ്രവർത്തനത്തിന്റെ അഭാവം.

3. മാനേജ്മെന്റിന്റെ കാര്യക്ഷമതയില്ലായ്മ

4. സാങ്കേതിക നവീകരണത്തിന്റെ അഭാവം.

5. പ്രവർത്തന മൂലധനത്തിന്റെ കുറവ്.

6. യഥാർത്ഥ ആവശ്യക്കാർക്ക് വായ്പ ലഭ്യമാകാത്ത അവസ്ഥ.

7. നൽകുന്ന വായ്പകൾ യഥാർത്ഥ ആവശ്യങ്ങൾക്കുതന്നെ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്ന് വിലയിരുത്താനുള്ള സംവിധാനമില്ലായ്മ.

8. പുതിയ പ്രവർത്തന മേഖലകളിലേക്ക് കടന്ന് കയറാനുള്ള പരിശ്രമങ്ങളുടെ കുറവ്.

9. പഞ്ചായത്തിന്റെ പൊതു വികസന പദ്ധതികളിൽ സഹകരണ മേഖലയ്ക്ക് നിർണ്ണായക പങ്ക് വഹിക്കാൻ കഴിയാത്ത അവസ്ഥ.

10. ഉപഭോക്താക്കളുടെ ആവശ്യത്തിനനുസരിച്ച് പാൽ ലഭ്യമാകുന്നില്ല.

11. ചില വാർഡുകളിൽ ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ സജീവമല്ല.

12. സ്കൂൾ സഹകരണ സംഘങ്ങൾ പാഠപുസ്തക വിതരണത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നു.

13. സ്ഥിരം ജീവനക്കാർ ഇല്ലാത്തത് കൊണ്ട് പൂർണ്ണ സമയവും പ്രവർത്തനക്ഷമമല്ല.

14. ന്യായമായ വിലയ്ക്ക് ഉപഭോക്തൃ സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ ഇല്ല.

15. തൊഴിൽ സാധ്യതയുള്ള സെറി കൾച്ചർ, തേനുൽപാദനം തുടങ്ങിയ മേഖലകളിൽ പ്രവർത്തനങ്ങൾ ഇല്ല.

സാധ്യതകൾ

1. ഗ്രാമ സഭകളുടെ നിർദ്ദേശം പരിഗണിച്ച് കുളത്തൂർ, വളക്കൈ, തേർളായി എന്നിവിടങ്ങളിൽ സഹകരണ ബാങ്കുകളുടെ ശാഖകൾ തുടങ്ങണം.

2. സഹകരണ മേഖലയുടെ പ്രവർത്തനം ജനാധിപത്യ വൽക്കരിക്കു കയും ജനറൽ ബോഡികൾ ചടങ്ങുകൾ മാത്രമാകാതെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ ശ്രമിക്കു കയും വേണം.

3. ക്രഡിറ്റ് സംഘങ്ങൾ ഗുണഭോക്താക്കളുടെ ആവശ്യത്തിന നുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കണം.

4. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് വിപുലമായ കുടുംബ സർവ്വേ നടത്തണം. അതിനായി അയൽക്കൂട്ടങ്ങളുടെ സാധ്യത പരിഗണിക്കണം.

5. വിദഗ്ദ്ധ മാനേജ്മെന്റ് സംവിധാനം ഉണ്ടാക്കണം.

6. സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കുക.

7. പരമ്പരാഗത കുടിൽ വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന് പ്രത്യേക സഹകരണ സംഘങ്ങളുടെ സാധ്യത പരിഗണിക്കണം.

8. കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും ലേബർ കൊൺട്രാക്ട് സൊസൈറ്റികൾ രൂപീകരിക്കുക.

9. വിദേശ രാജ്യങ്ങളിൽ തൊഴിലെടു ക്കുന്നവരുടെ നിക്ഷേപങ്ങൾ സമാഹരിക്കു ന്നതിനുള്ള സംവിധാനം നടപ്പാക്കണം.

10. നിലവിലുള്ള ക്ഷീരോൽപാദക സഹ കരണ സംഘങ്ങളുടെ കാര്യക്ഷമത വർദ്ധി പ്പിക്കണം.

.11. 1,2,3, വാർഡുകൾക്ക് പ്രയോജനപ്രദമായ ചെങ്ങളായി ക്ഷീരോൽപാദക സഹകരണ സംഘം പുനരുജ്ജീവിപ്പിക്കണം.

12. കാർഷികോൽപന്നങ്ങൾ ന്യായമായ വിലയ്ക്ക് സംഭരിക്കുന്നതിനുള്ള പുതിയ സംരംഭം തുടങ്ങണം.

13. കൺസ്യൂമർ സ്റ്റോർ പ്രവർത്തന ക്ഷമ മാക്കണം.

14. തൊഴിൽ രഹിതരായ യുവാക്കൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്ന തരത്തിൽ സെറികൾച്ചർ സഹകരണ സംഘ വും, തേനീച്ച വ്യവസായ സഹകരണ സംഘവും പ്രവർത്തനക്ഷമമാക്കണം.

15. സ്കൂൾ കുട്ടികൾക്ക് ആവശ്യമായ യൂണിഫോറവും സ്റ്റേഷനറി സാധനങ്ങളും വിതരണം ചെയ്യത്തക്ക വിധത്തിൽ സ്കൂൾ സൊസൈറ്റികളെ സജീവമാക്കണം.

16. സ്കൂൾ സംഘങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് പ്രത്യേക ജീവനക്കാരെ ഏർപ്പെടുത്തണം.

17. സ്കൂൾ സഹകരണ സംഘങ്ങൾക്ക് പുതിയ ധനാഗമ മാർഗ്ഗങ്ങൾ പരിഗണി ക്കണം.

18. വനിതകൾക്കായി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കു ന്നതിനു വേണ്ടി പുതിയ സഹകരണ സംഘങ്ങൾ ആരംഭിക്കണം.

❐❐❐

വിഭവ സമാഹരണം.

പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ഉപയോഗിക്കാൻ പറ്റുന്ന തരത്തിലുള്ള വിഭവങ്ങൾ നമ്മുടെ പഞ്ചായത്തിൽ ലഭ്യമാണ്. പഞ്ചായത്തിൽ നിന്ന് വിവിധ മാർഗ്ഗങ്ങളിലൂടെ ശേഖരിക്കുന്ന സാമ്പത്തിക വിഭവങ്ങൾക്ക് പുറമെ സർക്കാരിൽനിന്ന് ലഭിക്കുന്ന ഗ്രാന്റുകൾ, ഉപാധിരഹിത ഫണ്ട് എന്നിവയും വികസനത്തിന് വേണ്ടി ഉപയോഗിക്കാൻ കഴിയുന്നു. നിലവിലുള്ള സ്രോതസ്സുകൾക്ക് പുറമെ പുതിയ ധനാഗമ മാർഗ്ഗങ്ങളെ കുറിച്ചും ആലോചിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ പ്രകൃതി-മനുഷ്യ വിഭവങ്ങളെയും ആസൂത്രിമായി ഉപയോഗപ്പെടുത്തണം.

പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി താഴെ കൊടുക്കുന്നു.

പട്ടിക 1 പഞ്ചായത്തിന്റെ വരുമാനങ്ങൾ

	ഇനം	1991 - 92 Rs.	1995 - 96 Rs.
1	കെട്ടിടനികുതി	10468799.00	170551.20
2	തൊഴിൽ നികുതി	56580.00	102526.00
3	ലൈസൻസ് നികുതി	9456.00	11007.00
4	വിനോദനികുതി	21558.00	31929.00
5	പുഴി	11645.00	6,02000
6	വസ്തു കൈമാറ്റനികുതി	118034.00	360000

പട്ടിക 2 ഗ്രാന്റ് സ്പെഷ്യൽ ഗ്രാന്റ് വിവരങ്ങൾ

ഇനം	1991-92 Rs.	1995-96 Rs.
V.R.M.	13814	147000-
M.I.	2500	2500-
V.T.C.	87816	262729
അടിസ്ഥാന നികുതി	104746.00	125906.00
അൺടൈഡ്ഫണ്ട്	2013000	320050
ജെ.ആർ.വൈ		290089

പട്ടിക 3 ചെലവ് സംബന്ധിച്ച വിവരങ്ങൾ

	ഇനം	തുക (1995-96) Rs.
1	ഭരണം	4,58,737 -50
2	പൊതുമരാമത്ത്	13,89,571-00
3	വിദ്യാഭ്യാസം	1,03,610-20
4	ജലവിതരണം, ഓടകൾ, പൊതുജനരോഗ്യം	32,970 - 50
5	തെരുവു വിളക്കുകൾ കത്തക്കുന്നത്	13.486.00
6	മറ്റുള്ളവ	7,35,459.97
	ആകെ	27,33,835-17

പൊതു സാമ്പത്തിക നില

	പൊതു കണക്ക്	മൂലധന കണക്ക്	കടം സംബന്ധിച്ച കണക്ക്
വരവ്	1886916.54	45986 -70	63532-48
ചെലവ്	15,93746-90	8,03280-00	3,36,808 -27

കെട്ടിട നികുതി, വിനോദ നികുതി, തൊഴിൽ നികുതി, പൂഴി ലേലത്തി ൽനിന്നു ള്ള വരുമാനം എന്നിവയാണ് പഞ്ചായത്തി ന്റെ തനതായ ധനാഗമ മാർഗ്ഗങ്ങൾ. ഉപാധി രഹിത ഫണ്ട്, J.R.Y , മറ്റ് ഗവ. ഗ്രാന്റുകൾ എന്നീ ഇനങ്ങളിൽ സാമ്പത്തിക സഹായം ലഭ്യമാകുന്നു. എല്ലായിനത്തിലും കൂടി പഞ്ചായത്തിന് 95-96 വർഷത്തിൽ 3248292.00രൂപ വരുമാനമായി ലഭിക്കുന്നു.

ചെലവിനത്തിൽ പൊതുമരാമത്ത് വകുപ്പ് പണികൾക്കാണ് ഏറ്റവും കൂടുതൽ തുക ചിലവഴിക്കുന്നത്. 16% ഭരണച്ചിലവി നായി ഉപയോഗിക്കുന്നു.

കെട്ടിട നികുതി.

പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗമാണ് കെട്ടിട നികുതി. 6% മുതൽ 14% വരെ കെട്ടിട നികുതി ചുമത്താനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്കുണ്ട്. ഇപ്പോൾ കെട്ടിട നികുതി ചുമത്തുന്ന രീതി ശാസ്ത്രീയമല്ല. നിർമ്മാണച്ചിലവിന്റെ അടിസ്ഥാനത്തിൽ നികുതി ഘടന പുനർനിർണ്ണയം ചെയ്യണം.

തൊഴിൽ നികുതി

1995-96 വർഷത്തിൽ 593 പേരിൽനിന്നുമാണ് തൊഴിൽനികുതി ഈടാക്കുന്നത്. 94-95ൽ ഇവരുടെ എണ്ണം 591 ആയിരുന്നു. തൊഴിൽ നികുതി നൽകുന്ന വരുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല.

വിനോദനികുതി.

പഞ്ചായത്തിൽ ഒരു സിനിമാശാല നിലവിലുണ്ട്. വിനോദ നികുതി, അഡീഷ ണൽ വിനോദനികുതി, പ്രദർശന നികുതി, പ്രദർശന നികുതിയിൻമേലുള്ള സർച്ചാർജ്ജ് എന്നീ ഇനങ്ങളിൽ പഞ്ചായത്തിന് വരുമാനം ഉണ്ട്.

മറ്റ് വരുമാന മാർഗ്ഗങ്ങൾ

പൂഴിലേലം, പുറംമ്പോക്കിലെ വൃക്ഷങ്ങളുടെ ലേലം എന്നിവയാണ് പഞ്ചായത്തിനകത്തുള്ള മറ്റു വരുമാന മാർഗ്ഗങ്ങൾ. പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമി ആസൂത്രിതമായി ഉപയോഗപ്പെടുത്തി കൂടുതൽ സാമ്പത്തിക സമാഹരണം നടത്താവുന്നതാണ്.

ധനകാര്യ സ്ഥാപനങ്ങൾ

3 സർവ്വീസ് സഹകരണ ബാങ്കുകൾ, ഒരു വനിതാ സഹകരണസംഘം, നോർത്ത് മലബാർ ഗ്രാമീണ ബാങ്കുകളുടെ രണ്ട് ശാഖകൾ എന്നിവയാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രധാന ധനകാര്യ സ്ഥാപനങ്ങൾ. ഇവയിലൂടെ വിതരണം ചെയ്യപ്പെടുന്ന സാമ്പത്തികസഹായങ്ങൾ കാർഷിക- കാർഷികേതര മേഖലകളിൽ ഉപയോഗിക്കപ്പെടുന്നു.

134

പട്ടിക

സഹകരണ ബാങ്കുകളിലെ നിക്ഷേപ-വായ്പാ വിവരങ്ങൾ

സ്ഥാപനത്തിന്റെപേര്	നിക്ഷേപം Rs.	വായ്പ Rs.
ചെങ്ങളായി ബേങ്ക്	13964127.00	83331575
ചുഴലി ബേങ്ക്	8836288.00	16699052
കൊയ്യം ബേങ്ക്	3657998.00	12316439

വിദേശ മലയാളികളിൽ നിന്നുള്ള നിക്ഷേപങ്ങൾ

നമ്മുടെ പഞ്ചായത്തിൽ സാമ്പത്തിക സ്ഥിതിയിൽ വിദേശത്ത് ജോലിചെയ്യുന്നവരുടെ വരുമാനം നല്ല സ്വാധീനം ചെലുത്തുന്നുണ്ട്. നിക്ഷേപമായി ഇവരുടെ വരുമാനത്തെ ആകർഷിക്കുന്നതിനും പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ ഇത് ഉപയോഗപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകണം.

മനുഷ്യ വിഭവം

നമ്മുടെ പഞ്ചായത്തിലെ തൊഴിൽ ശേഷിയുള്ളവരിൽ വലിയൊരു ശതമാനം തൊഴിൽ രഹിതരാണ്. ഇവരുടെ സേവനം സംഘടിത പ്രവർത്തനത്തിലൂടെ ഉപയോഗപ്പെടുത്താനുള്ള സാധ്യതകൾ ഉണ്ട്. നിലവിലുള്ള റോഡുകളുടെ സംരക്ഷണം, പുതിയ റോഡുകളുടെ നിർമ്മാണം, ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ കൂട്ടുകൃഷി സംരഭങ്ങൾ ശുചീകരണ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ കളിസ്ഥലം നിർമ്മിക്കൽ എന്നിവയ്ക്ക് പാഴായിപ്പോകുന്ന മനുഷ്യാദ്ധ്വാനം ഉപയോഗപ്പെടുത്താവുന്നതാണ് .

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ വരുമാന സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നില്ല.

2. ഭരണച്ചെലവിന്റെ കാര്യത്തിൽ തുടർച്ചയായ വർദ്ധനവ് ഉണ്ടാകുന്നു.

3. കെട്ടിട നികുതി, തൊഴിൽ നികുതി എന്നിവ നിർണ്ണയിക്കുന്നത് ശാസ്ത്രീയമല്ല.

4. പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമിയുടെ സാധ്യത ഉപയോഗപ്പെടുത്താവുന്ന തരത്തിൽ പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

5. പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് വായ്പാസ്കീം തയ്യാറാക്കുന്നതിന് ധനകാര്യസ്ഥാപനങ്ങൾക്ക് അസൗകര്യം ഉണ്ട്.

6. നിർമ്മാണ പ്രവർത്തനങ്ങളിൽ ചെലവഴിക്കുന്ന തുകയിൽ ചോർച്ച അനുഭവപ്പെടുന്നു. പഞ്ചായത്തിലെ മനുഷ്യ വിഭവശേഷി പാഴായിപ്പോകുന്നു.

7. ഫണ്ടുകൾ യഥാർത്ഥ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടോ എന്നറിയുന്നതിന് മോണറ്ററിംഗ് സംവിധാനം ഇല്ല.

8. സന്നദ്ധ പ്രവർത്തനങ്ങളിൽ താല്പര്യക്കുറവ് പ്രകടമാണ്.

9. വിദേശ മലയാളികളുടെ നിക്ഷേപം ഉപയോഗപ്പെടുത്താനുള്ള സംവിധാനങ്ങളില്ല.

സാധ്യതകൾ

1. കെട്ടിട നികുതി, തൊഴിൽ നികുതി എന്നിവ ശാസ്ത്രീയമായി നിർണ്ണയിക്കണം നിശ്ചിത തുകയിൽ കൂടുതൽ നിർമ്മാണച്ചിലവുള്ള കെട്ടിടങ്ങൾക്ക് പ്രത്യേക നികുതി ഏർപ്പെടുത്തണം.

2. പഞ്ചായത്തിന്റെ പുറമ്പോക്ക് ഭൂമി സർവ്വേ ചെയ്ത് തിട്ടപ്പെടുത്തണം.

3. കൃഷിയോഗ്യമായ പുറമ്പോക്ക് ഭൂമി പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ തന്നെ കൃഷിക്ക് ഉപയോഗപ്പെടുത്തണം.

4. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള മനുഷ്യാദ്ധ്വാനം സന്നദ്ധ പ്രവർത്തനത്തിലൂടെ ലഭ്യമാക്കണം.

5. സന്നദ്ധ സംഘടനകൾ ക്ലബ്ബുകൾ എന്നിവയുടെ സേവനം ഈ ആവശ്യത്തിന് ഉപയോഗപ്പെടുത്തണം.

6. വികസന പദ്ധതിയുടെ ഗുണഭോക്താക്കളിൽ നിന്നും സാമ്പത്തിക സമാഹരണം നടത്താനുള്ള സാധ്യത പരിഗണിക്കാം.

7. കലാകായിക വിനോദ പരിപാടികൾ സംഘടിപ്പിച്ച് വികസന പരിപാടികൾക്ക് ധനസമാഹരണം നടത്തണം.

8. വളക്കൈ ഷോപ്പിംഗ് കോംപ്ലക്സും, ബസ്സ്റ്റാന്റും വിദേശ മലയാളികളുടെ നിക്ഷേപവും ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപവും ഉപയോഗപ്പെടുത്തി നിർമ്മിക്കുക.

9. കടത്ത് ലേലവുമായി ബന്ധപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിന് സംയുക്തമായി ലേലം ചെയ്യുന്നതിനുള്ള സംവിധാനം

ഉണ്ടാക്കണം.


10. പഞ്ചായത്ത് പരിധിയിൽ വരുന്ന കൃഷിയോഗ്യമല്ലാത്ത മിച്ചഭൂമി പ്രദേശങ്ങൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വരുമാന മാർഗ്ഗം കണ്ടെത്തേണ്ടതാണ്.


11. ദേശ സാൽകൃത ബാങ്കുകളിലെ പുതിയ ശാഖകൾ പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്.



ചെങ്ങളായി ഗ്രാമപഞ്ചായത്ത്

ജീവനക്കാർ





Divine Offset Printers, Kannur-1 Phone : 503058